# കടയ്ക്കൽ ഗ്രാമപഞ്ചായത്ത്



# വികസന രേഖ 1996

Design - TOPLINE

25-2

# കടയ്ക്കൽ ഗ്രാമ പഞ്ചായത്ത്

## ജനകീയ ആസൂത്രണം

## വികസനരേഖ 1996

അധികാരം ജനങ്ങളിലേക്ക്



എന്റെ ജീവിതമാണ്
എന്റെ സന്ദേശം



**ഇ.എം.എസ്**
**ജനകീയാസൂത്രണത്തിന്റെ**
**ഉപജ്ഞാതാവ്**

# ഉള്ളടക്കം

ആമുഖവും ചരിത്രപശ്ചാത്തലവും

ഭൂപ്രകൃതിയും വിഭവങ്ങളും

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം മൽസ്യബന്ധനം

പാർപ്പിടവും സാമൂഹ്യക്ഷേമവും

വ്യവസായം

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ആരോഗ്യം, കുടിവെള്ളം

വിദ്യാഭ്യാസം

സംസ്കാരം

സഹകരണം

വനിതാക്ഷേമം

പട്ടികജാതി/പട്ടികവർഗ്ഗം

വിഭവസമാഹരണം

## സംസ്ഥാന റിസോഴ്സ് പേഴ്സൺസ്

എസ്. രാജദാസ്
(ബ്ലോക്ക് കൺവീനർ)

വളവുവച്ച ശശികുമാർ

## ജില്ലാറിസോഴ്സ് പേഴ്സൺസ്

മുകുന്നേരി രാധാകൃഷ്ണൻ
(പഞ്ചായത്ത് കൺവീനർ)

പി. പരിമളകുമാരി

ആർ. ശ്രീകുമാർ

സി. ഷൺമുഖൻ ചെട്ടിയാർ

അഡ്വ. വി. മോഹൻകുമാർ

വി. ബാബു

കെ. എസ്. പ്രേംകുമാർ

ആർ. എസ്. ബിജു.

കെ. വി. ജോഷ്കുമാർ

# റിപ്പോർട്ട് തയ്യാറാക്കിയവർ

മുകുത്തേരി രാധാകൃഷ്ണൻ
എസ്. രാജദാസ്
വി. സുന്ദരേശൻ
ആർട്ടിസ്റ്റ് ഭാസി
വി. രവീന്ദ്രൻപിള്ള
ആർ. ശ്രീകുമാർ
എ. കുമാരപിള്ള
വി. സുരേന്ദ്രൻ
എസ്. അശോക്കുമാർ
ആർ. വാസുദേവൻ
വി. ജയദേവൻ
എൻ. കരുണാകരൻ.
ആർ. നടരാജൻ ചെട്ടിയാർ
ആർ. നാരായണൻ നായർ
പി. പ്രതാപൻ
അഡ്വ: വി. മോഹൻകുമാർ
കെ. എസ്. പ്രേംകുമാർ
സി. ഷൺമുഖൻചെട്ടിയാർ

സി. ഇന്ദിരാഭായി
എസ്. വിജയപുരുഷൻ
ആർ. ബാബു
വൈ. ലൂക്കോസ്
എൻ. അപ്പുകുട്ടൻപിള്ള
സുലൈമാൻ
എം ഒ ഉലഹന്നാൻ
സുരേന്ദ്രൻ
കെ. പഞ്ചമൻ
ജെ. വാസുദേവൻപിള്ള
ടി. തുളസിധരൻ
എ. രഘുനാഥൻ
കെ. സോമസുന്ദരപിള്ള
ജേക്കബ് സാമുവേൽ (സെസ്സ്)
എം. വിജയൻ

*ലേ – ഔട്ട്*
എസ്. രാജദാസ്
എം. വിജയൻ
ആർ. ശ്രീകുമാർ
വി. രവീന്ദ്രൻനായർ
വി. അനിൽ



കേരളം
കർണാടകം
കോഴിക്കോട്
തമിഴ്നാട്
വിവരണം
75°
76°
77°
12°
11°
10°
9°

# ആമുഖവും ചരിത്രവും



## Location of Our Panchayat in KOLLAM District




**KADACKAL PANCHAYAT**

Toposheet Reference Index map of Kollam
Showing the Sheet number for KADAKKAL Panchayat

# കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

## ആമുഖം

ജനകീയ ആസൂത്രണത്തിൻെറ അടിവേരുകൾ ആവുന്നത്ര ആഴത്തിൽ നിന്ന്, അതായത് ബഹുജനങ്ങളുടെ മനസ്സിൽ നിന്ന് രൂപംകൊള്ളണം എന്ന ആശയം ഇന്ന്ഏറെ പ്രസക്തമാണ്. 1951 മുതൽ നമ്മുടെ നാട്ടിൽ നടപ്പാക്കിയ വികസന പദ്ധതികളെല്ലാം തന്നെ ആസൂത്രിതമായിട്ടാണ് നടപ്പാക്കിയത്. എന്നാൽ ഈ പദ്ധതികളൊന്നും അവയ്ക്കുവേണ്ടി ചെലവഴിച്ച പണത്തിനും പ്രയത്നത്തിനും അനുസരണമായ പ്രയോജനം നൽകിയില്ല. പദ്ധതിക്കു വേണ്ടി ചെലവഴിച്ചതുകയുടെ ഗണ്യമായ പങ്ക് പല വഴിക്ക് ചേർന്നു പോയി. ഈ സ്ഥിതിക്കൊരു പരിഹാരം എന്ന നിലയിലാണ് ജനകീയാസൂത്രണ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്ത് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ഏതൊരു പ്രദേശത്തിൻേറയും വികസനമുന്നേറ്റത്തിൻെറ അടിസ്ഥാനം നീതിപൂർവ്വമായ സാമ്പത്തികവളർച്ചയാണ്. സാമ്പത്തികമുന്നേറ്റമുണ്ടാകുന്നത് കാർഷിക-വ്യാവസായിക മേഖലകളിലെ ഉൽപ്പാദന വർദ്ധനവിൻെറ അടിസ്ഥാനത്തിലാണ്. കാർഷികരംഗത്താകട്ടെ ഇന്ന് വളർച്ച ഏറെ മുരടിച്ച നിലയിലാണ്. കാർഷികോൽപാദനം വർദ്ധിക്കുന്നില്ല. ഈ അവസ്ഥയിൽ നമുക്കു മുന്നോട്ടുപോകാനാവില്ല. ഇവിടെയാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന് പ്രസക്തി ഏറുന്നത്. ഗ്രാമങ്ങളുടെ സമഗ്ര വികസനം അതു ലക്ഷ്യം വയ്ക്കുമ്പോഴും കാർഷികമേഖലയിലേയും അനുബന്ധമേഖലയിലേയും ഉൽപ്പാദനം വർദ്ധിപ്പിക്കലിനാണ് ഈ പ്രസ്ഥാനം ഊന്നൽ നൽകുന്നത്. മുൻകാലങ്ങളിൽ വികസനരംഗത്ത് നാം പ്രയോജനപ്പെടുത്തിയിരുന്ന സന്നദ്ധസേവന മനോഭാവം ഇപ്പോൾ തീരെ ഇല്ലാത്ത ഒരവസ്ഥയിലാണ്. ഈ സ്ഥിതിക്കു മാറ്റം വരുത്തി ജനങ്ങളുടെസേവന സന്നദ്ധത പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമങ്ങളുടെ ദ്രുതവികസനത്തെ സഹായിക്കുക എന്നതും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ലക്ഷ്യങ്ങളിലൊന്നാണ്.


10
76° 54'
76° 56'
KADACKAL PANCHAYAT
Ward-info map
Administrative Divisions
Scale
1:62,500
Chadayamangalam Panchayat
Ittiva Panchayat
WARD 1
KLAMPAZHANNOOR
WARD 3
KUTTIKKAD
WARD 4
KARAIKKAD
WARD 2
EDATHARA
WARD 7
TOWN NORTH
WARD 5
PALAIKKAL
WARD 6
TOWN SOUTH
WARD 8
ATTUPURAM
WARD 9
ANAPPARA
WARD 11
DARBAKKAD
Nilamel Panchayat
WARD 10
EYYAKKOD
WARD 12
MANGAD
Chithara Panchayat
WARD 13
PUTHUKKOD
WARD 14
KUMMIL
WARD 15
THACHONAM
Legend
Ward boundary
Panchayat boundary
District boundary
8° 51'
8° 49'
8° 47'
CESS, Tvm-31
Pangodu Panchayat

# കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

# പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്ത് | : | കടയ്ക്കൽ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കടയ്ക്കൽ, കുമ്മിൾ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചടയമംഗലം |
| നിയോജക മണ്ഡലങ്ങൾ | : | V കടയ്ക്കൽA, VI കടയ്ക്കൽ B, VII കടയ്ക്കൽC |
| അസംബ്ലി മണ്ഡലം | : | 117 ചടയമംഗലം |
| ജില്ല | : | കൊല്ലം |
| താലൂക്ക് | : | കൊട്ടാരക്കര |
| വിസ്തീർണ്ണം | : | 48.9 ചതുരശ്ര കി.മീ. |
| ജനസംഖ്യ | : | 45291 (1991 സെൻസസ് പ്രകാരം) |
| പുരുഷൻമാർ | : | 21741 |
| സ്ത്രീകൾ | : | 23542 |
| ജനസാന്ദ്രത | : | 926 (ഒരു ച:കി.മീ) |
| പഞ്ചായത്തുവാർഡുകൾ | : | 15 |
| പ്രസിഡൻറ് | : | ശ്രീമതി പി. പരിമളകുമാരി |
| വൈസ് പ്രസിഡൻറ് | : | ശ്രീ. മുകുന്നേരി രാധാകൃഷ്ണൻ |

**അതിരുകൾ**

| | | |
|---|---|---|
| തെക്ക് | : | പഴയകുന്നുമ്മേൽ, പുളിമാത്ത്, കല്ലറ പഞ്ചായത്തുകൾ |
| വടക്ക് | : | ഇട്ടിവ, ചടയമംഗലം പഞ്ചായത്തുകൾ |
| കിഴക്ക് | : | ചിതറ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | നിലമേൽ പഞ്ചായത്ത്. |

# മുൻ പ്രസിഡന്റുമാർ



വി.സുധാകരൻ
1953 – 1957

(ഫോട്ടോ കിട്ടിയില്ല)
പരേതനായി

കുഴിയിൽ ജനാർദ്ദനൻ
1957 – 1962



പി.രാഘവൻ
1964 – 1967



സി.ഗോവിന്ദൻ
1967 – 1979



എസ്.രാജദാസ്
1979 – 1984
1988 – 1995

## ഭരണസമിതി



**പി.പരിമളകുമാരി**
പ്രസിഡന്റ്



മുകുന്നേരി രാധാകൃഷ്ണൻ
വൈസ് പ്രസിഡന്റ്



ജെ.വാസുദേവൻ പിള്ള
ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി



ആർ.ശ്രീകുമാർ



വി.രവീന്ദ്രൻ നായർ



ബി.എസ്.ഓമന



സി.ഇന്ദിരാ ഭായി



പി.പ്രതാപൻ



എ.ധനപാലൻ



ആർ.എസ്.ബിജു



വി.സുബ്ബലാൽ



ബി.ലളിത



ജി.കുഞ്ഞുമോൾ



എസ്.വിജയപുരുഷൻ



എം.അബ്ദുൾ സത്താർ

# ചരിത്ര പശ്ചാത്തലം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽപ്പെട്ട പഴയക്കുമ്മിൾ പകുതിയിലെ ഒരു മുറിയാണ് കടയ്ക്കൽ. ഇപ്പോൾ കടയ്ക്കൽ, കുമ്മിൾ എന്നീ രണ്ടു വില്ലേജുകൾ ചേർന്നതാണ് കടയ്ക്കൽ ഗ്രാമപഞ്ചായത്ത്.

'കടയ്ക്കൽ' എന്നാൽ ചുവട് - ആധാരം - എന്നാണർത്ഥം. ചരിത്രത്താളുകളിലെ സുവർണ്ണലിപികളിൽ ഈ പഞ്ചായത്തിൻെറ പേര് രേഖപ്പെടുത്തിയ അനവധി സംഭവങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ സ്ഥലനാമവും അതിൽപ്പെടും. പഴയ തിരുവിതാംകൂറിലെ വേണാടിൻെറ ഒരു തായ്‌വഴിയായിരുന്ന ഇളയിടത്തു സ്വരൂപത്തിൻെറ കിഴക്കൻ മലയോരപ്രദേശത്തെ നടുവിലത്തെ ആവാസകേന്ദ്രമായിരുന്നു കടയ്ക്കൽ എന്നാണ് ചരിത്രപ്പഴമ.

## സാമൂഹിക-സാംസ്ക്കാരിക പൈതൃകം

പഴമയൽ ഏതൊരു സംസ്ക്കാരത്തിനും നിദാനമായി വർത്തിച്ചിട്ടുള്ളത് ക്ഷേത്രങ്ങളോ ആരാധനാലയങ്ങളോ ആണ്. കലയുടേയും സംസ്ക്കാരത്തിൻേറയും ബഹുജനവിദ്യയുടെപോലും കേന്ദ്രങ്ങളായിരുന്നു അവ. നമ്മുടെ പഞ്ചായത്തിലേയും പ്രാചീനതയിൽ കടയ്ക്കൽ ക്ഷേത്രങ്ങളായിരുന്നു സംസ്ക്കാരത്തിൻെറ സിരാകേന്ദ്രമെന്നതിൻെറ അവശിഷ്ടങ്ങൾ ഇപ്പോഴും കാണപ്പെടുന്നു. ആര്യവൽക്കരിച്ച മതത്തിൻേറയും ആരാധനാക്രമങ്ങളുടേയും ബാക്കിപത്രങ്ങളായി ഇന്നു നമ്മുടെ ജീവിതത്തിൽ, സവിശേഷ പൂജാമന്ത്രങ്ങളോടെ പൂജ നടത്തിപ്പോരുന്ന ഒരു വിഭാഗം ക്ഷേത്രങ്ങൾക്കുപരിയായി, പൂജിക്കുവാൻ വിഗ്രഹം പോലുമില്ലാതെ ക്ഷേത്രം ഒതുങ്ങി; ബ്രാഹ്മണനല്ലാത്ത പൂജാരിയുമായി പുലരുന്ന ക്ഷേത്രങ്ങൾ നമ്മുടെ തനത് ദ്രാവിഡ സംസ്ക്കാരത്തിൻെറ തിരുശേഷിപ്പുകളാണ്. ഇത്തരം ഒരനുഭവത്തിൻെറ ചരിത്രപരമായ സാംഗത്യമാണ് കടയ്ക്കൽ ക്ഷേത്രത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്കുണ്ടാകുന്നത്. കാരണവപൂജയുടെ വികസിതരൂപവും അമ്മയ്ക്ക് നമ്മുടെ ഗൃഹസംഘടനയിൽ നാം നൽകിയിരിക്കുന്ന അദൃശ്യസ്ഥാന ബഹുമതിയും ചേർന്ന ആരാധനാ ക്രമമാണ് ഈ ക്ഷേത്രത്തിനുള്ളത് എന്നു കാണാം.

ഇരുപതാംനൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ മറ്റുപ്രദേശങ്ങളിൽ നിന്ന് വ്യാപകമായ കുടിയേറ്റം ആരംഭിക്കുന്നതിനു മുമ്പുതന്നെ, കേരളത്തിൻെറ തനതായ സംസ്ക്കാരത്തിൻെറ ഉടമകളായ, വിദ്യയും സാമൂഹ്യബോധവും വളരെ ഉയർന്ന ഒരു ജനത ഈ പ്രദേശത്ത് അധിവസിച്ചിരുന്നു എന്ന് ഇതിൽനിന്നും നമുക്ക് ഊഹിക്കാം. ബ്രിട്ടീഷുകാരുമായുള്ള യുദ്ധത്തിൽ പരാജയപ്പെട്ട വേലുത്തമ്പിയുടെ ഉടവാൾ കിളിമാനൂർ കൊട്ടാരത്തിലേൽപ്പിച്ച് മണ്ണടിയിലേക്ക് പോയത് ഈ വഴിയായിരുന്നുവെന്നും ഇവിടത്തെ ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തിയെന്നും കേട്ടറിവുള്ളതായി പഴമക്കാർ പറയുന്നു. എന്നാൽ തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്ക് കടയ്ക്കൽ ക്ഷേത്രദർശനം നിഷിദ്ധമാണെന്ന ഐതിഹ്യം സ്ഥാപനവൽക്കരിക്കപ്പെട്ട ഹൈന്ദവക്ഷേത്ര സങ്കൽപ്പങ്ങൾക്ക് ഒരു പക്ഷേ വിചിത്രമായിരിക്കാം.

ഇന്നത്തെ തളിയൽ ക്ഷേത്രത്തിന് തൊട്ടടുത്ത പറമ്പിൽ അടുത്തകാലം വരെ ഉണ്ടായിരുന്ന 'പനവൂർ കൊട്ടാരം' ചരിത്ര വിസ്മൃതിയിലാണ്ടുപോയാലും, ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ള ഇന്നത്തെ കോട്ടപ്പുറം, കല്ലുകൾ കൊണ്ടു മാത്രം തീർത്ത ഒരു വലിയ ക്ഷേത്രത്തിൻെറ അവശിഷ്ടങ്ങൾ

ഇപ്പോഴും കാണാവുന്ന . തേവരുനട, കിളിമരത്തുകാവ്, പടിപ്പുരയും നാലുദിക്കിലും പടവുകളും കെട്ടിയൊരുക്കിയിരുന്ന കുളിക്കട വുകളും ചേർന്ന വിശാലമായ ഒരു ക്ഷേത്രക്കുളം, പഴയകാല സംസ്ക്കാരത്തിൻെറ നിരവധി അവശിഷ്ടങ്ങൾ 'അവ ശേഷിപ്പിച്ചുകൊണ്ട് ഇന്നും അത്ഭുദകരമായ ഗുഹകളും ചുവർച്ചിത്രങ്ങളോടുകൂടി നിലകൊ ള്ളുന്ന മാറ്റിടാംപാറ എന്നിവയെല്ലാംതന്നെ പ്രാചീനവും സംസ്ക്കാരസമ്പന്നവുമായ ഒരു ജനസമൂഹം ഇവിടെ അധിവസിച്ചിരുന്നു എന്ന തിൻെറ തെളിവുകളാണ്. ഇവിടത്തെ ക്ഷേത്ര ങ്ങളിൽ പ്രശസ്തമായ ദേവിക്ഷേത്രപരിസരം ത ന്നെയാണ് അധഃസ്ഥിതർക്കും അസ്പൃശ്യർക്കും ക്ഷേത്രപ്രവേശനത്തിനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയും, കടയ്ക്കൽ കാർഷിക കലാപത്തി ൻെറ കാര്യാലോചനയ്ക്കുവേണ്ടിയും - പിന്നീട് പുരോഗമന സാംസ്ക്കാരിക മേഖലകളിലെ ചല നങ്ങൾക്കും വേദിയായിട്ടുള്ളത്.

സാമൂഹ്യപരിഷ്ക്കരണരംഗത്തും കടയ്ക്ക ലിന് അതിൻേറതായ പാരമ്പര്യം ഉണ്ട്. അടി ച്ചമർത്തപ്പെട്ടവരും അധഃസ്ഥിതരുമായ പിന്നോ ക്കക്കാരുടെ ക്ഷേത്രപ്രവേശനത്തിനു വേണ്ടി ഗു രുവായൂരും വൈക്കത്തും പി. കൃഷ്ണപിള്ള, കേ ളപ്പൻ, എ.കെ.ജി. എന്നിവരുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളുടെ ഫലമായുണ്ടായ ക്ഷേത്രപ്ര വേശനവിളമ്പരത്തെ തുടർന്ന് ശ്രീ.തട്ടാമല രാമൻ പിള്ളയുടെ നേതൃത്വത്തിൽ കടയ്ക്കൽ ക്ഷേത്രത്തിൽ ഹരിജനങ്ങളേയും മറ്റ് അയിത്ത ജാതിക്കാരേയും പ്രവേശിപ്പിക്കുന്നതിനുവേണ്ടി നടന്ന സമരം സാമൂഹ്യ-പരിഷ്ക്കരണരംഗത്ത് അന്ന് ഏറെ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. ക്ഷേത്ര പ്ര വേശന വിളംബരത്തിനു ശേഷം യാഥാസ്ഥിതി കരുടെ കടുത്ത എതിർപ്പ് നേരിട്ടു കൊണ്ടു തന്നെ അധഃസ്ഥിതർ കടയ്ക്കൽ ക്ഷേത്രക്കുളത്തിലി റങ്ങി കുളിക്കുകയും ക്ഷേത്രദർശനം നടത്തു കയും ചെയ്ത സംഭവം ഈ നാടിൻെറ വിപ്ലവ പാരമ്പര്യത്തിൻെറ മറ്റൊരു ദൃഷ്ടാന്തമാണ്.

പുരാതനകാലംമുതൽതന്നെമതസൗഹാർദ്ദ ത്തിന് പേരുകേട്ടനാടാണ് കടയ്ക്കൽ .മുസ്ലീം- ക്രിസ്ത്യൻ ആരാധനാലയങ്ങളും മതപരമായ ചട ങ്ങുകളും യഥേഷ്ടം ഇവിടെ നടന്നുവരുന്നു. പള്ളിമുക്ക് എന്ന സ്ഥലത്തെ അന്വർത്ഥമാ ക്കുന്ന പള്ളിയാണ് ഇസ്ലാം മത വിശ്വാസികളുടെ ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ആരാധ നാലയം. മതപരിവർത്തനം ലക്ഷ്യം വെച്ചുകൊ ണ്ട് 1943-ൽ അമേരിക്കൻ നാവികനായ ജോസഫ് ഗോക്കൽ വാങ്ങി അന്നത്തെ കൊല്ലം ബിഷപ്പാ യിരുന്ന ബെൻസിഗർ എന്ന യൂറോപ്യനെ ഏൽ പ്പിച്ച സ്ഥലമാണ് തൃക്കണ്ണാപുരം ക്രിസ്ത്യൻ പ ള്ളി നിൽക്കുന്ന പ്രദേശം. 1987-ലാണ് ഈ പള്ളി ഇന്നു കാണുന്ന നിലയിൽ പുതുക്കുപ്പണിതത്. നാലുവർഷമായി ഇവിടെ കോൺവെൻറ് പ്രവർ ത്തിക്കുന്നുണ്ട്.

## പഴയപരാധീനതകളും ഇന്നത്തെ വളർച്ചയും

ഒരു കുഗ്രാമത്തിൻെറ സാധാരണഗതിയിൽ നിന്നും താലൂക്ക് ആസ്ഥാനപദവിയിലേക്ക് നിർ ദ്ദേശിക്കപ്പെട്ടിട്ടുള്ള കടയ്ക്കൽ പട്ടണത്തിൻെറ വളർച്ച യാദൃശ്ചികമല്ല. ഒരു നാലുമുക്കും വില്ലേ ജാഫീസും, തിങ്കൾ, വ്യാഴം ദിവസങ്ങളിൽ കൂടി യിരുന്ന അതി പ്രശസ്തമായൊരു ചന്തയും, ഒരു സർക്കാർ ആശുപത്രിയും, ഇടിഞ്ഞു പൊളിഞ്ഞ ഒരു റെയിഞ്ചാഫീസും, പോലീസ്സ്റ്റേഷനും പഴയ ഒരു പഞ്ചായത്താഫീസ് കെട്ടിടവും അതി നുമുന്നിലൊരു മൈതാനവും തെരുവോരങ്ങ ളിൽ കുറേ മാടക്കടകളും അടങ്ങുന്നതായിരുന്നു പഴയ കടയ്ക്കൽ. ഇന്ന് ആ സ്ഥാനങ്ങളിൽ ആധു നിക വാണിജ്യവിപണന കേന്ദ്രങ്ങളും, നിരവധി സർക്കാർ ഓഫീസുകളും, വിശാലമായി ആസൂ ത്രണം ചെയ്യപ്പെട്ട ബസ്സ്റ്റാൻറും ഷോപ്പിംഗ്

കോംപ്ലക്സും, പഞ്ചായത്ത്ടൗൺഹാളും, സാംസ്ക്കാരിക നിലയവും സ്റ്റേഡിയവും, ധീരദേശാഭിമാനത്തിൻെറ കീർത്തിസ്തംഭമായി ഉയർന്നു നിൽക്കുന്ന കടയ്ക്കൽ വിപ്ലവസ്മാരകവുമടങ്ങുന്ന ഇന്നത്തെ കടയ്ക്കൽ കൊല്ലം ജില്ലയിലാകെ ശ്രദ്ധേയമായ നിലയിൽ മാറ്റങ്ങൾക്ക് വിധേയമായത് 1979 മുതൽ ശ്രീ. ട.രാജദാസിൻെറ നേതൃത്വത്തിലുള്ള പഞ്ചായത്തു ഭരണസമിതികളുടെ അക്ഷീണപ്രവർത്തന ഫലമായാണ്. ഇന്ന്, ലോകത്തിൻെറ ഏതുകോണിലും ബന്ധപ്പെടാവുന്ന നിലയിൽ വാർത്താ മാധ്യമരംഗത്തെ ടെലികോം സംവിധാനവും, 102 കിടക്കയുള്ളതും താലൂക്ക് ആശുപത്രിയുടെ നിലവാരമുള്ളതുമായ ഒരാശുപത്രി, ഈ പ്രദേശത്തെ ജനങ്ങളുടെ കാർഷിക-കാർഷികേതര സാമ്പ ത്തിക ആവശ്യങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ നിലയിൽ ഈ പ്രദേശത്തോടൊപ്പം വളർന്നുകൊണ്ടിരിക്കുന്ന കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൻെറ പ്രവർത്തനവും ഈ ദേശത്തിൻെറ വളർച്ചയുടെ ഈടുവെയ്പുകളാണ്. ആ നിലയിൽ കൊല്ലം ജില്ലയിൽ കിഴക്കൻ മേഖലയിൽ ചടയമംഗലം ബ്ലോക്കിൻെറ നിർണ്ണായകമായ സ്ഥാനം കൈവരിച്ച ഒരു പഞ്ചായത്താണ് കടയ്ക്കൽ.

## ദേശീയപ്രസ്ഥാനം - സാമൂഹ്യപരിഷ്ക്കരണം.

സ്വേച്ഛാധിപത്യത്തിനും ജന്മിത്വത്തിനുമെതിരെ വീറോടെ സമരം ചെയ്ത പാരമ്പര്യമാണ് ഈ നാടിനുള്ളത്. കൊല്ലവർഷം 1114 ൽ (1938 ൽ) കടയ്ക്കൽ നടന്ന ഐതിഹാസികമായ കാർഷിക വിപ്ലവം, തിരുവിതാംകൂറിൻെറ രാഷ്ട്രീയ ചരിത്രത്തിലെ അവിസ്മരണീയമായ ഒരേടാണ്. 1114 കന്നി 13 ൽ, സമരധീരരായ ഇവിടുത്തെ കൃഷിക്കാരും കർഷകത്തൊഴിലാളികളും ചേർന്ന് സ്വേച്ഛാധിപതിയായ സർ സി.പി.യുടെ പോലീസിനെ നേർക്കു നേർ നിന്ന് എതിരിട്ടു. നിരോധനാജ്ഞയിലും പട്ടാളനടപടികളിലും അവസാനിച്ച ആ സമരം ഈ നാട്ടുകാർക്ക് സമ്മാനിച്ച കഷ്ടനഷ്ടങ്ങളും അവർ അനുഭവിച്ച പീഠനങ്ങളും തിരുവിതാംകൂറിൽ പുന്നപ്ര- വയലാറൊഴികെ മറ്റെങ്ങും സംഭവിച്ചിട്ടില്ല. അസംഘടിതരെങ്കിലും, വർഗ്ഗാടിസ്ഥാനത്തിൽ ചിന്തിക്കുന്നതിനും സമരം ചെയ്യുന്നതിനും അവർ മുൻകയ്യെടുത്തു. അവരിൽ നിന്നു തന്നെ അവരുടേതായ നേതാക്കൻമാർ ഉയർന്നുവന്നു. സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് അവർ അവരുടേതായ ഭരണം നടത്തി. "ഫ്രാങ്കോ രാഘവൻപിള്ള" എന്ന് പിന്നീടറിയപ്പെട്ട കടയ്ക്കൽ രാഘവൻപിള്ള ആ കർഷക രാജ്യത്തിൻെറ ഭരണാധികാരിയായി. പിന്നീട്, പട്ടാളത്തെ ഉപയോഗിച്ച് ഒരു യുദ്ധം നടത്തിയ ശേഷമാണ് ആ സമരത്തെ അടിച്ചമർത്താനും "ഫ്രാങ്കോ രാഘവൻപിള്ളയുടെ രാജ്യം" തിരിച്ചുപിടിക്കാനും സർ.സി.പി.ക്കു കഴിഞ്ഞത്. 1920 -കളിലാണ് ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി കേരളത്തിൽ കോൺഗ്രസിൻെറ ഘടകം ഉടലെടുക്കുന്നതെങ്കിലും, നാട്ടുരാജ്യങ്ങളുടെ ഭരണകാര്യങ്ങളിൽ കോൺഗ്രസ് ഇടപെടേണ്ടതില്ലെന്ന് ഹരിപുര കോൺഗ്രസിൽ കൈക്കൊണ്ട തീരുമാനം മൂലം കോൺഗ്രസിൻെറ സംഘടനാ പ്രവർത്തനം തിരുവിതാംകൂറിൽ പ്രായേണ നിർജ്ജീവമായിരുന്നു. അന്നത്തെ KPCC യുടെ പ്രവർത്തനം പ്രധാനമായും മലബാറിൽ മാത്രം ഒതുങ്ങി. പക്ഷേ, മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് പ്രസിഡൻറും, EMS സെക്രട്ടിറിയുമായ അന്നത്തെ KPCC, ഉത്തരവാദഭരണം സ്ഥാപിച്ചു കിട്ടാൻ തിരുവിതാംകൂറിൽ നടന്ന പ്രക്ഷോഭണങ്ങളുടെ പിന്നിൽ സജ്ജീവമായി അണിനിരന്നു. മലബാറിൻെറ അറ്റം മുതൽ തിരുവിതാംകൂറിൻെറ അതിർത്തി വരെ ഏ.കെ.ജി.യുടെ നേതൃത്വത്തിൽ നടത്തിയ സമരസഹായ ജാഥ, ഉത്തരവാദഭരണ സമരത്തെ ശക്തിപ്പെടുത്തി. 1938 ഫെബ്രുവരി 23 ൽ ഉത്തരവാദഭരണം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി പട്ടം താണുപിള്ള യുടെ

നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായി.

സർ സി.പി. സ്റ്റേറ്റ് കോൺഗ്രസിൻെറ പ്രവർത്തനത്തെ നിരോധിച്ചുവെങ്കിലും, ആഗസ്റ്റ് 19 ന് നിരോധനാജ്ഞ ലംഘിച്ചുകൊണ്ടുള്ള ആദ്യത്തെ പ്രകടനം നെയ്യാറ്റിൻകരയിൽ നടന്നു. പ്രകടനത്തിനുനേരെ നടന്ന പോലീസ് വെടിവയ്പിൽ ഒരാൾ കൊല്ലപ്പെട്ടു. സെപ്തംബർ 21 ന് ശംഖുമുഖത്തുചേർന്ന സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം പിരിച്ചുവിടാൻ പോലീസും പട്ടാളവും ചേർന്നു നടത്തിയ വെടിവയ്പ് 3 പേരുടെ മരണത്തിൽ കലാശിച്ചു. അതേദിവസം തന്നെ ആറ്റിങ്ങൽ നടന്ന സമ്മേളനത്തിനു നേർക്കുണ്ടായ പോലീസ് വെടിവയ്പിലും ഒരാൾ മരിച്ചു. ആ സമരത്തിൽ പങ്കെടുത്ത ചിലരാണ് കടയ്ക്കൽ വിപ്ലവത്തിനു നേതൃത്വം വഹിച്ചത്. കടയ്ക്കൽ വിപ്ലവം ആരംഭിച്ച ആദിവസം തന്നെ, ചെങ്ങന്നൂരിലും പോലീസും ജനങ്ങളും തമ്മിൽ ഏറ്റുമുട്ടി; ഒരാൾ കൊല്ലപ്പെട്ടു.

അന്നത്തെ തിരുവിതാംകൂർ ഗ്രാമങ്ങളുടെ സാമ്പത്തിക സിരാകേന്ദ്രങ്ങളായിരുന്നു ചന്തകൾ. കടയ്ക്കൽ ചന്തയിൽ നടത്തിയിരുന്നവിവ രണാതീതമായ അഴിമതികൾ, അന്ന് രാജ്യത്ത് നിലനിന്നിരുന്ന രാഷ്ട്രീയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഒരു വിപ്ലവമായി രൂപാന്തരപ്പെട്ടുവെന്നത് സ്വാഭാവികം മാത്രമാണ്. ഇതേ കാലഘട്ടത്തിൽ നടന്ന കല്ലറ - പാങ്ങോട് സമരവും ഇതേ സാമൂഹ്യ - രാഷ്ട്രീയ സാഹചര്യങ്ങളുടെ സൃഷ്ടിയായിരുന്നു. 1930-32 ലെ സിവിൽ ലംഘന സമരത്തിൽ ഇന്ത്യയിലെ കർഷകർ വമ്പിച്ച തോതിൽ പങ്കെടുത്തു. പലയിടത്തും അവ കാർഷികസമരങ്ങളായി രൂപാന്തരപ്പെട്ടു എന്നത് ചരിത്രസത്യമാണ്. 1937 ൽ കോൺഗ്രസ് മന്ത്രിസഭകൾ രൂപാന്തരപ്പെട്ടത്, ഭാരതത്തിലെ കർഷകർക്ക് കൂടുതൽ പ്രചോദനം നൽകി. അതിൻെറ ഫലമായി ഇന്ത്യയിൽ പലേയിടത്തും വമ്പിച്ച കർഷക സമരങ്ങൾ നടക്കുകയുണ്ടായി. ഇക്കാലഘട്ടത്തിൽ തന്നെയാണ് കടയ്ക്കൽ സമരവും നടന്നത് എന്നത് പ്രത്യേകം സ്മരണീയമാണ്. അന്യായമായ ചന്തപ്പിരിവിൽ പ്രതിഷേധിച്ചുകൊണ്ട് ജനങ്ങൾ നടത്തിയ മുന്നേറ്റമാണ് പിന്നീട് കടയ്ക്കൽ വിപ്ലവമായി രൂപപ്പെട്ടത്. ഇതിൽ ചന്തിരൻ കാളിയമ്പി, ചാരുംമൂട്ടിൽ കൃഷ്ണൻ വൈദ്യൻ, ബീഡി വേലു, ചാങ്കുവിള ഉണ്ണി, കൊച്ചുവിള വേലായുധൻ, മലയിൽ ഗോപാലൻ, പറയാട്ട് വാസു, പാലവിള സുകുമാരൻ, തെങ്ങുവിള ഭാസ്കരൻ, പുലിക്കൂട്ടിൽ പരമു, മാധവൻകുട്ടി എന്നിവർ വഹിച്ച പങ്കും പ്രത്യേക സ്മരണീയമാണ്. വെള്ളാർവട്ടത്ത് മാറാംകുഴി പരമു, കേശവൻ വൈദ്യൻ, ചാരുംമൂട്ടിൽ കൃഷ്ണൻ വൈദ്യൻ എന്നിവരുടെ വീടുകൾ പട്ടാളം ചുട്ടെരിക്കുകയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും കാർഷികവിളകൾ ഒന്നില്ലാതെ അരിഞ്ഞുവീഴ്ത്തുകയും ചെയ്തു. തോട്ടുംഭാഗത്ത് ശ്രീ. ഉമ്മിണിയുടെ അഞ്ചു വീടുകളും തീയിട്ടു; സ്വർണ്ണാഭരണങ്ങളും വിലപിടിപ്പുള്ള മറ്റു വസ്തുക്കളും പട്ടാളം കവർച്ച നടത്തി. പീഢനങ്ങൾ താങ്ങാനാവാതെ സ്ഥലം ഒഴിഞ്ഞുപോയ കുടുംബങ്ങൾ നിരവധിയുണ്ട്. ഒളിവിൽപ്പോയ ചിലരെ പിന്നീടാരും കണ്ടിട്ടില്ല. പ്രസവിച്ചുകിടന്ന സ്ത്രീകളെപ്പോലും പട്ടാളക്കാർ വെറുതെ വിട്ടില്ല. കടയ്ക്കൽ വിപ്ലവക്കേസിൽ 62 പ്രതികളാണ് വിചാരണ നേരിട്ടത്. 11 പ്രതികളെ കുറ്റക്കാരല്ലെന്ന് കണ്ടു വെറുതെ വിട്ടു. 10 പേരെ ജീവപര്യന്തം തടവിനു ശിക്ഷിച്ചു. മറ്റുള്ളവർക്ക് 9 മാസം മുതൽ 8 വർഷം വരെ വിവിധ കാലയളവുകളിലേക്ക് തടവുശിക്ഷ വിധിച്ചു. ഈ കേസിലെ ഓരോപ്രതികളും അവരുടെ കുടുംബാംഗങ്ങളും അനുഭവിച്ച യാതനയും പീഢനങ്ങളും വിവരണാതീതമാണ്. സ്വാതന്ത്ര്യത്തിൻെറ ബലിപീഠത്തിൽ ജീവൻ ബലികഴിക്കേണ്ടിവന്ന ധീരരായ ആ സമരനായകന്മാരുടെ പാദം നമുക്കെന്നും മാർഗ്ഗദർശനമായിരിക്കും. കടയ്ക്കൽ വിപ്ലവം പശ്ചാത്തലമാക്കി പ്ര

സിദ്ധസംവിധായകൻ ശ്രീ. G.S.പണിക്കർ പ്രകൃതി മനോഹരി എന്ന പേരിൽ ഒരു ചലച്ചിത്രം നിർമ്മിച്ചിട്ടുണ്ട്. കടയ്ക്കൽവിപ്ലവത്തിൻെറ ബാക്കിപത്രമെന്ന നിലയിൽ അവശേഷിച്ച കഷ്ടപ്പാടുകളും ദുരിതങ്ങളും, രണ്ടാം ലോകമഹായുദ്ധം സമ്മാനിച്ച ക്ഷാമവും ഏറെക്കാലത്തേക്ക് ഈ പ്രദേശത്തെ സാമൂഹ്യ - രാഷ്ട്രീയ രംഗത്ത് ശ്രദ്ധേയമായ ചലനങ്ങളൊന്നും സൃഷ്ടിച്ചില്ല. തിരുവിതാംകൂറിൽ പൊതുവേ നിലനിന്ന ഈ സന്നിഗ്ദ്ധാവസ്ഥയാണ് "സ്വതന്ത്ര തിരുവിതാംകൂർ" പ്രഖ്യാപിക്കുവാൻ സർ.സി.പി.ക്ക് ധൈര്യം നൽകിയത്. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്നുവെങ്കിലും, സ്വാതന്ത്ര്യത്തിനുശേഷം കുറേക്കാലം കടയ്ക്കൽവിപ്ലവവാർഷികദിനം ആചരിച്ചിരുന്നു. പിന്നീട്, കർഷകസംഘത്തിൻെറ പ്രവർത്തനത്തിലൂടെയും വയ്യാനത്തെ തോട്ടംതൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങളിലൂടെയുമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ പ്രദേശത്ത് ചുവടുറപ്പിച്ചത്. കർഷകസംഘത്തിൻെറ നേതൃത്വത്തിൽ തേക്കിൽ നടന്ന മിച്ചഭൂമി സമരത്തിൻെറ വിജയവും കനകമല, സെൻറ്മേരീസ്, കണ്ണങ്കോട് എസ്റ്റേറ്റുകളിൽ നടത്തിയ സമരവും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈ പ്രദേശത്ത് ബഹുജന അടിത്തറയുണ്ടാക്കുന്നതിന് സഹായകമായി. 1950-കളിൽ ആരംഭിച്ച കടയ്ക്കൽ ഗവഃ ഹൈസ്ക്കൂളിലെ സ്റ്റുഡൻറ്സ് ഫെഡറേഷൻെറ പ്രവർത്തനം വിദ്യാർത്ഥികളിലും ചെറുപ്പക്കാരിലും കമ്മ്യൂണിസ്റ്റാശയങ്ങൾ പ്രചരിക്കുന്നതിന് പ്രേരകമായി. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അന്തരിച്ച ശ്രീ.K.R.രാഘവൻപിള്ള, C.N. രാഘവൻപിള്ള, കടയ്ക്കൽ N.സുന്ദരേശൻ എന്നിവരുടെ പേര് എടുത്തുപറയേണ്ടതാണ്. 1954 - ലെ ട്രാൻസ്പോർട്ട് സമരമാണ് ഈ പ്രദേശത്ത് കമ്മ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിൽ നടത്തിയ മറ്റൊരു ബഹുജനസമരം. 'അനന്തൻപിള്ള കമ്മിഷൻെറ' റിപ്പോർട്ടനുസരിച്ച്, മലയോരങ്ങളിൽ ജനവാസകേന്ദ്രങ്ങൾക്കിടയിലുണ്ടായിരുന്ന, വനഭൂമിയോട് ചേർക്കാൻപറ്റാത്ത, സർക്കാർഭൂമി കർഷകർക്ക് പതിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏ.കെ.ജി.യുടെ നേതൃത്വത്തിൽ നടത്തിയ മിച്ചഭൂമി സമരം എഴുപതുകളുടെ പ്രാരംഭത്തിൽ ഈ പ്രദേശത്ത് CPI(M) ൻെറ വളർച്ചയ്ക്കുള്ള അടിത്തറയിട്ടു.

1960 കളുടെ അവാസനത്തിലും 70 കളുടെ തുടക്കത്തിലും കേരളത്തിലരങ്ങേറിയ നക്സലേറ്റ് ആക്രമണങ്ങളുടെ ഒടുവിലത്തെ സംഭവവും നടന്നത് കടയ്ക്കൽ പഞ്ചായത്തിലെ കുമ്മിൾ പ്രദേശത്താണ്. അടിയന്തിരാവസ്ഥക്കു ശേഷം കേരളത്തിൽ പൊതുവേയുണ്ടായ സാംസ്ക്കാരിക മുന്നേറ്റം ഈപ്രദേശത്തെ വിദ്യാർത്ഥികളേയും യുവജനങ്ങളേയും ഇടതുപക്ഷ പ്രസ്ഥാനങ്ങളോട് കൂടുതൽ അടുപ്പിച്ചു. ദേശാഭിമാനി സ്റ്റഡീസർക്കിൾ, കടയ്ക്കൽ എക്സൽസിയർ, കടയ്ക്കൽ ഫിലിംസൊസൈറ്റി, സെൻട്രൽ തിയേറ്റേഴ്സ് എന്നിവയുടെ പ്രവർത്തനങ്ങൾ ഈ കാലയളവിൽ ശ്രദ്ധേയമായിരുന്നു.

## ഭരണ ചരിത്രം

പഞ്ചായത്തുകമ്മിറ്റി സ്ഥാപിതമാകുന്നതുവരെ കടയ്ക്കൽ വില്ലേജ് "അപ്ലിഫ്റ്റ്" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വില്ലേജ് അപ്ലിഫ്റ്റിൻെറ നോമിനേറ്റഡ് പ്രസിഡൻറ് ശ്രീ. റോഡുവിള തങ്കപ്പൻപിള്ളയായിരുന്നു. 1953ൽ പഞ്ചായത്ത് രൂപംകൊള്ളുമ്പോൾ പ്രസിഡൻഡ് കമ്മ്യൂണിസ്റ്റ് പാർടിയിലെ ശ്രീ.V.സുധാകരനായി. 1959 ൽ അവിശ്വാസ പ്രമേയത്തിലൂടെ അദ്ദേഹത്തെ പഞ്ചായത്തു പ്രസിഡൻറ് സ്ഥാനത്തുനിന്നും പുറത്താക്കിയെങ്കിലും ശ്രീ.സുധാകരൻ 1979വരെ പഞ്ചായത്തു മെമ്പറായി തുടർന്നു. 1959ൽ കോൺഗ്രസിലെ ശ്രീ.കുഴിയിൽ ജനാർദ്ദനൻ പ്രസിഡൻറായി. 1963ലെ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ കോൺഗ്രസിലെ തന്നെ ശ്രീ.P.രാഘവൻ പ്രസിഡൻറായി. ആ

തെരഞ്ഞെടുപ്പിലാണ് പഞ്ചായത്തുകളിൽ ആദ്യമായി വനിതാസംവരണം നിലവിൽ വന്നത്. അന്ന് മത്സരിക്കാൻ വനിതാ സ്ഥാനാർത്ഥികൾ ഇല്ലാതിരുന്നതിനാൽ ശ്രീമതി. ഭാർഗ്ഗവിയമ്മയെ പഞ്ചായത്തു മെമ്പറായി നോമിനേറ്റു ചെയ്തു. പിന്നീട് കോൺഗ്രസ് ഭരണസമിതിയിലെ ഭിന്നത മൂലം കമ്മ്യൂ. പാർട്ടിയിലെ ശ്രീ.C. ഗോവിന്ദൻ കടയ്ക്കൽ പഞ്ചായത്തു പ്രസിഡൻററായി. അദ്ദേഹം 1966മുതൽ 1979വരെ പ്രസിഡൻറ് പദവിയിൽ തുടർന്നു. 1979ലെ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ CPI (M) ലെ ശ്രീ.S. രാജദാസ് പഞ്ചായത്തു പ്രസിഡൻററായി. തുടർന്ന് 1995 വരെ രാജദാസ് നേതൃത്വംനൽകിയ ഭരണസമിതിയാണ് പഞ്ചായത്തു ഭരണം നിർവ്വഹിച്ചത്. പാർലമെൻറ് പാസ്സാക്കിയ പഞ്ചായത്തിരാജ് - നഗരപാലികാ ബിൽ പ്രാബല്യത്തിൽ വന്നതിൻെറ അടിസ്ഥാനത്തിൽ കടയ്ക്കൽ പഞ്ചായത്തു പ്രസിഡൻറ് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്യപ്പെടുകയും, തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ CPI (M) ലെ തന്നെ ശ്രീമതി.പരിമളകുമാരി പ്രസിഡൻററായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ ഭരണസമിതിയാണ് ഇപ്പോൾ തുടരുന്നത്.

1952 ലെ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പുമുതൽ ചടയമംഗലം നിയോജക മണ്ഡലത്തിൻെറ ആസ്ഥാനമാണ് കടയ്ക്കൽ. 1952 ലെ തെരഞ്ഞെടുപ്പിൽ ദ്വയാംഗമണ്ഡലത്തിൽ നിന്നും ശ്രീ. വെട്ടിക്കവല കൊച്ചുകുഞ്ഞ്, ശ്രീ. ഉദിയന്നൂർ കേശവപിള്ള എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. 1954 ൽ ശ്രീ. V. ഗംഗാധരനാണ് ഈ മണ്ഡലത്തെ പ്രതിനിധീകരിച്ചത്. അദ്ദേഹമായിരുന്നു അന്ന് തിരു-കൊച്ചി നിയമസഭയുടെ സ്പീക്കർ ഐക്യകേരളം രൂപീകൃതമായ ശേഷം 1957ലും 1960ലും നടന്ന തെരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർടിയിലെ ശ്രീ. വെളിയംഭാർഗ്ഗവനായിരുന്നു ഈ മണ്ഡലത്തിലെ പ്രതിനിധി. 1965 ലും - 67 ലും മുൻ സ്പീക്കർ ശ്രീ. ഡി. ദാമോദരൻപോറ്റി ഈ മണ്ഡലത്തെ പ്രതിനിധീകരിച്ചു. മുൻമന്ത്രി ശ്രീ. M.N. ഗോവിന്ദൻ നായർ 1970ലും ഇപ്പോഴത്തെ ഭക്ഷ്യവകുപ്പു മന്ത്രി ശ്രീ. E. ചന്ദ്രശേഖരൻനായർ 77ലും 80 ലും ഈ മണ്ഡലത്തിൻെറ പ്രതിനിധികളായിരുന്നു. 82ലും 87ലും ശ്രീ. K.R. ചന്ദ്രമോഹനനും 91ൽ ശ്രീ. E. രാജേന്ദ്രനും ഈ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴത്തെ നിയമസഭാംഗം ശ്രീമതി. R. ലതാദേവിയാണ്.

# ഭൂപ്രകൃതിയും വിഭവങ്ങളും

പ്രാദേശിക ആസൂത്രണം വിജയകരമായി നടപ്പാക്കുന്നതിന് ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകളുടെ ശാസ്ത്രീയമായ അറിവ് അവശ്യം ആവശ്യമാണ് - പ്രദേശത്തിന്റെ ഭൂപ്രകൃതി, മൺതരങ്ങൾ, ഭൂവിനിയോഗം കാലാവസ്ഥ, ജൈവസമ്പത്ത്, മനുഷ്യവിഭവം എന്നിവയെ അറിയുകയും ശാസ്ത്രീയമായ അപഗ്രഥനത്തിലൂടെ അവയെ ഫലപ്രദമായി പ്രയോഗപ്പെടുത്തി അവയുടെ സന്തുലിതാവസ്ഥയ്ക്കോട്ടം തട്ടാതെ സ്ഥായിയായ വികസനത്തിന് വഴിയൊരുക്കണം. ആയതിനാൽ മേല്പറഞ്ഞവയുടെ അവലോകനം ഒഴിച്ചുകൂടാനാവത്തതാണ്.

കൊല്ലം ജില്ലയുടെ തെക്കുകിഴക്കേഭാഗത്ത് കൊല്ലം നഗരത്തിൽനിന്നും 40 കിലോമീറ്റർ അകലത്തിലും അറബിക്കടലിന് 30 കിലോമീറ്റർ കിഴക്കായുമാണ് കടയ്ക്കൽ സ്ഥിതി ചെയ്യുന്നത്. കുന്നിൻപുറവും ചെറുതും വലുതുമായ ചരിവ് പ്രദേശവും താഴ്വരകളും ഉൾപ്പെടുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് കടയ്ക്കൽ.

കൊട്ടാരക്കര താലൂക്കിൽപ്പെട്ട ഈ പ്രദേശം പഴയ കൊട്ടാരക്കര രാജവംശത്തിന്റെ അധീനതയിലായിരുന്നു. മലകളുടെ ചുവട്ടിലുള്ള പ്രദേശമെന്ന നിലയിലാണ് കടയ്ക്കൽ എന്ന പേരു ലഭിച്ചിട്ടുള്ളത്. ചടയമംഗലം ബ്ലോക്കിൽ ഉൾപ്പെട്ട ഈ പ്രദേശം ചടയമംഗലം ബ്ലോക്കിലെ ചടയമംഗലം, നിലമേൽ, ഇളമാട്, ചിതറ എന്നീ ഗ്രാമപഞ്ചായത്തുകളിലും തിരുവനന്തപുരം ജില്ലയിലെ പാങ്ങോട്, കല്ലറ, പുളിമാത്ത്, പഴയകുന്നുംമേൽ എന്നീ പഞ്ചായത്തുകളിലും ചുറ്റപ്പെട്ടിരിക്കുന്നു. 48.89 ച. കി. മിറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ 91-ലെ സെൻസസ്സ് പ്രകാരമുള്ള ജനസംഖ്യ 45291 ആണ്. 15 വാർഡുകളുള്ള പഞ്ചായത്തിൽ പ്രസിഡന്റ് സ്ഥാനവും 5 വാർഡുകളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ജനസാന്ദ്രത 927 ആണ്.

ഇൻഡ്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട 1938-ലെ കടയ്ക്കൽ വിപ്ലവത്തിലൂടെ രാജ്യാന്തര പ്രശസ്തി നേടാൻ കഴിഞ്ഞിട്ടുള്ള നാടാണ് കടയ്ക്കൽ. കാർഷിക പ്രധാനമായ പ്രദേശത്തെ ജനങ്ങൾ ചൂഷണത്തിനും അധികാരികളുടെ ജനവിരുദ്ധ്വംസനത്തിനുമെതിരെ പൊരുതുന്നതിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാതെ സംഘടിതരായി മുന്നേറിയതിന്റെ ചരിത്രമാണ് കടയ്ക്കൽ വിപ്ലവം അനാവരണം ചെയ്യുന്നത്.

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മലനാടിൽ ഉൾപ്പെടുന്ന പ്രദേശമാണ്. നിമ്നോന്നതി അനുസരിച്ച് ഈ പഞ്ചായത്തിനെ മുഖ്യമാം മൂന്നു പ്രധാന മേഖലകളായി തരം തിരിക്കാം.

| | ഹെക്ടർ | ശതമാനം |
|---|---|---|
| 1. കുന്നിൽപുറം - | 10008.37 | 20.60 |
| 2. ചരിവ് പ്രദേശം | | |
| a. വലിയചരിവ് - | 841.85 | 17.20 |
| b. ചെറിയചരിവ് - | 2011.85 | 41.10 |
| 3. താഴ്വര | 1032.84 | 21.10 |
| ആകെ | 4895.00 | |

നിലവും തോടുകളും അതിനോടുചേർന്നുള്ള ബൽറ്റും ഉൾപ്പെട്ടതാണ്. കുന്നിൻപുറം കുന്നിൻപുറത്തു നിന്നും താഴ്വരയിലേയ്ക്ക് ചരിഞ്ഞിറങ്ങുന്ന പ്രദേശമാണ് പഞ്ചായത്തിന്റെ ഭൂരിഭാഗം. ചരിവ് ഭൂമി വലിയചരിവും, ചെറിയ ചരിവുമായി തരംതിരിച്ചിരിക്കുന്നു. ആകെ ഭൂമിയിൽ 334 ഹെക്ടർ പുറംപോക്കും. 129 ഹെക്ടർ തരിശുമാണ്. തരിശും പുറംപോക്കും പഞ്ചായത്ത് സർക്കാർ വകയാണ്. കൃഷിഭൂമി 4536 ഹെക്ടർ ആണ്. ഇതിൽ 104 ഹെക്ടർ പുറമ്പോക്കും തരിശും കൂടി ഉൾപ്പെടും- കുന്നിൻ പുറങ്ങളിലും ചരിവുകളിലുമായി ധാരാളം പാറയും ഈ പഞ്ചായത്തിലുണ്ട്.

## ഭൂപ്രകൃതി

ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ കടയ്ക്കലിൽ തന്നെ സ്ഥിതിചെയ്യുന്ന മാറ്റിടാംപാറ ഏറെ പ്രസിദ്ധമാണ്. വലിയ തലയെടുപ്പോടെ ഉയർന്നു നില്ക്കുന്ന ഈ പാറയുടെ മുകളിൽ നിന്നാൽ കടൽ കാണാൻ കഴിയും. ഈ പാറയിൽ കയറുക ഏറെ ദുർഘടമാണ്. പാറയുടെ മുകളിൽ കയറുന്നതിന് സംവിധാനം ഏർപ്പെടുത്തിയാൽ അവിടെനിന്നു കാണാവുന്ന കടലും നിമ്നോന്നതമായ പച്ചപ്പുതപ്പണിഞ്ഞ പ്രദേശങ്ങളും നയനാനന്ദകരവും കൗതുകവുമായിരിക്കും.


KADACKAL PANCHAYAT
Landform - info Map
(Major Geomorphic Features)
Scale
1:62,500
8° 51'
8° 49'
8° 47'
76° 54'
76° 56'
Legend
Landform Type
Area%
Ridge/Hill top & Part of upper slope
20.60%
Side slope - steep (25° 60°)
17.2%
Side slope - moderate (25° to 10°)
41.10%
Valley floor (0° to 10°)
21.10%

## മണ്ണ്

ഈ പഞ്ചായത്തിലെ ഉപരിതലമണ്ണിനെ ചെമ്മണ്ണ്, കരിമണ്ണ്, പശിമരാശിമണ്ണ്, ചരൽമണ്ണ് എന്നിങ്ങനെ നാലായി തരംതിരിക്കണം. പരിമരാശി മണ്ണിനെ എക്കൽ കൂടുതലുള്ളതും മണൽകലർന്നതുമായി വീണ്ടും രണ്ടായി തിരിക്കാം. ഇത് പൊതുവിൽ നിലത്തിലാണ് കാണപ്പെടുന്നത്. നിലത്തിൽ താരതമ്യേന ആഴത്തിൽ എക്കൻ (ചെളി) കൂടുതലുള്ള മണ്ണും, മുകൾപ്പാറയിൽ മണൽ കൂടുതലുള്ള മണ്ണുമാണ്.

കുന്നുംപുറങ്ങളിൽ പൊതുവിൽ ചെങ്കല്ലു കൂടുതലുള്ള ചെമണ്ണാണ്. ചരിവുകളിൽ ചെമ്മണ്ണും കരിമണ്ണും ഇടകലർന്നു കാണുന്നു. ചെറിയ ചരുവുകളിൽ കരിമണ്ണാണ് കൂടുതൽ - കുന്നിൽപുറങ്ങളിലും ചരിവുകളിൽ ചില നിരന്ന പ്രദേശങ്ങളിലും ചെറിയ ചരിവുകളിൽ ചില പ്രദേശത്തും ചരൽ മണ്ണാണ്.

## ജലലഭ്യത

മഴയാണ് പ്രധാന ജല സ്രോതസ്സ്. കൂടാതെ ഉപരിതല ജലസ്രോതസ്സുകളായ തോടുകൾ കുളങ്ങൾ എന്നിവയിൽ നിന്നും ഭൂഗർഭ സ്രോതസ്സുകളായ കിണറുകളിൽ നിന്നുമാണ് ജലം ലഭിക്കുന്നത്. വൃശ്ചികം, ധനു, മകരം, കുംഭം എന്നീ മാസങ്ങളിൽ അത്യപൂർവ്വമായെ മഴ ലഭിക്കാറുള്ളു. മറ്റുമാസങ്ങളിൽ സാമാന്യം മഴ ലഭിക്കും. ചെറുതും ഇടത്തരവുമായ തോടുകളെ ഈ പഞ്ചായത്തിലുള്ളു. ആകെ 90 കിലോമീറ്റർ നീളത്തിൽ 45 തോടുകളുണ്ട്. ഇവയിൽ ആണ്ടിൽ 8 മാസം ജലം ലഭിക്കുന്ന തോടുകളുടെ ദൈർഘ്യം 28 കിലോമീറ്ററാണ്. കുന്നുംപുറങ്ങളിലും വലിയ ചരിവുകളിലും വരൾച്ച കൂടുതൽ അനുഭവപ്പെടാറുണ്ട്. ചെറിയ ചരിവുകളിലും സാമാന്യം ജലം ലഭിക്കാറുണ്ട്. താഴ്‌വരകൾ താരതമ്യേന ജല ലഭ്യതയുള്ള പ്രദേശങ്ങളാണ്. പ്രധാന തോടുകളുമായി ബന്ധപ്പെട്ട് വെട്ടാൻചിറ, ഇടത്തറ ഐരക്കുഴി, കുറ്റിക്കാട് എന്നീ നീർമറിവികസന പദ്ധതികൾ ഈ പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

## കാലാവസ്ഥ

ഈ പഞ്ചായത്ത് തെക്കൻ മലനാട് കാർഷിക കാലാവസ്ഥാ മേഖലയിലാണ് ഉൾപ്പെടുന്നത്. 300. മി: മീറ്റർ മഴ ശരാശരി ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഇടവം കർക്കിടകം മാസങ്ങളിലും ഏറ്റവും കുറച്ച് മഴ ലഭിക്കുന്നത് ധനു മകരം മാസങ്ങളിലുമാണ്. ഏറ്റവും കൂടുതൽ അന്തരീക്ഷ ഊഷ്മാവ് മീനമാസത്തിലും ഏറ്റവും കുറവ് മകരമാസത്തിലുമാണ്.

ഇടവം മധ്യത്തോടുകൂടി ആരംഭിക്കുന്ന വർഷകാലം കർക്കിടകം അവസാനം വരെ നീണ്ടു നില്ക്കാറുണ്ട്. തുടർന്നുവരുന്ന തെളിഞ്ഞ കാലാവസ്ഥയ്ക്കുശേഷം തുലാമാസത്തോടുകൂടി തുലാവർഷം ആരംഭിക്കും. കാലവർഷത്തിലും തുലാവർഷത്തിലും സാമാന്യം നല്ല മഴ ലഭിക്കാറുണ്ട്. വൃശ്ചിക മാസത്തോടുകൂടി ആരംഭിക്കുന്ന മഞ്ഞുകാലവും മകരമാസവും അവസാനം ആരംഭിക്കുന്ന വേനൽ കാലം കാലവർഷ ആരംഭംവരെ നീളും. വേനൽക്കാലത്ത് അപൂർവ്വമായി ഇടമഴയും ലഭിക്കാറുണ്ട്.

## ഭൂവിനിയോഗം

ഈ പഞ്ചായത്തിൽ കൃഷിയ്ക്ക് ഉപയുക്തമായ 4536 ഹെക്ടർ ഭൂമിയിലും കൃഷി ചെയ്യുന്നുണ്ട്. ഇതിൽ സെന്ററനുസരിച്ചാണ് കൃഷിഭൂമിയുടെ ലഭ്യത. . ഇതിൽ 378 ഹെക്ടർ നിലമാണ്. റബർ കൃഷി നടത്തുന്ന 961 ഹെക്ടർ സ്ഥലം ഒഴിച്ചുള്ള ബാക്കി സ്ഥലങ്ങളിൽ മിശ്രിത വിളകളാണ് കൃഷി ചെയ്യുന്നത്. ഏറ്റവും കൂടുതൽ അതായത് 116 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയാണ്. 517 ഹെക്ടർ സ്ഥലത്ത് കുരുമുളകും 601 ഹെക്ടർ സ്ഥലത്ത് മരിച്ചീനിയും, 219 ഹെക്ടർ സ്ഥലത്ത് വാഴയും കശുമാവ്, പച്ചക്കറി എന്നിവ 45 ഹെക്ടർ വീതവും മറ്റു വിളകൾ 415 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നു. പരമ്പരാഗതമായി തെങ്ങുകൃഷിയാണ് കർഷകർ കൂടുതൽ ശ്രദ്ധിച്ചിരുന്നത്. മിക്ക തെങ്ങു കൃഷി സ്ഥലങ്ങളിലും ഇടവിളയായി മിശ്രിതവിളകളും കൃഷി ചെയ്തിരുന്നു. അടുത്ത കാലത്തായി റബർ കൃഷി വ്യാപകമായിട്ടുണ്ട്. ആകെ കൃഷി ഭൂമിയുടെ 8.3% സ്ഥലത്ത് മാത്രമാണ് നെല്ലുകൃഷി ചെയ്യുന്നത്. കൂടതലും ഇരുപ്പൂ നിലമാണ്. അപൂർവ്വം നിലങ്ങളിൽ പയർ പച്ചക്കറി എന്നിവ ഇടവിളയായി കൃഷി ചെയ്യാറുണ്ട്. പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ് നെൽകൃഷി നടക്കുന്നത്. ഏലാകളിൽ തലകുളങ്ങൾ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ പകുതിയോളം നിലങ്ങളിൽ മുപ്പൂകൃഷി ഏർപ്പെടുത്താൻകഴിയും. ബാക്കി നിലങ്ങളിൽ വ്യാപകമായി പച്ചക്കറി, പയർവർഗ്ഗങ്ങൾ തുടങ്ങിയ ഇടവിളകളും കൃഷി ചെയ്യാം. നെല്ല് കൃഷി നഷ്ടമായതിനാൽ കർഷകർ നിലം നികത്തി വാഴ, മരിച്ചീനി തുടങ്ങിയ മറ്റു കൃഷികൾ ചെയ്യാൻ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുകയാണ്. ജലസേചനത്തിന്റെ അപര്യാപ്തത പൊതുവിൽ കാർഷിക

ഉല്പാദന ക്ഷമതയെ പിന്നോട്ടടിച്ചിട്ടുണ്ട്. കുന്നിൽ മലകളിലും വലിയ ചരിവുപ്രദേശങ്ങളിലും മുൻകാലങ്ങളിൽ കശുമാവ് കൃഷി വ്യാകമായിരുന്നു. ഇപ്പോൾ ഈ പ്രദേശങ്ങൾ റബ്ബർ കയ്യടക്കിവരികയാണ്. ഭൂഗർഭജലം ജലസേചനത്തിനുവേണ്ടി പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതുപോലെ തോടുകളിൽ തടയണകൾ പണിഞ്ഞും കുളങ്ങൾ ജലസേചനത്തിനു സൗകര്യപ്പെടുത്തിയും ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്. ചരിഞ്ഞ പ്രദേശങ്ങളിൽ ബങ്കുകൾ, വരമ്പുകൾ, കയ്യാല എന്നിവ നിർമ്മിച്ചും, കുഴികൾ കുഴിച്ചും നീരൊഴുക്ക് തടഞ്ഞ് മണ്ണിലെ ജലാംശം നിലനിർത്താവുന്നതാണ്.

വളരെ സമൃദ്ധമായ ഒരു ജൈവസമ്പത്താണ് ഈ പഞ്ചായത്തിലുള്ളത്. തെങ്ങ്, റബ്ബർ, കമുക്, കുരുമുളക്, കശുമാവ്, മാവ്, പ്ലാവ്, ആൽവൃക്ഷങ്ങൾ, പുളി, പുളിവാഹ, തേക്ക്, പെരുമരം, വേഴ്, വേങ്ങ, തേന്മാവ്, അയണി, ആത്തി, പാലം, എരുക്ക്, ഇലവ് തുടങ്ങി കേരളത്തിൽ ഉള്ള എല്ലാത്തരം വൃക്ഷങ്ങളും, വാഴ, ചേമ്പ്, ചേന തുടങ്ങി കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറി ചെടികൾ, മുല്ല, പിച്ചി, തെറ്റി, റോസ, ജമന്തി, അരളി, ചെമ്പരത്തി, തുളസി തുടങ്ങിയ എല്ലാത്തരം ചെടികളും നെല്ല്, പയറ് തുടങ്ങിയവയും ചേർന്ന് പച്ചപ്പട്ടുപുതപ്പിച്ച നാടാണ് കടയ്ക്കൽ. പശു, കാള, പോത്ത് അപൂർവ്വമായി എരുമ, ആട്, നായ, പൂച്ച, മുയൽ തുടങ്ങിയ വളർത്തുമൃഗങ്ങളും താറാവ്, കോഴി, തത്ത തുടങ്ങിയ വളർത്തു പക്ഷികളും, വാവലും പരുന്തും പ്രാവും കാക്കയും കുയിലും മൂങ്ങയും ഉപ്പൻ ഉൾപ്പെടെയുള്ള ധാരാളം പക്ഷികളെയുംകൊണ്ട് സമൃദ്ധമാണ് കടയ്ക്കൽ. മനുഷ്യന്റെ പൂർവ്വികരായ കുരങ്ങന്മാർ കടയ്ക്കൽ ടൗൺ വാർഡിലെതന്നെ മാറ്റിടാം പാറയിൽ ധാരാളമുണ്ട്. അടുത്തകാലത്ത് മാറ്റിടാം പാറയ്ക്ക് സമീപം പാറപൊട്ടിക്കൽ തുടങ്ങിയതുകാരണം വാനരന്മാരുടെ സ്വൈരജീവിതം തടസ്സപ്പെടുകയും, അവ പാറവിട്ട് ജനവാസ പ്രദേശങ്ങളിലേയ്ക്കു നീങ്ങുകയും ചെയ്തത് ടൗൺവാർഡിലെ ആറ്റുപുറം, കീരിപുറം പ്രദേശങ്ങളിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു.

## മനുഷ്യസമ്പത്ത്

1991- ലെ സെൻസ്സസ് പ്രകാരം കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 45291 ആണ്. 21749 പേർ പുരുഷന്മാരും 23542 പേർ സ്ത്രീകളും ആണ്. 6 മുതൽ 10 വയസ്സുവരെ പ്രായമുള്ള കുട്ടികളും എണ്ണം 3079 ഉം 2713 പെൺകുട്ടികളും 3079 ആൺകുട്ടികളും, ഈ പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 5512 ഉം ആണ്. പട്ടികജാതിജനസംഖ്യയിൽ 2713 ആണുങ്ങളും 2799 പേർ പെണ്ണുങ്ങളുമാണ്. 17639 പുരുഷന്മാരും 17699 സ്ത്രീകളും സാക്ഷരരാണ്. മൊത്തം 35338 പേർ അക്ഷരാഭ്യാസമുള്ളവരാണ്. 9997 പുരുഷന്മാരും 19210 സ്ത്രീകളും ഉൾപ്പെടെ 22207 പേർക്ക് തൊഴിലില്ല. കർഷ സമൃദ്ധിയിലൂടെ 2963 പുരുഷന്മാരും 363 സ്ത്രീകളുമാണ് തൊഴിൽ കണ്ടെത്തുന്നത്. 3805 പുരുഷന്മാരും 1315 സ്ത്രീകളും കർഷക തൊഴിലാളികളാണ്. മൃഗ പരിപാലനരംഗത്ത് 332 പുരുഷന്മാരും 38 സ്ത്രീകുളം തൊഴിൽ കണ്ടെത്തുന്നു. പാറപൊട്ടിക്കലും അനുബന്ധമേഖലകളിലുമായി 258 പുരുഷന്മാരും 175 സ്ത്രീകളും ജോലി ചെയ്യുന്നു. പരമ്പരാഗത കുടിൽവ്യവസായ രംഗത്ത് 652 പുരുഷന്മാരും 458 സ്ത്രീകളും തൊഴിൽ ചെയ്യുന്നു. കെട്ടിട നിർമ്മാണരംഗത്ത് 1440 പുരുഷന്മാരും 410 സ്ത്രീകളും പണി ചെയ്യുന്നു. കച്ചവടവുമായി ബന്ധപ്പെട്ട് തൊഴിൽചെയ്യുന്ന പുരുഷന്മാർ 986 ഉം സ്ത്രീകൾ 68 ഉം ആണ്. ഗതാഗത രംഗത്ത് 528 പുരുഷന്മാർ തൊഴിലെടുക്കുന്നുണ്ട്. വിദേശരാജ്യങ്ങളിൽ 2500 പേർ പണിയെടുക്കുന്നുണ്ട്. സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ 1041 പുരുഷന്മാരും 485 സ്ത്രീകളും ജോലി ചെയ്യുന്നു. വല്ലപ്പോഴും പണി കിട്ടുന്നവരായി 935 പുരുഷന്മാരും 1578 സ്ത്രീകുളം ഉണ്ട്. മേൽ വിവരണങ്ങളിൽ നിന്നും ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയുടെ രൂക്ഷത മനസ്സിലാക്കാവുന്നതാണ്. വിശേഷിച്ചും സ്ത്രീകളുടെയും പട്ടികജാതി വിഭാഗത്തിലുള്ളവരുടേയും തൊഴിൽലില്ലായ്മ അതിരൂക്ഷമാണ്. ഇങ്ങനെ പാഴാകുന്ന അധ്വാനശേഷി ജനകീയ ആസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെടുത്തി വിനിയോഗിക്കുന്നതിലൂടെ, നമ്മുടെ നാടിന്റെ തുടർ പേജുകളിൽ പ്രതിപാദിക്കുന്ന വികസന രംഗങ്ങളിൽ വൻ മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# കൃഷിയും ജലസേചനവും

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിന്റെ തെക്കുകിഴക്ക് ഭാഗത്തായി തിരുവനന്തപുരം ജില്ല യുമായി ചേർന്നു കിടക്കുന്ന ഒരു കാർഷികഗ്രാമമാണ് കടയ്ക്കൽ പഞ്ചായത്ത്. കുന്നിൻപ്രദേശങ്ങളും താഴ്‌വരകളും സമതലങ്ങളും ഇടകലർന്ന ഭൂപ്രകൃതിയാണ് ഇവിടുള്ളത്. 1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 45291 ആണ്. റവന്യൂ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 4895 ഹെക്ടർ ഭൂമിയുള്ളതിൽ കൃഷിഭവൻ രേഖാപ്രകാരം 4536 ഹെക്ടർ ഭൂമി മാത്രമാണ് കൃഷിക്കുപയുക്തമായിട്ടുള്ളത്. ചെമ്മണ്ണ്, കരിമണ്ണ്, പശിമരാശിമണ്ണ്, ചരൽമണ്ണ്, മണൽ കലർന്ന മണ്ണ് എന്നിവ ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. 80% ജനങ്ങൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടു കഴിയുന്നു. പ്രധാന കൃഷികൾ, നെല്ല്, തെങ്ങ്, മരിച്ചീനി, റബ്ബർ, കുരുമുളക്, മാവ്, പ്ലാവ്, കശുമാവ്, കൈതച്ചക്ക, വാഴ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറികൾ, എന്നിവയാണ്.

ഈ പഞ്ചായത്തിലെ കർഷകർ തങ്ങളുടെ കാർഷികോത്പന്നങ്ങൾ വിപണനം നടത്തിയിരുന്നത് കേരളത്തിലെ മലഞ്ചരക്ക് വിപണനകേന്ദ്രങ്ങളിൽ ഒന്നായ കടയ്ക്കൽ ചന്തയിലൂടെയായിരുന്നു. കടയ്ക്കൽ ചന്തയിലെ മലഞ്ചരക്ക്വ്യാപാരം പ്രസിദ്ധമായിരുന്നതിനാൽ വിദൂരസ്ഥലങ്ങളിൽനിന്ന് പോലും വ്യാപാരികൾ ഈ വിപണനകേന്ദ്രവുമായി ബന്ധം പുലർത്തിയിരുന്നു. എന്നാൽ അമിതമായ ചന്തപിരിവും ഇടത്തട്ടുകാരുടെ ചൂഷണവുംമൂലം കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭ്യമായിരുന്നില്ല. 1938-ൽ കടയ്ക്കലിലെ പ്രബുദ്ധരായ കർഷകജനത അമിതമായ ചന്തപിരിവിനും ഇടനിലക്കാരുടെ ചൂഷണത്തിനുമെതിരേ സംഘടിച്ചു സമരസന്നദ്ധരായി മുന്നോട്ടുവന്നു. ഈ സമരം ഒരു ദേശീയ സമരമാക്കി മാറ്റുന്നതിന് അന്നത്തെ കർഷകർക്കു സാധിച്ചു.

1957-ൽ കേരളത്തിൽ അധികാരത്തിൽ വന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഭൂപരിഷ്കരണനിയമബിൽ കൊണ്ടുവന്നുവെങ്കിലും ആ ഗവൺമെന്റിനെ അധികാരഭ്രഷ്ടമാക്കിയതിനാൽ ബിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ 1967-ൽ വീണ്ടും അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ചില ഭേദഗതികളോടെ ഇൻഡ്യയിലാദ്യമായി ഭൂപരിഷ്കരണനിയമം പാസ്സാക്കി. ഈ നിയമം നിലവിൽ വന്നതോടെ സ്വന്തമായി ഭൂമിയില്ലാതിരുന്ന കർഷകർക്കും കർഷകതൊഴിലാളികൾക്കും ഭൂമിയിന്മേൽ ഉടമാവകാശം ലഭ്യമായി. ഇത് കാർഷികമേഖലയിൽ വിപ്ലവകരമായ ചലനം സൃഷ്ടിച്ചു. 1978 കാലയളവിൽ കടയ്ക്കൽ പഞ്ചായത്തിലെയും പാവപ്പെട്ട കർഷകർക്കും കുടിയാന്മാർക്കും മിച്ചഭൂമി ലഭ്യമാക്കുന്നതിനും ഭൂപരിഷ്കരണനിയമം സഹായകമായി.

സർവ്വേറിക്കാർഡനുസരിച്ച് ഈ പഞ്ചായത്തു പ്രദേശത്ത് 129 ഹെക്ടർ തരിശുഭൂമിയും 344 ഹെക്ടർ പുറമ്പോക്ക് ഭൂമിയും നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും സ്വകാര്യവ്യക്തികളുടെ കൈവശാവകാശത്തിലാണ്. ഒരേക്കറിൽ താഴെ കൃഷിഭൂമിയുള്ള 8624 നാമമാത്രകർഷകരും ഒരേക്കറിനും രണ്ടേക്കറിനും ഇടയിൽ ഭൂമിയുള്ള 1208 കർഷകരും

രണ്ടേക്കറിന് മുകളിൽ ഭൂമി കൈവശമുള്ള 221 കർഷകരും അടങ്ങുന്ന ഒരു പഞ്ചായത്താണ് കടയ്ക്കൽ. വാർഡ് തിരിച്ചുള്ള കർഷകരുടെ എണ്ണം ചുവടേ ചേർക്കുന്നു.

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1ഏക്കറിനു താഴെ) | ചെറുകിട കർഷകർ (1-2 ഏക്കർ) | വൻകിട കർഷകർ (2 ഏക്കറിനു മുകളിൽ) |
|---|---|---|---|
| I | 620 | 83 | - |
| II | 530 | 82 | - |
| III | 560 | 88 | - |
| IV | 640 | 80 | - |
| V | 585 | 78 | - |
| VI | 520 | 95 | - |
| VII | 590 | 84 | - |
| VIII | 610 | 60 | - |
| IX | 615 | 85 | - |
| X | 539 | 76 | - |
| XI | 540 | 72 | - |
| XII | 530 | 75 | - |
| XIII | 520 | 65 | - |
| XIV | 615 | 95 | - |
| XV | 610 | 90 | - |
| ആകെ | 8624 (2382 ഹെക്ടർ) | 1208 (1570 ഹെക്ടർ) | 221 (584 ഹെക്ടർ) |

കർഷകതൊഴിലാളികളുടെ ദൗർലഭ്യവും വേതനവർദ്ധനയും കർഷകരെ കാർഷികമേഖലയിൽ നിന്നും പിന്മാറ്റിക്കൊണ്ടിരിക്കുന്നു. കൃഷിയിടങ്ങളിൽ സ്വയം പണിയെടുക്കുന്ന കർഷകരുടെ എണ്ണം പത്തു ശതമാനത്തോളം മാത്രമേയുള്ളു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ കാർഷികമേഖലയിൽ പണിയെടുക്കാൻ വിമുഖത പ്രകടിപ്പിക്കുന്നു. കാർഷിക തൊ

# KADAKKAL PANCHAYAT
## Status of Land Ownership




ഴിലാളികളുടെ നിലവിലുള്ള കൂലിനിരക്ക് ചുവടേ ചേർക്കുന്നു.

| | | |
|---|---|---|
| 1. വയൽ പൂട്ടുന്നതിന് (ഒരു ജോടി കന്നിനും പൂട്ടുകാരനുംകൂടി) | - | 250 രൂപ |
| 2. നിലം നിരപ്പാക്കൽ, വരമ്പ് ഒരുക്കൽ തുടങ്ങിയവ | - | 80-100 |
| 3. കളയെടുപ്പ്, വളംവിതറൽ തുടങ്ങിയവ | | |
| (പുരുഷൻ) | - | 80-100 |
| സ്ത്രീകൾ | - | 60-75 |
| 4. തെങ്ങിൻതടമെടുപ്പ്, ഇടകിള | - | 80-100 |
| 5. തേങ്ങയിടൽ (തെങ്ങൊന്നിന്) | | രൂ: 3. |
| 6. റബ്ബർ ടാപ്പിംഗ് (മരമൊന്നിന്) | | പൈസ 15-20. |

കഴിഞ്ഞ മൂന്നു വർഷക്കാലത്ത് കർഷകർ താഴെപറയുന്ന അളവിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചു.

| രാസവള കീടനാശിനി | 1993-94 | 94-95 | 95-96 |
|---|---|---|---|
| രാസവളം | 200 മെട്രിക് ടൺ | 200 മെട്രിക് ടൺ | 217 മെട്രിക് ടൺ |
| കീടനാശിനി (ഖരം) | 300 കിലോഗ്രാം | 280 കിലോഗ്രാം | 123 കിലോഗ്രാം |
| കീടനാശിനി (ദ്രവം) | 22 ലിറ്റർ | 16 ലിറ്റർ | 11 ലിറ്റർ. |

### വായ്പാസൗകര്യം

ഈ പ്രദേശത്തെ കാർഷികപുരോഗതിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള സഹകരണസ്ഥാപനമാണ് കടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക്. ഇതിന്റെ ഹെഡ്ഡാഫീസ് കടയ്ക്കൽ ടൗണിലും, ബ്രാഞ്ച് കുമ്മിൾപ്രദേശത്തും പ്രവർത്തിച്ചുവരുന്നു. ഇവിടെനിന്നും പണമായും വളമായും കാർഷികവായ്പകൾ നല്കിവരുന്നു. കാർഷികേതരവായ്പകൾ എടുക്കുന്നതിനാണ് പൊതുവിൽ കൂടുതൽ താല്പര്യം കാണിച്ചുവരുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. വിതരണം ചെയ്ത

# KADAKKAL PANCHAYAT
## Area of Principal Crops




പ്പെടുന്ന കാർഷികവായ്പകൾ നിശ്ചിതആവശ്യത്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് പുനഃപരിശോധന നടത്തേണ്ടതുണ്ട്. കടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് കടയ്ക്കൽ, കുമ്മിൾ, കുറ്റിക്കാട്, കാരിയം, ഇളമ്പഴന്നൂർ, പാങ്ങൽക്കാട്, കിണറ്റുമുക്ക്, പുതുക്കോട്, ഈട്ടിമൂട് എന്നീ സ്ഥലങ്ങളിൽ വളംഡിപ്പോകൾ നടത്തിവരുന്നു. കൂടാതെ പന്ത്രണ്ടോളം സ്വകാര്യ ഏജൻസി ഡിപ്പോകളും നിലവിലുണ്ട്. കർഷകന്റെ ആവശ്യാനുസരണം യഥാസമയം വളം ലഭ്യമാക്കുന്നതിന് ഈ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധിക്കണം.

കടയ്ക്കൽ സർവ്വീസ് സഹകരണബാങ്കിനെ കൂടാതെ കൊല്ലം ജില്ലാ കാർഷികവികസനബാങ്ക്, കൊല്ലം ജില്ലാ സഹകരണബാങ്കിന്റെ കടയ്ക്കൽശാഖ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും കർഷകന് വായ്പകൾ ലഭിക്കുന്നുണ്ട്.

### പ്രധാന കൃഷികൾ ഹെക്ടറിൽ

| | |
|---|---|
| നെല്ല് | 375 ഹെക്ടർ |
| തെങ്ങ് | 1167 ,, |
| റബ്ബർ | 961 ,, |
| കുരുമുളക് | 517 ,, |
| മരച്ചീനി | 601 ,, |
| വാഴ | 219 ,, |
| കശുമാവ് | 45 ,, |
| പച്ചക്കറി | 45 ,, |
| മറ്റു വിളകൾ | 415 ,, |

## പ്രധാന വിളകളുടെ ഉല്പാദനക്ഷമത ഹെക്ടറിൽ

| | |
|---|---|
| നെല്ല് (നാടൻ) | 2000 മുതൽ 2200 കി. ഗ്രാം വരെ |
| നെല്ല് (അത്യുല്പാദന ശേഷിയുള്ളത്) | 2800 മുതൽ 3000 ,, |
| പയർ | 300 കി. ഗ്രാ |
| എള്ള് | 125 ,, |
| തെങ്ങ് | 4000 നാളികേരം |
| മരിച്ചീനി | 6000 കി. ഗ്രാം |
| വാഴ | 12500 ,, |
| കുരുമുളക് | 800 ,, |
| കശുമാവ് | 3000 ,, |
| റബ്ബർ | 1100 ,, |
| കമുക് (അടയ്ക്കാ) | 5500 ,, |
| ഇഞ്ചി | 4000 ,, |
| പച്ചക്കറികൾ | 2000 ,, |
| മാവ് (മാങ്ങ) | 4000 ,, |

### നെൽകൃഷി

പഞ്ചായത്തിൽ 375 ഹെക്ടർ പ്രദേശത്താണ് നെൽകൃഷി ചെയ്തുവരുന്നത്. അത്യുൽപാദനശേഷിയുള്ള നെൽവിത്തിനങ്ങളോടാണ് കൃഷിക്കാർക്ക് ആഭിമുഖ്യമുള്ളത്. ജ്യോതി, പവിഴം, ത്രിവേണി, ജയ, H-4, കൾച്ചർ – 20 എന്നീ ഇനം വിത്തുകൾ കൃഷിഭവൻവഴി മുൻകാലങ്ങളിൽ വിതരണം ചെയ്തിരുന്നു. എന്നാൽ ഈ ഇനം വിത്തുകൾ ആവശ്യാനുസരണം ഇപ്പോൾ ലഭ്യമല്ല. വർഷകാലങ്ങളിൽ വയൽവരമ്പുകൾ പൊട്ടി നെൽപ്പാടങ്ങളിൽ വൻനാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. ഈ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനോ മണ്ണും കല്ലുകളും നീക്കം ചെയ്യുന്നതിനോ വേണ്ടത്ര സഹായം കർഷകർക്ക് ലഭിക്കുന്നില്ല. ചൂടുകട്ട നിർമ്മാണത്തിനായി വയലുകളിൽനിന്നും മണ്ണെടുക്കുന്നതിനാലും വയലുകൾ നികത്തി വീടു വയ്ക്കുന്നതുകൊണ്ടും മറ്റു കൃഷികൾ ചെയ്യുന്നതുകൊണ്ടും നെൽപാടങ്ങളിൽ മുപ്പതു ശതമാനത്തോളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

നെൽപ്പാടങ്ങളിലെ കൃഷിപണിക്കും പരിപാലനത്തിനും, കൊയ്യുന്നതിനും യഥാസമയം തൊഴിലാളികളെ കിട്ടാത്തതുകൊണ്ടും കിട്ടുന്ന തൊഴിലാളികൾക്ക് തന്നെ കൃഷിപണിയിലുള്ള വൈദഗ്ധ്യക്കുറവും വേതനക്കൂടുതലും നെൽകൃഷിയിലെ മറ്റൊരു പ്രശ്നമാണ്. കർഷകന് യഥാസമയം രാസവളങ്ങളോ കീടനാശിനികളോ കിട്ടുന്നില്ല. കീടനാശിനി, രാസവളം എന്നിവയുടെ ഉപയോഗത്തിൽ കർഷകർക്ക് പരിജ്ഞാനം കുറവാണ്. മണ്ണു പരിശോധിച്ച് വളപ്രയോഗം നടത്തുന്നതിനുള്ള അസൗകര്യവും നിലനില്ക്കുന്നു. ഈ പഞ്ചായത്തിൽ 12 പാടശേഖര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും കൃഷിക്കാർക്കാവശ്യമായ സഹായം വേണ്ടത്ര ലഭിക്കുന്നില്ല. ട്രില്ലറിന്റെയും സ്പ്രേയറുകളുടേയും ദൗർലഭ്യം കർഷകർക്ക് അനുഭവപ്പെടുന്നുണ്ട്. തോടുകൾക്ക് വീതിയും ആഴവും കുറവായതിനാൽ ജലനിർഗമനം തടസ്സപ്പെടുന്നു. തന്മൂലം നെൽപ്പാടങ്ങളിലെ ജലസേചനം അസാധ്യമാവുന്നു.

### തെങ്ങുകൃഷി

1167 ഹെക്ടർ പ്രദേശത്ത് തെങ്ങ്കൃഷിയാണ് വ്യാപിച്ചുകിടക്കുന്നത്. ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന കൃഷിയും തെങ്ങുകൃഷിയാണ്. എന്നാൽ ആവശ്യാനുസരണത്തിനുള്ള ജലസേചന സൗകര്യങ്ങൾ ലഭ്യമല്ല. നാടൻ ഇനങ്ങളിലുള്ള തെങ്ങുകളാണ് കൂടുതലും കൃഷി ചെയ്യപ്പെടുന്നത്. അടുത്ത കാലത്തായി TXD, DXT തുടങ്ങിയ സങ്കരഇനങ്ങളും കൃഷിചെയ്തുവരുന്നു. മണ്ണ് സംരക്ഷണ പദ്ധതിയുടെ അഭാവം തെങ്ങുകൃഷിയെ ദോഷകരമായി ബാധിക്കുന്നു. തെങ്ങുകൾക്കിടയിൽ പച്ചിലവളചെടികൾ കൃഷിചെയ്യാതിരിക്കുന്നതിനാൽ മണ്ണിന്റെ ഈർപ്പം നിലനിർത്താൻ കഴിയുന്നില്ല. ഓലചീയൽ, മണ്ടചീയൽ, ഓലമൊരിച്ചിൽ എന്നിവയ്ക്ക് മുൻകാലങ്ങളിൽ നടത്തിയിരുന്ന സൗജന്യനിരക്കിലുള്ള മരുന്നു തളി ഇപ്പോൾ നടത്തുന്നില്ല. പഞ്ചായത്തിൽ ഒരു കേരസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും എല്ലാ കേരകർഷകരേയും ഈ സമിതിയിൽ അംഗമാക്കാൻ കഴിഞ്ഞിട്ടില്ല. മഗ്നീഷ്യം സൾഫേറ്റ്, കുമ്മായം, തുരിശ് എന്നിവ സമയാസമയങ്ങളിൽ സൗജന്യനിരക്കിൽ ലഭ്യമാക്കാൻ കഴിയുന്നില്ല. ബോധവല്ക്കരണത്തിനുവേണ്ടി സെമിനാറുകളോ പരിശീലനക്ലാസ്സുകളോ സംഘടിപ്പിക്കപ്പെടുന്നില്ല. കാറ്റുവീഴ്ചയും മറ്റ് രോഗങ്ങളും ബാധിച്ച് ഉല്പാദനം നശിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കർഷകന് ധനസഹായം ചെയ്യുന്നില്ല; പകരം അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നില്ല. ട്രിപ്പ് ഇറിഗേഷൻ നടത്തുന്നതിന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല. കേരകർഷകന് ജലസേചനത്തിനുവേണ്ടി പമ്പ്സെറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ആവശ്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് പുനഃപരിശോധന നടത്തുന്നില്ല. തെങ്ങ്കൃഷിയിൽ കർഷകന് ബോധവല്കരണം ലഭിക്കാത്തതിനാൽ ഉല്പാദനത്തിൽ സാരമായ കുറവ് സംഭവിക്കുന്നു.

### റബ്ബർക്കൃഷി

961 ഹെക്ടർ പ്രദേശത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്തെ പ്രമുഖമായ നാണ്യവിളയാണ് റബ്ബർ. നെല്ല്, തെങ്ങ്, മരച്ചീനി, കുരുമുളക്

എന്നീ കൃഷികൾ ആദായകരമല്ലാത്തതുകൊണ്ട് റബ്ബർക്കൃഷിയിൽ കർഷകൻ ശ്രദ്ധ കേന്ദ്രീകരിച്ചു തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. ഇപ്പോഴും പുതിയ പുതിയ റബ്ബർതോട്ടങ്ങൾ ആരംഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ റബ്ബർകർഷകന് ആവശ്യമായ വായ്പകളും മറ്റാനുകൂല്യങ്ങളും റബ്ബർബോർഡിൽനിന്നും യഥാസമയം ലഭ്യമാക്കുന്നില്ല. റബ്ബർ പുനരുദ്ധാരണ കൃഷിക്ക് സമയാസമയങ്ങളിൽ സബ്സിഡി ലഭിക്കുന്നില്ല. മരുന്ന് തളിക്കാവശ്യമായ തുരിശ്, കുമ്മായം എന്നിവ വേണ്ടസമയത്ത് ലഭിക്കുന്നില്ല. 25 സെന്റുമുതൽ 50 സെന്റുവരെയുള്ള ചെറുകിടകർഷകർക്ക് റബ്ബർബോർഡിൽനിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. പരിശുദ്ധ തോട്ടമല്ലെങ്കിൽ ബോർഡിൽനിന്നും സഹായം ലഭിക്കാറില്ല. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ അഭാവവും കേന്ദ്രസർക്കാരിന്റെ ഇറക്കുമതിനയവും മൂലം റബ്ബറിന് ന്യായവില ലഭിക്കുന്നില്ല.

### മരച്ചീനിക്കൃഷി

ഉഷ്ണമേഖലാ കിഴങ്ങുവർഗ്ഗ വിളകളിൽ കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം, ഉല്പാദനം എന്നിവയിൽ മരച്ചീനിയ്ക്ക് പ്രഥമസ്ഥാനമാണുള്ളത്. ഉദ്ദേശം 601 ഹെക്ടർ പ്രദേശത്ത് ഈ കൃഷി നടത്തിവരുന്നു. ഈ കൃഷിയ്ക്കാവശ്യമായ ജൈവവളങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. രാസവളം മാത്രം ഉപയോഗിക്കുന്നതു കൊണ്ട് മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടുകയും ഉല്പാദനം സാരമായി കുറയുകയും ചെയ്യുന്നു. മരച്ചീനിക്കൃഷിക്ക് അനുയോജ്യമായ കുന്നിൻചരിവുകളിൽ മണ്ണ് സംരക്ഷണപദ്ധതികൾ നടപ്പാക്കിയിട്ടില്ല. അത്യുല്പാദനശേഷിയുള്ള വിത്ത് കമ്പുകളുടെ ദൗർലഭ്യം ഉല്പാദനത്തെ ദോഷകരമായി ബാധിക്കുന്നു. കാർഷിക തൊഴിലാളികളുടെ അപര്യാപ്തതയും വേതനവർദ്ധനയും കർഷകനെ മരിച്ചീനിക്കൃഷിയിൽനിന്നും പിന്തിരിപ്പിക്കുന്നു. എലിശല്യം മരിച്ചീനിക്കൃഷിയെ സാരമായി ബാധിക്കുന്നു. എലിനശീകരണപ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ നടത്തുന്നില്ല. മരിച്ചീനിക്കൃഷിക്ക് പ്രദർശനപ്പോട്ടുകളോ വിളമത്സരങ്ങളോ മുൻകാലങ്ങളിലെപ്പോലെ നട പ്പാക്കുന്നില്ല. ഇടവിളയായി നിലക്കടലക്കൃഷി ചെയ്താൽ കളകളെ നിയന്ത്രിക്കുന്നതിനും മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിയ്ക്കുന്നതിനും കഴിയും. ഇതിനുള്ള ബോധവല്ക്കരണമോ പ്രോത്സാഹനമോ നല്കപ്പെടുന്നില്ല.

### കുരുമുളക്കൃഷി

ഉദ്ദേശം 517 ഹെക്ടർ പ്രദേശത്ത് കുരുമുളക് കൃഷിചെയ്തുവരുന്നു. നമുക്കു വിദേശനാണ്യം നേടിത്തരുന്ന സുഗന്ധവ്യഞ്ജനവിളകളിൽ കുരുമുളകിന് മുഖ്യമായ സ്ഥാനമാണുള്ളത്. തെങ്ങ്, കമുക് എന്നിവയിൽ മാത്രമല്ല വീട്ടുവളപ്പിലെ മിക്ക വൃക്ഷങ്ങളിലും കുരുമുളക് വള്ളികൾ പടർത്താവുന്നതാണ്. കുരുമുളക് കൃഷിക്ക് പ്രത്യേകസ്ഥലം ആവശ്യമായി വരുന്നില്ല. താങ്ങ്മരങ്ങളിൽ നിന്നുള്ള ആദായത്തിനു പുറമേ വരുമാനം വർദ്ധിപ്പിക്കാൻ ഈ കൃഷി സഹായകമാകുന്നു. 1950–60–കളിൽ പോലും ഈ കൃഷിക്ക് ശോഭനമായ ഒരു കാലമുണ്ടായിരുന്നു. അമേരിക്കൻ രാജ്യങ്ങളിലും റഷ്യയിലും യൂറോപ്യൻ രാജ്യങ്ങളിലും നാം ഉല്പാദിപ്പിക്കുന്ന കുരുമുളകിന് വർദ്ധിച്ച പ്രിയമാണുള്ളത്. 'കറുത്ത പൊന്ന്' എന്ന പേര് കുരുമുളകിനെ സംബന്ധിച്ച് തികച്ചും അന്വർത്ഥമാണ്.

മണ്ണിന്റെ ജൈവാംശക്കുറവും രോഗകീടബാധയും വരൾച്ചയും കുരുമുളക് ഉല്പാദനത്തെ സാരമായി ബാധിക്കുന്നു. രോഗബാധയെ നിയന്ത്രിക്കാനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കപ്പെടുന്നില്ല. അത്യുല്പാദനശേഷിയുള്ള കുരുമുളക് വള്ളികൾ യഥാസമയത്ത് വേണ്ട തോതിൽ സൗജന്യനിരക്കിൽ വിതരണം ചെയ്യപ്പെടുന്നില്ല. മാർക്കറ്റിംഗ് സൊസൈറ്റികൾ ഇവിടെ പ്രവർത്തനം ഇല്ലാത്തതിനാൽ ഇടത്തട്ടുകാരുടെ ഇടപെടൽമൂലം കുരുമുളകിന് ന്യായവില ലഭ്യമാകുന്നില്ല.

### കശുമാവുകൃഷി

ഏതാണ്ട് 45 ഹെക്ടർപ്രദേശത്ത് കശുമാവ് കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്ത് മൂന്ന് കശുവണ്ടി ഫാക്ടറികൾ നിലവിലുള്ളതുകൊണ്ട് ഈ കൃഷിക്ക് വളരെയേറെ സാധ്യതകളുണ്ട്. കശുമാവ്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കർഷകരെ ബോധവല്ക്കരിക്കുകയും, സൗജന്യനിരക്കിൽ അത്യുല്പാദനശേഷിയുള്ള തൈകളും വളവും കീടനാശിനിയും ലഭ്യമാക്കേണ്ടതുമാണ്.

വാഴ, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ, കൈതച്ചക്ക മുതലായവയുടെ കൃഷിയും ഇവിടെ സാർവ്വത്രികമാണ്. ഈ കൃഷികൾക്കാവശ്യമായ മേൽത്തരം വിത്തിനങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

### ജലസേചനം

മഴയെമാത്രം ആശ്രയിച്ചാണ് പ്രധാനമായും കൃഷി നടക്കുന്നത്. ഈ പ്രദേശത്ത് ശരാശരി 3000 M.M മഴ ലഭിക്കുന്നു. 47 ചെറുതോടുകളും 29 കുളങ്ങളും ഈ പഞ്ചായത്തു പ്രദേശത്തുണ്ട്. ആകെ 90 കിലോമീറ്റർ ദൈർഘ്യത്തിൽ തോടുകളുണ്ടെ



76° 54'
76° 56'
KADACKAL PANCHAYAT
Drainage-info map
Local Names of Streams
Scale
1:62,500
8° 51'
8° 49'
8° 47'
Legend
I Ward
1. Parayad Thodu (Per)
2. Vallarvattam Thodu
3. Madampayal Thodu
II Ward 3a. Nedumanpuram Thodu
4. Marupuram Thodu
5. Edathara Thodu (Per)
6. Azhambalazhy Thodu
7. Kilara Thodu
III Ward
8. Nakramkonam Thodu
9. Vachikonam Thodu
10. Vadakevayal Thodu
11. Konnakkad Thodu (Per)
IV Ward
12. Pinnikuttukonam Thodu
13. Nellippali Thodu
14. Puchayil Thodu
15. Kuttikodinjam Thodu
16. Valiavengad Thodu (Per)
17. Arakulam Thodu
18. Velamkonam Thodu
19. Chingeli Thodu
V Ward
20. Airakkuzhy Thodu (Per)
21. Mulankattukuzhy Thodu
22. Chennilam Thodu
VI Ward
23. Marupuram Thodu
24. Chaikottu Thodu (Per)
VII Ward
25. Kaotharakonam Thodu
26. Manali Thodu
27. Seed farm Thodu
28. Modayil Thodu
VIII Ward
29. Kariyam Thodu
30. Machine Kunnu Thodu
31. Pullupana Thodu (Per)
IX Ward
32. Govindamangalam Thodu (Per)
33. Anappara Thodu
34. Pullippacha Thodu
Direction of flow
X Ward
35. Moonmutti Thodu (Per)
36. Venkuttukuzhy Thodu
37. Kallodhari Thodu
38. Iyyakkode Thodu
XI Ward
39. Mathayil Thodu (Per)
40. Pullippacha Thodu
XII Ward
41. Mankad Thodu (Per)
XIII Ward
42. Mankad Thodu (Per)
43. Pudhukod Thodu
44. Thochikuzhy Thodu
XIV Ward
45. Mullakkara Thodu (Per)
XV Ward
46. Thachonam Thodu
കടയ്ക്കൽ ഗ്രാമപഞ്ചായത്ത് വികസനരേഖ




CESS, Tvm-31

ങ്കിലും ആണ്ടിൽ എട്ടു മാസമെങ്കിലും ജലം ലഭിക്കുന്ന തോടുകളുടെ ദൈർഘ്യം 28 കിലോമീറ്റർ മാത്രമാണ്. ഭൂരിപക്ഷം തോടുകളും വീതിയും ആഴവും കുറഞ്ഞ് ജലനിർഗ്ഗമനസാദ്ധ്യതയില്ലാത്ത അവസ്ഥയിലാണ്. കുളങ്ങളിൽ ഏറിയ പങ്കും അറ്റകുറ്റപണികൾ നടത്താത്തതിന്റെ ഫലമായി ഉപയോഗയോഗ്യമല്ലാതായി തീർന്നിരിയ്ക്കുന്നു. ഈ പ്രദേശത്തുള്ള ഇരുപതോളം ക്രോസ്ബാറുകളും നാലോളം തടയണകളും പ്രവർത്തനരഹിതമാണ്.

## പ്രധാന തോടുകൾ വാർഡ് തിരിച്ച് താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | തോടിന്റെ പേര് |
|---|---|---|
| I | ഇളമ്പഴന്നൂർ | 1 പറയാട്തോട് |
| | | 2 വെള്ളാർവട്ടാതോട് |
| | | 3 മണ്ണടിക്കോണം തോട് |
| | | 4 നെടുമൺപുരം തോട് |
| II | ഇടത്തറ | 5 മറുപുറം തോട് |
| | | 6 ഇടത്തറ തോട് |
| | | 7 ആഴാന്തക്കുഴിതോട് |
| | | 8 കിരാല തോട് |
| III | കുറ്റിക്കാട് | 9 നക്രാംകോണം തോട് |
| | | 10 വടക്കേവയൽതോട് |
| | | 11 വാച്ചീക്കോണം തോട് |
| | | 12 കൊന്നക്കാട് തോട് |
| IV | കാരയ്ക്കാട് | 13 പിണക്കാട്ടുകോണം തോട് |
| | | 14 നെല്ലിപ്പള്ളിതോട് |
| | | 15 പച്ചയിൽ തോട് |
| | | 16 കൊടിത്തം തോട് |
| | | 17 വലിയവേങ്കാട് തോട് |
| | | 18 അറകുലം തോട് |
| | | 19 വേലംകോണംതോട് |
| | | 20 ചിങ്ങേലി തോട് |
| V | പാലയ്ക്കൽ | 21 അയിരക്കുഴി തോട് |
| | | 22 മുളങ്കാട്ടുകുഴി തോട് |
| | | 23 ചെന്നിലംതോട് |
| VI | ഠൗൺ സൗത്ത് | |
| | | 24 മറുപുറംതോട് |
| | | 25 ചായിക്കോട്തോട് |
| VII | ഠൗൺ നോർത്ത് | 26 കൈതവക്കോണം തോട് |
| | | 27 പന്തളംമുക്ക്തോട് |
| | | 28 സിഡുഫാംതോട് |
| | | 29 മേടയിൽതോട് |
| VIII | ആറ്റുപുറം | 30 കാരിയം തോട് |
| | | 31 മിഷ്യൻകുന്ന് തോട് |
| | | 32 പുല്ലുപണ തോട് |
| IX | ആനപ്പാറ | 33 ഗോവിന്ദമംഗലം തോട് |
| | | 34 ആനപ്പാറതോട് |
| | | 35 പുള്ളിപ്പച്ചതോട് |
| | | 36 പാലോണംതോട് |
| X | ഈയ്യക്കോട് | 37 മീൻമുട്ടി തോട് |
| | | 38 വെങ്കട്ടക്കുഴി തോട് |
| | | 39 കല്ലുതേരി തോട് |
| | | 40 ഈയ്യക്കോട് തോട് |
| XI | ദർപ്പക്കാട് | 41 മുതയിൽ തോട് |
| | | 42 പുള്ളിപ്പച്ചതോട് |
| XII | മങ്കാട് | 43 മങ്കാട് തോട് |
| XIII | പുതുക്കോട് | 44 പുതുക്കോടുതോട് |
| | | 45 തൊളിക്കുഴിതോട് |
| XIV | കുമ്മിൾ | 46 മുല്ലക്കരതോട് |
| XV | തച്ചോണം | 47 തച്ചോണം തോട് |

# AVERAGE MONTHLY RAINFALL (1993)

*Kollam District*




# KADAKKAL PANCHAYAT

**Stream Length - wardwise**



## മറ്റ് ജലസേചനസംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജലസേചനകിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 4 | 2 | 2 | - | 5 |
| 2 | 3 | 4 | 1 | - | 3 |
| 3 | 4 | 3 | 2 | 2 | 14 |
| 4 | 4 | 5 | 2 | 4 | 10 |
| 5 | 3 | 3 | 1 | 2 | 12 |
| 6 | 6 | 2 | 2 | 5 | 13 |
| 7 | 4 | 3 | 1 | 2 | 15 |
| 8 | 3 | 2 | 1 | 2 | 12 |
| 9 | 4 | 2 | 2 | - | 15 |
| 10 | 3 | 1 | 1 | - | 7 |
| 11 | 4 | 1 | 1 | - | 4 |
| 12 | 4 | 1 | 1 | - | 4 |
| 13 | 2 | 1 | 1 | 1 | 4 |
| 14 | 4 | 1 | 1 | 1 | 5 |
| 15 | 3 | 1 | 1 | 1 | 7 |
| ആകെ | 55 | 32 | 20 | 20 | 130 |

# KADAKKAL PANCHAYAT

### Catchment Area of Ayacuts-wardwise



## നീർമറിപ്രദേശം

| ക്രമ നമ്പർ | നീർമറിപ്രദേശത്തിന്റെ പേരും | പ്രയോജനം കിട്ടുന്ന പ്രദേശത്തിന്റെ വിസ്തൃതി | ഉൾപ്പെടുന്ന പ്രദേശങ്ങൾ | പ്രവർത്തനകാലഘട്ടം |
|---|---|---|---|---|
| 1. | വേട്ടാംചിറ | 2512 Ha | നിലമേൽ, ചടയമംഗലം പഞ്ചായത്തുകളും കടയ്ക്കൽ പഞ്ചായത്തിലെ ഇടത്തറ, ടൗൺസൗത്ത് ഭാഗികം, ഇളമ്പഴന്നൂർ ഭാഗികം | 91-92 96-97 |
| 2. | അയിരക്കുഴി | 1694 ha | ചിതറ പഞ്ചായത്തും കടയ്ക്കൽ പഞ്ചായത്ത് ഭാഗികവും. (മങ്കാട്, ദർപ്പക്കാട്, ആനപ്പാറ ഭാഗികം, പുതുക്കാട് ഭാഗികം) | 93-94 97-98 |
| 3. | കുറ്റിക്കാട് | 2575 Ha | ഇട്ടിവ, ചിതറ പഞ്ചായത്തുകളും കടയ്ക്കൽ പഞ്ചായത്തിലെ കുറ്റിക്കാട്, കാരയ്ക്കാട്ട്, പാലയ്ക്കൽ വാർഡുകളും | 94-95 മുതൽ 2000 |

പശ്ചിമഘട്ടം വികസനപദ്ധതിപ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന മൂന്ന് നീർമറി പ്രദേശങ്ങളാണുള്ളത്. അവയുടെ വിവരം ചുവടേ ചേർക്കുന്നു.

പുതിയതായി രണ്ട് ദേശീയനീർമറി പ്രദേശങ്ങളുടെ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. അവ പുല്ലുപണയും ഇളമ്പഴന്നൂരും കേന്ദ്രീകരിച്ചുള്ളവയാണ്.

## പ്രശ്നപരിഹാരനിർദ്ദേശങ്ങൾ

1. തകർന്നുകിടക്കുന്ന കുളങ്ങളും തോടുകളും പുനരുദ്ധരിച്ച് ജലസേചനം മെച്ചപ്പെടുത്തുക
2. ഗുണമേന്മയുള്ള വിത്തുവർഗ്ഗങ്ങൾ, തൈകൾ, വാഴക്കുന്നുകൾ എന്നിവ സൗജന്യനിരക്കിൽ വിതരണംചെയ്യുക
3. പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ രാസവളഡിപ്പോകളുടെയും പ്രവർത്തനം സജീവമാക്കുക.
4. ജൈവവളംനിർമ്മാണം,
ജൈവവളച്ചെടികളുടെ വിത്ത്വിതരണം എന്നിവ ഫലപ്രദമായി നടപ്പാക്കുക.
5. പാടശേഖരങ്ങൾ മൂന്നാം വിളയായി പയറുകൃഷിയും നിലക്കടലകൃഷിയും പച്ചക്കറിക്കൃഷിയും ഊർജ്ജിതപ്പെടുത്തുക.
6. രോഗബാധയുള്ള തെങ്ങുകൾ വെട്ടിമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വിതരണം നടത്തുക, ഇതിനാവശ്യമായ ധനസഹായം നല്കുക.
7. ഓലചീയൽ, കൂമ്പ് ചീയൽ, ഓലമൊരിച്ചിൽ എന്നീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് സാർവ്വത്രികമായ മരുന്നു തളി സൗജന്യമായി നടപ്പാക്കുക.
8. എല്ലാ കൃഷികൾക്കും പ്രദർശനപ്ലോട്ടുകൾ ഏർപ്പെടുത്തുക.
9. എല്ലാ വിളകൾക്കും വിളമത്സരം ഏർപ്പെടുത്തുകയും കർഷകർക്ക് അവാർഡു നല്കുകയും ചെയ്യുക.
10. നാളികേരകർഷകർക്ക് ജലസേചനത്തിനുവേണ്ടി കുളങ്ങളോ, കിണറുകളോ കുഴിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കാനുള്ള സബ്സിഡിതുക വർദ്ധിപ്പിക്കുക.
11. പഞ്ചായത്തിലെ ഓരോ വാർഡിലും ഏറ്റവും കുറഞ്ഞത് 10 സെന്റ് വീതമുള്ള പച്ചക്കറിക്കൃഷിയുടെ കുറഞ്ഞത് 25 യൂണിറ്റുകൾ വീതം ഏർപ്പെടുത്തുക. സൗജന്യനിരക്കിൽ വിത്ത്, വളം എന്നിവ നല്കുകയും സാങ്കേതികോപദേശം നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
12. കുരുമുളകുകൃഷി പുനരുദ്ധരിക്കാൻ സാമ്പത്തികസഹായം നല്കുകയും അത്യുല്പാദനശേഷിയുള്ള കുരുമുളക് വള്ളികൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുകയും ചെയ്യുക.
13. റബ്ബർ, കുരുമുളക്, നാളികേരം എന്നിവ കർഷകരിൽ നിന്നും ശേഖരിക്കാനായി മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക.
14. ചെറികിട-നാമമാത്രകർഷകർക്ക് സൗജന്യനിരക്കിൽ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുക.
15. എല്ലാ പാടശേഖരകമ്മിറ്റികൾക്കും ഓരോ പൗവ്വർ ടില്ലറും രണ്ട് സ്പ്രേയറും വീതം വിതരണം ചെയ്യുക.

16. ഉപയോഗയോഗ്യമായ തോട്, പുറമ്പോക്കുകളിൽ പുളി, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുകയും റോഡു പുറമ്പോക്കുകളിൽ സാമൂഹ്യവനവല്ക്കരണം നടത്തുകയും, തരിശുഭൂമികൾ കണ്ടെത്തി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പച്ചക്കറിക്കൃഷി നടത്തുകയും ചെയ്യുക.
17. കർഷകസെമിനാറുകളും പരിശീലനക്ലാസുകളും നടത്തി കർഷകനെ ബോധവല്കരിക്കുക.
18. കർഷകതൊഴിലാളികൾക്ക് ശരിയായ കൃഷിമുറകൾ നടത്തുന്നതിനായി പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക
19. കർഷകതൊഴിലാളികളുടെ വേതനവും ജോലി സമയ്വും ഏകീകരിക്കുക.
20. മണ്ണുസംരക്ഷണപദ്ധതി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമുള്ള ചരിഞ്ഞ പ്രദേശങ്ങളിൽ നടപ്പാക്കുക.
21. മണ്ണിന്റെ ഈൗർപ്പം നിലനിർത്താൻ ചെറിയ ചെറിയ ജലസംഭരണികൾ കൃഷിയിടങ്ങളിൽ നടപ്പിലാക്കുക.
22. ഹാനികരമായ കീടനാശിനികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും ജൈവകീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
23. മണ്ണുപരിശോധനയ്ക്കുവേണ്ടി മൊബൈൽ മണ്ണുപരിശോധനായൂണിറ്റിന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമാക്കുക.
24. ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.
25. കശുമാവുകൃഷി പ്രോത്സാഹിപ്പിക്കുകയും അത്യുല്പാദനശേഷിയുള്ള തൈകൾ വിതരണം നടത്തുകയും ചെയ്യുക.
26. എല്ലാ കിഴങ്ങുവർഗ്ഗങ്ങളുടേയും കൃഷി പ്രോത്സാഹിപ്പിക്കുകയും ഗുണമേന്മയുള്ള വിത്തുകളും സാമ്പത്തികസഹായവും നൽകുകയും ചെയ്യുക.
27. നെൽപ്പാടങ്ങൾ നികത്തി വീടുവയ്ക്കുന്നതും മറ്റു കൃഷികൾ നടത്തുന്നതും കർശനമായി നിരോധിക്കുക.
28. കാർഷികപുരോഗതിയെ മുൻനിർത്തി ഇടത്തറ, ആലത്തറ മലയിലുള്ള സർക്കാർവക സ്ഥലത്ത് അത്യുല്പാദനശേഷിയുള്ള വിവിധയിനം വിത്തിനങ്ങളും തൈകളും ഉല്പാദിപ്പിക്കുന്നതിന് നഴ്സറി ആരംഭിക്കുക.
29. ചരിഞ്ഞ പ്രദേശങ്ങളിലും അതിരുകളിലും പുൽക്കൃഷി നടത്താൻ പ്രോത്സാഹനം ചെയ്യുക.
30. സാമൂഹ്യ ജലസേചനപദ്ധതികൾ നടപ്പാക്കുക.
31. പുരയിടക്കൃഷി (mexed crops) പ്രോത്സാഹിപ്പിക്കുക.
32. തോടുകളുടെ വീതിയും ആഴവും കൂട്ടി ജലനിർഗ്ഗമനം സുഗമമാക്കുകയും വേണ്ട സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുകയും ചെയ്യുക.
33. തോടുകളുടെ വരമ്പുകെട്ടി നെൽപ്പാടങ്ങളെ സംരക്ഷിക്കുക.
34. നെൽക്കൃഷിക്കാർക്ക് ഇൻസെന്റീവ്, ബോണസ് നൽകുക.
35. തലക്കുളങ്ങൾ നിർമ്മിക്കുക.
36. ലിഫ്റ്റ് ഇറിഗേഷനും ട്രിപ്പ് ഇറിഗേഷനും പ്രോത്സാഹിപ്പിക്കുക.
37. എലിനശീകരണനടപടികൾ സ്വീകരിക്കുക.
38. കമ്പോസ്റ്റുനിർമ്മാണത്തിന് ധനസഹായം നല്കി പ്രോത്സാഹിപ്പിക്കുക.
39. വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുക.
40. അത്യുല്പാദനശേഷിയുള്ള തൈകൾ വിതരണം ചെയ്ത് കൈതച്ചക്കക്കൃഷി പ്രോത്സാഹിപ്പിക്കുക.
41. അത്യുല്പാദനശേഷിയുള്ള കമുകിൻതൈകൾ വിതരണം ചെയ്യുക.

# മൃഗസംരക്ഷണം

കാർഷികവൃത്തിയുടെ അഭേദ്യഭാഗമാണ് മൃഗസംരക്ഷണം. കർഷകൻെറ സമ്പത്ത് ഉത്പാദനത്തിൽ കർഷകൻെറ ഉറ്റ സഹായികളാണ് കന്നുകാലികൾ. ഇന്ത്യയിൽ പുരാതനകാലം മുതൽ തന്നെ കന്നുകാലികളെ വളർത്തിയിരുന്നു. കടയ്ക്കൽ പഞ്ചായത്തിൽ വളർത്തുമൃഗങ്ങളായിട്ടുള്ളത് പശു, ആട്, കാള, പോത്ത്, നായ തുടങ്ങിയവയാണ്. മുയലിനെ നാമമാത്രമായി ചിലേടങ്ങളിൽ വളർത്തുന്നുണ്ട്. പശു, ആട് എന്നിവയെ പാൽ ഉത്പാദനത്തിനു വേണ്ടിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വണ്ടിവലിക്കുക, ഉഴവുനടത്തുക, പാൽ, വളം ചാണകം എന്നീ പ്രധാനപ്പെട്ട നാല് ആവശ്യങ്ങൾക്കാണ് കർഷകർ കന്നുകാലികളെ ഉപയോഗിക്കുന്നത്. വണ്ടി വലിക്കുന്നതിനും, ഉഴവുന്നതിനും ഇപ്പോൾ കന്നുകാലികളെ വളരെ പരിമിതമായെ ഉപയോഗിക്കുന്നുള്ളു. ഈ രംഗങ്ങൾ ഇന്നു യന്ത്രങ്ങൾ കീഴടക്കിയിരിക്കുകയാണ്. വീടും പറമ്പും കാവലിനുവേണ്ടി നായ്ക്കളെ മിക്ക കൃഷിക്കാരും വളർത്താറുണ്ട്.

90 % വീടുകളിലും കോഴികളെ വളർത്താറുണ്ട്. കൂടുതലും മുട്ടയ്ക്ക് വേണ്ടിയാണ് വീട്ടുപറമ്പുകളിൽ കോഴിയെ വളർത്തുന്നത്. ഇറച്ചിക്കോഴിയെ വളർത്തുന്ന അപൂർവ്വം ചില യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്.

കാലിത്തീറ്റ ഉൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ ക്രമാതീതമായ വില വർദ്ധനവ് സാധാരണ കർഷകരെ കാലിവളർത്തലിൽ നിന്നും പിന്തിരിപ്പിക്കുന്നുണ്ട്. അതുപോലെ ചികിത്സക്കും വലിയ സാമ്പത്തിക ചെലവുണ്ടാകുന്നു. അകിടുവീക്കരോഗം തുടങ്ങിയ ചികിത്സിച്ചുഭേദമാക്കാൻ ബുദ്ധിമുട്ടുള്ള രോഗങ്ങൾ വലിയ പ്രശ്നമാണ്. കോഴികളിൽ കണ്ടുവരുന്ന പകർച്ച വ്യാധികൾക്ക് യഥാസമയം മരുന്നും ചികിൽസയും ലഭിക്കാത്തത് ഈ മേഖലയെ തളർത്തുന്ന പ്രധാന ഘടകമാണ്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു സബ്സെൻററും പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ കാലികൾക്കും ഇതിൽ നിന്നുള്ള സംരക്ഷണം ലഭിക്കുന്നില്ല. ആയതുകൊണ്ട് കടയ്ക്കൽ ടൗണിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയെ ഒരു പോളിക്ലിനിക്കായി ഉയർത്തുകയും, കുമ്മിൾ, കുറ്റിക്കാട് കാര്യം, ദർപ്പക്കാട എന്നിവിടങ്ങളിൽ സബ്സെൻറർ പ്രവർത്തിപ്പിക്കേണ്ടതുമാണ്.

കടയ്ക്കൽ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്ഷീരോല്പാദന സഹകരണ സംഘങ്ങളാണുള്ളത്. ഈ സ്ഥാപനങ്ങൾ വഴി പ്രതിമാസം ഉദ്ദേശം 41, 250 ലിറ്റർ പാലാണ് സംഭരിക്കുന്നത്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

1. പാലുത്പാദനത്തിൻെറ ചെലവ് കുറയ്ക്കുന്നതിന് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കണം.

2. പാൽ ഉല്പാദിപ്പിക്കുന്നതിന് കർഷകന് പുല്ലും, വളവും സബ്സിഡിയായി നൽകണം.

3. പഞ്ചായത്ത് തലത്തിൽ വരുന്നതും തരിശായിട്ടുള്ളതുമായ വസ്തുക്കൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് പുൽ കൃഷി പ്രോൽസാഹിപ്പിക്കുകയും നടപ്പിലാക്കുകയും വേണം.

4. മുട്ടക്കോഴി വളർത്തൽ ലാഭകരമല്ലാത്തതും ഇറച്ചിക്കോഴി വളർത്തലിനെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണമില്ലാത്തതും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

5. പഞ്ചായത്തിൻെറ ഹൃദയ ഭാഗത്ത് പ്രവർത്തിക്കുന്ന മൃഗാശുപത്രി ആവശ്യമായ സൗകര്യങ്ങളോടുകൂടി മാറ്റി

സ്ഥാപിക്കണം.

6. പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും മാംസഭുക്കുകളാണ്. ശുദ്ധമായ മാംസം വിപണയിൽ ലഭ്യമല്ല. മാംസവിപണനം ലാഭകരമാക്കുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ആധുനിക അറവുശാല അനിവാര്യമാണ്.

7. മിനി സാനിട്ടറി യൂണിറ്റ് നടത്തുന്നതിന് സഹായകവും പ്രോൽസാഹനവും നൽകണം.

8. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സഹായവും പരിശീലനവും നൽകണം.

## നിർദ്ദേശങ്ങൾ

ആടുവളർത്തൽ പദ്ധതി - ആടുവളർത്തൽ പഞ്ചായത്തിൽ ലാഭകരമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. ഇതിനുള്ള തീറ്റകൾ വളരെ സുലഭമായി ഇവിടെ ലഭിക്കുന്നു.

കാളക്കുട്ടി പരിപാലനം - മുന്നുമാസം വരെ പ്രായമായ 5 കാളക്കുട്ടികളെ തെരഞ്ഞെടുത്ത് ഒരു യൂണിറ്റായി വളർത്തി 6 മാസം പ്രായമാകുമ്പോൾ വരിയുടച്ച് 12 മാസംവരെ ശാസ്ത്രീയമായി വളർത്തി മാംസാവശ്യത്തിന് ഉപയോഗിക്കാം.

കന്നുകാലി ഇൻഷ്വറൻസ് - കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് അവരുടെ കന്നുകാലികളെ സംരക്ഷിക്കുന്നതിനും അസുഖങ്ങൾ മുലമോ, പ്രകൃതിക്ഷോഭം മുലമോ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനുള്ള ഈ ഇൻഷ്വറൻസ് പദ്ധതി പ്രയോജനമാകും.

### പേവിഷബാധ നിർമ്മാർജ്ജന പദ്ധതി

പേ വിഷ ബധ ഒഴിവാക്കുന്നതിന് പഞ്ചായത്തിലെ വളർത്തുനായ്ക്കൾക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പ് നൽകേണ്ടതാണ്.

### കുളമ്പു രോഗ നിർമ്മാർജ്ജനം

കന്നുകാലികൾക്കുണ്ടാകുന്ന കുളമ്പുരോഗം, കാലിവസന്ത എന്നിവ തടയുന്നതിനും നിവാരണത്തിനും പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ തീവ്രയത്നപരിപാടി നടത്തേണ്ടതാണ്.

# മൽസ്യബന്ധനം

മൽസ്യബന്ധനം നമ്മുടെ പഞ്ചായത്തിലില്ല. മൽസ്യവിപണനം നടത്തുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ ഭൂരിഭാഗവും ചന്തകൾ കേന്ദ്രീകരിച്ച് മൽസ്യ വിപണനം നടത്തുന്നവരാണ്. എന്നാൽ വീടുവീടാന്തരം കൊണ്ടു നടന്ന് മൽസ്യ വിപണനം നടത്തുന്നവരുമുണ്ട്.

താഴെപ്പറയുന്ന കുളങ്ങൾ മൽസ്യ കൃഷിക്ക് ഉപയോഗിക്കാവുന്നതാണ് മൽസ്യ കൃഷിയിൽ താല്പര്യമുള്ള ആളുകളെ കണ്ടെത്തി ടി കുളങ്ങൾ ലേലത്തിനം നൽകി മൽസ്യ കൃഷി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

നക്രാംകോണം (കുറ്റിക്കാട്)

റൗണ്ട് 6 (മറുപുറം)

റൗണ്ട് 7 (കുമിളി, മണലി)

ദർപ്പക്കാട് (മുട്ടത്തറ)

കൂടാതെ മൽസ്യകച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് വേണ്ടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് അവരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട സഹായം ചെയ്യണം.

# പാർപ്പിടം സാമൂഹ്യക്ഷേമങ്ങൾ

## പാർപ്പിടം

പഞ്ചായത്തിൽ 14752 കെട്ടിടങ്ങൾ ഉള്ളതിൽ ആൾപ്പാർപ്പുള്ളത് 9980. ഒന്നിൽ കൂടുതൽ നിലകളുള്ളത് 1.45% കോൺക്രീറ്റ് 18.8% ഓട് മേഞ്ഞത് 36.8% ഓല മേഞ്ഞത് 40% എന്നീ ക്രമത്തിലാണ്.

### 1.14 (a) കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെസ്വഭാവം | | | | ലക്ഷം വീടുകൾ |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 1270 | 9 | 251 | 401 | 583 | 26 | 20 |
| 2 | 968 | 7 | 123 | 359 | 473 | 6 | 20 |
| 3 | 943 | 4 | 119 | 286 | 524 | 10 | |
| 4 | 894 | 8 | 157 | 168 | 549 | 12 | |
| 5 | 1026 | 19 | 159 | 355 | 488 | 5 | |
| 6 | 1596 | 84 | 540 | 605 | 366 | 1 | |
| 7 | 1275 | 23 | 486 | 386 | 318 | 62 | |
| 8 | 860 | 6 | 202 | 282 | 350 | 20 | |
| 9 | 1167 | 11 | 162 | 377 | 609 | 8 | 20 |
| 10 | 867 | 7 | 96 | 256 | 486 | 22 | |
| 11 | 1254 | 10 | 126 | 693 | 306 | 119 | |
| 12 | 1025 | 18 | 108 | 512 | 362 | 25 | |
| 13 | 896 | 8 | 98 | 498 | 287 | 5 | |
| 14 | 711 | 1 | 154 | 260 | 291 | 5 | 20 |
| 15 | ദർപ്പക്കാട് വാർഡിൽ വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. | | | | | | |
| ആകെ | 14752 | 215 | 2781 | 5438 | 5992 | 326 | |

KADAKKAL PANCHAYAT - Status of Houses



ചേരിപ്രദേശം ഈ പഞ്ചായത്തിൽ ഇല്ല. പുറംപോക്കിൽ താമസ്സിക്കുന്ന എല്ലാ ആൾക്കാർക്കും പഞ്ചായത്തിൽനിന്നും നാല് സെന്റ് സ്ഥലംനല്കി അണപ്പാട്, ചായികോട് എന്നിവിടങ്ങളിൽ വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്.

പഞ്ചായത്തിൽ 5 കേന്ദ്രങ്ങളിലായി നല്കിയ നൂറ് ലക്ഷം വീടുകളിൽ പലതും തകർന്നുവീണു. ബാക്കിയുള്ളവ ഏതുനിമിഷവും തകർന്ന് വീഴാവുന്ന സ്ഥിതിയിലാണ്. ദർപ്പക്കാട് അംബേദ്ക്കർ ഗ്രാമമായും, വെള്ളൂരേല, പാലമൺ എന്നിവ IHDP കോളനികളായും പ്രഖ്യാപിച്ചു. പാലമൺ നിശ്ചിത പരിപാടിപ്രകാരം ഒരു വികസന പ്രവർത്തനവും നാളിതുവരെ നടന്നിട്ടില്ല.

ചെലവു കുറഞ്ഞ വീടുകൾ വളരെകുറച്ചു മാത്രമേ നിർമ്മിക്കുന്നുള്ളു. നിർമ്മാണസാമഗ്രഹികളുടെ കുറവ്, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, ബോധവല്ക്കരണത്തിന്റെ കുറവ് എന്നിവ പ്രശ്നങ്ങളാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾ കോൺട്രാക്റ്ററന്മാരുടെ മേൽനോട്ടത്തിൽ കേന്ദ്രീകരിച്ചു തുടങ്ങിയിട്ടുണ്ട്. കൂലിനിരക്ക് 125-140 രൂപയാണ്.

പാടം നികത്തിയുള്ള വീടുനിർമ്മാണം 2,6,7 എന്നീ വാർഡുകളിൽ നടക്കുന്നു.

പാർപ്പിടങ്ങൾക്കുവേണ്ടി കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്ന പ്രവണത തടയണം. ഓരോ കുടുംബത്തിലേയും അംഗസംഖ്യയ്ക്ക് ആനുപാതികമായി വീടു നിർമ്മിക്കുക. ഒരംഗത്തിന് ഒരു ലക്ഷം രൂപ വച്ച് 5 അംഗ കുടുംബത്തിന് 5 ലക്ഷം രൂപയിൽ കവിയാത്ത തുക വിനിയോഗിക്കാൻ അനുവദിക്കുക. കൂടുതൽ മുടക്കുന്നതുകയുടെ കുറഞ്ഞത് 20% പഞ്ചായത്ത് നികുതി ഈടാക്കി ടി തുക ദുർബല വിഭാഗങ്ങൾക്ക് വീടുനിർമ്മിച്ചു നല്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

കൊട്ടാരക്കരതാലൂക്ക് ഭവനനിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുന്നത് ഫലപ്രദമാണ്.

വിവിധപദ്ധതികളിലേക്ക് വീടുനല്കേണ്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഇന്നത്തെ സംവിധാനം ഫലപ്രദമല്ല. ഗ്രാമസഭകൾ മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കണം, ഇവർക്കു നല്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കണം. വീടു വയ്ക്കുന്നതിനു തുക നല്കിയാൽ തവണകൾവാങ്ങി പണിയുപേക്ഷിച്ചുപോകുന്നവർ, തുകയുടെ അപര്യാപ്തതമൂലം പണിനടത്താൻ കഴിയാത്തവർ, വർഷങ്ങളോളം പണിസ്തംഭനാവസ്ഥയിൽ ഇട്ടിരിക്കുന്നവർ, പണി പൂർത്തിയാക്കി കഴിഞ്ഞ് വീടും സ്ഥലവും കൈമാറ്റം ചെയ്യുന്നവർ, ഇവരെയെല്ലാം വാർഡ്തല കർമ്മസേനയുടെ സഹായത്താൽ ഗ്രാമസഭ പരിഗണിക്കണം.

വിവിധപദ്ധതികളിലായി നാളിതുവരെ (IAY, JRY, MWS) എന്നീ പദ്ധതികളിൽ 375 വീടുകൾ നിർമ്മിച്ച് ദുർബ്ബലവിഭാഗങ്ങൾക്ക് നല്കിയിട്ടുണ്ട്. 1992-93ലെ IRDP സർവ്വേപ്രകാരം 2379 പേർക്ക് വാസയോഗ്യമായ വീട് ഇല്ല എന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏതാനും വീടുകൾ തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ചു. ഇതിൽ 77 വീടുകളുടെ പണി പൂർത്തിയായിട്ടില്ല. IRDP സർവ്വേപ്രകാരം വാസയോഗ്യമല്ലാത്ത 2147 വീടുകൾഉണ്ട്. തുടർന്നുള്ള വർഷത്തെ വർദ്ധനവ് കൂടിപരിഗണിച്ചാൽ ഏകദേശം 2300 വീടുകൾ ദുർബലവിഭാഗത്തിന് നിർമ്മിച്ചു നല്കേണ്ടിവരും.

## 11.5 ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം
## (അവലംബം IRDP സർവ്വേ)

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബത്തിന്റെ എണ്ണം (IRDP സർവ്വേ 92-93) | വിവിധ പദ്ധതികളിൽ അനുവദിച്ച വീടുകൾ | | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാനുള്ളത് | ഇനിയും അനുവദിക്കേണ്ടവീടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | ബ്ലോക്ക് | പഞ്ചായത്ത് | | | |
| 1 | 120 | 15 | 8 | 19 | 4 | 105 |
| 2 | 175 | 14 | 12 | 21 | 5 | 161 |
| 3 | 84 | 22 | 10 | 23 | 9 | 62 |
| 4 | 75 | 24 | 4 | 14 | 14 | 51 |
| 5 | 200 | 18 | 6 | 21 | 3 | 182 |
| 6 | 145 | 18 | 12 | 18 | 12 | 127 |
| 7 | 184 | 16 | 13 | 23 | 6 | 168 |
| 8 | 140 | 32 | 12 | 38 | 6 | 108 |
| 9 | 165 | 28 | 8 | 35 | 1 | 137 |
| 10 | 151 | 4 | 9 | 8 | 5 | 147 |
| 11 | 20 | 3 | 7 | 6 | 4 | 207 |
| 12 | 152 | 1 | 8 | 7 | 2 | 151 |
| 13 | 180 | 22 | 12 | 32 | 2 | 158 |
| 14 | 185 | 12 | 10 | 21 | 1 | 173 |
| 15 | 213 | 3 | 12 | 12 | 3 | 210 |
| ആകെ | 2379 | 232 | 143 | 298 | 77 | 2147 |

### പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. ദാരിദ്ര്യ രേഖക്കു താഴെ വരുമാനം ഉള്ള വാസയോഗ്യമായ വീട് ഇല്ലാത്ത 2300 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധന സഹായം നല്കുക. ധനസഹായം 25000 രൂപയായി വർദ്ധിപ്പിക്കണം.
2. 40% ഓല കെട്ടിയ വീടുകൾ ഉള്ളതിൽ പലതും പുനരുദ്ധാനം നടത്തുന്നതിന് വിവിധ പദ്ധതികളിൽകൂടി വായ്പ സൗകര്യം ലഭ്യമാക്കുക.
3. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
4. ലക്ഷം വീടുകൾ പുനർനിർമ്മിക്കുക.

5. പുറംപോക്കുഭൂമി, സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് നല്കുക.

6. ആലത്തറ മലയിലം മറ്റും ഉള്ള കൈവശക്കാർക്ക് പട്ടയം നല്കുക.

7. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ബോധവല്ക്കരണം നടത്തുക.

8. നിർമ്മാണതൊഴിലാളികളേ, നിർമ്മിതി കേന്ദ്രത്തിന്റെ മാതൃകയിൽ സംഘടിപ്പിച്ച് പരിശീലനം നല്കി സ്വയംതൊഴിൽ പദ്ധതിപ്രകാരം സാമ്പത്തികസഹായം നല്കി, ചെലവുകുറഞ്ഞ നിർമ്മാണ സാമഗ്രഹികൾ ഉല്പാദിപ്പിക്കുന്നതിന് ഒരു സംരംഭം ആരംഭിക്കുക.

9. കുറഞ്ഞവിലക്ക് സ്ഥലംവാങ്ങി ഹൗസിംഗ് കോളനികൾസ്ഥാപിച്ച്, തവണവ്യവസ്ഥയിൽ പലിശ ഈടാക്കി ഇടത്തരക്കാർക്ക് നല്കാവുന്നതാണ്.

10. ദുർബ്ബല വിഭാഗങ്ങൾക്ക്, വീടുകൾ മെയിന്റനൻസ് നടത്തുന്നതിന് വർഷംതോറും ഗ്രാന്റ് അനുവദിക്കുക.

### സാമൂഹ്യക്ഷേമം

വർദ്ധിച്ചതോതിലുള്ള തൊഴിലില്ലായ്മയും, ശേഷിക്കൊത്ത് തൊഴിലിന്റെ ദൗർലഭ്യവും ബഹുഭൂരിപക്ഷം ജനങ്ങളെയും ദാരിദ്രത്തിലേക്ക് നയിക്കുന്നു. നാലാം പദ്ധതിമുതൽ സർക്കാറുകൾ - ദാരിദ്ര നിർമ്മാർജ്ജനം പ്രധാന ലക്ഷ്യമായി അംഗീകരിക്കുകയും ആയതിലേക്ക് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ് ഇന്ന് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളിൽ IRDPയും, JRY യും പ്രധാനപ്പെട്ടവയാണ്. ഇത്രയും കാലംആയിട്ടും എല്ലാവർക്കും ഭക്ഷണവും, പാർപ്പിടവും, തൊഴിലും, ആരോഗ്യവും, സാമൂഹ്യവളർച്ചയും കൈവരിക്കുക എന്ന പ്രാഥമിക ലക്ഷ്യംപോലും കൈവരിക്കുവാൻ രാജ്യത്തെ ബഹുഭൂരിപക്ഷം ജനതക്കും കഴിഞ്ഞിട്ടില്ല.

### IRDP (സംയോജിത ഗ്രാമവികസന പരിപാടി)

നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ഒരു ദാരിദ്ര നിർമ്മാർജ്ജന പരിപാടിയാണ് IRDP (സംയോജിത ഗ്രാമവികസന പരിപാടി). ചടയമംഗലം വികസനബ്ലോക്കിന്റെ ആഭിമുഖ്യത്തിലുള്ള കടയ്ക്കൽ, കുമ്മിൾ-ഗ്രാമവികസന ഓഫീസും (Village Extension Office). കടയ്ക്കൽ, കുമ്മിൾ, സ്റ്റേറ്റ് ബാങ്കു (SBT) കളും, കടയ്ക്കൽ ഫെഡറൽ ബാങ്കും, കടയ്ക്കൽ സർവ്വീസ് സഹകരണബാങ്കും, ചടയമംഗലം ഇന്ത്യൻ ബാങ്കും കൂടി സംയുക്തമായാണ് IRDP നടപ്പിലാക്കുന്നത്. നിലവിലുള്ള IRDP സർവ്വേ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അവർക്ക് സഹായം നൽകുകയാണ് ഇതുവരെ ചെയ്തു വരുന്ന രീതി. 1992 ലെ IRDP കുടുംബ സർവ്വേ പ്രകാരം കടയ്ക്കൽ പഞ്ചായത്തിൽ 3722 കുടുംബങ്ങളാണ് ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്നവർ. ഇതിൽ 731 പേർ പട്ടികജാതി\പട്ടികവർഗ്ഗക്കാരും, ആകുന്നു. നാളിതുവരെയായി (1978 മുതൽ - 1995 വരെ) 1415 കുടുംബങ്ങൾക്ക് വിവിധപദ്ധതികൾ പ്രകാരം സഹായം നൽകുകയും ചെയ്തിട്ടുണ്ട്. സഹായം ലഭിച്ചവരിൽ 521 കുടുംബങ്ങൾ പട്ടികജാതി \ പട്ടികവർഗ്ഗത്തിൽപ്പെടുന്നവരും, ആകുന്നു. വിവിധ പദ്ധതികളിലായി സഹായം ലഭിച്ചവരിൽ 949 കുടുംബങ്ങൾ ദാരിദ്ര രേഖ കഴിഞ്ഞവരും ആകുന്നു. എന്നാൽ വിവിധ പദ്ധതികളിൽ സഹായം ലഭിച്ചവർ ഉൾപ്പെടെ 3005 കുടുംബങ്ങൾ ഇനിയും ദാരിദ്രരേഖ കടക്കുവാൻ ഉണ്ട് എന്ന വിവരം ചൂണ്ടിക്കാണിക്കുന്നു.

## IRDP സർവ്വേ പ്രകാരം (1992) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

### ഗ്രാമപഞ്ചായത്ത്: കടയ്ക്കൽ

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC\ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ (1978 മുതൽ 1995 വരെ) | ഇതിൽ SC\ST കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| I | 2 | 3 | 4 | 5 | 6 | 7 |
| I | 154 | 35 | 187 | 30 | 62 | 132 |
| II | 210 | 96 | 119 | 71 | 54 | 184 |
| III | 162 | 36 | 78 | 23 | 72 | 125 |
| IV | 206 | 23 | 82 | 20 | 41 | 160 |
| V | 399 | 58 | 105 | 56 | 80 | 344 |
| VI | 240 | 73 | 65 | 27 | 23 | 145 |
| VII | 240 | 33 | 92 | 24 | 97 | 180 |
| VIII | 238 | 79 | 71 | 27 | 83 | 195 |
| IX | 269 | 75 | 111 | 40 | 85 | 210 |
| X | 255 | 57 | 112 | 57 | 82 | 173 |
| XI | 407 | 73 | 84 | 24 | 65 | 361 |
| XII | 220 | 19 | 46 | 15 | 30 | 206 |
| XIII | 316 | 23 | 55 | 19 | 35 | 281 |
| XIV | 406 | 51 | 103 | 25 | 80 | 349 |
| ദർപ്പക്കാട് വാർഡ് | നിലവിൽ പുതിയ സർവ്വെ ലിസ്റ്റ് ഇല്ല | – | 105 | 63 | 60 | – |
| ആകെ | 3722 | 731 | 1415 | 521 | 949 | 3005 |

* കടയ്ക്കൽ ഗ്രാമപഞ്ചായത്ത് വികസനരേഖ

## പ്രശ്നങ്ങൾ

I IRDP പദ്ധതികൾ നടപ്പാക്കുന്നത് യാന്ത്രികമായിട്ടാണ് എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

II IRDP പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിക്കുന്ന ബഹുഭൂരിപക്ഷം ഗുണഭോക്താക്കളും അനുവദിക്കുന്ന പദ്ധതികൾക്കായി തുക ചെലവഴിക്കുന്നതായി കാണുന്നില്ല. തൻമൂലം ധനകാര്യസ്ഥാപനങ്ങൾ തുടർന്ന് വായ്പകൾ നൽകുവാൻ മടികാണിക്കുകയും, ഓരോവർഷവും പഞ്ചായത്തിന്റെ ലക്ഷ്യം കൈവരിക്കുവാൻ കഴിയാതെ വരുന്നു.

III ധനകാര്യസ്ഥാപനങ്ങൾ വായ്പകൾ ഓരോ ഗുണഭോക്താവിനും അനുവദിക്കുന്നത്, ആവശ്യമായ പദ്ധതികൾക്ക് മതിയായ തോതിൽ അല്ല. തുടർന്ന് ഗുണഭോക്താവിന് പദ്ധതികൾ ഏറ്റെടുത്തു നടത്തുവാൻ കഴിയാതെവരികയും, ബാങ്കിൽ കൃത്യമായി വായ്പകൾ തിരിച്ചടക്കുവാൻ കഴിയാതെ വരുകയും ചെയ്യുന്നു.

IV IRDP പദ്ധതി വായ്പകൾ അനുവദിക്കേണ്ടുന്ന ധനകാര്യസ്ഥാപനങ്ങൾ എങ്ങനെ വായ്പകൾ ഗുണഭോക്താക്കൾക്ക് കൊടുക്കാതിരിക്കാൻ കഴിയുമെന്നാണ് ആലോചിക്കുന്നത്. ആവശ്യമില്ലാതെയുള്ള കാലതാമസം, ഗുണഭോക്താക്കളെ പലപ്രാവശ്യമുള്ള നടത്തിപ്പ്, വായ്പകൊടുക്കുമെന്നോ ഇല്ലന്നോഉള്ള അവ്യക്തത, ഗുണഭോക്താവിനോട് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി കൊടുക്കായ്മ തുടങ്ങിയവ ഇന്നും നിലനില്ക്കുന്നു. തത്ഫലമായി യഥാർത്ഥത്തിൽ ആനുകൂല്യത്തിന് നൂറ് ശതമാനം അർഹതയുള്ള പല ഗുണഭോക്താക്കളും ഇത്തരത്തിൽ ബുദ്ധിമുട്ടി പദ്ധതിയുടെ ആനുകൂല്യം വേണ്ടായെന്ന് സ്വയം തീരുമാനിക്കുന്നു. ഇതുപോലുള്ള ദാരിദ്ര്യ നിർമ്മാർജ്ജനപരിപാടിയെ ധനകാര്യ സ്ഥാപനങ്ങൾ വളരെ ചെറുതായി കാണുന്നു. അവർക്കിപ്പോഴും ലാഭനഷ്ടം മാത്രമാണ് ലക്ഷ്യം.

## പരിഹാരങ്ങൾ

1 ഗ്രാമ സഭകൾവഴി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവരവരുടെ അർഹതയ്ക്ക് മതിയായ വായ്പകൾ വിതരണം ചെയ്യണം. ആയതിലേക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളും ധനകാര്യസ്ഥാപനവും, ഗുണഭോക്താവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൂട്ടായി പരിഹരിക്കണം.

2 വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് വാർഡുതലത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മറ്റി രൂപീകരിക്കണം. ഗുണഭോക്താവും Village Extention Officer (VEO), LVEO, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവർ പദ്ധതിയുടെ വിജയത്തിനായി അംഗങ്ങൾ. ഗുണഭോക്താവിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കണം. മാസത്തിൽ ഒരുപ്രാവശ്യം വീതം കമ്മിറ്റി കൂടിയിരിക്കണം. വ്യാപകമായ ബോധവത്കരണവും ആവശ്യമാണ്.

3 IRDP വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്ക് ധനകാര്യ സ്ഥാപനങ്ങളെ സഹായിക്കുവാൻ (വാർഡ്തല ജനകീയ കമ്മിറ്റിയും) ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മുൻകൈ എടുത്ത് എല്ലാ മാസവും ഒരു നിശ്ചിത തിയതി വായ്പ തിരിച്ചടവ് ക്യാമ്പ് സംഘടിപ്പിക്കുക.

4 അർഹതയുള്ള മുഴുവൻപേർക്കും സഹായം ലഭ്യമാക്കണം. എന്നാൽ അർഹതയുള്ള പലരും IRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അവരെക്കൂടി IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുത്തണം.

5 IRDP സർവ്വേ ലിസ്റ്റിൽ നിന്നും ഓരോ വർഷവും തിരഞ്ഞെടുക്കപ്പെടുന്നവരെ ട്രേഡ് (Trade) അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും അതിൽ അവർക്ക് പരിശീലനം ആവശ്യമെങ്കിൽ അത് കൊടുത്തതിനുശേഷം വായ്പ അനുവദിക്കുക.

1996-97 വർഷം 82 കുടുംബങ്ങളെ സഹായിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗം 41ഉം സ്ത്രീകൾ 32ഉം ഫാമിലി ക്രഡിറ്റ് പ്ലാൻപ്രകാരം 8ഉം വികലാംഗർ 2ഉം കുടുംബങ്ങളെ സഹായിക്കണം. ഇതിലെല്ലാം കൂടി വായ്പയായി 7.01 ലക്ഷം രൂപയും സഹായധനമായി 4.10 ലക്ഷം രൂപയും ചെലവഴിക്കണം. 1996-97 വർഷം സഹായിക്കേണ്ടുന്നവരുടെ വായ്പാപേക്ഷ തയ്യാറാക്കി ബാങ്കിൽ അയച്ചുകഴിഞ്ഞു. ഇതുവ

രെയായി 40 കുടുംബങ്ങളെ സഹായിക്കുവാൻ കഴിഞ്ഞു.

## DWCRA (ഗ്രാമീണ വനിതാ ശിശുവികസനപദ്ധതി)

ഗ്രാമപ്രദേശങ്ങളിലെ അമ്മമാരുടെയും കുട്ടികളുടെയും വികസനത്തിനായി സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്ന IRDP പദ്ധതിയുടെ തന്നെ ഒരു ഉപസമിതിയാണ് DWCRA. പത്തു മുതൽ പതിനഞ്ച് സ്ത്രീ ഗുണഭോക്താക്കളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് രജിസ്റ്റർ ചെയ്ത് പൊതുവായി ഏതെങ്കിലും പദ്ധതിക്ക് കൂട്ടായി വായ്പയും സഹായധനവും നല്കി പദ്ധതി തുടങ്ങുന്നു. ഒരേ മനോഭാവത്തിലും രീതിയിലുമുള്ള ഗുണഭോക്താക്കൾ തന്നെ ചേർന്ന് രജിസ്റ്റർ ചെയ്തെങ്കിലേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളു. പ്രവർത്തിക്കുന്ന യൂണിറ്റിന് 25000/- രൂപ സർക്കാർ റിവാൾവിംഗ് ഫണ്ടായി നൽകുന്നു. ഇത് തിരിച്ചടയ്ക്കുന്നതിനുള്ള തുകയാണ്.

### പ്രശ്നങ്ങൾ

കേരളം പോലുള്ള ഒരു സംസ്ഥാനത്ത് DWCRA പോലുള്ള സംരംഭങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിജയിക്കുകയില്ല എന്നാണ് കാണുന്നത്. യൂണിറ്റ് പ്രവർത്തനം തുടങ്ങി ഏതാനും നാൾ കഴിയുന്നതിനുമുമ്പ് അനൈക്യം, സാമ്പത്തികപ്രശ്നം, തൊഴിലിൽ ഏർപ്പെടുന്നതിനെ സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ ഉണ്ടായി ഏതാനും മാസങ്ങൾക്കകം തന്നെ യൂണിറ്റ് പൂട്ടുന്നു. സർക്കാർ ഉദ്ദേശിക്കുന്നതിന്റെ 10 ശതമാനം പോലും വിജയം DWCRA പദ്ധതിയിലൂടെ കാണുന്നില്ല.

### പരിഹാരങ്ങൾ

1 ഒരേ പ്രദേശത്തു നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ ചിന്താഗതി, രീതി പ്രായത്തിലുള്ള വ്യത്യാസം ഇല്ലായ്മ തുടങ്ങിയ കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുക.

2 ഏറ്റെടുത്ത് നടത്തുന്നതിന് സാദ്ധ്യതയുള്ള പദ്ധതികൾമാത്രം ഏറ്റെടുത്ത് നടത്തുക. അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും വിപണത്തിന് സാദ്ധ്യതയും ഉള്ള പദ്ധതികൾക്കു മാത്രം മുൻകൈ എടുക്കുക. കുറഞ്ഞ സാങ്കേതിക പരിജ്ഞാനം വേണ്ടുന്ന പദ്ധതികളേ ഏറ്റെടുക്കാവൂ.

കടയ്ക്കൽ പഞ്ചായത്തിൽ നിലവിൽ രണ്ട് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് അതിൽ വെള്ളാർവട്ടം ദേവി DWCRA യൂണിറ്റ് (ബീഡി വർക്സ്) പ്രവർത്തനം ഏകദേശം നിലച്ചമട്ടാണ്. അതുപോലെ ചെറുകര പ്രവർത്തിക്കുന്ന ചെറുകര DWCRA യൂണിറ്റ് (കറവമാട്‌വളർത്തൽ) പ്രവർത്തനം ആരംഭിച്ചതേയു

### പഞ്ചായത്തിലെ DWCRA യൂണിറ്റുകളുടെ വിവരം

| DWCRA യൂണിറ്റിന്റെ പേര് | ഏറ്റെടുത്ത പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | അതിൽ പട്ടികജാതി/ പട്ടികവർഗ്ഗം | അനുവദിച്ച സഹായ ധനം | അനുവദിച്ച വായ്പ | റിവോൾവിംഗ് ഫണ്ട് ലഭിച്ച തുക |
|---|---|---|---|---|---|---|
| ദേവി DWCRA യൂണിറ്റ് വെള്ളാർവട്ടം | ബീഡി വർക്സ് | 10 | 2 | 25000 | 25000 | 25000 |
| ചെറുകര DWCRA യൂണിറ്റ് ചെറുകര | കറവമാട് വളർത്തൽ | 12 | 2 | 1,70,000 | 52,000 | 25,000 |

ളളു.

വളരെ ശ്രദ്ധാപൂർവ്വം ആരംഭിക്കേണ്ടുന്ന ഒരു പദ്ധതിയാണ് DWCRA. ഓരോ വാർഡിലും കുറഞ്ഞത് ഓരോ DWCRA യൂണിറ്റ് വീതം സംഘടിപ്പിക്കുന്നതിന് മുൻകൈ പ്രവർത്തനം തുടങ്ങണം തൻമൂലം ഉത്തരേന്ത്യൻ രീതിയിൽ നിന്നും കേരളത്തിൽ നടപ്പിലാക്കുമ്പോൾ പല മാറ്റങ്ങളും അധികാരികളുടെ അനുമതിയുണ്ടായാൽ മാത്രമേ പ്രായോഗികമായി ടി. പദ്ധതി നമ്മുടെ നാട്ടിൽ വിജയകരമായി നടത്തുവാൻ സാധിക്കുകയുള്ളു.

## TRYSEM (Training of Rural Youth for Self Employment)

18 വയസ്സിനും 35 വയസ്സിനും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിന് IRDP യുടെ ഭാഗമയ ഒരു പരിപാടിയാണ് TRYSEM. ഓരോരുത്തർക്കും പരിശീലന കാലത്ത് സ്റ്റൈപെന്റ് നല്കുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സ്വയം തൊഴിൽ പദ്ധതിയിലേക്ക് IRDP പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ അനുവദിച്ച് അവരെ സെറ്റിൽ (Settle) ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ IRDP ലിസ്റ്റിൽ ഉൾപ്പെട്ടതാകണം.

### പ്രശ്നങ്ങൾ

1 തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവർ ആവശ്യപ്പെടുന്ന ട്രേഡിലേക്ക് പരിശീലനം കൊടുക്കാൻ സാധിക്കുന്നില്ല.

2 പരിശീലന കാലത്ത് നൽകുന്ന സ്റ്റൈപ്പന്റ് വളരെ പരിമിതം.

3 പരിശീലനം നല്കുന്ന സ്ഥാപനങ്ങൾക്ക് മതിയായ സൗകര്യങ്ങളോ, പഠിപ്പിക്കുന്നവർക്ക് ആവശ്യത്തിനുള്ള യോഗ്യതയോ ഇല്ല.

4 ഗുണഭോക്താക്കളുടെ താല്പര്യമില്ലായ്മ, ബോധവൽക്കരണത്തിന്റെ കുറവ്.

### പരിഹാരങ്ങൾ

1 ഇന്ന് ബ്ലോക്ക്തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന (40 പേർക്ക്) പരിശീലകരുടെ എണ്ണം വളരെ കുറവാണ്. കുറഞ്ഞത് ഒരു പഞ്ചായത്തിൽ വർഷത്തിൽ 10 പേർക്ക് എങ്കിലും പരിശീലനം ഉറപ്പാക്കണം.

### ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| I | 8 | 4 | 4 | – |
| II | 6 | 8 | 2 | 2 |
| III | 8 | 4 | 3 | 1 |
| IV | 3 | 2 | 1 | – |
| V | 1 | 1 | – | – |
| VI | 7 | 3 | 2 | 2 |
| VII | 12 | 8 | 3 | 1 |
| VIII | 4 | 2 | 1 | 1 |
| IX | 2 | 2 | NIL | NIL |
| X | 2 | 2 | NIL | NIL |
| XI | 2 | 2 | NIL | NIL |
| XII | NIL | NIL | NIL | NIL |
| XIII | 1 | 1 | NIL | NIL |
| XIV | 1 | 1 | NIL | NIL |
| XV | 1 | 1 | NIL | NIL |
| | 58 | 35 | 16 | 7 |

2 പരിശീലനം കൊടുക്കേണ്ടുന്ന സ്ഥാപന ങ്ങളെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ യോഗ്യത ബന്ധപ്പെട്ട ബ്ലോക്ക് ജില്ലാ പഞ്ചാ യത്ത് ഉറപ്പാക്കുക.

3 ഓരോ ട്രേഡിനു വേണ്ടി പ്രത്യേകം സ്ഥാപ നങ്ങളെ നിശ്ചയിക്കുക

4 പരിശീലനത്തിനു പോകുന്ന പരിശീല നാർത്ഥിക്കുള്ള സ്റ്റൈപ്പെന്റ് തുക വർദ്ധി പ്പിക്കുക. കുറഞ്ഞത് 1000/-രൂപയെങ്കിലും ആക്കുക. (പ്രതിമാസം).

### ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി (-RAP- Tool kit)

കടയ്ക്കൽ പഞ്ചായത്തിൽ IRDP സർവ്വേ പ്രകാരം 279 കൈതൊഴിലുകാർ ഉള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ ആർക്കും തന്നെ ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല. ഓരോ വാർഡിലെയും കണക്ക് ചുവടെ ചേർക്കുന്നു.

### ക്ഷേമ പെൻഷനുകൾ

വിവിധ തരത്തിലുള്ള സാമൂഹ്യ പെൻഷനുകൾ നിലവിലുണ്ടെങ്കിലും അർഹതപ്പെട്ട മുഴുവൻ അപേക്ഷകർക്കും അതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. ലഭിക്കുന്ന പെൻഷൻ തന്നെ മാസാമാസം ഗുണഭോക്താക്കളുടെ കൈയ്യിൽ എത്തുന്നില്ല.

കടയ്ക്കൽ പഞ്ചായത്തിൽ 1991 മുതൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു. (ലിസ്റ്റ് അപൂർണ്ണം)

### പ്രശ്നങ്ങൾ

1 അർഹതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല.

2 അറിവില്ലായ്മ–അപേക്ഷ എവിടെ, എപ്പോൾ, എങ്ങനെ നൽകണമെന്നുള്ള പരിജ്ഞാനകുറവ്.

3 ഔദ്യോഗിക തലങ്ങളിൽ നിന്നും ഉണ്ടാകുന്ന കടുത്ത ബുദ്ധിമുട്ട്, നിയമത്തിന്റെ നൂലാമാലകൾ പിന്നെ കൈക്കൂലിയും നടക്കുന്നു.

### നിർദ്ദേശങ്ങൾ

1 വിവിധ പെൻഷനുകൾക്ക് അർഹതയുള്ളവരെ അതാത് ഗ്രാമസഭകൾ വഴി തെരഞ്ഞെടുക്കപ്പെടുകയും, അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരുടെ അപേക്ഷയിൻമേൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു 'സെൽ' രൂപീകരിക്കുക. എല്ലാ പെൻഷനുകളും ഗ്രാമപഞ്ചായത്ത് മുഖാന്തരം വിതരണം ചെയ്യുക.

2 പെൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നിതി

### ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് | IRDP സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹരായവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 16 | – | 16 | |
| II | 32 | – | 32 | |
| III | 15 | – | 15 | |
| IV | 5 | – | 5 | |
| V | 40 | – | 40 | |
| VI | 18 | – | 18 | |
| VII | 10 | – | 10 | |
| VIII | 8 | – | 8 | |
| IX | 28 | – | 28 | |
| X | 20 | – | 20 | |
| XI | 26 | – | 26 | |
| XII | 12 | – | 12 | |
| XIII | 20 | – | 20 | |
| XIV | 29 | – | 29 | |
| | 279 | – | 279 | |

## കടയ്ക്കൽ പഞ്ചായത്തിൽ 1991 മുതൽ ലഭിച്ചു കൊണ്ടിരിക്കുന്ന പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു (ലിസ്റ്റ് അപൂർണ്ണം)

| വർഷം | വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാകാര സാഹിത്യ പെൻഷൻ | അവശകായികതാര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | കടയ്ക്കൽ കുമ്മിൾ | – | – | – | – | – | – | – | – | – | – | 337 |
| 1992 | " | – | 25 | 29 | 12 | – | – | 13 | – | – | – | Nil |
| 1993 | " | – | 46 | 26 | 13 | – | – | – | – | 1 | – | 361 |
| 1994 | " | – | 36 | 16 | 6 | – | – | 3 | – | 1 | – | 599 |
| 1995 | " | – | – | 14 | – | – | – | 4 | – | 2 | – | 997 |

ന് സ്പോൺസർമാരെ കണ്ടെത്തി (സർക്കാർ, പഞ്ചായത്ത്, സ്വകാര്യവ്യക്തികൾ) നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കുക. ഉദ: 100 രൂപ പ്രതിമാസം ലഭിക്കുന്നതിന് മതിയായ തുക സ്പോൺസർമാരിൽ നിന്നും പഞ്ചായത്തിലെ സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിക്കുക. ടി തുകയുടെ പലിശകൊണ്ടുമാത്രം പെൻഷൻ നൽകാൻ കഴിയും. മാത്രമല്ല സ്ഥിരനിക്ഷേപം നാട്ടിലെ സഹകരണ മേഖലയിലെ വായ്പാ സംവിധാനത്തെ സഹായിക്കുകയും ചെയ്തു.

3 പഞ്ചായത്തിലെ മുഴുവൻ വികലാംഗരെയും, അവരവരുടെ യോഗ്യതക്ക് ആനുപാതികമായി പുനരധിവസിപ്പിക്കുന്നതിനു വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ബ്ലോക്ക് തലത്തിൽ വരുന്നവർക്ക് മാത്രമായി ഒരു പരിശീലന കേന്ദ്രം തുടങ്ങുകയും ചെയ്യുക. അവർക്ക് ആവശ്യമായ യാത്രാ ഉപകരണങ്ങൾ സംഘടിപ്പിച്ച് വിതരണം ചെയ്യുക.

പഞ്ചായത്തിലെ വികലാംഗരുടെ വിവരം ചുവടെ ചേർക്കുന്നു. (പഞ്ചായത്ത് തലവികലാംഗ സർവ്വേ അനുസരിച്ച്)

4 മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് മുഖാന്തരം വിതരണം ചെയ്യുക. സ്വയം തൊഴിൽ പദ്ധതികളിൽ അവർക്ക് മുൻഗണന നല്കുക. അവരെ പുനരധിവസിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുക.

5 ബ്ലോക്ക് തലത്തിൽ ഒരു വൃദ്ധസദൻ ആരംഭിക്കുക.

6 കൂലിപ്പണിക്ക് പോകുന്ന അമ്മമാരുടേയും, ഉദ്യോഗസ്ഥകളുടെയും സൗകര്യാർത്ഥം കടയ്ക്കൽ, കുമ്മിൾ എന്നിവിടങ്ങളിൽ ഓരോ Day Care Centre തുടങ്ങുക. അതിനും ആവശ്യമായ കെട്ടിടവും, സ്റ്റാഫിനെയും സാമൂഹ്യക്ഷേമവകുപ്പ് നൽകണം. തികയാത്ത തുക പഞ്ചായത്ത് കണ്ടെത്തണം.

## മാതൃശിശു സംരക്ഷണം

മാതൃശിശുസംരക്ഷണ പരിപാടികൾ വളരെ പരിമിതമായിട്ടാണ് കടയ്ക്കൽ പഞ്ചായത്തിൽ നടത്തി വരുന്നത്. മഹിളാസമാജങ്ങളുടെ മേൽനോട്ടത്തിൽ ചടയമംഗലം വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ കാര്യം, മുകുന്ദേരി, മങ്കാട്, സംഭ്ര

| വാർഡ് | 1 മുതൽ 5 വയസ്സു വരെ | 6 മുതൽ 15 വയസ്സു വരെ | 16 മുതൽ 30 വയസ്സു വരെ | 36 മുതൽ 60 വയസ്സു വരെ | 61 വയസ്സിന് മുകളിൽ | ആകെ വികലാംഗർ |
|---|---|---|---|---|---|---|
| 1 | Nil | 5 | 9 | 10 | 3 | 27 |
| 2 | Nil | 1 | 4 | 7 | 2 | 14 |
| 3 | 2 | 3 | 9 | 12 | 1 | 27 |
| 4 | 2 | 4 | 5 | 7 | 4 | 22 |
| 5 | 1 | 6 | 9 | 6 | Nil | 22 |
| 6 | 1 | 1 | 16 | 10 | Nil | 28 |
| 7 | Nil | 1 | 1 | 4 | Nil | 06 |
| 8 | Nil | 1 | 1 | 3 | Nil | 05 |
| 9 | Nil | Nil | 3 | 3 | Nil | 06 |
| 10 | 1 | 5 | 4 | 13 | 2 | 25 |
| 11 | 1 | 2 | 7 | 7 | Nil | 17 |
| 12 | Nil | 1 | 4 | 3 | Nil | 08 |
| 13 | Nil | 5 | 7 | Nil | Nil | 12 |
| 14 | Nil | 3 | 8 | 10 | Nil | 21 |
| 15 | Nil | Nil | 2 | 1 | Nil | 3 |
| Total | 08 | 38 | 89 | 96 | 12 | 243 |

മം, കോട്ടപ്പുറം, പുലിപ്പാറ എന്നിവിടങ്ങളിൽ മാത്രമാണ് ബാലവാടികൾ പ്രവർത്തിക്കുന്നത്. (സ്വന്തമായി കെട്ടിടം ഉണ്ട്.) (CPWPC) മറ്റു സ്ഥലങ്ങളായ വലിയ വേങ്കാട്, ഇളംമ്പഴന്നൂർ ഇരുനൂറ്റിൽ, ഒർപ്പക്കാട് എന്നീ സ്ഥലങ്ങളിൽ (URFC) റഗുലർ ഫീഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഫീഡിംഗ് സെന്ററുകൾക്ക് കെട്ടിടം ഇല്ല. 1996-97 വർഷം ചടയമംഗലം ബ്ലോക്ക് ICDS ആയതിനാൽ വരും വർഷങ്ങളിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ മേൽനോട്ടത്തിൽ അംഗനവാടികൾ തുടങ്ങുന്നതായിരിക്കും. നിലവിലുള്ള ബാലവാടികൾ അംഗനവാടിയായി മാറുകയും ചെയ്യും. റഗുലർ ഫീഡിംഗ് സെന്ററുകളെയും അംഗനവാടിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ഉണ്ടാകണം.

കടയ്ക്കൽ പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയതായി അംഗനവാടികൾ ആരംഭിക്കേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ സ്ഥലം പഞ്ചായത്തും, സാമൂഹ്യക്ഷേമവകുപ്പും സംയുക്തമായി കണ്ടെത്തണം. (ഗ്രാമസഭാ നിർദ്ദേശം)

## മറ്റ് സേവന പ്രവർത്തനങ്ങൾ

1 സർക്കാരിന്റെയും മറ്റു വകുപ്പുകളുടെയും കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിവരങ്ങൾ അറിയിക്കുന്നതിലേക്ക് ഓരോ വാർഡിലെയും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ 'പഞ്ചായത്ത് നോട്ടീസ്' ബോർഡ് സ്ഥാപിക്കുക വാർഡ് മെമ്പർ ആയിരിക്കണം അതിന്റെ മേൽനോട്ടം വഹിക്കേണ്ടത്.

2 പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ കുമ്മിൾ, കടയ്ക്കൽ പ്രദേശങ്ങളിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അഭ്യസ്ഥവിദ്യരായ അർഹതയുള്ള യുവതീയുവാക്കളെ കണ്ടെത്തി (വികലാംഗർക്ക് മുൻഗണന കൊടുക്കണം) ഒരു സർവ്വീസ് സെന്റർ, തുടങ്ങണം. ജനങ്ങളെ ബാധിക്കുന്ന എല്ലാ കാര്യങ്ങൾക്കും മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിനും, വിവിധവകുപ്പുകളുടെ വിവരങ്ങളും, മറ്റ് അപേക്ഷാഫാറങ്ങളും ടി സെന്റർ വഴി വിതരണം നടത്തുക. ഒരു നിശ്ചിത ഫീസ് ഗുണഭോ

| വാർഡ് | നിലവിൽ ബാലവാടിയുള്ള സ്ഥലം | റഗുലർ ഫീഡിംഗ് സെന്റർ ഉള്ള സ്ഥലം | പുതുതായി അംഗനവാടി ആരംഭിയ്ക്കേണ്ടുന്ന സ്ഥലങ്ങൾ (ഗ്രാമസഭാ നിർദ്ദേശം) |
|---|---|---|---|
| I ഇളംമ്പഴുന്നൂർ | കോട്ടപ്പുറം | ഇളംമ്പഴന്നൂർ | 1. ഇളംമ്പഴന്നൂർ |
| II ഇടത്തറ | കാര്യം | | |
| III കുറ്റിക്കാട് | | | 1. കുറ്റിക്കാട് 2. സത്യംകോട് |
| IV കാരയ്ക്കാട് | പുലിപ്പാറ | വലിയവേലങ്കോട് | |
| V പാലയ്ക്കൽ | മുകുന്ദേരി | | 1. ഇരുട്ടുകാട് 2. പുനയം 3. മുതുംങ്കാട്ടുകുഴി 4. തേക്കിൽ |
| VI ടൗൺ | | | 1. എങ്കിൻകടവ് 2. ആറ്റുപ്പുറം 3. ചാലിക്കോട് |
| VII ആൽത്തറമൂട് | | | 1. ആൽത്തറമൂട് 2. ചിങ്ങേലി 3. പന്തളം മുക്ക് |
| VIII ആറ്റുപുറം | | | 1. പാലോണം 2. പുല്ലുപണ 3. കാര്യം |
| IX ആനപ്പാറ | | | 1. ആനപ്പാറ 2. ഗോവിന്ദമംഗലം 3. തൃക്കണ്ണാപുരം |
| X ഇയ്യക്കോട് | | | 1. ഇയ്യക്കോട് 2. പുല്ലുപണ 3. ആനപ്പാറ |
| XI ഒർപ്പക്കാട് | | അംബേദ്ക്കർ ഗ്രാമം, ഒർപ്പക്കാട് | 1. പാങ്ങലുകാട് 2. അംബേദ്കർ ഗ്രാമം 3. പുള്ളിപ്പച്ച |
| XII മങ്കാട് | മങ്കാട് | | 1. തുളസിമുക്ക് 2. ചെറുകരെ |
| XIII പുതുക്കോട് | | | 1. വാലുപച്ച 2. മങ്കാട്, നിലമേൽ 3. ദർപ്പക്കാട് |
| XIV കുമ്മിൾ | സംഭ്രമം | | 1. കുമ്മിൾ ടൗൺ 2. പ്ലാവറ ഫൈയ്ക 3. വട്ടത്താമര 4. കണ്ണംകോട് |
| XV തച്ചോണം | | ഇരുനൂറ്റിൽ | 1. മുല്ലക്കര 2. പ്ലാംകീഴ് 3. തച്ചോണം ലക്ഷം വീട് 4. ഈട്ടിമൂട് 5. ഇരുനൂറ്റിൽ |

ക്താവിൽ നിന്നു് അവർക്ക് ഈടാക്കാവുന്നതാണ്. ഇതിനോടൊപ്പം ഒരു (STD\ISD\ലോക്കൽ) പബ്ലിക് ടെലഫോൺ ബൂത്തും സ്ഥാപിക്കുക. ഇതിലേക്ക് വേണ്ടി വരുന്ന വായ്പ ബന്ധപ്പെട്ട വകുപ്പ് മുഖാന്തിരം തയ്യാറാക്കിക്കൊടുക്കുക.

3 പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ കൂടി പഞ്ചായത്ത് കേന്ദ്രത്തിൽ ആരംഭിക്കുക പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ. പഞ്ചായത്തിനെ സംബന്ധിച്ചും ബ്ലോക്ക് ജില്ല സംസ്ഥാനവിവരങ്ങൾ ഈ സെന്ററിലൂടെ ജനങ്ങൾക്ക് എത്രയും വേഗം ലഭ്യമാക്കണം.

4 ഗ്രാമസഭകളുടെയും സാക്ഷരതാ കോർഡിനേറ്ററുടെയും മേൽനോട്ടത്തിൽ നിലച്ചുപോയ സാക്ഷരതാപ്രവർത്തനം പുനരുദ്ധരിക്കുക.

5 സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ വിജയത്തിനായി സ്ത്രീപീഡനം, മദ്യപാനം, മയക്കുമരുന്ന്, മാധ്യമ അശ്ലീലങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം. ആയതിലേക്ക് പഞ്ചായത്ത് തലത്തിൽ 'ഒരു വനിതാസെൽ രൂപീകരിക്കണം' ഇവരുടെ നേതൃത്വത്തിൽ ഒരു വായനശാല, സഞ്ചരിക്കുന്ന പുസ്തകശാല, ഒരു കലാ സാംസ്കാരിക സംഘടന എന്നിവ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.

6 ഒന്നുകിൽ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക ഇല്ലെങ്കിൽ സർക്കാർ മദ്യം ഉല്പാദിപ്പിച്ച്, പൊതുവിതരണ ശൃംഖലവഴി വിലകുറച്ച് നിയന്ത്രിതമായി ഒരു കാർഡിന് ഒരു മാസം ഇത്ര മദ്യം അഥവാ കുപ്പി (പട്ടാളക്കാർക്ക് വിതരണം ചെയ്യുന്നതുപോലെ) നല്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. വ്യാജമദ്യവില്പന തടയുന്നതിനും, സർക്കാരിന് വരുമാനം ഉണ്ടാക്കുന്നതിനും ഇതുമൂലം കഴിയും.

7. കൈവശഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും, ഇപ്പോൾ റീസർവ്വേയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുകയും വേണം.

# വ്യവസായം

കടയ്ക്കൽ ഒരു വാണിജ്യവിപണനകേന്ദ്രമായിരുന്നതുകൊണ്ടുതന്നെ വ്യാവസായികസംരംഭങ്ങളോ അതിനു വേണ്ടുന്ന പശ്ചാത്തലമോ ഈ പഞ്ചായത്തിലുണ്ടായിട്ടില്ല. ഗ്രാമീണസാങ്കേതികവിദ്യയുപയോഗിച്ച് പരമ്പരാഗഗത തൊഴിൽമേഖലയിൽപ്പെടുന്ന പരമ്പ്, വട്ടി, കുട്ട, മുറം എന്നീ ഈറനെയ്ത്തുകളും, തഴപ്പായ് നിർമ്മാണവും പഞ്ചായത്തിലെ ചില മേഖലകളിൽ ഉണ്ടായിരുന്നു. ഇപ്പോഴും അവയിൽ ചില തൊഴിലുകൾ നിലവിലുണ്ട്. പരമ്പരാഗതരീതിയിലുള്ള എണ്ണയാട്ട്കേന്ദ്രങ്ങളും ചിലയിടങ്ങളിൽ ഉണ്ടായിരുന്നു. കടയ്ക്കൽ പഞ്ചായത്തിൽ തെങ്ങുകൃഷി പണ്ടേതന്നെ വ്യാപകമായിരുന്നുവെങ്കിലും പച്ചതേങ്ങ, കൊപ്ര, തൊണ്ട് എന്നിവ ഇവിടെനിന്നും പടിഞ്ഞാറൻനാടുകളിലേക്ക് വിപണനം നടത്തുകയായിരുന്നു. കാർഷികവൃത്തിക്ക് പ്രാധാന്യമുണ്ടായിരുന്ന ഈ നാട്ടിലെ കശുവണ്ടിയുടെ മാർക്കറ്റ് മനസ്സിലാക്കിയ കശുവണ്ടി മുതലാളിമാർ കടയ്ക്കൽ കേന്ദ്രമാക്കി കുടിവറുപ്പ് എന്നറിയപ്പെടുന്ന ചെറുകിട കശുവണ്ടിഫാക്ടറികൾ 1960-കളിൽ പള്ളിമുക്ക്, പുതുക്കോട്, കോട്ടപ്പുറം, പാറയ്ക്കാട് എന്നിവിടങ്ങളിൽ സ്ഥാപിച്ചു. ഇവയിൽ പള്ളിമുക്ക്ഫാക്ടറി പ്രകൃതിക്ഷോഭത്തിൽ തകർന്നുവീണു. ഫാക്ടറി പുനരുദ്ധരിക്കുന്നതിനും വ്യവസായം മുന്നോട്ടുകൊണ്ടുപോകുന്നതിനും മാനേജ്മെന്റ് ഒരുങ്ങിയില്ല. കോട്ടപ്പുറം M. P. B. S കശുവണ്ടിഫാക്ടറി കേരള കശുവണ്ടി വികസനകോർപ്പറേഷൻ ഏറ്റെടുത്ത് നടത്തിവരുന്നു. ഈ നാല് ഫാക്ടറികളിലുമായി 1816 സ്ത്രീതൊഴിലാളികളും 46 പുരുഷതൊഴിലാളികളും തൊഴിൽചെയ്യുന്നു. സംഘടിതതൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാനായി സീഡ്ഫാമിനു സമീപം 'സിഗാർബീഡി ഇൻഡസ്ട്രീസ്' എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചിരുന്നു. ഈ സംരംഭം പിൽക്കാലത്ത് ഒരു പരാജയമായി തീർന്നു എന്നതും വസ്തുതയാണ്. ഇക്കാലയളവിൽ കേരളത്തിലെ ചെറുകിട - വ്യാവസായികരംഗത്തെ പരിപോഷിപ്പിക്കുവാനായി ഗവൺമെന്റ് കൊണ്ടുവന്ന മിനി വ്യവസായ എസ്റ്റേറ്റുകൾ സമീപപഞ്ചായത്തുകളിൽ ആരംഭിച്ചുവെങ്കിലും ജനസംഖ്യയിലും അഭ്യസ്തവിദ്യരുടെ എണ്ണത്തിലും മുന്നിൽ നിന്നിരുന്ന കടയ്ക്കൽ പഞ്ചായത്തിന് അക്കാര്യത്തിലും അവഗണനയുണ്ടായി.

പാഴ്ത്തടികളുടെ സാധ്യത കണക്കിലെടുത്ത് കാരിയം കേന്ദ്രമാക്കി 'തിരുവാതിരമാച്ച് ഇൻഡസ്ട്രീസ്' എന്ന വ്യവസായസംരംഭം ലാഭകരമായി നടന്നുവരുന്നു. വെനീർ എന്നറിയപ്പെടുന്ന തീപ്പെട്ടിക്കൊള്ളി നിർമ്മാണമാണ് മുഖ്യമായും ഈ സ്ഥാപനത്തിൽ നടക്കുന്നത്. ലോട്ടസ് എന്ന പേരിൽ ഒരു ഡിപ്പിംഗ് യൂണിറ്റ് ഖാദിഗ്രാമ വ്യവസായവകുപ്പിന്റെ സഹായത്തോടുകൂടി ആറ്റുപുറത്ത് ആരംഭിക്കുകയും ഇപ്പോഴും ഈ വ്യവസായം പ്രവർത്തക്ഷമവുമാണ്.

ആധുനിക വ്യാവസായികരംഗത്തെ സ്വയംതൊഴിൽ കണ്ടെത്തൽ രൂപത്തിലുള്ള ചെറുകിട യൂണിറ്റുകളെന്ന നിലയിൽ ലയിത്ത് വർക്സ്, വെൽഡിംഗ്വർക്ക്ഷോപ്പ്, തടിമില്ലുകൾ, ഫ്ലവർമില്ലുകൾ, ഫർണിച്ചർമാർട്ട്, ഹോളോബ്രിക്സ്, സോപ്പ്നിർമ്മാണം, ചൂരൽവ്യവസായം, ലതർവർക്ക്സ്, ഈറ്റകൊണ്ടുള്ള വ്യവസായം എന്നിവ പഞ്ചായത്തിന്റെ വിവിധമേഖലകളിൽ ആരംഭിച്ചു. ഈ വ്യവസായങ്ങളിൽ അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യവും ഉല്പാദന മൂലധന അപര്യാപ്തതയും നിമിത്തം സോപ്പ് വ്യവസായം, ലതർവർക്സ്,ചൂരൽവ്യവസായം എന്നിവ വിജയകരമായില്ല.

മലയോരപ്രദേശത്തിന്റെ പ്രത്യേകതകളാൽ പാറയുടെ സാന്നിധ്യം പഞ്ചായത്തിന്റെ വാർഡുകളിൽ പാറക്വാറികൾ ഉടലെടുക്കുന്നതിന് സഹായകമായി. നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ വിവിധ ക്വോറികളിലായി ഏകദേശം മുന്നൂറോളംപേർ പണിയെടുക്കുന്നു. വൈദ്യുതി ഉപയോഗിക്കാതെ നടത്താവുന്ന നിലയിൽ ഇപ്പോൾ പഞ്ചായത്തിലെ പാലയ്ക്കൽ വാർഡിൽ ഒരു കൊപ്രാസംസ്കരണയൂണിറ്റ് നടന്നുവരുന്നു. വാണിജ്യകേന്ദ്രമായ കടയ്ക്കൽ, അടയ്ക്കാവിപണനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി മുൻപ് അടയ്ക്കാ സംസ്കരണ യൂണിറ്റുകൾ സ്വകാര്യമേഖലകളിൽ പ്രവർത്തിച്ചിരുന്നു. അടയ്ക്കായുടെ ദൗർലഭ്യം ഈ യൂണിറ്റുകളെ പ്രവർത്തനരഹിതമാക്കി. നമ്മുടെ പഞ്ചായത്തിലെ ഇടത്തറ, ദർപ്പക്കാട്,കുമ്മിൾ വാർഡുകളിൽ നടന്നുവരുന്ന ഇഷ്ടികനിർമ്മാണം വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനക്ഷമത കൈവരിക്കുന്നില്ല. ഈ ഇഷ്ടികചൂളകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മണ്ണ് ഇവിടെ ലഭ്യമല്ലാത്തതിനാൽ കുന്നത്തൂരിൽനിന്നും കൊണ്ടുവരുന്നതുകൊണ്ട് ചില വേറുന്നു. നാമമാത്രമായ രീതിയിൽ ആനപ്പാറവാർഡിലും തച്ചോണത്തും സ്വയംതൊഴിൽ സംരംഭമെന്ന നിലയിലുള്ള കയർനിർമ്മാണം നടക്കുന്നുണ്ട്. ഇളമ്പഴനൂർ വാർഡിൽ ഒരു ഗാർമെന്റ് നിർമ്മാണവനിതായൂണിറ്റും നടന്നുവരുന്നു. വിവിധ കാലയളവുകളിലായി പഞ്ചായത്തിലെ വ്യാവസായിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനും സ്വയം

തൊഴിൽ കണ്ടെത്തുവാനുമായി ധനകാര്യസ്ഥാപനങ്ങളും സർക്കാരും വൻതുകകകൾ ലോണുകളായ നുവദിച്ചെങ്കിലും അവയൊന്നുംതന്നെ ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. അവയുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിയ്ക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഈ സംരംഭങ്ങൾക്ക് ചെലവഴിച്ചിട്ടുള്ള സമ്പത്ത് ഭീമമാണ്.

വ്യാവസായികസംരംഭത്തിന് ആവശ്യംവേണ്ടുന്ന അസംസ്കൃതവസ്തുക്കൾ, വൈദ്യുതി എന്നിവയുടെ അഭാവവും, ശരിയായ പരിശീലനത്തിന്റേയും മാർഗനിർദേശത്തിന്റേയും പോരായ്മകൾ, സംരംഭങ്ങൾക്കനുവദിക്കുന്ന വായ്പാമൂലധനത്തിലുള്ള കുറവ്, മാർക്കറ്റിംഗിന്റെ അപര്യാപ്തത, ശരിയായ മാനേജ്മെന്റ് ഇല്ലായ്മ, കുത്തകക്കാരുടെ ശക്തമായ സാന്നിധ്യം, വ്യാവസായികാടിസ്ഥാനത്തിൽ തൊഴിൽസംരംഭങ്ങൾ കണ്ടെത്തുന്നതിനുള്ള വീഴ്ച, സർവോപരി വ്യവസായങ്ങളോടുള്ള താല്പര്യക്കുറവും പഞ്ചായത്തിനെ വ്യാവസായികനിലയിൽ പിറകോട്ടടിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വ്യാവസായികസംരംഭത്തിന് അവശ്യംവേണ്ടുന്ന മൂലധനം വായ്പയായി കിട്ടുന്നില്ല.

2. അസംസ്കൃതവസ്തുക്കളുടെ അപര്യാപ്തതയും വിലക്കൂടുതലും.

3. മാർക്കറ്റിംഗ്രംഗത്തെ കുത്തകക്കാരുടെ ശക്തമായ സാന്നിധ്യം.

4. വൈദ്യുതിയുടെ അഭാവവും ശരിയായ പരിശീലനത്തിന്റേയും മാർഗനിർദേശത്തിന്റേയും പോരായ്മ.

5. പരമ്പരാഗതതൊഴിലുകളെ സംരക്ഷിക്കുന്നതിനാവശ്യമായ സബ്സിഡി ഇല്ലായ്മ.

6. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള അവഗണനയും വിവേചനവും.

7. വ്യവസായസംരംഭകരോട് ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന അലംഭാവം.

8. വ്യവസായം തുടങ്ങുന്നതിൽ പൊതുവേ നിലനില്ക്കുന്ന താല്പര്യക്കുറവ്.

9. ഡിപ്പാർട്ട്മെന്റലിസം.

## നിർദ്ദേശങ്ങൾ

1. സമ്പുഷ്ടമായ കാർഷികമേഖല പ്രയോജനപ്പെടുത്തി ധനനിക്ഷേപസാദ്ധ്യതകൾ, മനുഷ്യവിഭവശേഷി എന്നിവ വ്യാവസായികമായ മേഖലയിൽ വിനിയോഗിക്കപ്പെടണം.

2. മൂലധനനിക്ഷേപം താരതമ്യേന കുറവായ ചെറുകിടവ്യവസായയൂണിറ്റുകൾ ആരംഭിക്കണം.

3. റബ്ബർ, പഴവർഗലഭ്യത എന്നിവയെ ബന്ധപ്പെടുത്തി കാർഷികമേഖലയുമായി ചേർന്നുള്ള വ്യസായങ്ങളാരംഭിയ്ക്കണം.

4. മൾബറികൃഷിയുടെ സാധ്യത ഉപയോഗപ്പെടുത്തി പട്ടുനൂൽ ഉല്പാദനം വർദ്ധിപ്പിക്കണം.

5. പാല് ഉല്പാദനം വൻതോതിൽ വർദ്ധിപ്പിച്ച് ക്ഷീരഉല്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കണം.

6. റെഡിമെയ്ഡ് നിർമ്മാണയൂണിറ്റുകളുടെ കൂട്ടായ സംരംഭങ്ങൾ ആരംഭിക്കുകയും; റെഡിമെയ്ഡ് വസ്ത്രങ്ങൾ കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്കു കിട്ടത്തക്കവിധം പഞ്ചായത്ത്കേന്ദ്രത്തിൽ ഷോപ്പിംഗ് സെന്റർ തുടങ്ങേണ്ടതുമാണ്.

7. സഹകരണമേഖലയുടെ സേവനം പ്രയോജനപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളായ ചൂരൽ, ഈറ, പരമ്പ് ഉപയോഗിച്ചുള്ള സംരംഭങ്ങൾ ആരംഭിക്കണം.

8. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്പെയർപാർട്സ് നിർമ്മാണയൂണിറ്റ് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിയ്ക്കുകയും വനിതകളെ വ്യവസായത്തിൽ പ്രോത്സാഹിപ്പിക്കുകയും വേണം.

9. ബീഡിവ്യവസായം സഹകരണമേഖലയിൽ ആരംഭിക്കണം.

10. അസംസ്കൃതവസ്തുക്കൾക്ക് സബ്സിഡി ഏർപ്പെടുത്തി സോപ്പ് വ്യവസായം, മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണയൂണിറ്റുകൾ പഞ്ചായത്തിലാരംഭിക്കണം.

11. കൊപ്രാസംസ്കരണത്തെ പ്രോത്സാഹിപ്പിക്കണം.

12. മൂലധനമാന്ദ്യം അനുഭവപ്പെടുന്ന നിലവിലുള്ള ചെറുകിടവ്യവസായയൂണിറ്റുകൾക്ക് ധനസഹായം വായ്പാടിസ്ഥാനത്തിലും അല്ലാതേയും ഏർപ്പെടുത്തണം.

13. ലാഭകരമായി കണ്ടുവരുന്ന തീപ്പെട്ടിവ്യവസായവും അനുബന്ധവ്യവസായങ്ങളും പഞ്ചായത്തിൽ ആരംഭിക്കണം.

14. പാറക്വാറികളെ പ്രയോജനപ്പെടുത്തി മെറ്റൽനിർമ്മാണം വ്യാപകമാക്കണം.

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

## ഗതാഗതം

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ചടയമംഗലം ഇട്ടിവ ചിതറ നിലമേൽ എന്നീ 4 പഞ്ചായത്തുകളാലും തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ പാങ്ങോട് കല്ലറ പുളിമാത്ത് എന്നീ പഞ്ചായത്തുകളാലും ചുറ്റപ്പെട്ട 48.89 ച.കി.മി. വിസ്തീർണ്ണമുള്ള കടയ്ക്കൽ പഞ്ചായത്തിൽ സാമാന്യം ദീർഘമായ റോഡ് ശൃംഖലയാണ് നിലവിലുള്ളത്. കൊല്ലം ജില്ലയിലെ പ്രശസ്തമായ കാർഷിക ചന്തകളിൽ ഒന്നായ കടയ്ക്കൽ ചന്തയിലേയ്ക്ക് മേൽപ്പറഞ്ഞ പഞ്ചായത്ത് പ്രദേശങ്ങളിൽനിന്ന് കാർഷികോൽപ്പന്നങ്ങളും മറ്റും സുഗമമായി എത്തിക്കാൻ കഴിയത്തക്ക നിലയിലാണ് മിക്ക റോഡുകളും വിഭാവനം ചെയ്തിട്ടുള്ളത്. കടയ്ക്കൽ ടൗണിന്റെ വളർച്ചയോടൊപ്പമുണ്ടായ ഗതാഗതക്കുരുക്കും കടയ്ക്കൽ ചന്തയുടെ സ്ഥലപരിമിതിയും പരിഹരിക്കുന്നതിനുവേണ്ടി "ചന്ത" 1989ൽ സീഡ് ഫാമിന് സമീപത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചന്തയേയും ബസ്റ്റാന്റിനേയും ബന്ധപ്പെടുത്തി വൺവേ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കടയ്ക്കൽ പഞ്ചായത്ത് ഓഫീസ് ജംഗ്ഷനിൽനിന്ന് വടക്കോട്ടുള്ള അമ്പലം റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആൽത്തറമൂട്ടിൽനിന്നും കടയ്ക്കലേയ്ക്കുവരുന്ന വാഹനങ്ങൾ ടൗൺഹാൾ കൈചൂണ്ടി റോഡുവഴി തിരിച്ചുവിട്ട് അമ്പലം റോഡിൽ വൺവേ ട്രാഫിക് സംവിധാനം ഏർപ്പെടുത്തിയും നിലവിലുള്ള വൺവേ ട്രാഫിക് സംവിധാനം കർശനമാക്കുകയും വേണം.

### വികസന അവലോകനം

പഞ്ചായത്തിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 40% റോഡ് വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ 342കി.മി. റോഡുണ്ട്. ഇതിൽ 32 കി.മി. ടാർ ചെയ്ത റോഡ് PWD വകയും 13 കി.മി. ടാർ ചെയ്ത റോഡ് പഞ്ചായത്ത് വകയുമാണ്. ബാക്കിയുള്ള മുഴുവൻ റോഡുകളും മൺ റോഡുകളാണ്. N.H. പഞ്ചായത്ത് പ്രദേശത്തുകൂടി കടന്നുപോകുന്നില്ല. പ്രകൃതിക്ഷോഭംമൂലം കുണ്ടും കുഴിയും നിറഞ്ഞ റോഡുകളിൽക്കൂടിയുള്ള യാത്ര ക്ലേശകരമായിത്തീർന്നിരിക്കുന്നു. K.S.R.T.C സർവ്വീസുകൾ ഉൾപ്പെടെ 150ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്ന പാരിപ്പള്ളി-മടത്തറ റോഡ് N.H. ഉം തിരു-ചെങ്കോട്ട റോഡും തമ്മിൽ യോജിപ്പിക്കുന്ന ടൂറിസ്റ്റ് പ്രാധാന്യമുള്ള ഒരു പ്രധാനപ്പെട്ട റോഡാണ്. പ്രസ്തു റോഡിന്റെ ആഴാന്തക്കുഴിമുതൽ കാഞ്ഞിരത്തുംമൂടുവരെ ഏകദേശം 7കി.മി. ഭാഗം കടയ്ക്കൽ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്നു. പ്രകൃതിക്ഷോഭംമൂലം ഈ റോഡിന്റെ ഭൂരിഭാഗവും നശിച്ചുപോയിട്ടുള്ളതിനാൽ യാത്ര വളരെ ദുഷ്ക്കരമാണ്.

നിലവിലുള്ള റോഡുകൾ (വാർഡ് അടിസ്ഥാനത്തിൽ) അവയുടെ നീളം, വീതി, ഓരോ റോഡിലുമുള്ള പ്രധാന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങൾ എന്നിവ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ മൺ റോഡുകളും ആവശ്യമായ ഓട നിർമ്മിച്ച് യഥാസമയം അറ്റകുറ്റപ്പണിനടത്തി സംരക്ഷിക്കപ്പെടാത്തതുകൊണ്ട് പലപ്പോഴും ടി റോഡുകളിലൂടെയുള്ള ഗതാഗതം തടസ്സപ്പെടാറുണ്ട്. പഞ്ചായത്തിലെ മുഴുവൻ റോഡുകൾക്കും അതാത് റോഡുകളുടെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി റോഡ് സംരക്ഷണസമിതി രൂപീകരിക്കേണ്ടതാണ്. റോഡിന്റെ അറ്റകുറ്റപ്പണികൾ ടി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ശ്രമദാനമായും പുനരുദ്ധാരണപ്പണികൾ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടിയും നടത്തേണ്ടതാണ്.

### അടിയന്തിരമായി പരിഹരിക്കേണ്ട പ്രധാന പ്രശ്നങ്ങൾ

* കടയ്ക്കലിനെ ഇട്ടിവ പഞ്ചായത്തിന്റെ

# KADACKAL PANCHAYAT

## Road - Info Map



കേന്ദ്രവുമായി ബന്ധിപ്പിക്കുന്ന ആറ്റുപുറം-വയ്യാനം റോഡ് ടാറിളകി ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു.

* കടയ്ക്കൽ ടൗണിൽനിന്നും ആരംഭിച്ച് ഈയ്യക്കോട്, കന്നിക്കുഴി വഴി തിരുവനന്തപുരം ജില്ലയിലെ അടയമണുമായി ബന്ധിപ്പിക്കുന്ന റോഡ് ഈ പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷമാണ്. ഈ റോഡ് ഗതാഗതയോഗ്യമാക്കണം.

* ആറ്റുപുറം-പുല്ലുപണ-കന്നിക്കുഴി റോഡും സുഗമമായ ഗതാഗതത്തിന് യോഗ്യമായിട്ടില്ല.

* ആറ്റുപുറം-ഇണ്ടവിള-ഇരട്ടക്കുളം വഴിയുള്ള റോഡ് പഴയകുന്നുമേൽ പഞ്ചായത്തുമായുള്ള കയ്ക്കലിന്റെ ബന്ധം സുദൃഢമാക്കാൻ കഴിയുന്നതാണ്. ടി റോഡിന്റെ വികസനം ത്വരിതപ്പെടുത്തണം.

* ആറ്റുപുറം മിഷ്യൻകുന്ന് ചാറയംവഴി MC റോഡിൽ തട്ടത്തുമലയിൽ എത്തുന്ന റോഡും ഗതാഗതത്തിന് പര്യാപ്തമല്ല.

* ഇളമ്പഴന്നൂർ ആലത്തറമലവഴി MC റോഡിൽ കുരിയോട് എത്തുന്ന റോഡും ഗതാഗതത്തിന് അനുയോജ്യമല്ല. ഇതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തണം.

* ഇളമ്പഴന്നൂരിൽനിന്നും ഇട്ടിവ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കല്യാണിമുക്ക് റോഡ് ഗതാഗതയോഗ്യമാക്കണം.

* പുലിപ്പാറ അണപ്പാട് വഴി വിളയിൽ ഭാഗം റോഡ് ഇട്ടിവ പഞ്ചായത്തിൽ കിഴക്കേദിക്കിനെ കടയ്ക്കലുമായി ബന്ധപ്പെടുത്തുന്ന റോഡാണ്. ടി റോഡിൽ അണപ്പാട് (ഇട്ടിവ പഞ്ചായത്തിൽ) പാലം ഇല്ലാത്തതിനാൽ ഗതാഗതയോഗ്യമല്ല.

* പാറയ്ക്കാട് കുഞ്ഞിമുക്കുവഴി ഇട്ടിവാ പഞ്ചായത്തിലെ പോതിയാരുവിളയ്ക്കുള്ള റോഡും ഗതാഗതയോഗ്യമല്ല.

* 60 ൽപ്പരം ഹരിജനങ്ങൾ താമസിക്കുന്ന ഇടത്തറ ആകുന്നം റോഡ് ഗതാഗത യോഗ്യമാക്കണം.

* കടയ്ക്കൽ പഞ്ചായത്തിൽ തച്ചോണം വാർഡിൽ കിഴക്കേവിള റോഡ് പുളിമാത്ത് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡാണ് പ്രസ്തുത റോഡ്. അടിയന്തിരമായി ഗതാഗതയോഗ്യമാക്കണം.

* കടയ്ക്കൽ പഞ്ചായത്തിനേയും പഴയകുന്നുമ്മേൽ പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന തച്ചോണം വാർഡിലെ കരിക്കകത്തിൽ ഇരുന്നൂറ്റിയിൽ പാലം സ്ഥാപിച്ച് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

താഴെ പറയുന്ന റോഡുകൾ പുതുതായി നിർമ്മിക്കേണ്ടതാണ്. (ഗ്രാമസഭാ നിർദ്ദേശം)

* ചേലക്കോട്ടുനിന്നും വരയറ വരെ ഒന്നര കി.മി. നീളത്തിൽ റോഡ് നിർമ്മിക്കണം.
* വിളയിൽ ആലത്തറമല ഹരിജൻ കോളനി തേക്കുവിള റോഡ് നിർമ്മിക്കണം.
* ആഴാന്തക്കുഴി പച്ചയിൽ ക്ഷേത്രം റോഡ്
* തലക്കോട് പ്ലാവിള റോഡ്
* വിളയിൽ കല്ലട റോഡ്
* കുന്നുംപുറം കിരാല റോഡ്
* പൊടിയനാംകുഴി വരയറ റോഡ്
* കിടങ്ങിൽ മുരുക്കുമൺ റോഡ്
* കാരിയം കുന്നുംപുറം മുരുമൺ റോഡ്
* ഇടത്തറ വട്ടമൺ ഹനുമാൻ ഗിരി റോഡ്
* ശങ്കർ നഗർ കുഴിവിള കുറ്റിക്കാട് റോഡ്
* കറ്റച്ചക്കോണം ഇരപ്പിൽ റോഡ്
* തെന്നശ്ശേരി C.P.H.S. റോഡ്
* പൗർണ്ണമി ജംഗ്ഷൻ മുതൽ കാവഴികത്ത് ജംഗ്ഷൻ റോഡ്
* കുറ്റിക്കാട് U.P.S (പടിഞ്ഞാറ് ഭാഗം) കറ്റച്ചക്കോണം റോഡ്
* സത്യംകോട് ചാരുംമൂട്ട് റോഡ്
* C.P.H.S. (കിഴക്കുവശം) മഠത്തിൽ വാതുക്കൽ റോഡ്
* കോട്ടപ്പുറം ഫാക്ടറി പെരുവിൽ തലയ്ക്കൽ റോഡ്
* സിദ്ധക്കോട് പോച്ചയിൽ റോഡ്
* പിണയ്ക്കാട്ടുകോണം കൊന്നയ്ക്കാട്ട് റോഡ്

* അഴകത്തുവിള പുനയം കോളനി
* I.T.C. റോഡ് LPS വഴി ഗോവിന്ദമംഗലം റോഡ്
* തോട്ടത്ത് വാതുക്കൽ, കാച്ചാണം
* ആൽത്തറമൂട് (ഏറത്തുവാതുക്കൽ) ആലുകുന്ന് റോഡ്
* തുമ്പോട് വളവുംതെങ്ങ് റോഡ്
* കോട്ടപ്പുറം പില്ലാന്നിയോട് റോഡ്
* ഗോവിന്ദമംഗലം കുന്നുംപുറം കടമാൻമൂട് റോഡ്
* ഹെൽത്ത് സെന്റർ കുമ്പളം റോഡ്
* നെല്ലിക്കുന്നം പനമൂട്ടിൽ റോഡ്
* പാങ്ങലുകാട് മൈലവിള കോളനി കോണത്തുവാതുക്കൽ റോഡ്
* പള്ളിത്തെക്കതിൽ വടവട്ടറ ഏലാ റോഡ്
* അംബേദ്കർ മുതയിൽ റോഡ്
* നടപാറ കൊശവൂർക്കോണം റോഡ്
* ചിറയിൽ വാതുക്കൽ ഉടയൻകാവ് വയൽ റോഡ്
* പുള്ളിപ്പച്ച ലക്ഷംവീട് തൃക്കണ്ണാപുരം മിച്ചഭൂമി റോഡ്
* തോണിക്കപ്പൊയ്ക തേക്കുമല റോഡ്
* വലിയകട ഇരപ്പുപാറ മങ്കാട് അമ്പലം വഴിയുള്ള റോഡ്
* തുളസിമുക്ക് വേലംകോണം റോഡ്
* കല്ലുതേരി ചെന്നാകോട് റോഡ്
* ഇടപ്പണമുക്ക് മാങ്കോട് മൂന്നുകല്ലിൻമൂട് റോഡ്
* മൂന്നുകല്ലിൻമൂട് ചെറുകോട് കൊച്ചുകുന്ന് റോഡ്
* പള്ളിമുക്ക് പുതുക്കോട് റോഡ്
* പള്ളിക്കുന്ന് മങ്കാട് റോഡ്
* ഇയ്യക്കോട് ചെറുകോട് റോഡ്
* ആലയിൽ കുമ്മിൾ റോഡ്
* കരിയ്ക്കകം ആലയിൽ റോഡ്
* ഇടപ്പണമുക്ക് തോലിക്കുന്ന് റോഡ്
* ഊന്നൻകല്ല് അണയിൽ റോഡ്
* സംബ്രമം കണ്ണംകോട് റോഡ്
* കണ്ണംകോട് മുല്ലക്കര റോഡ്
* വട്ടത്താമര പൂതക്കുഴി റോഡ്
* ദർപ്പക്കാട് ഇരുന്നൂറ്റിയിൽ റോഡ്
* പ്ലാവറപ്പൊയ്ക തച്ചോണം ക്ഷേത്രം റോഡ്
* മുല്ലക്കര ഹെൽത്ത് സെന്റർ കാക്കോട്ട് പച്ച
* സംബ്രമം മുല്ലക്കര പാലം റോഡ്
* കിളിത്തട്ട് ജംഗ്ഷൻ മുല്ലക്കര ക്ഷേത്രം റോഡ്
* മിൽക്ക് സംഘം ജംഗ്ഷൻ–കോലിഞ്ചി സംബ്രമം
* പ്ലാവറപൊയ്ക കണ്ണംകോട് റോഡ്
* വില്ലേജ് ഓഫീസ് (കുമ്മിൾ കൊട്ടുരുത്തി ഏലാ റോഡ്
* റേഷൻ കട ജംഗ്ഷൻ ചാന്നാട്ട് മുക്ക് റോഡ്
* പേരാപ്പ് പാലം മുണ്ടോണിക്കര റോഡ്
* തച്ചോണം ഹരിജൻ കോളനി ഈട്ടിമൂട്ടിൽ കിഴക്ക് MLA റോഡുവരെയുള്ള റോഡ്
* ഇടപ്പണ പേരാപ്പ് പാലം റോഡ്
* മഹാദേവർ പച്ച മുല്ലക്കര റോഡ്
* പ്ലാംകീഴ് കൊച്ചാലുംമൂട് റോഡ്
* ഈട്ടിമൂട് കിഴക്കേവിള റോഡ്
* ഇരുന്നൂറ്റി കുടപ്പാറ എട്ടുപറയിൽ ഏലാ റോഡ്

# ഊർജ്ജം

കടയ്ക്കൽ പഞ്ചായത്ത് പ്രദേശത്ത് പാചക ആവശ്യത്തിനുള്ള ഊർജ്ജം വിറകിൽനിന്നാണ് ലഭിക്കുന്നത്. ചുരുക്കംപേർ പാചക ഗ്യാസ് ഉപയോഗിക്കുന്നു. വളരെ വിരളമായി മാത്രം ഗോബർ ഗ്യാസ് അടുപ്പുകളും ഉപയോഗിക്കുന്നു. മറ്റുചിലർ മണ്ണെണ്ണയും ഇന്ധനക്ഷമതകൂടിയ മറ്റ് അടുപ്പുകളും ഉപയോഗിക്കുന്നു. വൈദ്യുതി ഉപയോഗിച്ചുള്ള അടുപ്പുകൾ തുലോം വിരളമാണ്. മറ്റ് ഗാർഹികാവശ്യങ്ങൾക്കും പൊതുനിരത്തുകളിൽ വെളിച്ചം നൽകാനുമാണ് പ്രധാനമായും വൈദ്യുതി ഉപയോഗിക്കുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ അച്ചടിശാലകൾ നെല്ലുകുത്ത് ധാന്യം പൊടിക്കൽ, തടിമില്ലുകൾ തുടങ്ങിയവയ്ക്കും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. കച്ചവട സ്ഥാപനങ്ങളും അതോടനുബന്ധിച്ചുള്ള ആവശ്യങ്ങൾക്കുമാണ് മറ്റൊരു വൈദ്യുതോർജ്ജ ഉപയോഗം. കേരളത്തിലെ മറ്റേതൊരു പ്രദേശത്തേയും പോലെ ഈ പ്രദേശത്തെ ജനങ്ങളുടേയും ഊർജ്ജാവശ്യം നിറവേറ്റുന്നത് വൈദ്യുതി ആകയാൽ അതിനെ സംബന്ധിച്ചാണ് ഈ റിപ്പോർട്ടിൽ പ്രധാനമായും പരാമർശിക്കുന്നത്.

കടയ്ക്കൽ പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതി ഉപഭോക്താക്കളുടെ ശരിയായ കണക്ക് ലഭ്യമല്ല. 15000ത്തോളം ഉപഭോക്താക്കളുള്ള കടയ്ക്കൽ സാറ്റലൈറ്റ് സെക്ഷന്റെ അധികാരപരിധിയിൽ ഉദ്ദേശം 26000ത്തോളം വാസഗൃഹങ്ങളുണ്ട്. 9986 വാസഗൃഹങ്ങളുള്ള കടയ്ക്കൽ പഞ്ചായത്തിൽ 5000ത്തോളം ഉപഭോക്താക്കൾ ഉള്ളതായി കണക്കാക്കാം. റിപ്പോർട്ട് പ്രദേശത്ത് ഇപ്പോൾ 22 ട്രാൻസ്ഫോർമറുകളുണ്ട്. നിരത്തുവിളക്കുകൾ 993 എണ്ണം ഉണ്ട്. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകൾ 360 ആണ്. 1990 ഡിസംബർ മുതൽക്കുള്ള അപേക്ഷകൾക്കുവരെ ഇനിയും കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. നിരത്ത് ലൈറ്റിനുവേണ്ടി മാസംതോറും 12198 രൂപ പഞ്ചായത്തിൽനിന്നും വൈദ്യുതി ബോർഡിന് നൽകിവരുന്നു.

കടയ്ക്കൽ പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതി വിതരണച്ചുമതല കടയ്ക്കൽ സാറ്റലൈറ്റ് സെക്ഷനാണ്. ഈ സെക്ഷന്റെ പരിധിയിൽ കടയ്ക്കൽ, ചിതറ, നിലമേൽ, ഇട്ടിവ (ഭാഗികം), കുളത്തൂപ്പുഴ (ഭാഗികം), പെരിങ്ങമ്മല (ഭാഗികം), ചടയമംഗലം (ഭാഗികം) എന്നീ പഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്നു. കടയ്ക്കൽ പഞ്ചായത്ത് പ്രദേശം ഉൾപ്പെട്ട ഈ സെക്ഷന്റെ പരിധിയിൽ വൈദ്യുതി എത്തിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കടുത്ത അവഗണനയാണ് ആദ്യ 7 പഞ്ചവത്സരപദ്ധതിക്കാലയളവിലും ഉണ്ടായിട്ടുള്ളത്. എട്ടാം പദ്ധതിക്കാലത്ത് ചെറിയ തോതിൽ ഇതിനൊരു മാറ്റം ഉണ്ടായെങ്കിലും ആ മാറ്റത്തിന്റെ ഫലം ഇതുവരെ അനുഭവ യോഗ്യമായിട്ടില്ല. ഉദ്ദേശം 150 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള കടയ്ക്കൽ സാറ്റലൈറ്റ് സെക്ഷൻ പരിധിയിൽ ആയൂർ, പാലോട് എന്നിവിടങ്ങളിലെ 66 കെ.വി. സബ്സ്റ്റേഷനുകളിൽനിന്നാണ് വൈദ്യുതി എത്തിക്കുന്നത്. കടയ്ക്കൽ സെക്ഷൻ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് ഇതുവരെ ഒരു ഫീഡർ ലൈൻ ഉണ്ടായിട്ടില്ല. ആയൂർനിന്നുള്ള ചടയമംഗലം ഫീഡറും പാലോടുനിന്നുള്ള ഭരതന്നൂർ ഫീഡറും നീട്ടിയാണ് ഇവിടെ വൈദ്യുതി എത്തിക്കുന്നത്. പലപ്പോഴും പ്രസ്തുത ഫീഡർ പ്രദേശങ്ങളിൽ വോൾട്ടേജ് അസ്ഥിരത ഉണ്ടാകുമ്പോൾ കടയ്ക്കൽ പ്രദേശത്തേയ്ക്കുള്ള വിതരണം വിച്ഛേദിക്കുകയും തന്നിമിത്തം ഒന്നുകിൽ കടയ്ക്കൽ പ്രദേശത്തേയ്ക്കുള്ള വിതരണം നിലയ്ക്കുന്നു; അല്ലെങ്കിൽ, പ്രവർത്തനക്ഷമമല്ലാത്തവിധം കുറഞ്ഞതോതിൽ മറ്റേ സബ്സ്റ്റേഷനിൽനിന്നുള്ള വിതരണം ഉണ്ടാകുന്നു. കുറഞ്ഞതോതിൽ വരുന്നവഴിക്കൊക്കെ വിതരണംചെയ്ത് ബാക്കി വരുന്നത് കടയ്ക്കൽ പ്രദേശത്ത് എത്തിക്കുന്നതുകൊണ്ടുള്ള കുറവിനുപുറമേ സബ്സ്റ്റേഷനിൽനിന്നും വളരെ ദൂരെ സ്ഥിതിചെയ്യുന്ന വിത

രണ പ്രദേശമെന്നതുകൊണ്ട് വിതരണനഷ്ടം കൂടുതലുണ്ടാകുന്നു. ആയൂർ സബ്സ്റ്റേഷനിൽനിന്നും 20 ഉം പാലോട് സബ്സ്റ്റേഷനിൽനിന്നും 25 ഉം കി.മി. ദൂരത്തേയ്ക്ക് വൈദ്യുതി എത്തിക്കേണ്ടതുകൊണ്ടുള്ള വിതരണനഷ്ടം കൂടുതൽ അനുഭവപ്പെടുന്നു. പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി സബ് സ്റ്റേഷനിൽനിന്നും എത്തിക്കുന്നതിൽ എന്നപോലെ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള സംവിധാനത്തിലും നീതീകരിക്കനാവാത്ത അവഗണന നേരിടുന്ന ഒന്നാണ് ഈ പ്രദേശം. കടയ്ക്കൽ പഞ്ചായത്ത് പ്രദേശം വൈദ്യുതി വിതരണത്തിന്റെ ചുമതല കടയ്ക്കൽ സാറ്റലൈറ്റ് സെക്ഷനാണെന്ന് സൂചിപ്പിച്ചുവല്ലോ. കേരളത്തിലെ ബഹുഭൂരിപക്ഷം മേജർ സെക്ഷനുകളിലും 10000ത്തിൽ താഴെ മാത്രം ഉപഭോക്താക്കൾ ഉള്ളപ്പോൾ കടയ്ക്കൽ സാറ്റലൈറ്റ് സെക്ഷനിൽ 15000ത്തിലധികം പേരുണ്ട്. കൂടുതൽ ഉപഭോക്താക്കൾ ഉള്ള മേജർ സെക്ഷനുകളുടെ കീഴിൽ കുറച്ച് ഉപഭോക്താക്കളുള്ള സാറ്റലൈറ്റ് സെക്ഷനുകളാണ് സംസ്ഥാനത്തൊട്ടാകെയുള്ളത്. എന്നാൽ കടയ്ക്കൽ സാറ്റലൈറ്റ് സെക്ഷൻ പ്രവർത്തിക്കുന്നത് ആരംഭംമുതൽ ഇതിന്റെ പകുതി ഉപഭോക്താക്കൾപോലുമില്ലാത്ത ആയൂർ മേജർ സെക്ഷന്റെ കീഴിലാണ്. മേജർ സെക്ഷനിൽ വാഹനവും കൂടുതൽ ജീവനക്കാരും ഉള്ളതുകൊണ്ട് കണക്ഷൻ നൽകുക, അറ്റകുറ്റപ്പണകൾ ചെയ്യുക തുടങ്ങി എല്ലാ മേഖലകളിലും കാലതാമസമെന്യേ കൂടുതൽ സേവനം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. കൂടാതെ പുതിയ കണക്ഷന് എഗ്രിമെന്റ് വയ്ക്കുക, ട്രാൻസ്ഫോർമർ നൽകുക, മറ്റ് അറ്റകുറ്റപ്പണികൽക്ക് അനുവാദം നൽകുക, തുടങ്ങി ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധിച്ച മിക്ക കാര്യങ്ങൾക്കും തീർപ്പ് കൽപ്പിക്കേണ്ടതുമായ അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ മേജർ സെക്ഷനിലാണുള്ളത്. അധികാരപരിധിയുടെ വിസ്തൃതി അവിടത്തെ ഭൂപ്രകൃതി, കൺസ്യൂമർ മാരുടെ എണ്ണം തുടങ്ങിയ ഘടകങ്ങളൊക്കെ കടയ്ക്കൽ ഒരു മേജർ സെക്ഷന് ആരംഭംമുതലേ അനുകൂലഘടകങ്ങളായിരുന്നിട്ടും ഇപ്പോഴും ഒരു സാറ്റലൈറ്റ് സെക്ഷനായി തുടരുന്നത് വൈദ്യുതി ബോർഡിന്റെ അവഗണനയ്ക്ക് ഉദാഹരണമാണ്. സ്റ്റാഫിന്റെ എണ്ണക്കുറവും വാഹനമില്ലായ്മയും കുന്നുംമലയും നിറഞ്ഞ പ്രദേശമാകയാലും ഈ പ്രദേശത്തെ വൈദ്യുതി വിതരണത്തിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിലും കാലതാമസം നേരിടുന്നു.

ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമറുകൾ, 11 KV ലൈൻ, ത്രീ ഫേസ് ലൈൻ തുടങ്ങിയവ ഇവിടെ ആവശ്യത്തിനില്ല. സബ് സ്റ്റേഷനിൽനിന്നും വൈദ്യുതി എത്തിക്കുന്നതിലും എത്തിക്കുന്ന വൈദ്യുതി വിതരണം ചെയ്യുന്നതിലുമുള്ള പോരായ്മകൊണ്ട് വോൾട്ടേജ്ക്ഷാമം രൂക്ഷമാണ്. 230 വോൾട്ടിൽ ഓരോ ഉപഭോക്താവിനും വൈദ്യുതി എത്തിക്കാൻ ബോർഡ് ബാധ്യസ്ഥമാണെന്നിരിക്കെ കടയ്ക്കൽ പ്രദേശത്തെ മിക്ക ട്രാൻസ്ഫോർമർ സ്ഥാനത്തും നൂറിൽത്താഴെ വോൾട്ടാണ് ഉള്ളത്. അത് ഉപഭോക്താവിന് എത്തുമ്പോഴേയ്ക്കും പീക്ക് ലോഡ് സമയത്ത് 25 വോൾട്ട്പോലും കിട്ടാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. (ഉദാ: ഈയ്യക്കോട്, മങ്കാട്, കാരയ്ക്കാട്, വലിയവേങ്കാട്, വാലുപച്ച, കാറ്റാടിമൂട്, നെടുമൺപുരം, ഇടത്തറ) പഞ്ചായത്തിലുള്ള 993 തെരുവുവിളക്കുകളിൽ 15% പോലും പ്രകാശിക്കുന്നവയല്ല. പ്രതിമാസം 12198 രൂപ വൈദ്യുതി ചാർജ്ജായി പഞ്ചായത്ത് അടയ്ക്കുന്നെങ്കിലും ബോർഡിന്റെ സേവനം തൃപ്തികരമല്ല.

മേൽ ഖണ്ഡികയിൽ വിവരിച്ച പശ്ചാത്തലത്തിൽ ഗ്രാമസഭകളിൽ നടന്ന ചർച്ച ഇപ്പോഴത്തെ നിലയിൽ അവലോകനം ചെയ്തുകൊണ്ടും ആയവയ്ക്കുണ്ടാകേണ്ട പരിഹാരത്തിന് ഊന്നൽ കൊടുത്തുകൊണ്ടുമായിരുന്നു. വോൾട്ടേജില്ലായ്മ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട ആവശ്യകത, കടയ്ക്കൽ–ചിതറ ഭാഗത്ത് ഒരു 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം വൈദ്യുതി എത്താത്ത പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി എത്തിക്കുക, തെരുവ് വിളിക്കുകൾ സ്ഥാപിക്കുക, എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതായിരുന്നു. ഗ്രാമസഭയിലെ ചർച്ചയുടെ വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

A..1. കടയ്ക്കൽ–ചിതറഭാഗത്ത് ഒരു

സബ്സ്റ്റേഷൻ സ്ഥാപിക്കുക.

2. ഇപ്പോൾ പണിനടക്കുന്ന കിളിമാന്നൂർ സബ്സ്റ്റേഷന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.

3. പഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ അനുവദിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെ പുതുതായി ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും അങ്ങനെ ചെയ്യുമ്പോൾ ഇപ്പോൾ ട്രാൻസ്ഫോർമറുകൾ ഇല്ലാത്ത വാർഡുകൾക്കും വോൾട്ടേജ് ഏറ്റവും കുറവുള്ള പ്രദേശങ്ങൾക്കും മുൻഗണന നൽകുക.

വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി ആയൂർ സബ്സ്റ്റേഷനിൽനിന്നും ചടയമംഗലത്തേയ്ക്ക് വലിച്ച സമാന്തര ഫീഡറിന്റെ മുഴുവൻ പ്രയോജനം ലഭ്യമാകുംവിധം സബ്സ്റ്റേഷനിൽ ക്യൂബിക്കിൾ ഏർപ്പെടുത്തുക.

4. കിളിമാനൂർ സബ്സ്റ്റേഷനിൽനിന്നും നിർദ്ദേശിച്ച കടയ്ക്കൽ ഫീഡർ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുക.

അടുത്ത മൂന്നുവർഷത്തിനകം വൈദ്യുതി എത്താത്ത പഞ്ചായത്ത് പ്രദേശങ്ങൾ മുഴുവൻ വൈദ്യുതി എത്തിക്കുക.

5. കൃത്യമായ വോൾട്ടേജിൽ ഉപഭോക്താവിന് വൈദ്യുതി കിട്ടാൻ ആവശ്യമായത്ര 11 KV, ത്രീഫേസ്, സിംഗിൾ ഫേസ് തുടങ്ങിയ ലൈൻ വലിക്കുക.

B. 1. കടയ്ക്കൽ വൈദ്യുതി സെക്ഷൻ മേജർ സെക്ഷനാക്കുക.

2. 1990 മുതലുള്ള സാധാരണ അപേക്ഷ കരടക്കം കണക്ഷൻ കൊടുക്കാൻ ബാക്കിയുള്ള മുഴുവൻ അപേക്ഷകർക്കും കണക്ഷൻ നൽകുക.

3. കത്താത്ത തെരുവ് വിളക്കുകൾ കത്തിക്കുകയും പുതിയതായി അനുബ്ധത്തത്തിൽ പറഞ്ഞിട്ടുള്ള കണക്ഷനുകൾ മുൻഗണനാക്രമത്തിൽ നൽകുകയും ചെയ്യുക.

4. ഇലക്ട്രിക് ലൈനുകളിൽ വീണുകിടക്കുന്ന മരച്ചില്ലകൾ ഭീമമായ വിതരണനഷ്ടം ഉണ്ടാക്കുമെന്നതിനാൽ ലൈനുകളിലുള്ള മരച്ചില്ലകൾ മെയിൻ ലൈനിൽ തട്ടാതിരിക്കുംവിധം മുൻകരുതലുകൾ എടുക്കുകയും ചെയ്യുക. ലൈനിൽ മരച്ചില്ല വീഴാതെ നോക്കുന്ന ചുമതല മരത്തിന്റെ ഉടമസ്ഥൻ ഉറപ്പാക്കുക.

5. കുമ്മിൾ, തച്ചോണം എന്നീ വാർഡുകളിൽ ലൈൻമാന്റെ സേവനം ഉറപ്പുവരുത്തുക.

6. പഞ്ചായത്തിലെ വൈദ്യുതി വിതരണം അറ്റകുറ്റപ്പണികൾ എന്നിവ പഞ്ചായത്തുകളെ ഏൽപ്പിക്കണം.

## പഞ്ചായത്തിന് ഒരു കർമ്മപരിപാടി

ഗ്രാമപഞ്ചായത്ത്തലത്തിൽ നടപ്പാക്കാവുന്ന പദ്ധതിയാണ് ദക്ഷതകൂടിയ അടുപ്പുകളുടെ വിതരണം. അടുത്തഅഞ്ചുവർഷംകൊണ്ട് പുതുതായി 1000 അടുപ്പുകളെങ്കിലും വിതരണം ചെയ്യണം. പരിഷത്ത് അടുപ്പ് സ്ഥാപിക്കാൻ ഏതാണ്ട് 325 രൂപ ചെലവുവരും. അതിൽ 235രൂപ സബ്സിഡിയായി അനർട്ടിൽനിന്ന് ലഭിക്കും. ഓരോ അടുപ്പിനും 50രൂപ പഞ്ചായത്തിൽനിന്നും സബ്സിഡിയായി നൽകണം. ഇക്കാര്യത്തിൽ വ്യാപകമായ പ്രചാരണം നടത്തണം. വായനശാലകൾ, സ്ക്കൂളുകൾ, സിനിമാശാലകൾ തുടങ്ങിയവയുടെ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പാക്കണം.

## ഗ്രാമസഭാതീരുമാനം

## ഇളമ്പഴന്നൂർ വാർഡ്

വൈദ്യുതി വോൾട്ടേജ് തൃപ്തികരമല്ല. പ്രധാന ജംഗ്ഷനുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം. കാറ്റാടിമൂട്ടിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. പുകയില്ലാത്തതും വിറക് ലാഭിക്കുന്നതുമായ അടുപ്പുകൾ പ്രചാരത്തിലില്ല. ഇതിനുവേണ്ടി ബോധവൽക്കരണം ആവശ്യമാണ്. കൃഷ്ണപുരം, ഊരാളിക്കോട് ഊന്നൻപാറ നെടുമൺപുരം, പച്ചയിൽ പെരുവിൻ തലയ്ക്കൽ പേരയത്ത് ഹരിജൻ കോളനി, ആലത്തിക്കോണം, തൊണ്ടാട്ട് കോണം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

**2. ഇടത്തറ വാർഡ്**

വാർഡിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എത്താത്ത സ്ഥിതിയാണ്. ആകുന്നം മുതൽ ആലത്തറ മല പാറയിൽവരെ ഒരു കി.മി. നീളത്തിൽ വൈദ്യുതി ലൈൻ പിടിക്കണം. ഇതു

മൂലം 50ൽപ്പരം വീടുകൾക്ക് കണക്ഷൻ നൽകാൻ കഴിയണം. കിടങ്ങിൽമുതൽ പനമുക്കുവരെ അര കി.മി വൈദ്യുതി ലൈൻ നീട്ടി 30ൽപ്പരം കുടുംബങ്ങൾക്ക് കണക്ഷൻ നൽകണം. ചെക്കാലക്കുന്നുമുതൽ വരയറ വരെ 2 കി.മി. ലൈൻ നീട്ടി 100ൽപ്പരം കുടുംബങ്ങൾക്ക് കണക്ഷൻ നൽകണം. പ്ലാവിള മുതൽ വരയറവരെ 2 കി.മി. ലൈൻ നീട്ടി 75ൽപ്പരം കുടുംബങ്ങൾക്ക് വൈദ്യുതി നൽകണം. മണ്ണടിക്കോണം മുതൽ നെടുമൺപുരം വരെ 3 കി.മി. ലൈൻ നീട്ടിയാൽ 150ൽപ്പരം കുടുംബങ്ങൾക്ക് കണക്ഷൻ നൽകാൻ കഴിയും. പച്ചയിൽ ക്ഷേത്രം മുതൽ കമ്പനിമല വഴി വട്ടക്കൈത വരെ 2 കി.മി. ലൈൻ നീട്ടി 35 വീടുകൾക്ക് കണക്ഷൻ നൽകണം. ആൽത്തറമല പാറയിൽനിന്ന് നെടുമൺപുരം വരെ അര കി.മി. ലൈൻനീട്ടി 30 കുടുംബങ്ങൾക്ക് കണക്ഷൻ നൽകണം. കുന്നുംപുറം ലക്ഷംവീടുമുതൽ കമ്പനിമലവരെ ഒന്നര കി.മി. ലൈൻ നീട്ടിയാൽ 50ൽപ്പരം കുടുംബങ്ങൾക്ക് കണക്ഷൻ നൽകാൻ കഴിയും. കല്ലണയിൽനിന്ന് തേക്കുവിളയിലേയ്ക്കുള്ള റോഡിൽ ഒന്നര കി.മി. ലൈൻ നീട്ടണം. 25 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. പ്ലാവിളമുതൽ കുളവിയോട് വഴി നെടുമൺപുരംവരെ 5 കി.മി. ലൈൻ നീട്ടി 15ൽപ്പരം കുടുംബങ്ങൾക്ക് കണക്ഷൻ നൽകണം. 25 തെരുവ് വിളക്കുകൾ ഉണ്ട്. അവയിൽ 5 എണ്ണം കത്തുന്നു. ബാക്കി കത്തുന്നവയല്ല.

### 3. കുറ്റിക്കാട്

വാച്ചീക്കോണം കുന്നിൻപുറം, ചാങ്കുവിള, നക്രാംകോണം, വടക്കേവയൽ ഹരിജൻ കോളനി, അരിനിരത്തുംപാറ, കുഴിവിള ഹരിജൻ കോളനി, ശല്യരുകുന്ന്, നെടുമൺപുരം, പറയാട് കൂവയടി, പോച്ചയിൽ എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്താത്തതിന് പ്രധാന കാരണം സാമ്പത്തിക ബുദ്ധിമുട്ടാണ്. വോൾട്ടേജ് തൃപ്തികരമല്ല. 15ഓളം തെരുവുവിളക്കുകളുണ്ട്. കത്താറില്ല. പോങ്ങുമല, കൂവയടി, കുറ്റിക്കാട്, ആയിരവല്ലിക്കുന്ന്, പോച്ചയിൽ, വാച്ചിക്കോണം, ശങ്കർനഗർ, എല്ലുകാട്, വെള്ളാർവട്ടം, കോട്ടപ്പുറം, സത്യൻകോട്, വടക്കേവയൽ, നെല്ലിപ്പള്ളി, കുഴിവിളിക്കോളനി, അരിനിരത്തുംപാറ, കോട്ടപ്പുറം ലക്ഷംവീട് കോളനി, ശല്യരുകുന്ന്, നെടുമൺപുരം എന്നിവിടങ്ങളിൽ പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

കുറ്റിക്കാട്, കറ്റച്ചക്കോണം, കുറ്റിക്കാട് UPS ജംഗ്ഷൻ, വാച്ചിക്കോണം ജംഗ്ഷൻ, ശങ്കർനഗർ, കോട്ടപ്പുറം, പാലമൂട് (വടക്കേവയൽ), കുറ്റിക്കാട് വയലിൽക്കട, CPHS ജംഗ്ഷൻ, കോട്ടപ്പുറം ലക്ഷംവീട് കോളനി എന്നിവടങ്ങളിൽ വേപ്പർ ലാംബ് സ്ഥാപിക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കടയ്ക്കലോ ചിതറയിലോ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കണം.

### 4. കാരയ്ക്കാട്

വലിയവേങ്കാട്, പുലിപ്പാറ, ചെന്നിലം, നെല്ലിപ്പള്ളി, പിണയ്ക്കാട്ടുകോണം, കൊന്നയ്ക്കാട്ട്, മേലേ പന്തളം മുക്ക് ചരുവിള എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വലിയവേങ്കാട്-പുലിപ്പാറ പ്രദേശത്ത് മിനിമം ഗാരന്റി വച്ച് 8 വർഷമായിട്ടും കണക്ഷൻ കിട്ടിയിട്ടില്ല. സർക്കാരിന്റെയും മറ്റ് ഏജൻസികളുടേയും അനാസ്ഥയാണ് വൈദ്യുതി എത്താത്തതിന് കാരണമെന്ന് അഭിപ്രായമുണ്ട്. വോൾട്ടേജ് തൃപ്തികരമല്ല. വാർഡിൽ തെരുവ് വിളക്കുകളില്ല. ചിങ്ങേലി, കൊടിഞ്ഞം, പോങ്ങുമല, നെല്ലിപ്പള്ളി, പാലമൂട്, കാരയ്ക്കാട്, വലിയവേങ്കാട് മേഖലകളിൽ പുതുതായി തെരുവുവിളക്കുകൾ സ്ഥാപിക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. ദുർബ്ബലവിഭാഗത്തിൽപ്പെട്ടവർക്ക് പഞ്ചായത്തിൽനിന്നും വയറിംഗ് നടത്തിയിട്ടുള്ള വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ നൽകണം.

### 5. പാലയ്ക്കൽ

വാർഡിന്റെ പല ഭാഗങ്ങളിലും വൈദ്യുതി ഇല്ല. ഈട്ടിമൂട്ടിൽനിന്ന് ഇരുട്ടുകാട് വഴി പാലയ്ക്കൽവരെ 500 മീറ്റർ ലൈൻ നീട്ടിയാൽ 50ലധികം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാകും. അമ്പാടിമുക്കിൽനിന്നും അഴകത്തുവിള, പുനയം കോളനിവഴി പാലയ്ക്കൽവരെ 800 മീ ലൈൻ നീട്ടിയാൽ 80 ൽ അധികം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാം. തോട്ടംമുക്കിൽനിന്ന് കമ്മ്യൂണിസ്റ്റ്കുന്നുവഴി തേക്കിൽവരെ 500 മീറ്റർ ലൈൻ നീട്ടിയാൽ 40 കുടുംബങ്ങൾക്ക് കണക്ഷൻ നൽകാം. അഴക

ത്തുവിളയിൽനിന്നും മുകുന്ദേരിയിലേയ്ക്ക് 400 മീ. ലൈൻ നീട്ടി വൈദ്യുതി ലഭ്യമാക്കണം. ഇരുട്ടുകാട് തോട്ടുംഭാഗംവഴി കാഞ്ഞിരത്തുംമൂടുവരെ ഒരു കി.മി ലൈൻ നീട്ടണം. കന്യാർമംഗലം, പാവല്ല, ചെന്നിലം, വലിയവേങ്കാട് എന്നീ സ്ഥലങ്ങളിലേയ്ക്ക് ഒന്നര കി.മി. ലൈൻ നീട്ടണം. കിണറ്റുമുക്കിൽനിന്നും മേലേ പാലയ്ക്കൽ വഴി ഇരുട്ടുകാട്ടിലേയ്ക്ക് ഒരു കി.മി. ലൈൻ നീട്ടണം. കിണറ്റുമുക്കിൽനിന്നും താഴേ മുളങ്കാട്ടുകുഴി വഴി മുളങ്കാട്ട് കുഴിയിലേയ്ക്ക് 1 KM ലൈൻ നീട്ടണം കന്യാർകുഴി, ചൂരയ്ക്കൽ, ഇരുട്ടുകാട്-ചൂരയ്ക്കൽ ഭാഗങ്ങളിലേയ്ക്ക് 500 M വീതം ലൈൻ നീട്ടണം. മുളങ്കാട്ടുകുഴിയിൽനിന്നും മേലേപാലയ്ക്കലേയ്ക്ക് 1 KM ലൈൻ നീട്ടണം. മുൻഗണനാക്രമത്തിൽ 450 തെരുവുവിളക്ക് സ്ഥാപിക്കണം. ഗതാഗത തടസ്സമുണ്ടാക്കുന്ന അമ്പതോളം പോസ്റ്റുകൾ റോഡിന്റെ സൈഡിലേയ്ക്ക് മാറ്റി സ്ഥാപിക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. ആയതിന് ചിതറ 110 KV സബ് സ്റ്റേഷനും മുകുന്നേരി, ഈട്ടിമുക്ക്, കിണറ്റുംമുക്ക്, എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കണം.

**6. കടയ്ക്കൽ സൗത്ത്**

വാർഡിന്റെ പല ഭാഗങ്ങളിലും-വൈദ്യുതി എത്തിയിട്ടില്ല. എറ്റിൻ കടവ് മേടയിൽ റോഡിൽ ഒന്നര കി.മി. ലൈൻ നീട്ടി 100ലധികം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കണം. കീരിപുറത്ത് കുന്നുംപുറത്തുനിന്നും ചേലക്കാടുവരെ ഒന്നര കി.മി. ലൈൻ നീട്ടിയാൽ 150ലധികം കുടുംബങ്ങൾക്ക് കണക്ഷൻ എടുക്കുവാൻ കഴിയും. മണിയൻമുക്ക് പൊയ്കവിള റൂട്ടിൽ 1 കി.മി. നീട്ടി 30ലധികം കുടുംബങ്ങൾക്ക് വൈദ്യുതി നൽകണം. ഏറ്റിൻകടവ് ആറ്റുപുറം റോഡിൽ അർത്തിങ്ങൽ ഭാഗത്ത് 500 M ലൈൻ പിടിച്ച് രണ്ട് ഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിച്ചാൽ 10 കുടുംബങ്ങൾക്ക് പ്രയോജനമുണ്ടാകും. വരയറ മേടയിൽ, കീരിപുറം-ട്രഷറിറോഡ് ആറ്റുപുറം ചായിക്കോട് മേഖലകളിൽ അടിയന്തിരമായി ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

വാർഡിൽ 40 തെരുവ് വിളക്കുകളുണ്ട്. ഇതിൽ കത്തുന്നത് 18 എണ്ണം മാത്രമാണ്. ൗണിന്റെ പ്രധാന ഭാഗങ്ങളിൽ 15 സോഡിയം വേപ്പർ ലാമ്പും മറ്റ് ഭാഗങ്ങളിൽ 40 തെരുവ് വിളക്കുകളും സ്ഥാപിക്കണം.

**7. ൗൺ നോർത്ത്**

വൈദ്യുതി വോൾട്ടേജ് തൃപ്തികരമല്ല. തെരുവുവിളക്കുകൾ കത്തുന്നില്ല. പ്രധാനപ്പെട്ട എല്ലാ ജംഗ്ഷനിലും തെരുവുവിളക്ക് സ്ഥാപിക്കണം. മണലി, മണലിമൂന്നുമുക്ക്, കോട്ടപ്പുറം-മാമ്പിലാക്കോണം എന്നീ പ്രദേശങ്ങളിൽ ലൈൻ നീട്ടി വൈദ്യുതി എത്തിക്കണം.

**8. ആറ്റൂപുറം**

റോഡ് കുറവായതുകൊണ്ട് പലഭാഗത്തും വൈദ്യുതി എത്തുന്നില്ല. വൈദ്യുതി വോൾട്ടേജ് തീരെയില്ല. 10 തെരുവുവിളക്കുണ്ട്. കത്തുന്നവ കുറവാണ്. ആഴാന്തക്കുഴി, മിഷ്യൻകുന്ന്, ഇണ്ടവിള, പുല്ലുപണ, ഇരട്ടക്കുളം, പാലോണം ഹരിജൻ കോളനി എന്നീ പ്രധാന കേന്ദ്രങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം. മിഷ്യൻ കുന്നിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

**9. ആനപ്പാറ**

ചിങ്ങേലി തൃക്കണ്ണാപുരം റോഡ് വൈദ്യുതീകരിക്കണം. സീഡ് ഫാം ജംഗ്ഷനിൽനിന്നും (കൈചൂണ്ടി Jn.) ആനപ്പാറവരെയുള്ള റോഡിൽ ലൈൻ വലിച്ച് തെരുവുവിളക്ക് സ്ഥാപിക്കണം. ആനപ്പാറനിന്നും പുതുക്കോണംവഴി മാർക്കറ്റിലേയ്ക്ക് ലൈൻ വലിച്ച് തെരുവുവിളക്ക് സ്ഥാപിക്കണം. ആനപ്പാറ-കാട്ടുകുളങ്ങര-ഗോവിന്ദമംഗലം റോഡ്ഭാഗങ്ങൾ വൈദ്യുതീകരിക്കണം. കൊച്ചുകലുങ്ക് ചാന്നാർകോണം റോഡ് വൈദ്യുതീകരിക്കണം. ചെട്ടിയാർകോണം ചാന്നാർ കോണം റോഡ് വൈദ്യുതീകരിക്കണം. ചിങ്ങേലിച്ചിറയ്ക്ക് സമീപം ഒരു ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

**10. ഈയ്യക്കോട്**

കോക്കാട്ടുകുന്ന് മേഖലയിലും, കൊച്ചുകുന്നുമുതൽ ചെറുകോട് വരെയുള്ള മേഖലയിലും കൊച്ചുകുന്നുമുതൽ കന്നിക്കുഴിവരെയുള്ള പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ട് പത്തുവർഷത്തോളമായെങ്കിലും നടപടി ഒന്നും ഉണ്ടായിട്ടി

ല്ലെന്ന് പരാതിയുണ്ട്. വോൾട്ടേജ് തീരെയില്ല. അത് പരിഹരിക്കുന്നതിന് ഗോവിന്ദമംഗലത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. ഗോവിന്ദമംഗലം മുതൽ കന്നിക്കുഴിവരെയും, മുക്കുന്നം മുതൽ ഈയ്യക്കോടുവരെയും, ഈയ്യക്കോടുമുതൽ LMLPS വരെയും, കുമ്പളം മുതൽ കടമാൻമൂടുവരെയും, കോക്കാട്ടുകുന്ന് കോളനി, കൊച്ചുകുന്ന്, ചെറുകോട് എന്നിവിടം വരെയും തെരുവുവിളക്ക് സ്ഥാപിക്കണം. ഗോവിന്ദമംഗലംമുതൽ ആനപ്പാറവരെയും മുക്കട PH സെന്റർ, കന്നിക്കുഴി പുല്ലുപണ എന്നിവിടങ്ങൾ വരെയും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. കൊച്ചുകുന്നുമുതൽ വെങ്കട്ടക്കുഴിവരെ പുതിയ ലൈൻ വലിക്കണം.

**11. ദർപ്പക്കാട്**

പാങ്ങലുകാട്മുതൽ പനമൂട്ടിൽ പുതിയ ലൈൻ വലിക്കണം. വാർഡിൽ തെരുവ് വിളക്കുകൾ ഉണ്ടെങ്കിലും നിത്യേന കത്താറില്ല. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്.

**12. മങ്കാട്**

വാർഡിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൽ കൂടുതലാണ്. പുള്ളിപ്പച്ച ലക്ഷംവീട് കോളനി, തൃക്കണ്ണാപുരം ലക്ഷം വീട് കോളനി, തുളസിമുക്ക്, കൊച്ചുകോണം, കൊണ്ടോടി, കറുത്തതടം, ഇരപ്പുപാറ, ചണ്ണയ്ക്കപ്പൊയ്ക, മുക്കുതോട്, വാറുതോടി, തോണിക്കപ്പൊയ്ക എന്നീ ഭാഗങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

വാർഡിലാകെ 12 തെരുവുവിളക്കുകളുണ്ടെങ്കിലും അത് സ്ഥിരമായി കത്താറില്ല. വോൾട്ടേജ് ക്ഷാമമുണ്ട്.

**13. പുതുക്കോട്**

മൂന്നുകല്ലുംമൂട്, മാങ്കോട്, ചെറുകോട്, തോലിക്കുന്ന്, കുത്തുപാറ കോളനി, ഇടപ്പണമുക്ക്, മേലേ കരിക്കകം, പള്ളിക്കുന്ന്, സംഭ്രമം കോളനി തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.

**14. കുമ്മിൾ**

കോലിഞ്ചി, കണ്ണങ്കോട്, മുല്ലക്കര, കരിയിലപ്പച്ച, എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വോൾട്ടേജ് ക്ഷാമം വളരെയാണ്. വാർഡിൽ തെരുവുവിളക്കുകൾ ഉണ്ടെങ്കിലും കത്താറില്ല. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിച്ച് നിത്യേന കത്തിക്കാനുള്ള സംവിധാനമുണ്ടാകണം.

**15. തച്ചോണം**

തച്ചോണം ഹരിജൻ കോളനി, പച്ചയിൽ, ചെറിയവേങ്കോട് മുല്ലക്കര ഹരിജൻ കോളനി, കിഴക്കേവിള തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വോൾട്ടേജ് ക്ഷാമം അതിരൂക്ഷം. ഈട്ടിമൂട് പ്രദേശം കല്ലറ സബ്ഡിവിഷന്റെ കീഴിലാക്കിയാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം. ഇത് ലിങ്ക് ചെയ്യുന്നതിന് രണ്ട് പോസ്റ്റുകൾ മതി. വാർഡിൽ തെരുവുവിളക്ക് ഉണ്ടെങ്കിലും കത്താറില്ല.

# മാർക്കറ്റ്

കൊല്ലം ജില്ലയുടെ കിഴക്കുഭാഗത്ത് സഹ്യാദ്രിസാനുക്കളിൽനിന്ന് 15 കി.മി. പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് കടയ്ക്കൽ ഗ്രാമപഞ്ചായത്ത്. ഭൂപ്രകൃതികൊണ്ടും ഫലഭൂയിഷ്ടമായ മണ്ണായതുകൊണ്ടും ഏറെക്കുറെ ഈ പ്രദേശം അനുഗ്രഹീതമാണെന്ന് പറയാം. കടയ്ക്കൽ മാർക്കറ്റിലെ ഫീസ് പിരിവുമായി ബന്ധപ്പെട്ട് രൂപം പ്രാപിച്ചതാണ് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിത്തീർന്ന കടയ്ക്കൽ വിപ്ലവം. ആയത്, സ്വാതന്ത്ര്യ സമ്പാദനത്തോടുകൂടിയാണ് കെട്ടടങ്ങിയത്.

## അവലോകനം

48.89 ച.കി.മി. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 3 പബ്ലിക്ക് മാർക്കറ്റുകൾ നിലവിലുണ്ട്. തച്ചോണം വാർഡിൽ കുന്നിക്കട എന്ന സ്ഥലത്ത് മാർക്കറ്റിനുവേണ്ടി 60 സെന്റ് സ്ഥലം വാങ്ങിയെങ്കിലും മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

## നിലവിലുള്ള മാർക്കറ്റുകൾ വിസ്തീർണ്ണം

| | |
|---|---|
| 1. കടയ്ക്കൽ പബ്ലിക് മാർക്കറ്റ് | 2 ഏക്കർ 56 സെന്റ് |
| 2. കുമ്മിൾ പബ്ലിക് മാർക്കറ്റ് | 50 സെന്റ് |
| 3. ഇളമ്പഴന്നൂർ പബ്ലിക് മാർക്കറ്റ് | 10 സെന്റ് |

നിലവിലുള്ള മാർക്കറ്റുകളിൽനിന്ന് വർഷംതോറും ഒന്നരലക്ഷത്തിലധികം രൂപ പഞ്ചായത്തിന് വരുമാനമുണ്ട്. ജില്ലയിലെ പ്രധാനപ്പെട്ട മാർക്കറ്റുകളിലൊന്നായ കടയ്ക്കൽ മാർക്കറ്റിന് 100 വർഷത്തിലധികം പഴക്കമുണ്ട്. കാർഷിക പ്രാധാന്യമർഹിക്കുന്ന ഈ പഞ്ചായത്തിലെ കാർഷിക വിഭവങ്ങൾ പ്രധാനമായി വിറ്റഴിക്കുന്നത് കടയ്ക്കൽ മാർക്കറ്റിലാണ്. കടയ്ക്കൽ ജംഗ്ഷനിൽ പഞ്ചായത്ത് ആഫീസ് പ്രവർത്തിക്കുന്ന കോംമ്പൗണ്ടിൽ നടത്തിക്കൊണ്ടിരുന്ന കടയ്ക്കൽ മാർക്കറ്റ് ടൗണിന്റെ വികസനവുമായി ബന്ധപ്പെട്ട് കടയ്ക്കൽ സീഡ് ഫാമിനുസമീപം പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. ആഴ്ചയിൽ രണ്ടുദിവസം (തിങ്കൾ, വ്യാഴം) ആണ് കടയ്ക്കൽ മാർക്കറ്റ് പ്രവർത്തിക്കുന്നത്. കുരുമുളക്, നാളീകേരം, വാഴക്കുല, മരച്ചീനി, കശുവണ്ടി, പച്ചക്കറി, മത്സ്യം തുടങ്ങിയവയാണ് പ്രധാന കച്ചവട സാധനങ്ങൾ. മറ്റ് രണ്ട് മാർക്കറ്റുകളിലേയും പ്രവർത്തനം പരിശോധിച്ചാൽ കടയ്ക്കൽ മാർക്കറ്റിന്റെ അവസ്ഥയിൽനിന്നും വ്യത്യസ്തമല്ലെന്ന് കാണാവുന്നതാണ്. സ്ഥലപരിമിതിയാണ് മുഖ്യപ്രശ്നം. ഗ്രാമസഭകളുടെ ചർച്ചയിൽ ഇക്കാര്യം പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. മാർക്കറ്റിനുള്ളിൽ കച്ചവടക്കാർക്ക് കച്ചവടം ചെയ്യുന്നതിന് ആവശ്യമായ സ്റ്റാളുകൾ നിർമ്മിക്കണം.

2. മൃഗങ്ങളെ കശാപ്പുചെയ്യുന്നതിന് വൃത്തിയുള്ളതും സൗകര്യപ്രദവുമായ കശാപ്പുശാലകൾ നിർമ്മിക്കണം.

3. മാർക്കറ്റ് ദിവസം കഴിഞ്ഞാലുടനെ തന്നെ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടാകണം.

4. മാർക്കറ്റ് വൃത്തിയായി സൂക്ഷിക്കുന്നതിന് ആവശ്യമായ സാനിട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തണം.

5. മത്സ്യ വിൽപ്പന മാർക്കറ്റിന്റെ ഒഴിഞ്ഞ ഭാഗത്ത് സ്റ്റാൾ കെട്ടി ആരംഭിക്കണം.

6. മാർക്കറ്റിനുള്ളിൽ വെള്ളം കെട്ടിനിന്ന് നീർക്കെട്ടുണ്ടാകാതിരിക്കാൻ കോൺക്രീറ്റ് ചെയ്യണം.

7. മാർക്കറ്റിനുള്ളിൽ തുറസ്സായതും വൃത്തി

ഹീനവുമായ സ്ഥലത്ത് ആടുമാടുകളെ കശാപ്പുചെയ്യുന്ന രീതി നിർത്തലാക്കണം.

8. പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽമാത്രം ഫീസ് ഈടാക്കുക.

9. കയറ്റിറക്ക് തൊഴിലാളികൾ കർഷകരിൽ അമിതമായി വസൂലാക്കുന്ന കൂലി നിർത്തലാക്കുവാൻ നടപടി ഉണ്ടാകണം. തൊഴിലാളികൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകണം.

10. ചന്തയ്ക്കകത്ത് സൗകര്യപ്രദമായി സ്ത്രീകൾക്കും പുരുഷന്മാർക്കും മൂത്രപ്പുരകൾ ഉണ്ടാക്കണം.

11. ചന്തദിവസം അളവ്തൂക്ക ഉദ്യോഗസ്ഥന്മാരുടെ സേവനം ചന്തയിൽ ഉറപ്പുരുത്തണം.

12. മാർക്കറ്റിന് സമീപം യാത്രക്കാർക്ക് വാഹനം പ്രതീക്ഷിച്ചുനിൽക്കാൻ വെയിറ്റിംഗ് ഷെഡ് പണിയുക.

## ഗ്രാമസഭാ നിർദ്ദേശം

കുറ്റിക്കാട്, പഞ്ചായത്ത് സ്ഥലം വാങ്ങി ഒരു ചന്ത സ്ഥാപിച്ച് ജംഗ്ഷനിൽ ജനങ്ങൾ നടത്തുന്ന ചന്ത സൗകര്യപ്രദമാക്കണം.

ആലത്തറമല, അണപ്പാട്, പാലയ്ക്കൽ, ഇണ്ടവിള, ദർപ്പക്കാട്, ഈയ്യക്കോട്, ഗോവിന്ദമംഗലം മങ്കാട്, പുതുക്കോട് എന്നീ സ്ഥലങ്ങളിൽ അന്തിച്ചന്ത ആരംഭിക്കണം.

തച്ചോണം വാർഡിലെ കുന്നിൽക്കട ചന്ത പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

# ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം

കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും, വിശകലനംചെയ്ത് തീരുമാനിച്ച്, അവ നടപ്പിലാക്കുകയും ചെയ്യുമ്പോൾ ആരോഗ്യ സംവിധാനത്തെക്കുറിച്ചുള്ള ചില പൊതുധാരണകൾ കണക്കിലെടുക്കേണ്ടതുണ്ട്.

ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ളത് ശാരീരികവും മാനസികവും, സാമൂഹ്യവുമായ ഒരു സുസ്ഥിതി കൈവരിക്കുമ്പോൾ മാത്രമേ യഥാർത്ഥ ആരോഗ്യം നിലവിൽ വരൂ എന്നാണ്. ഇത് സാദ്ധ്യമാകണമെങ്കിൽ സമീകൃതാഹാരം, വ്യായാമം, വിനോദം, സമൂഹവുമായി ഇണങ്ങിച്ചേരാനുള്ള മാനസികാവസ്ഥ കരുപിടിപ്പിക്കൽ, വ്യക്തിത്വവികാസം, സദാചാര–സാംസ്കാരികബോധം, ജനാധിപത്യബോധം, ശാസ്ത്രബോധം എന്നിവ വളർത്തൽ, വിദ്യാഭ്യാസം, യുവത്വം പ്രയോജനപ്പെടുത്തൽ, തൊഴിൽ സമ്പ്രദായം, വിവാഹം, കുടുംബജീവിതം, കുട്ടികളെ വളർത്തൽ, വാർദ്ധക്യ കാലസംരക്ഷണം, മരണാനന്തര ചടങ്ങുകകൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ പ്രധാനമാണ്.

ഒരു വ്യക്തി ജീവിതവുമായി ബന്ധപ്പെട്ട് ഏതു രംഗത്തുചെന്നാലും അവിടൊക്കെ ആരോഗ്യ സംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ഉണ്ടായിരിക്കണം. ഉദാ: താമസസ്ഥലം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, തിയേറ്ററുകൾ, ഭക്ഷണശാലകൾ, ചന്ത, ബസ്സ് സ്റ്റേഷൻ, സ്റ്റേഡിയം, നീന്തൽക്കുളം, ഉത്സവപെരുന്നാൾ സ്ഥലങ്ങൾ etc.

അന്തരീക്ഷമലിനീകരണവും ജനമലിനീകരണവും ആരോഗ്യത്തെ വളരെ ദോഷകരമായി ബാധിക്കും. കൂടാതെ വളരെയധികം കാര്യങ്ങളടങ്ങിയ വ്യക്തി ശുചിത്വം നിർബന്ധമായും പാലിയ്ക്കണം.

## I കുടിവെള്ളം

രോഗം വന്നിട്ട് ചികിത്സിയ്ക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നതാണ്. അന്തരീക്ഷമലിനീകരണം ഒഴിവാക്കി ശുദ്ധജലത്തിന്റെ ഉപയോഗവും മലമൂത്രവിസർജ്ജനത്തിനുള്ള സാനിട്ടറി രീതിയിലുള്ള നിക്ഷേപവും സാധ്യമാക്കിയാൽ ഇന്നു കാണുന്ന രോഗങ്ങളുടെ ഒരു നല്ല ശതമാനം ഒഴിവാക്കാൻ കഴിയും.

9500 ഓളം സാധാരണ കിണറുകളും 29 കുളങ്ങളും നിലവിലുണ്ട്. പഞ്ചായത്തിൽ കൂടി നദികളൊന്നും ഒഴുകുന്നില്ല. പൈപ്പു വഴിയുള്ള ശുദ്ധജല പൊതുവിതരണം ഇപ്പോൾ നിലവിലില്ല. കടയ്ക്കൽ പഞ്ചായത്തിന് തൊട്ടടുത്തുള്ള പഞ്ചായത്തുകളിൽ പൈപ്പുകൾ വഴി കുടിവെള്ളമെത്തിക്കുന്നതിന് ചിതറാശുദ്ധജലവിതരണ പദ്ധതിയിലൂടെ കുടിവെള്ള വിതരണം ഇതുവരേയും നടപ്പിലാക്കിയിട്ടില്ല. 145 പൊതുടാപ്പുകൾ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 31 കുഴൽ കിണറുകളും 53 പൊതു കിണറുകളും നിലവിലുണ്ടെങ്കിലും 5250 ഓളം കുടുംബങ്ങൾക്ക് കിണറുകളോ, പൊതുകിണറുകളോ നിർമ്മിച്ചുകൊണ്ട് കുടിവെള്ളം എത്തിയ്ക്കേണ്ടതുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ, ഇറച്ച് വൃത്തിയാക്കി കുടിയ്ക്കാനും കുളിയ്ക്കാനും ഉപയോഗപ്പെടുത്താറുമല്ല. ആയതിനാൽ പൊതുകിണറുകളും ഉപയോഗശൂന്യമായ കിണറുകളും ശുചിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്. സാധാരണ കിണറുകൾ കുഴൽകിണറുകൾ എന്നിവ കുഴിയ്ക്കാൻ കഴിയാത്ത ഇടങ്ങളിൽ ലോക ബാങ്ക് സഹായത്തോടുകൂടി നടപ്പാക്കുന്ന വാട്ടർ സപ്ലൈ സ്കീം എത്തിക്കേണ്ടതാണ്.

## II ആരോഗ്യം പരിസരശുചിത്വം

രോഗ പ്രതിരോധപ്രവർത്തനങ്ങൾ നിലമേൽ സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്റർവഴിയും രോഗചികിത്സ കടയ്ക്കൽ ഗവൺമെന്റ് ആശുപത്രി, ESI ഡിസ്പൻസറി ആറ്റുപുറം, ഗവ: ആയുർവേദ ഡിസ്പൻസറി കുമ്മിൾ എന്നിവിടങ്ങളിൽ നിന്നുമാണ് പ്രധാനമായും ലഭിക്കുന്നത്. കൂടാതെ 6 ആയുർവേദ ഡിസ്പൻസറികളും 5 ഹോമിയോ ഡിസ്പൻസറികളും 4 അലോപ്പതി ആശുപത്രികളും സ്വകാര്യ ചികിത്സാരംഗത്ത് പ്രവർത്തിക്കുന്നു. സ്കൂളുകൾ, തിയറ്ററുകൾ, ഫാക്ടറികൾ, വീടുകൾ എന്നിവ നിർമ്മിക്കുമ്പോൾ വായു കയറിയിറങ്ങുന്നതിനുള്ള ശാസ്ത്രീയമായ സൗകര്യം ഉണ്ടാകകണം. അടിസ്ഥാന സൗകര്യമായി ചെയ്തുകൊടുക്കുന്ന ആഹാരം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം പഞ്ചായത്തിൽ എല്ലാപേർക്കകും ലഭിച്ചിട്ടില്ല. കടയ്ക്കകൽ ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 14752 വീടുകൾ ഉണ്ട്. 2996 കോൺക്രീറ്റുവീടുകളും 5438 ഓടിട്ട വീടുകളും 5992 ഓലമേഞ്ഞ വീടുകളും മുന്നൂറ്റി ഇരുപത്താറ് കുടിലുകളുമാണ് പഞ്ചായത്തിലുള്ളത്. ഇതിൽ കക്കൂസുകളുള്ള വീടുകൾ ഏക

ദേശം 50 ശതമാനത്തോളമാണുള്ളത്. നിലവിലുള്ള കക്കൂസുകളിൽ തന്നെ സാനിട്ടറി സൗകര്യമുള്ള കക്കൂസുകൾ 30% ആണ്. സാനിട്ടറിവെൽ ഒന്നും തന്നെ ഇല്ല. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ഗവ: ആശുപത്രികളിൽ നിന്നുമാണ് സൗജന്യ ചികിത്സ ലഭിക്കുന്നത്. സേവനമനോഭാവത്തിൽ വന്നിട്ടുള്ള തകർച്ച ഉൾപ്പെടെ പല ഭൗതിക സാഹചര്യങ്ങളും രോഗികൾക്ക് വേണ്ട വിധത്തിൽ ചികിത്സ ലഭിക്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കുന്നു. ജീവനക്കാർ ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തിച്ചാൽ ആരോഗ്യ സ്ഥാപനങ്ങളുടെ സേവനം ഉന്നത നിലയിലെത്തിയ്ക്കാൻ കഴിയും. 1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 45291 ആണ്. 21749 പേർ പുരുഷന്മാരും 23542 പേർ സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയിൽ 5970 പേർ കുട്ടികളാണ്. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സ്ഥിതിവിവര കണക്ക് പ്രത്യേകം ചേർത്തിട്ടുണ്ട്. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ 705 ഉം ഇതിൽ പ്രതിരോധകുത്തിവയ്പ്പുള്ളവർ 681 ഉം പ്രതിരോധ കുത്തിവയ്പുകൾ നടത്തിയ ഗർഭിണികൾ ഏകദേശം 422 മാണ്. വൈദ്യുതീകരിച്ച കെട്ടിടങ്ങൾ 4400 അല്ലാത്തവ 10300 ആണ്. തൊഴുത്തു നിർമ്മിച്ചിട്ടുള്ളവർ 5100 ഉം പ്രത്യേക തൊഴുത്തു ചെയ്തിട്ടുള്ളവർ 500 മാണ്. കമ്പോസ്റ്റ് കുഴി തയ്യാറാക്കിയിട്ടുള്ളവർ 75 പേരുമാണ്. അന്തർ, ബധിരർ, മൂകർ, ബധിര-മൂകർ, ചലന വൈകല്യമുള്ളവർ തുടങ്ങിയവർ 1000:3 എന്ന ജനസംഖ്യാനുപാതത്തിൽ കാണപ്പെടുന്നു. രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, ക്ഷയം, ക്യാൻസർ, കുഷ്ഠം എന്നീ ക്രോണിക്ക് രോഗങ്ങളും ചിലരിൽ കാണുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ ആരോഗ്യ പരിപാലന സ്ഥിതി വളരെ ശോചനീയമാണ്. സ്ഥലദൗർലഭ്യം, കിടക്കകളുടെ കുറവ്, ശുചിത്വമില്ലായ്മ, മരുന്നുകളുടെ അഭാവം, ശുദ്ധജലകമ്മി, കക്കൂസുകളുടെ ശോചനീയാവസ്ഥ എന്നിവ പോരായ്മകളായി നിലനിൽക്കുന്നു. ആവശ്യത്തിന് കുടിവെള്ളം ലഭ്യമല്ലാത്തതിനാൽ പരിസരശുചീകരണ പ്രക്രിയ തീരെ കുറയുന്നു. തന്മൂലം രോഗങ്ങൾ പടരാൻ ഇടയാകുന്നു.

ഈ പഞ്ചായത്തിലെ കുടുംബക്ഷേമം, മാതൃ ശിശു സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ നില മേൽ PHC യുടെ ചുമതലയിലാണ്. PHC -ൽ 14 ജീവനക്കാരുണ്ടുള്ളത്. ESI ഡിസ്പൻസറി 4 ജീവനക്കാരോടുകൂടി ആറ്റുപുറത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ഇളമ്പഴന്നൂർ, കുറ്റിക്കാട്, ഇടത്തറ, ആറ്റുപുറം, പാലയ്ക്കൽ, പുതുക്കോട് എന്നീ വാർഡുകളിൽ ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങളും കടയ്ക്കൽ ആശുപത്രിയിൽ പ്രവർത്തിയ്ക്കുന്ന PP യൂണിറ്റും ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്നു. കാരയ്ക്കാട്, ദർപ്പക്കാട്, ആൽത്തറമൂട്, മങ്കാട്, ആറ്റുപുറം, ആനപ്പാറ എന്നീ വാർഡുകളിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇല്ല. പഞ്ചായത്ത്കേന്ദ്രത്തിൽ ഒരു PHC, ഒരു ആയുർവ്വേദ ആശുപത്രി, ഒരു ഹോമിയോ ആശുപത്രി എന്നിവയുടെ കുറവുണ്ട്. കടയ്ക്കൽ ചന്ത, ബസ്സ്റ്റേഷൻ, ഗവൺമെന്റ് ആശുപത്രികളുടെ പരിസരം, ഭക്ഷണശാലകളുടെ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ ചപ്പുചവറുകളുടെ കുന്നുകൂട്ടലും ടൗണുകളുടെ ഓടകളിൽ മലിനജലം കെട്ടികിടക്കുന്നതും ആരോഗ്യ പ്രശ്നം ഉളവാക്കുന്നു. ചന്തകളിൽ മത്സ്യം വിൽക്കുന്നതിനും മറ്റു സാധനങ്ങൾ ശേഖരിച്ചുവച്ചു വില്ക്കുന്നതിനും പ്രത്യേകം സ്ഥലസൗകര്യങ്ങളില്ല. പഞ്ചായത്തിൽ അശാസ്ത്രീയമായി മൃഗകശാപ്പു ചെയ്യുന്നതുമൂലം മലിനപ്പെട്ട ഇറച്ചിയാണ് പഞ്ചായത്ത് പ്രദേശങ്ങളിൽ വില്ക്കപ്പെടുന്നത്. പഞ്ചായത്തിലെ ആധുനിക സൗകര്യങ്ങളുള്ള സ്ലാട്ടർ ഹൗസ് നിലവിലില്ല. സാനിട്ടറി സൗകര്യമുള്ള കക്കൂസുകളുടെ അഭാവം ആരോഗ്യരംഗത്ത് ഭീഷണി ഉയർത്തുന്നു. കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിൽ കുറെ വികസനം നടന്നിട്ടുണ്ടെങ്കിലും കാര്യമായ വികസനം ഇനിയും വരേണ്ടതുണ്ട്. ഇതൊരു താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതാണ്. ഇവിടെ 88 കിടക്കകൾ ഉണ്ടായിരുന്നത് ഇപ്പോൾ 101 ആയി വർദ്ധിപ്പിച്ചു. ഒരു മിനി ഓപ്പറേഷൻ തിയേറ്റർ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. ഒരു ഒ പി ബ്ലോക്കിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. നാലു വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്. ഇപ്പോഴുള്ള ആശുപത്രി കോമ്പൗണ്ട് 84 സെന്റ് മാത്രമാണുള്ളത്. അഞ്ചേക്കർ സ്ഥലം കൂടി അക്വയർ ചെയ്ത് കോമ്പൗണ്ട് വിപുലീകരിക്കണം. ENT, ഒഫ്താൽമോളജി, ദന്തം, അനസ്തേഷ്യ, TB ക്ലിനിക്, എക്സറേ, ബ്ലഡ് ബാങ്ക്, ലബോറട്ടറി എന്നിവയുടെ സൗകര്യം ഈ ഹോസ്പിറ്റലില്ല. പേവാർഡും നിലവിലില്ല. കടയ്ക്കൽ ആശുപ്രതിക്കാവശ്യമായ സ്റ്റാഫുകൾ നിലവിലില്ല.

**ഗ്രാമപഞ്ചായത്തിലെ പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരുടെ എണ്ണവും സ്ത്രീകളുടെ പ്രായവും**

| സ്ത്രീയുടെ പ്രായം | ദമ്പതികളുടെ എണ്ണം |
|---|---|
| 15-19 | 315 |
| 20-24 | 1285 |
| 25-29 | 1945 |
| 30-34 | 1002 |
| 35-39 | 780 |
| 40-44 | 435 |
| ആകെ | 5762 |


Kadakkal Panchayat
Population Status (1991 Census)
Total Pop.
45291
Children(below 5)
5970
Females
23542
Male
21749


Status of birth & Death
700
600
500
400
300
200
100
0
No. of persons
616
170
495
152
451
161
1993-94
1994-95
1995-96
Year
Birth
Death

### അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം |
|---|---|
| 1 കുട്ടി | 873 |
| 2 കുട്ടികൾ | 3302 |
| 2 –ൽ കൂടുതൽ കുട്ടികൾ | 1302 |
| ആകെ | 5477 |

### കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം |
|---|---|
| 1 കുട്ടി | 64 |
| 2 കുട്ടികൾ | 3168 |
| 2–ൽ കൂടുതൽ കുട്ടികൾ | 1302 |
| ആകെ | 4534 |

### കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993–94 | 616 | 170 | 5 |
| 1994–95 | 495 | 152 | 1 |
| 1995–96 | 451 | 161 | 2 |

### കടയക്കൽ ഗ്രാമപഞ്ചായത്തിലെ പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 93–94 | 4838 | 16039 | 7 | 76093 |
| 94–95 | 484 | 17006 | – | 78575 |
| 95–96 | 5691 | 8529 | 3 | 98478 |

### ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | സർക്കാർ/ സ്വകാര്യം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗ സ്ഥന്മാരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|---|
| 1 | ഗവൺമെന്റ് ആശുപത്രി, കടയ്ക്കൽ | അലോപ്പതി | സർക്കാർ | സ്വന്തം | 45 | 1939 |
| 2 | PHC നിലമേൽ (കടയ്ക്കൽ ഉൾപ്പെടും) | അലോപ്പതി | സർക്കാർ | സ്വന്തം | 14 | 1969 |
| 3 | ESI ഡിസ്പൻസറി, കടയ്ക്കൽ | അലോപ്പതി | സർക്കാർ | വാടക | 4 | 1984 |
| 4 | SM ആശുപത്രി, കടയ്ക്കൽ | അലോപ്പതി | സ്വകാര്യം | സ്വന്തം | 9 | 1987 |
| 5 | അറഫ മെഡിക്കൽ മിഷൻ ആശുപത്രി, കടയ്ക്കൽ | അലോപ്പതി | സ്വകാര്യം | സ്വന്തം | 9 | 1991 |
| 6 | PVS സ്പെഷ്യാലിറ്റി ആശുപത്രി, കടയ്ക്കൽ | അലോപ്പതി | സ്വകാര്യം | സ്വന്തം | 3 | 1995 |
| 7 | കോട്ടേജ് ആശുപത്രി, കടയ്ക്കൽ | അലോപ്പതി | സ്വകാര്യം | സ്വന്തം | 5 | 1986 |
| 8 | ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി, കുമ്മിൾ | ആയുർവ്വേദം | സർക്കാർ | സ്വന്തം | 4 | 1972 |
| 9 | ശ്രീനാരായണ ആയുർവ്വേദ ആശുപത്രി, കടയ്ക്കൽ | ആയുർവ്വേദം | സ്വകാര്യം | സ്വന്തം | 2 | 1962 |
| 10 | ശ്രീ ഗോവിന്ദാ ആയുർവ്വേദ ആശുപത്രി, കടയ്ക്കൽ | ആയുർവ്വേദം | സ്വകാര്യം | സ്വന്തം | 2 | 1942 |
| 11 | ഗുരുസ്മാരക വൈദ്യശാല, കടയ്ക്കൽ | ആയുർവ്വേദം | സ്വകാര്യം | സ്വന്തം | 2 | 1942 |
| 12 | ധന്വന്തരി വൈദ്യശാല, ആൽത്തറമൂട്, കടയ്ക്കൽ | ആയുർവ്വേദം | സ്വകാര്യം | സ്വന്തം | 3 | 1933 |
| 13 | SS ആശുപത്രി, കുറ്റിക്കാട് | ആയുർവ്വേദം | സ്വകാര്യ | വാടക | 3 | 1993 |
| 14 | കൃഷ്ണാ ആയുർവ്വേദാ ആശുപത്രി, കുമ്മിൾ | ആയുർവ്വേദം | സ്വകാര്യം | വാടക | 2 | 1995 |
| 15 | ആയുർവ്വേദ ആശുപത്രി, കോട്ടപ്പുറം | ആയുർവ്വേദം | സ്വകാര്യം | വാടക | 1 | 1996 |
| 16 | ശ്രീരാമകൃഷ്ണ ഹോമിയോ ക്ലിനിക്ക്, കടയ്ക്കൽ | ഹോമിയോ | സ്വകാര്യം | വാടക | 2 | 1992 |
| 17 | ചൈതന്യ ഹോമിയോ ഡിസ്പെൻസറി, കടയ്ക്കൽ | ഹോമിയോ | സ്വകാര്യം | സ്വന്തം | 1 | 1994 |
| 18 | പത്മാസ് ഹോമിയോ ക്ലിനിക്ക്, കടയ്ക്കൽ | ഹോമിയോ | സ്വകാര്യം | സ്വന്തം | 1 | 1990 |
| 19 | മെഡികെയർ ഹോമിയോ ക്ലിനിക്ക്, ചിങ്ങേലി | ഹോമിയോ | സ്വകാര്യം | വാടക | 1 | 1995 |
| 20 | ഹാനിമാൻ ഹോമിയോ ഡിസ്പെൻസറി, കടയ്ക്കൽ | ഹോമിയോ | സ്വകാര്യം | വാടക | 1 | 1990 |
| | | | | | 114 | |







Source: PHC, Kadakkal,1996.

# ഗ്രാമപഞ്ചായത്തിലെ 20 ആരോഗ്യസ്ഥാപന ങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 10011 | 93222 | 1235 | 16087 | 7474 | - | 78437 | 103233 |
| 1993-94 | 9865 | 87112 | 4740 | 15605 | 7091 | - | 69541 | 96977 |
| 1994-95 | 10781 | 89645 | 5165 | 12160 | 6674 | - | 76427 | 100426 |
| 1995-96 | 9780 | 102921 | 4360 | 17800 | 6084 | 7 | 84450 | 112701 |
| ആകെ | 40437 | 372900 | 15500 | 61652 | 27323 | 7 | 308855 | 413337 |

## പ്രശ്നങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ |
|---|---|---|
| I | ഇളംപഴന്നൂർ | വെള്ളാറവട്ടം കുന്നുംപുറം, കാറ്റാടിമൂട്,നെടുമൺപുരം, ആലത്തറമേല, കൃഷ്ണപുരം, ഇളംപഴന്നൂർ |
| II | ഇടത്തറ | പച്ചയിൽ കുന്ന്, ആലത്തറമല പടിഞ്ഞാറുഭാഗം, കമ്പനിമല, മണ്ണടികോണം, കുന്നുംപുറം |
| III | കുറ്റിക്കാട് | കോട്ടപ്പുറം, കോട്ടപ്പുറം ലക്ഷം വീട് കോളനി, സത്യംങ്കോട്, വാച്ചീകോണം കുന്നുംപുറം, കുറ്റിക്കാട് യു പി എസ് നു സമീപം, ആയിരവല്ലിക്കുന്ന്, പോച്ചയിൽ, കറ്റച്ചകോണം, എല്ലുകാട്, ചാങ്കൂവി, അരിതീരത്തുംപാറ. |
| IV | കാരയ്ക്കാട് | കൊടിഞ്ഞം, പുലിപ്പാറ, വലിയ വേങ്കാട്, അണപ്പാട്, പന്തളംമുക്ക് |
| V | പാലയ്ക്കൽ | മുളങ്കാട്ടുകുഴി, കിണറ്റുമുക്ക്, ഇരുട്ടുകാട്, മുകുന്ദേരി, പുനയം, അഴകത്തുവിള |
| VI | കടയ്ക്കൽ ടൗൺ | കടയ്ക്കൽ ടൗൺ, മറുപുറം, ചായിക്കോട്, കീരിപ്പുറം, ഊളൻക്കുന്ന്, പില്ലാന്നിയോട് |
| VII | ആൽത്തറമൂട് | മണികണ്ഠൻചിറ, ആളുകുന്ന് (യു പി എസിനു സമീപം) ചിങ്ങേലി എച്ച് എസിനു സമീപം, ആൽത്തറമൂട്, അമ്പലപരിസരപ്രദേശം. |
| VIII | ആറ്റുപുറം | ഇരുട്ടുപച്ച, ഇരട്ടകുളം, മിഷ്യൻ കുന്ന്, മയിലാടുംകുന്ന്, പുല്ലുപണ. |
| IX | ആനപ്പാറ | തൃക്കണ്ണാപുരം, പുതുക്കോണം, കോക്കാട്ടുകുന്ന്, സീഡ്ഫാം ജംഗ്ഷൻ |
| X | ഈയ്യക്കോട് | കൊച്ചുകുന്ന്, കുമ്പളം, കടമാൻമൂട് |
| XI | ദർപ്പക്കാട് | അംബേദ്കർ ഗ്രാമം, പുള്ളിപച്ച ലക്ഷം വീട് കോളനി |
| XII | മങ്കാട് | നടപ്പാറ, ഊന്നൻകല്ല്, കുശവൂർക്കോണം, ഇരപ്പുപാറ, തേക്കുമലകുന്ന് |
| XIII | പുതുക്കോട് | മാങ്കോട്, ചെറുകോട്, കുന്നുവിള ഭാഗം |
| XIV | കുമ്മിൾ | കണ്ണൻങ്കോട്, കോലിഞ്ചി, ആയൂർവ്വേദ ഡിസ്പൻസറി പ്രദേശം, വി കെ പച്ച ഹരിജൻ കോളനി. |
| XV | തച്ചോണം | തച്ചോണം പള്ളിപരിസരം, മുല്ലക്കര ഹരിജൻ കോളനി, ഇരുന്നുറ്റിൽ, ഇടപ്പണ, അഞ്ചുമലക്കുന്ന്. |

## നിർദ്ദേശങ്ങൾ

### നന്നാക്കിയെടുക്കേണ്ടുന്ന ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ

| | വാർഡിന്റെ പേര് | കുളങ്ങളുടെ പേര് |
|---|---|---|
| I | ഇളമ്പഴന്നൂർ | വെള്ളാറവട്ടം ഏലാതലക്കുളം, നെടുമൺപുരം മുട്ടുകോണംകുളം, കാവുകുളം, ഐക്കരകോണം ഏലാത്തലക്കുളം, പറയാട് ഭൂതത്താൻകുളം. |
| II | ഇടത്തറ | കോങ്കോട്ടുപണയിൽ കുളം, ആഴാന്തക്കുഴിക്കു സമീപം, പാറക്കുളം, കൂനാകുനിച്ചി ഏലാ തലക്കുളം, വാലു പണക്കുളം, ഉളിയിൽ പാലോട്ടുകുളം. |
| III | കുറ്റിക്കാട് | മുണ്ടുഴികത്തു വാതുക്കൽകുളം, കാച്ചാണത്തുവാതുക്കൽകുളം |
| IV | കാരക്കാട് | കാവടിക്കോണംകുളം, തടത്തിൽവിളയിൽകുളം |
| V | പാലയ്ക്കൽ | മുകുന്ദേരി, പുനയം, പാലയ്ക്കൽ, ചൂരയ്ക്കൻ എന്നീ കുളങ്ങൾ |
| VI | കടയ്ക്കൽ ടൗൺ | മറുപുറം കുളം |
| VII | ആൽത്തറമൂട് (ടൗൺ നോർത്ത്) | മണലിയിൽകുളം |
| IX | ആനപ്പാറ | ഗോവിന്ദമംഗലംകുളം |
| XV | തച്ചോണം | ഇരുന്നൂറ്റി ഏലായുടെ മുകളിലുള്ള തലക്കുളം<br>കുമ്മിൾ ഫാമിലി പ്ലാനിംഗ് വെൽഫെയർ സെന്റർ ഒരു ആശുപത്രിയായി ഉയർത്തണം. |

## ആരോഗ്യ പ്രശ്നങ്ങൾ

1 വിദഗ്ധന്മാരായ ഡോക്ടർമാരുടെ അഭാവം
2 കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന കേന്ദ്രത്തിൽ കെട്ടിടം ഇല്ലാതിരിക്കുന്നതിനാലുള്ള ബുദ്ധിമുട്ട്
3 ആയുർവ്വേദം, ഹോമിയോ എന്നീ മേഖലകളിൽ സർക്കാർ ആശുപത്രികളില്ല.
4 സ്ലാട്ടർ ഹൗസിന്റെ അഭാവം
5 ശ്മശാനത്തിന്റെ ഉപയോഗമില്ലായ്മ
6 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ പേവിഷബാധയ്ക്ക് കാരണമാകുന്നു. പാമ്പു വിഷ ചികിത്സാ കേന്ദ്രമില്ല.

7 ഓടകളിലും ആശുപത്രിപരിസരത്തും കെട്ടികിടക്കുന്ന മലിനജലം, ചപ്പുചവറുകൾ മൂലം കൊതുകു പെരുകുന്നതിനാൽ പകർച്ചവ്യാധികൾ ഉണ്ടാക്കുന്നു.

8 വൃദ്ധസംരക്ഷണകേന്ദ്രം, വികലാംഗസംരക്ഷണകേന്ദ്രം എന്നിവയുടെ നിർമ്മാണ പ്രശ്നം

9 ഫാമിലി വെൽഫെയർ സെന്ററുകൾ പരിമിതമാണ്. ഉള്ളവയ്ക്കെല്ലാം കെട്ടിടങ്ങളില്ല.

10 സാമ്പത്തിക ബുദ്ധിമുട്ടുകാരണമുള്ള ആധുനിക വൈദ്യസഹായം കിട്ടാതിരിക്കൽ.

11 ഫീഡിംഗ് സെന്ററുകൾ നിർത്തലാക്കി.

12. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇല്ല.

13. കക്കൂസുകൾ സൗകര്യപ്രദമായി ലഭ്യമല്ല. സാനിട്ടറി സംവിധാനം ഭദ്രമല്ല.

14. വാസയോഗ്യമല്ലാത്ത പാർപ്പിടം

15. പരിസരശുചിത്വത്തിനുള്ള കീടനാശിനികൾ, ലോഷനുകൾ എന്നിവ പാവപ്പെട്ടവർക്കു വിതരണം ചെയ്യുന്നില്ല.

16. ഫുഡ് ഇൻസ്പെക്ടറുടെ സേവനമില്ലായ്മ.

17. മരുന്നുകളുടെ സൗജന്യമായ വിതരണം നിർത്തിയത്.

18. ആന്റി ബയോട്ടിക്കുകളുടെ ഭീമമായ വില

ആരോഗ്യം

## നിർദ്ദേശങ്ങൾ

കടയ്ക്കൽ ഗവൺമെന്റ് ആശുപത്രികോമ്പൗണ്ടിന്റെ വിസ്തീർണ്ണം കൂട്ടുന്നതിനായി നിയമനടപടികൾ എടുക്കുക. ഇതിനാവശ്യമായ ഭൂമി അക്വയർ ചെയ്യുക.

ENT, ദന്തം, ഒഫ്താൽമോളജി, അനസ്തേഷ്യോളജി, TB ക്ലിനിക്, എക്സറേ, ലബോറട്ടറി എന്നീ ആധുനികസൗകര്യങ്ങളടങ്ങിയ ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് തുടങ്ങിയവ വികസിപ്പിക്കുക.

പേവാർഡ് നിർമ്മിച്ച് ആശുപത്രി സൗകര്യം വർദ്ധിപ്പിക്കുക.

കടയ്ക്കൽ ആശുപത്രിയിൽ ഡോക്ടർമാർ, ഫാർമസിസ്റ്റ്, ടെക്നീഷ്യന്മാർ, നെഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റന്റർ ഗ്രേഡ് I, മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ, ലേ സെക്രട്ടറി, എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകൾ കൂടി അനുവദിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വികസനം നടന്നു കഴിഞ്ഞാൽ ബ്ലോക്ക് ഏര്യായിലെ മുഴുവൻ ആളുകൾക്കും കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഗവൺമെന്റ് ധനസഹായം ഇതിലേക്ക് അഭ്യർത്ഥിക്കേണ്ടതാണ്.

ഒരു പ്രധാന തൊഴിൽമേഖലയായ കടയ്ക്കൽ പ്രവർത്തിക്കുന്ന ESI ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ഉണ്ടാകേണ്ടതാണ്. ഗവൺമെന്റ് ധനസഹായം ഇതിലേയ്ക്കും വേണ്ടിവരുന്നു. കുമ്മിൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് ആയുർവ്വേദ ഡിസ്പൻസറികയുടെ കെട്ടിടം പുതുക്കി പണിയുകയും ശുദ്ധജലത്തിന്റെ ലഭ്യതയും കക്കൂസിന്റെ നിർമ്മാണവും ഉറപ്പുവരുത്തുകയും ചെയ്യുക.

കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഒരായുർവ്വേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും ഒരു PH സെന്ററും പുതുതായി തുടങ്ങുക. ഓരോന്നും യുക്തമെന്നു തോന്നുന്ന സ്ഥലങ്ങളിൽ സ്ഥാപിയ്ക്കുക. PH സെന്ററിന്റെ സ്ഥലം നിശ്ചയിക്കുമ്പോൾ ചികിൽസാ സൗകര്യം കുറവായതും എന്നാൽ പഞ്ചായത്തിനു മുഴുവൻ പ്രയോജനപ്പെടുത്താൻ യാത്രാസൗകര്യങ്ങളും മറ്റും സുലഭമായിട്ടുള്ള പഞ്ചായത്തിന്റെ വടക്കൻ മേഖലയുടെ ഒരു കേന്ദ്രം പരിഗണിക്കുന്നതു നന്നായിരിക്കും. ഇതിലേക്ക് ഗവൺമെന്റ് സഹായം ലഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു സ്ലാട്ടർ ഹൗസ് സ്ഥാപിക്കുകയും വെറ്റേർനറി സർജൻ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്ന ഉരുക്കളെ മാത്രം, ഡോക്ടർ പരിശോധനയ്ക്ക് വിധേയമാക്കി കശാപ്പു ചെയ്യിപ്പിച്ച് ഇറച്ചി വെറ്റേർനറി സർജന്റെ സീലോടുകൂടി മാത്രം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വിൽക്കാൻ അനുവദിക്കണം. സ്ലാട്ടർ ഹൗസ് ചന്തയിൽ അല്ലാതെ ഒഴിഞ്ഞ ഒരു സ്ഥലത്ത് സ്ഥാപിക്കുകയും മാലിന്യങ്ങൾ ശാസ്ത്രീയമായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ടാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുക. അലഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുകയും വളർത്തു നായ്ക്കളെ പേവിഷയേൽക്കാതെ കുത്തിവയ്ക്കുകയും ചെയ്ത ശേഷം പഞ്ചായത്തിൽ നിന്ന് ലൈസൻസ് ഏർപ്പെടുത്തുക.

കടയ്ക്കൽ ടൗണിലെ ഓടകളിൽ കെട്ടികിടക്കുന്ന മലിനജലം അടിയന്തിരമായി ക്ലീൻ ചെയ്ത് മരുന്ന് തളിച്ച് കൊതുകു പെരുകുന്നതിനെ തടയുക.

കടയ്ക്കൽ ടൗണും പരിസരങ്ങളും അടിച്ചു വൃത്തിയാക്കുന്നതിൽ പഞ്ചായത്ത് പ്രത്യേക നിഷ്കർഷത കാണിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്ന് ഭക്ഷണശാലകൾക്കും മറ്റു സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മുമ്പ് ആരോഗ്യപ്രവർത്തകരുടെ പരിശോധനയും സർട്ടിഫിക്കറ്റും നിർബന്ധമാക്കണം. ഭക്ഷണശാലകളും മറ്റും ബന്ധപ്പെട്ട ആളുകൾ കൂടെക്കൂടെ പരിശോധിയ്ക്കണം. പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം വേണ്ടുന്നതാണ്. മായംചേർന്ന ഭക്ഷ്യവസ്തുക്കൾ പഞ്ചായത്തിൽ വിതരണം ചെയ്യുന്നതും വിൽക്കുന്നതും പരിശോധന വഴി നിയന്ത്രിക്കുക.

ഹോട്ടലുകളിലെ തൊഴിലാളികൾക്ക് PH സെന്റർ വഴിയുള്ള ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ പരിശോധന നടത്തിയിട്ടുള്ള ഹെൽത്ത് കാർഡും നിർബന്ധമാക്കുക.

പഞ്ചായത്തിലെതൊഴിൽ ശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിലിന്റെ ഭാഗമായി ഉണ്ടാകാവുന്ന രോഗങ്ങൾ, അപകടങ്ങൾ എന്നിവ തടയുന്നതിനാവശ്യമായ സംരക്ഷണ ഉപകരണങ്ങൾ അതാതു തൊഴിലുടമകളെകൊണ്ട് കൊടുപ്പിക്കേണ്ടതാണ്. വെൽഫെയർ ഓഫീസറന്മാരുടെ പരിശോധന ഈ കാര്യത്തിൽ വേണ്ടുന്നതാണ്.

പഞ്ചായത്തിൽ ഒരു വൃദ്ധസംരക്ഷണ കേന്ദ്രവും ഒരു വികലാംഗ സംരക്ഷണ സെന്ററും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇതിലേക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ധനസഹായം ലഭിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സ്കൂൾ ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമായി നടത്തി കുട്ടികൾക്ക് ഹെൽത്ത് കാർഡ് നൽകുക. ആരോഗ്യവിജ്ഞാനക്ലാസ്സുകളും ഇതോടൊപ്പം സ്കൂളുകളിൽ നടത്തുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനകീയ സമിതികളുടെ സഹായത്തോടുകൂടി പ്രൈമറി ഹെൽത്ത് സെന്ററിന്റെ ചുമതലയിൽ ആരോഗ്യവിജ്ഞാന ക്ലാസ്സുകൾ കൂടെക്കൂടെ നടത്തേണ്ടതാണ്. എയ്ഡ്സ്, എലിപ്പനി തുടങ്ങിയ രോഗങ്ങൾ, പുകവലി, മദ്യപാനം, മയക്കുമരുന്നുകൾ എന്നിവയുടെ ദോഷങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഈ ക്ലാസ്സുകളിൽ ഉൾപ്പെടുത്തണം.

ഫാമിലി വെൽഫെയർ സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ അവ അനുവദിക്കുകയും കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന ദമ്പതികൾക്ക് തുടർന്നുള്ള ഉപദേശങ്ങൾ (ഫോളോ അപ്പ്) നൽകുന്നതിനും മുലയൂട്ടുന്ന അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും സംരക്ഷണത്തിനും പ്രതിരോധകുത്തിവയ്പ്പിനും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഫാമിലി വെൽഫെയർ സെന്ററുകൾ അത്യാവശ്യമാണ്.

വികസനം എത്രകണ്ടു വർദ്ധിച്ചാലും ജനസംഖ്യാവർദ്ധനവു കൂടി നിയന്ത്രിച്ചുകൊണ്ടു പോയില്ലെങ്കിൽ വികസനത്തിന്റെ പ്രയോജനം അനുഭവപ്പെടാതിരിക്കും. ഉൽപ്പന്നങ്ങളുടെ വർദ്ധനവ് ഒന്ന്, രണ്ട്, മൂന്ന് എന്ന ക്രമത്തിലാണെങ്കിൽ ജനസംഖ്യാവർദ്ധനവ് രണ്ട്, നാല്, എട്ട് എന്ന ക്രമത്തിലാണ്. ആയതിനാൽ ഈ രംഗത്തുള്ള ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്.

സാമ്പത്തികമായി പിന്നിൽനിൽക്കുന്നവർക്ക് താങ്ങാൻ കഴിയാത്ത ചികിത്സാ ചിലവ് നേരിടേണ്ടിവരുമ്പോൾ അവരെ സാമ്പത്തികമായി സഹായിക്കാൻ പഞ്ചായത്ത് നിലവാരത്തിൽ ഒരു കരുതൽ നിധി സംഘടിപ്പിക്കുന്നത് നല്ലതാണ്.

പൊതുജനങ്ങൾ ഉപയോഗിക്കുന്ന തോടുകളിലെയും കുളങ്ങളിലെയും ജലത്തിൽ കീടനാശിനികളും മറ്റു വിഷവസ്തുക്കളും കലർത്തുന്നതിനെ കർക്കശമായി തടയുക.

കടയ്ക്കൽ ചന്തയിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിയ്ക്കുക. ബസ് സ്റ്റേഷനിലെ മൂത്രപുരയും കക്കൂസും ബ്ലീച്ചിംഗ് പൗഡർ കലക്കിയ ജലം ഉപയോഗിച്ച് ദിവസം മൂന്നു തവണയെങ്കിലും വാഷ് ചെയ്യുന്നതിന് ഏർപ്പാടു ചെയ്യുക. ചന്തയിലും ബസ് സ്റ്റേഷനിലും ശുദ്ധജലം എത്തിക്കുക.

പുകയില്ലാത്ത അടുപ്പ് ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ പ്രേരിപ്പിക്കുക.

തോടുകളിലും കുളങ്ങളിലും തുണി അലക്കുന്നതിനെ നിയന്ത്രിക്കുക. ജലം മലിനമാകാതെ പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ശുദ്ധജലം ലഭിക്കുന്നതിനും അദ്ധ്യാപകർക്കും കുട്ടികൾക്കും പ്രത്യേകം കക്കൂസും മൂത്രപ്പുരയും നിർമ്മിച്ചു നൽകുന്നതിനും കാലതാമസം വരുത്തികൂടാത്തതാണ്. സ്കൂളുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് നിർബന്ധമായും ഉണ്ടാകണം.

കടയ്ക്കൽ ചന്ത കോൺക്രീറ്റ് ചെയ്ത് ചുറ്റുമതിൽ കെട്ടുക. മറ്റു ഏജൻസികളുടെ സഹായം ലഭിക്കണം.

ഗ്രാമപഞ്ചായത്തിൽ നടക്കുന്ന ഉത്സവങ്ങൾ, പെരുനാളുകൾ, കന്നുകാലിചന്തകൾ എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ പി എച്ച് സെന്ററിന്റെ സഹായത്തോടുകൂടി ഗ്രാമപഞ്ചായത്തിലെ ചുമതലയിൽ നടത്തുന്നതിന് പ്രത്യേകം നിഷ്കർഷത കാണിക്കുക.

ഗ്രാമപഞ്ചായത്തിൽ സദ്യയും മറ്റും നടത്തുമ്പോൾ ആരോഗ്യപ്രവർത്തകരുടെ ഉപദേശം തേടുന്നതിന് വ്യവസ്ഥ ചെയ്യുകയും എല്ലാ തലത്തിലുമുള്ള ആരോഗ്യബോധവൽക്കരണത്തിന് പഞ്ചായത്ത് നേതൃത്വം കൊടുക്കുകയും ചെയ്യുക.

# വിദ്യാഭ്യാസം

ചിറയിൻകീഴ് താലൂക്കിന്റെ വിവിധഭാഗങ്ങളിലും കൊട്ടാരക്കരയുടെ സമീപപ്രദേശങ്ങളിലുമാണ് കടയ്ക്കൽനിവാസികളുടെ മൂലകുടുംബങ്ങൾ അധികവും. നൂറ്റാണ്ടുകളുടെ പഴക്കമുണ്ടിവിടുത്തെ മനുഷ്യവാസത്തിന്. നരബലിത്തട്ടാന്മാരുടെ കഥകൾ മനുഷ്യക്കുരുതിയുടെ കാലഘട്ടത്തിലെ കടയ്ക്കലിനെയാണ് അനുസ്മരിപ്പിക്കുന്നത്. ഈ നാടിന്റെ ആദ്യകാലവിദ്യാഭ്യാസത്തെപ്പറ്റി അന്വേഷിക്കുന്നവർ ഒരൈതിഹ്യത്തിന്റെ പദവിയുള്ള പനവൂർ കൊട്ടാരത്തിലെ കളരിയിലായിരിക്കും ചെന്നെത്തുക. എന്നാൽ അവിടെ ഒരു പൊതുവിദ്യാഭ്യാസം നിലനിന്നിരുന്നതായി ഒരു രേഖയും ഇല്ല. അഥവാ ഉണ്ടായിരുന്നെങ്കിൽത്തന്നെ അതിന്റെ സ്വഭാവമോ വ്യാപ്തിയോ കണ്ടെത്താൻ സാധിക്കുന്ന തെളിവുകളോ ഐതിഹ്യങ്ങൾ പോലുമോ ഇല്ല.

ഏകദേശം പത്തുപന്ത്രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പ് കടയ്ക്കൽ ദേവീക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗത്ത് അമ്പലച്ചിറയുടെ തീരത്തോടടുത്ത് തെക്കുവടക്കായി നിന്നിരുന്ന ഒരു ചെറിയ ഓലപ്പുരയിലാണ് നക്രാംകോണത്തു കുപ്പൻപോറ്റിസാറും കാച്ചാണത്തു നാണുപിള്ളസാറും ചേർന്ന് കടയ്ക്കലിന്റെ പൊതുവിദ്യാഭ്യാസദീപം കൊളുത്തിയത്. അടിക്കുന്ന വടിയിലൂടെ തീണ്ടൽ ബാധിക്കാതിരിക്കാൻ ഈ ആചാര്യന്മാർ വടി എറിഞ്ഞാണ് ശിഷ്യന്മാരെ ശിക്ഷിച്ചിരുന്നത് എന്ന കേട്ടുകേൾവി, ആ വിദ്യാലയത്തിൽ സവർണ്ണർക്കെന്നപോലെ അവർണ്ണർക്കും പ്രവേശനം ലഭിച്ചിരുന്നു എന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. നൂറിലേറെ പ്രായമുള്ളവർ ഇന്നും ആ ആചാര്യന്മാരുടെ പേരു കേട്ടാൽ ഭയഭക്തി ബഹുമാനങ്ങളോടെ ഞെട്ടിയെഴുന്നേറ്റുപോകുന്നതും അവരുടെ സാന്നിദ്ധ്യബോധത്താലെന്നപോലെ ശൈശവബോധം പ്രകടമാക്കുന്നതും രസകകരമായ ഒരനുഭൂതിയാണ്. അപ്പോൾ ആ ആചാര്യന്മാർ സ്വശിഷ്യന്മാരുടെമേൽ ചൊരിഞ്ഞിരുന്ന അളവറ്റ വാത്സല്യം തലമുറകളെ തൊട്ടുഴിയുന്നതുപോലെ അനുഭവപ്പെടും.

ഏതാണ്ട് നൂറിലേറെ വർഷങ്ങൾക്കു മുമ്പ് ഇട്ടിവാ കൊച്ചുരാമൻ ചാന്നാർ (കൊഴക്കാട്ടുകോണത്തു കുടുംബത്തിന്റെ ഒരു പൂർവികൻ) ആണ് ആളുകുന്നത്ത് ഒരു പൊതുവിദ്യാലയം സ്ഥാപിച്ചത്. ആ സ്ഥാപനം പിൽക്കാലത്ത് സർക്കാറിനു കൈമാറിക്കൊണ്ട് ഇന്നത്തെ ഗവണ്മെന്റ് യു. പി. എസ്സിന്റെ സ്ഥാപകനായിത്തീർന്നതും ചാന്നാർ തന്നെയാണ്. ഒരു കാലഘട്ടത്തിൽ കടയ്ക്കൽ വിപ്ലവത്തിനു വഴിവച്ച ദേശാഭിമാനബോധത്തിന്റെ വിളനിലമായ വെർണാക്കുലർ യു. പി. എസ് ആയിരുന്നതും ഈ സ്ഥാപനം തന്നെയാണ്.

ഇടക്കാലത്ത് വെള്ളാർവട്ടത്തും പന്തളംമുക്കിലും നെടുമൺപുരത്തും ഒരുതരം ഗുരുകുലവിദ്യാഭ്യാസങ്ങൾ നിലനിന്നിരുന്നു. വെള്ളാർവട്ടത്തെ ആ വിദ്യാഭ്യാസത്തിന് കാർമ്മികത്വം വഹിച്ചിരുന്നത് കൊഴയ്ക്കാട്ടുകോണത്തു നാണുസാറായിരുന്നു. കാലാന്തരത്തിൽ അത് പറയാട്ടു എൽ. പി. എസ്സിന്റെ സ്ഥാപനത്തിൽ കലാശിക്കുകയായിരുന്നു. നെടുമൺപുരത്ത് ശ്രീമാൻ കെ. പി. നീലകണ്ഠൻ വൈദ്യന്റെയും പന്തളംമുക്കിൽ ശ്രീമാൻ പന്തളം ആശാന്റെയും ആചാര്യത്വത്തിൽ നടന്നിരുന്ന ഗുരുകുലരീതിയിലുള്ള സംസ്കൃതവിദ്യാലയങ്ങൾ കാലക്രമത്തിൽ അസ്തമിച്ചുപോയെങ്കിലും അവ അവശേഷിപ്പിച്ച ഒരു വിദ്യാഭ്യാസപാരമ്പര്യവും ഉന്നതസംസ്ക്കാരവും തലമുറകളിൽ വ്യാപിച്ചുനിൽപ്പുണ്ടെന്ന് സൂക്ഷ്മദൃക്കുകൾക്കു കാണാനാവും.

എഴുപതിലേറെ കൊല്ലങ്ങൾക്കു മുമ്പാണ് കവലയൂർ സ്വദേശിയായ ശ്രീമാൻ രാഘവൻസാർ കാര്യത്ത് ഒരു പ്രാഥമികവിദ്യാലയം ആരംഭിച്ചത്. സർക്കാരിന്റെ ഗ്രാന്റു ലഭിക്കാതെ ശ്വാസംമുട്ടിയ രാഘവൻ സാറിന് ആ സ്ഥാപനം ആ സ്ഥാപനം ലൂഥർ മിഷനു കൈമാറേണ്ടിവന്നു. അതാണ് ഇന്നത്തെ ഇടത്തറ ലൂഥ മിഷൻ എൽ. പി. എസ്.

വെള്ളാർവട്ടത്തും ആളകുന്നത്തും പുല്ലുപണയിലും ഒരു കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ആശാൻ പള്ളിക്കൂടങ്ങളും കടയ്ക്കലിന്റെ വിദ്യാഭ്യാസപാരമ്പര്യത്തിൽ അനിഷേധ്യങ്ങളാണ്. ഇന്നു നാടിന്റെ നിലവിളക്കുപോലെ പരിലസിക്കുന്ന കടയ്ക്കൽ ഗവണ്മെന്റ് ഹൈസ്ക്കൂളിന്റെ ആദ്യഘട്ടം കടയ്ക്കൽ വിപ്ലവകാലത്തിനുമുമ്പ് ചിങ്ങേലിയിൽ ശ്രീ. തട്ടാമല രാമൻപിള്ളസാർ സ്ഥാപിച്ചിരുന്ന ഇംഗ്ലീഷ് സ്ക്കൂളാണ്. പ്രിപ്പാരറ്ററി ക്ലാസ്സുമുതൽ തേർഡ്ഫോംവരെയുള്ള ക്ലാസ്സുകളാണവിടെ നിലവിലുണ്ടായിരുന്നത്. ആ വിദ്യാലയത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന ചുരുക്കംചിലരെങ്കിലും കഴിഞ്ഞ ഒരു തലമുറയിൽ ഉണ്ടായിരുന്നു എന്നതും അവിസ്മരണീയമാണ്.

I A S ബിരുദധാരികൾ വരെയുൾപ്പെടുന്ന സംസ്ക്കാരസമ്പന്നരായ ഒരു ജനതയെ വാർത്തെടുക്കുന്നതിന് ആവശ്യമായമുന്നൊരുക്കങ്ങൾക്കുള്ള കളരികളെന്ന നിലയിൽ കടയ്ക്കലെ പൗരാവലി കടപ്പെട്ടിരിക്കുന്ന ഈ സ്ഥാപനങ്ങളെ നാം വിസ്മരിക്കാതിരിക്കുക.

## പൊതുവിദ്യാഭ്യാസനിലവാരം

വിദ്യാഭ്യാസസൗകര്യം വളരെയേറെയുള്ള ഒരു പ്രദേശമാണിത്. മികച്ച നിലവാരം പുലർത്തുന്നവയാണ് പ്രദേശത്തെ മിക്ക വിദ്യാലയങ്ങളും. പൊതുവിദ്യാഭ്യാസത്തെ ഔപചാരികമെന്നും അനൗപചാരികമെന്നും രണ്ടു വിഭാഗമായി തിരിക്കാം.

## ഔപചാരികവിദ്യാഭ്യാസം

കടയ്ക്കൽ പഞ്ചായത്തിൽ ആകെ 16 വിദ്യാലയങ്ങൾ ഉണ്ട്. അതിൽ പുതുക്കോട് വാർഡിലുള്ള A.M.L.P.S. ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഹൈസ്ക്കൂൾ ക്ലാസ്സുകൾ മാത്രം നടത്തുന്ന C.P.H.S. കുറ്റിക്കാട്, 1 മുതൽ 10 വരെ ക്ലാസ്സുകൾ നടത്തുന്ന G.H.S. കുമ്മിൾ, വൊക്കേഷനൽ ഹയർ സെക്കൻഡറി പ്രവർത്തിക്കുന്ന കടയ്ക്കൽ ഗവണ്മെന്റ് ഹൈസ്ക്കൂൾ എന്നിവയാണ് പ്രദേശത്തെ ഹൈസ്ക്കൂളുകൾ. യു. പി. ക്ലാസ്സു മാത്രം നടക്കുന്ന ഒന്നും, എൽ. പീ. ക്ലാസ്സുകൾ കൂടി നടക്കുന്ന നാലും ഉൾപ്പെടെ 5 യു. പി. സ്ക്കൂളുകൾ, എൽ. പി. ക്ലാസ്സുകൾ മാത്രം പ്രവർത്തിക്കുന്ന 7 എൽ. പി. എസ്സുകൾ എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. എല്ലാ വാർഡുകളിലുമായി 20 നഴ്സറികൾ പ്രവർത്തിക്കുന്നു. 17 പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നവയിൽ 2 എണ്ണം കോളേജു ക്ലാസ്സുകൾമാത്രം നടക്കുന്നവയും 5 എണ്ണം സ്ക്കൂൾ–കോളേജ് ക്ലാസ്സുകൾ നടത്തുന്നവയും 10 എണ്ണം സ്ക്കൂൾ ക്ലാസ്സുകൾ മാത്രം നടത്തുന്നവയുമാണ്. 8 സാങ്കേതികസ്ഥാപനങ്ങളിൽ ഒന്ന് കമ്പ്യൂട്ടർ പഠനകേന്ദ്രവും ഒന്ന് ഐ. ടി. സിയുമാണ്. ബാക്കിയുള്ളവ ടൈപ്പ്റൈറ്റിംഗ് കേന്ദ്രങ്ങളാണ്. ഉന്നതവിദ്യാഭ്യാസത്തിന് ഉതകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് എടുത്തുപറയേണ്ടുന്ന വസ്തുതയാണ്.

## അനൗപചാരികവിദ്യാഭ്യാസം

3 ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്നു. ആ കേന്ദ്രങ്ങൾവഴി തുടർവിദ്യാഭ്യാസപരിപാടി നടക്കുന്നു.

## വസ്തുതകളുടെ അവലോകനം

ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി നടത്തിയ പ്രാഥമിക സ്ഥിതിവിവരക്കണക്കുകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം വിലയിരുത്താവുന്നതാണ്. ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസപുരോഗതി അവിടത്തെ മനുഷ്യ–ഭൗതിക–വിഭവങ്ങളുടെയും സാഹചര്യങ്ങളുടെയും ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു.

### a) അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ

ഈ പഞ്ചായത്തിൽ സ്ക്കൂൾവിദ്യാഭ്യാസരംഗത്ത് ഏറ്റവും കൂടുതൽ വനിതാ അദ്ധ്യാപകരാണ്. ഹൈസ്ക്കൂൾ തലത്തിൽ ആകെയുള്ള 140 അദ്ധ്യാപകരിൽ 92 പേർ സ്ത്രീകളാണ്. പ്രൈമറി തലത്തിൽ വനിതാ അദ്ധ്യാപകർ 105 പേരാണ്.

ഹൈസ്ക്കൂൾ തലത്തിൽ ആകെ 3948 വിദ്യാർത്ഥികളിൽ 2028 പേർ ആൺകുട്ടികളാണ്; പെൺകുട്ടികളുടെ സംഖ്യ 1920 ഉം. പ്രൈമറി തലത്തിൽ പഠിക്കുന്ന 4695 കുട്ടികളിൽ 2285 പെൺകുട്ടികളും 2410 ആൺകുട്ടികളും ആണ്. വിദ്യാഭ്യാസകാര്യത്തിൽ വിദ്യാർത്ഥിനികളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നതായി ഇതിൽനിന്നും മനസ്സിലാക്കാം.

ആകെയുള്ള ഹൈസ്ക്കൂൾ വിദ്യാർത്ഥികളിൽ 410 പേർ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നു. ആകെയുള്ള പ്രൈമറിവിദ്യാർത്ഥികളിൽ 656 പേർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. (പട്ടിക II)

### b) ഭൗതികസാഹചര്യം

ഈ പഞ്ചായത്തിൽ H.S., U.P., L.P. വിഭാഗങ്ങളിലായി 16 സ്ക്കൂളുകൾ ഉള്ളതിൽ 15 എണ്ണം സുഗമമായി പ്രവർത്തിക്കുന്നു. 11 സ്ക്കൂളുകൾ പ്രൈവറ്റ് മേഖലയിലാണ്. കെട്ടിടത്തിന്റെ ലഭ്യതയെക്കുറിച്ച് പരിശോധിക്കുമ്പോൾ മിക്ക സ്ക്കൂളുകളും ഇക്കാര്യത്തിൽ മുൻപന്തിയിലാണ്. എന്നാൽ വി. എച്ച്. എസ്. എസ്. കടയ്ക്കൽ, ഗവണ്മെന്റ് യു. പി. എസ്. കടയ്ക്കൽ, സെന്റ് മിൽഡ്രെഡ്സ് യു. പി. എസ്. തൃക്കണ്ണാപുരം, എൽ. എം. എൽ. പി. എസ്. വെങ്കിട്ടക്കുഴി, എൽ. എം. എൽ. പി. എസ്. തച്ചോണം, എൽ. എം. എൽ. പി. എസ്. ഇടത്തറ എന്നീ വിദ്യാലയങ്ങൾ കെട്ടിടസൗകര്യത്തിന്റെ കാര്യത്തിൽ ബഹുദൂരം പിന്നിലാണെന്ന വസ്തുത ശ്രദ്ധേയമാണ്. എന്നാൽ ഫർണിച്ചറിന്റെ കാര്യത്തിൽ സി. പി. എച്ച്. എസ്. കുറ്റിക്കാട്, എക്സ് സർവ്വീസ് മെൻസ് യു. പി. എസ്., എസ്. എൻ. വി. എൽ. പി. എസ്. സ്ക്കൂൾ പുല്ലുപണ എന്നീ സ്ക്കൂളുകൾ ഒഴിച്ച് ഈ പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളു

## അദ്ധ്യാപകരേയും, വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| | അദ്ധ്യാപകർ | | | | | വിദ്യാർത്ഥികൾ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ വിഭാഗം | പു | ശതമാനം | സ്ത്രീ | ശതമാനം | ആകെ | ആൺ | ശതമാനം | പെൺ | ശതമാനം | ആകെ | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം | ശതമാനം |
| 1. ഹൈസ്കൂൾ | 48 | 34.28 | 92 | 65.72 | 140 | 2028 | 51.37 | 1920 | 48.63 | 3948 | 410 | 10.04 % |
| 2. അപ്പർപ്രൈമറി | 30 | 30.61 | 68 | 69.39 | 98 | 1720 | | 1585 | | 3305 | 440 | |
| 3. ലോവർപ്രൈമറി | 7 | 15.09 | 37 | 84.01 | 44 | 690 | | 700 | | 1390 | 216 | 14% |
| | 37 | 26.01 | 105 | 73.09 | 142 | 2410 | 51.33 | 2285 | 48.66 | 4695 | 656 | |

ടേയും സ്ഥിതി വളരെ പരിതാപകരമാണെന്നു കാണാം.

## കാമ്പസ്

ഹൈസ്ക്കൂളുകളിൽ കുമ്മിൾ ഗവണ്മെന്റ് സ്ക്കൂൾ സ്ഥലപരിമിതിമൂലം കളിസ്ഥലം പോലും ഇല്ലാത്ത അവസ്ഥയിലാണ് (1 ഏക്കർ 85 സെന്റ്). യു. പി. വിഭാഗത്തിൽ സ്ഥലപരിമിതി ഏറെ അനുഭവപ്പെടുന്നത് യു പി. എസ്. മങ്കാട് ആണ്. എൽ. പി. വിഭാഗത്തിൽ എൽ. എം. എൽ. പി. എസ്. ഇടത്തറ ഇത്തരം വിഭാഗത്തിൽപ്പെടുന്ന ഒരു സ്ക്കൂളാണ്. പൊതുവേ സ്ഥലപരിമിതി അനുഭവപ്പെടുന്ന സ്ക്കൂളുകളിൽ ഗവണ്മെന്റ് എച്ച്. എസ്. കുമ്മിൾ, പഞ്ചായത്ത് യു. പി. എസ്. മങ്കാട്, എം. എൽ. പി. എസ്. കാരയ്ക്കാട്, എൽ. എം. എൽ. പി. എസ്. വെങ്കിടക്കുഴി എന്നീ സ്ക്കൂളുകൾ ഒഴിച്ച് ബാക്കി സ്ക്കൂളുകളോട് അനുബന്ധിച്ച് ഒന്നിനും ഉപയോഗിക്കാത്ത സ്ഥലം ഉണ്ട്. (പട്ടിക III) വി. എച്ച്. എസ്. എസ്. കടയ്ക്കൽ, ഗവണ്മെന്റ് യു. പി. എസ്. കടയ്ക്കൽ, സെന്റ് മിഡ്രെഡ്സ് യു. പി. എസ്. തൃക്കകണ്ണാപുരം, എൽ. പി. എസ്. പറയാട്, എൽ. എം. എൽ. പി. എസ്. ഇടത്തറ, എൽ. എം. എൽ. പി. എസ്. വെങ്കിട്ടക്കുഴി, എൽ. പി. എസ്. തച്ചോണം എന്നീ സ്കൂളുകൾക്ക് പുതുതായി ക്ലാസ്സുമുറികൾ ആവശ്യമുള്ളതായി കണ്ടെത്താൻ കഴിയും. ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി മൂത്രപ്പുരകളും കക്കൂസുകളും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പൊതുവേ, ഭൗതികസാഹചര്യങ്ങളുടെ ലഭ്യതയിൽ മിക്ക വിദ്യാലയങ്ങളും സ്വയംപര്യാപ്തതയിൽ ആണെങ്കിലും കളിസ്ഥലം, കെട്ടിടങ്ങൾ എന്നിവയുടെകാര്യത്തിൽ മേല്പറഞ്ഞ സ്ക്കൂളുകളെ സംബന്ധിച്ച് സത്വരശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. (പട്ടിക III കാണുക)

## കുടിവെള്ളവും വൈദ്യുതീകരണവും

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 15 വിദ്യാലയങ്ങളിൽ ടൗൺ എൽ. പി. എസ്. കടയ്ക്കൽ, എൽ. എം. എൽ. പി. എസ്. ഇടത്തറ എന്നീ സ്ക്കൂളുകൾ കഴിച്ച് കുടിവെള്ളസൗകര്യം ലഭ്യമാണ്. 10 വിദ്യാലയങ്ങളിൽ വൈദ്യുതീകരണം നടന്നിട്ടുണ്ട്. ഇല്ലാത്ത സ്ക്കൂളുകൾ സെന്റ് മിൽഡ്രെഡ്സ് യു. പി. എസ്. തൃക്കണ്ണാപുരം, എൽ. പി. എസ്. പറയാട്, എൽ എം എൽ പി എസ് കാരയ്ക്കാട്, എൽ എം പി എസ് ഇടത്തറ, എൽ എം എൽ പി എസ് വെങ്കിട്ടക്കുഴി, എൽ പി എസ് തച്ചോണം ഇവയാണ്.

## പാചകമുറി

പാചകമുറികളില്ലാത്ത സ്കൂളുകൾ ജി എച്ച് എസ് കുമ്മിൾ, വി എച്ച് എസ് എസ് കടയ്ക്കൽ, സി പി എച്ച് എസ് കുറ്റിക്കാട്, എൽ എം എൽ പി എസ് കാരയ്ക്കാട്, എൽ എം എൽ പി എസ് വെങ്കിട്ടക്കുഴി SNVLPS പുല്ലുപണ LPS തച്ചോണം ഇവയാണ്.

## സ്റ്റാഫ്റൂം

UP സ്കൂളുകളിൽ Ex-Serviceman's UPS ആറ്റുപുറം ST. Mildreds UPS തൃക്കണ്ണാപുരം എന്നിവയിൽ സ്റ്റാഫ്റൂം ഇല്ല. LP സ്കൂളുകളിൽ LPS പറയാട്, LMLPS ഇടത്തറ SNVLPS പുല്ലുപണ, LPS തച്ചോണം എന്നിവയിൽ സ്റ്റാഫ്റൂം ഇല്ല.

## ഫർണിച്ചർ

CPHS കുറ്റിക്കാട് ഒഴികെ മറ്റു എല്ലാ വിദ്യാലയങ്ങൾക്കും ഫർണിച്ചർ ആവശ്യത്തിനു മതിയാകുന്നില്ല. ഇനി ആവശ്യമുള്ള ഫർണിച്ചറുകളുൾപ്പെടെയുള്ള വിവരം പട്ടിക 4-ൽ ചേർത്തിട്ടുണ്ട്.

## അക്കാഡമിക് സൗകര്യങ്ങൾ

UP, HS വിഭാഗങ്ങളിൽ ലൈബ്രറികൾ കാര്യക്ഷമമായി പ്രവർത്തിക്കുമ്പോൾ . ലബോറട്ടറികൾ ഉണ്ടെങ്കിലും ശരിയായ പ്രവർത്തനം നടക്കുന്നില്ല. ലബോറട്ടറിയില്ലാത്ത ഏക UPS Ex-Serviceman's ആറ്റുപുറമാണ്. എന്നാൽ LP വിഭാഗത്തിൽ ലബോറട്ടറിയോ ലൈബ്രറിയോ ഒട്ടും തന്നെ പ്രവർത്തിക്കുന്നില്ല.

## പഠനോപകരണങ്ങൾ

പഠനോപകരണങ്ങൾ മിക്ക സ്കൂളുകളിലും അപര്യാപ്തമാണ്. ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ കൂട്ടത്തിൽ റേഡിയോ ടേപ്പു റെക്കോർഡുകൾ എന്നിവ ഒഴിച്ച് മറ്റൊന്നുംതന്നെ പഞ്ചായത്തിലെ മിക്ക സ്കൂളുകളിലുമില്ല.

## മാതൃസംഗമം PTA

പഞ്ചായത്തിൽ എല്ലാ സ്കൂളുകളിലും മാതൃസംഗമവും PTA യും സജീവമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ക്ലാസ്സ് PTA കൾ സജീവമല്ല.

## അക്കാദമിക് നിലവാരം

പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ 60% വും 50 നും 60 നും മദ്ധ്യേ മാർക്കു നേടുന്നവരും, 40 നും 50 നും മദ്ധ്യേ മാർക്കു വാങ്ങുന്നവർ 25% ഉം, 60% നു മേൽ മാർക്കു വാങ്ങുന്നവർ 10% ഉം, 5%

പേർ 30%-ൽ താഴെ മാർക്കു വാങ്ങുന്നവരും ആണെന്ന് പ്രാഥമിക പരിശോധനയിൽ കാണുന്നു.

## SSLC വിജയശതമാനം (ചാർട്ട്)

91-92 മുതൽ 95-96 വരെയുള്ള SSLC വിജയശതമാനം പട്ടിക IV-ൽ കാണുക.

### അവാർഡുകൾ

1995-96 അദ്ധ്യായനവർഷത്തിൽ ജില്ലാതലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ ഹൈസ്കൂൾ കുട്ടികളുടെ എണ്ണം ആകെ 22 ആണ്. SSLC പരീക്ഷയ്ക്ക് 13-ാം റാങ്ക് സംസ്ഥാനതലത്തിൽ കരസ്ഥമാക്കി എന്നാൽ പ്രൈമറി തലത്തിൽ ജില്ലാതല അവാർഡിനർഹരായവരുടെ എണ്ണം 11 മാത്രം. LP വിഭാഗത്തിൽ ഒരു വിദ്യാർത്ഥിയും ജില്ലാതല അവാർഡിനർഹരായിട്ടില്ല എന്നുള്ളതു ഖേദകരമാണ്. സംസ്ഥാന ദേശീയ തലങ്ങളിൽ പഞ്ചായത്തിലെ ഒരു കുട്ടിക്കുപോലും അവാർഡുകൾ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ല

### സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

1995-96 അധ്യയന വർഷത്തിൽ സാമ്പത്തിക ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| മെരിറ്റ് സ്കോളർഷിപ്പ് | - | 28 |
| ലംസംഗ്രാന്റ് | - | 1066 |
| മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് | - | 338 |
| വികലാംഗ | - | 26 |

### പൊതുവായ നിർദ്ദേശങ്ങൾ

ഗ്രാമസഭാറിപ്പോർട്ടുകളുടെ അവലോകനവും, ദ്വതീയ സ്ഥിതിവിവര കണക്കുകളുടെ അപഗ്രഥനവും കണക്കിലെടുത്താൽ താഴെ പറയുന്ന പൊതു നിർദ്ദേശങ്ങൾ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്കു പര്യാപ്തമാകുമെന്നു കരുതുന്നു.

1) എൽ പി വിഭാഗം സ്കൂളുകളോനടുബന്ധിച്ച് Pre-Primary സ്കൂളുകൾ ആരംഭിക്കണം.

2) സ്കൂളിൽ എത്തിച്ചേരുന്നതിനുള്ള ദൂരം കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിൽ 4 കേന്ദ്രങ്ങളിലെങ്കിലും പുതിയ എൽ പി സ്കൂളുകൾ ആരംഭിക്കണം. പാലയ്ക്കൽ ഇടത്തറ വാർഡുകൾക്ക് മുൻഗണന നൽകണം.

3) പഞ്ചായത്തിൽ നിലവിലുള്ള സാഹചര്യം കണക്കിലെടുത്തു പുതിയ UP സ്കൂളുകൾ അനുവദിക്കുകയോ LPS Upgrade ചെയ്യുകയോ ചെയ്യുക. (ഉദ:. പറയാട് LPS, ടൗൺ LPS, കാരയ്ക്കാട് LPS)

4) കുമ്മിൾ ഗവ: ഹൈസ്കൂൾ പ്രൈമറി വിഭാഗം മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

5) നിലവിലുള്ള സ്കൂളുകളിൽ പഠനോപകരണങ്ങൾ ആവശ്യത്തിന് യഥാസമയം ലഭ്യമാക്കുന്നതിലൂടെ പഠന നിലവാരം മെച്ചപ്പെടുത്താൻ കഴിയും.

6) എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

7) കിഴക്കൻ മേഖല കേന്ദ്രീകരിച്ചു കടയ്ക്കലിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉൾപ്പെടെ BEd സെന്ററും ഒരു പോളിടെക്നിക്കും, ഒരു ITI യും ഉണ്ടാകണം.

8) ഭൗതിക സാഹചര്യങ്ങളും, സേവനവ്യവസ്ഥയും മെച്ചപ്പെടുത്തുന്നതിനുള്ള പോരാട്ടത്തോടൊപ്പം അക്കാദമിക് നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നാം ഏറ്റെടുക്കേണ്ടതുണ്ട്. പ്രായോഗികമായി ഇതിനുള്ള വഴിയാണ് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് എന്ന പരിപാടി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളുടെയും പങ്കാളിത്തത്തോടുകൂടി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പൊതുസമ്മതമായ ഒരു പരിപാടി രൂപപ്പെടുത്തുകയും നടപ്പാക്കുകയുമാണ് സ്കൂൾ കോംപ്ലക്സ് എന്ന പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് ബഹുദൂരം മുന്നോട്ടു പോകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## ഭൗതിക സാഹചര്യം

| നമ്പർ | സ്കൂളിന്റെ പേര് | കുടിവെള്ളം | വൈദ്യുതീകരണം | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയോ | ഇനി ആവശ്യമുള്ള ഫർണിച്ചറുകളുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1. | VHSS കടയ്ക്കൽ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 100 | 100 | 10 | 10 | — |
| 2. | CPHS കുറ്റിക്കാട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | — | — | — | — | — |
| 3. | GHS കുമ്മിൾ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 100 | 100 | 25 | 25 | 10 |
| 4. | UPS കുറ്റിക്കാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 90 | — | 14 | — | — |
| 5. | Ex-Servicemen UPS ആറ്റുപ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 12 | 4 | 4 | 4 | — |
| 6. | GUPS കടയ്ക്കൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 25 | 50 | 15 | 15 | 1 |
| 7. | St. Mildreds UPS തൃക്കണ്ണാപുരം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 45 | 55 | 4 | 4 | — |
| 8. | UPS മങ്കാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 84 | 25 | 10 | 15 | 2 |
| 9. | LPS പറയാട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 40 | 15 | 5 | 5 | 1 |
| 10. | LMLPS കാരയ്ക്കാട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 25 | 10 | 2 | 5 | 1 |
| 11. | ടൗൺ LPS കടയ്ക്കൽ | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 35 | 25 | — | — | — |
| 12. | LMLPS ഇടത്തറ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 15 | 10 | 2 | 2 | 1 |
| 13. | LMLPS വെങ്കിട്ടക്കുഴി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 30 | — | 2 | 2 | — |
| 14. | SNVLPS പുല്ലുപണ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 32 | — | — | — | 2 |
| 15. | LPS തച്ചോണം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 10 | 5 | 10 | 1 |
| 16. | AMLPS പുതുക്കോട് | പ്രവർത്തനമില്ല | | | | | | | | | |

# പട്ടിക III

| | | ഉടമസ്ഥത | | കെട്ടിടം | | ഫർണിച്ചർ | | | | | | മുറികളുടെ എണ്ണം | | | മൂത്രപ്പുര | | | കക്കൂസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | സ്കൂളിന്റെപേര് | ഗവ: | എയിഡഡ് | വേണ്ടത്ര യുള്ളവ | ഇല്ലാത്തവ | വേണ്ടത്ര യുള്ളവ | ഇല്ലാത്തവ | കാമ്പസിന്റെ ആകെ വിസ്തീർണ്ണം | കളിസ്ഥലത്തി ന്റെവിസ്തീർണ്ണം | ഉപയോഗിക്കാ ത്തസ്ഥലം | ആകെ ഡിവിഷനുകൾ | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | മുറികളുടെഎണ്ണം | ഉള്ളത് | ആവശ്യമുള്ളത് | എണ്ണം |
| 1 | V.H.S.S. കടയ്ക്കൽ | ✓ | | | ✓ | | ✓ | 6ഏക്കർ 48 സെന്റ് | 2ഏക്കർ | 1ഏക്കർ | 42 | 32 | 15 | -- | 10 | 3 | 3 | 1 |
| 2 | C.P.H.S. കുറ്റിക്കാട് | | ✓ | ✓ | | ✓ | | 3ഏക്കർ | 1ഏക്കർ | 50 സെന്റ് | 15 | 28 | - | - | - | 2 | 2 | 3 |
| 3 | G.H.S. കുമ്മിൾ | ✓ | | ✓ | | | ✓ | 1ഏക്കർ 85സെന്റ് | ഇല്ല | ഇല്ല | 41 | 38 | 10 | 5 | -- | 2 | 2 | 3 |
| 4 | U.P.S കുറ്റിക്കാട് | | ✓ | ✓ | | | ✓ | 1ഏക്കർ 50സെന്റ് | 75സെന്റ് | 25സെന്റ് | 14 | 01 | 13 | - | - | 1 | 1 | 2 |
| 5 | Ex: Serviceman's U.P.S | | ✓ | ✓ | | ✓ | | 1ഏക്കർ 50സെന്റ് | 10സെന്റ് | 1ഏക്കർ | 9 | 01 | 09 | - | - | 1 | 2 | - |
| 6 | G.U.P.S കടയ്ക്കൽ | ✓ | | | ✓ | | ✓ | 2ഏക്കർ | 30 സെന്റ് | 45സെന്റ് | 37 | 36 | - | 4 | 5 | 2 | 3 | 1 |
| 7 | St.Mildreds U.P.S തൃക്കണ്ണാപുരം | | ✓ | | ✓ | | ✓ | 2ഏക്കർ 50സെന്റ് | 1ഏക്കർ | 1ഏക്കർ 50സെന്റ് | 13 | 15 | - | - | 5 | 1 | 4 | - |
| 8 | U.P.S. മങ്കാട് | | ✓ | ✓ | | | ✓ | 1ഏക്കർ | - | - | 16 | 16 | 04 | - | - | 2 | - | 2 |
| 9 | L.P.S. പറയാട് | | ✓ | ✓ | | | ✓ | 1ഏക്കർ 75സെന്റ് | 1ഏക്കർ | - | 7 | 01 | 07 | - | 07 | 01 | 04 | 01 |
| 10 | L.M.L.P.S. കാരയ്ക്കാട് | | ✓ | ✓ | | | ✓ | 57സെന്റ് | 20സെന്റ് | - | 04 | 04 | - | - | - | 01 | 02 | - |
| 11 | Town L.P.S. കടയ്ക്കൽ | ✓ | | ✓ | | | ✓ | 73സെന്റ് | - | 40സെന്റ് | 06 | 08 | - | - | - | 01 | 02 | - |
| 12 | L.M.L.P.S ഇടത്തറ | | ✓ | ✓ | | | ✓ | 50സെന്റ് | - | 20സെന്റ് | 04 | 01 | 04 | - | 01 | 01 | 02 | - |
| 13 | L.M.L.P.S. വെങ്കിട്ടകുഴി | | ✓ | | ✓ | | ✓ | 75സെന്റ് | 60സെന്റ് | - | 04 | - | 04 | - | 03 | - | 02 | - |
| 14 | S.N.V.U.P.S. പുല്ലുപണ | | ✓ | ✓ | | ✓ | | 1ഏക്കർ | - | 50സെന്റ് | 08 | 05 | 04 | - | - | - | 02 | 01 |
| 15 | L.P.S. തമ്പോണം | | ✓ | | ✓ | | ✓ | 1ഏക്കർ | 20സെന്റ് | 50സെന്റ് | 08 | - | 08 | - | 08 | 01 | - | - |
| 16 | A.M.L.P.S. പുതുക്കോട് | പ്രവർത്തനം ഇല്ല | | | | | | | | | | | | | | | | |

# സംസ്കാരം

കടയ്ക്കൽ പഞ്ചായത്ത് പ്രദേശം നൂറ്റാണ്ടുകളായിട്ടുള്ള സാംസ്കാരികപ്രവർത്തനങ്ങളുടെ വിളഭൂമിയാണ്. ക്ഷേത്രങ്ങളും കൃസ്ത്യൻ-മുസ്ലീം ആരാധനാലയങ്ങളുമായിരുന്നു ആദ്യകാലസാംസ്കാരികസിരാകേന്ദ്രങ്ങൾ. ക്ഷേത്രകലകളുമായി ബന്ധപ്പെട്ട് കാക്കാരിശ്ശിനാടകം, തോറ്റംപാട്ട്, ആഴിക്കൂട്ടൽ എന്നിവ മുൻപ് നടത്തിയിരുന്നു. കളമെഴുത്തുപാട്ട്, കുത്തിയോട്ടപ്പാട്ട്, നന്തുണിപ്പാട്ട്, കുത്തിയോട്ടക്കളി, വേലൻതുള്ളൽ, പടയണി എന്നിവ ഇപ്പോഴും നടത്തിവരുന്നു. പ്രത്യേക വായ്ത്താരിയും ചടുലമായ ദ്രുതതാള ചുവടുവയ്പുമാണ് കുത്തിയോട്ടക്കളിയുടെ പ്രത്യേകതകൾ. തികച്ചും ഗ്രാമീണങ്ങളായ ഈ കലകൾ അന്യംനിലക്കാതെ നോക്കാൻ കടയ്ക്കൽ തിരുവാതിര മഹോൽസവത്തോടനുബന്ധിച്ച് മൽസരംപോലും നടത്താറുണ്ട്. ദേവീക്ഷേത്രത്തിൽ കളമെഴുത്തും പാട്ടുമാണ് പ്രധാന വഴിപാട്. പ്രകൃതിയിൽ നിന്നുതന്നെ ലഭ്യമായ അരിപ്പൊടി, കരിപ്പൊടി, മഞ്ഞൾപ്പൊടി, ചുണ്ണാമ്പ്, മയിലാഞ്ചിപൊടി എന്നിവ ഉപയോഗിച്ച് ദാരികവധമാണ് കളമെഴുത്തിന് വിഷയമാകാറ്. ക്ഷേത്രവാദ്യങ്ങളായി ചെണ്ട, തിമില, മിക്കുചെണ്ട, നന്തുണി, നാദസ്വരം എന്നിവ ഉപയോഗിക്കുന്നു. തളിയിൽക്ഷേത്രത്തോടനുബന്ധിച്ചുള്ള നാഗരുകാവിൽ സർപ്പകോപം അകറ്റുന്നതിന് പുള്ളുവൻപാട്ടും, നാഗത്താൻപാട്ടും വഴിപാടാണ്. ഇടത്തറ, കോട്ടപ്പുറം അപ്പൂപ്പൻകാവിൽ പടയണി നടത്താറുണ്ട്. പുനയം കടുവാംകുഴിക്ഷേത്രത്തിൽ എല്ലാ ശിവരാത്രിയിലും പടയണി നടത്താറുണ്ട്.

കടയ്ക്കൽ പുകൾപെറ്റ ഉൽസവകേന്ദ്രമാണ്. കടയ്ക്കൽ തിരുവാതിര മഹോൽസവം കുംഭമാസത്തിലെ തിരുവാതിരനാൾ മുതൽ 10 ദിവസം നീണ്ടുനില്ക്കുന്നു. തിരുവാതിരദിവസം വിവിധതരക്കാരുടെ നേതൃത്വത്തിൽ അവതരിപ്പിക്കുന്ന കെട്ടുകാഴ്ചകൾ ശില്പചാതുര്യം വിളിച്ചോതുന്ന മനോഹരദൃശ്യങ്ങളാണ്. ഈ നിലയിൽ എല്ലാതുറയിലുമുള്ള ജാതിമതഭേദമില്ലാതെ ഏവരും ചേർന്നു നടത്തുന്ന കടയ്ക്കൽ തിരുവാതിര ഈ നാടിന്റെ സാംസ്കാരിക പൈതൃകത്തിൽ ചെലുത്തുന്ന സ്വാധീനം അനന്യമാണ്.

ഇസ്ലാം ആചാരപ്രകാരം നടക്കുന്ന നബിദിനഘോഷയാത്രയിൽ കുട്ടികളടക്കം ധാരാളം ആളുകൾ പങ്കുചേരുന്നു. ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി തൃക്കണ്ണാപുരം, കാരയ്ക്കാട്, ദർപ്പക്കാട് പള്ളികളുമായി ബന്ധപ്പെട്ട് ഈ പ്രദേശങ്ങളിൽ ക്രിസ്മസ്കരോൾ നടത്താറുണ്ട്.

നമ്മുടെ നാട്ടിൽ പ്രചാരത്തിലുള്ള നാടൻകലകളിൽ വില്ലുപാട്ട്, കോൽക്കളി(കമ്പടികളി), തുമ്പിതുള്ളൽ, ഉറിയടി, കതിരുകാളകെട്ടൽ, ചമയവിളക്ക്, കടുവാക്കളി, വേലൻതുള്ളൽ എന്നിവയും നാടൻകളികൾ, കുഴിപ്പന്ത്, കുട്ടിയും കോലും, ചതുരംഗം, കുമ്മികളി, ഊഞ്ഞാലാട്ടം, വടംവലി, കിളിത്തട്ട്, കൊട്ടകളി, ഗോലികളി, പല്ലാങ്കുഴികളി, പട്ടംപറത്തൽ എന്നിവ നാടിന്റെ സാംസ്കാരികപൈതൃകം നിലനിർത്തത്തക്ക വിധത്തിൽ ഇപ്പോഴും ഏറ്റകുറച്ചിലോടെ തുടങ്ങുന്നുണ്ട്.

ഇവിടുത്തെ പ്രധാന മതങ്ങൾ ഹിന്ദു, ഇസ്ലാം, ക്രിസ്ത്യൻ എന്നിവയാണ്. ഹിന്ദുക്കളിൽ 12% പേർ പട്ടികജാതിക്കാരാണ്. മതവിഭാഗങ്ങൾ തമ്മിൽ മതസൗഹാർദ്ദവും, മതസഹിഷ്ണുതയും നിലനിറുത്തുന്നതോടൊപ്പം മതാചാരങ്ങളിലും, ആഘോഷങ്ങളിലും പരസ്പരം പങ്കുചേരുന്നുമുണ്ട്. അരനൂറ്റാണ്ടിനിടയ്ക്ക് നമ്മുടെ നാട്ടിൽ ഒരു സാമുദായിക കലാപമോ സ്പർദ്ധയോ മതമാത്സര്യമോ ഉണ്ടായിട്ടില്ല. ശക്തമായ അടിത്തറയും, പ്രവർത്തനശൈലിയുമുള്ള ഇടതുപക്ഷപ്രസ്ഥാനങ്ങളാണ് അഭിമാനകരമായ ഈ നേട്ടം നമുക്കുണ്ടാക്കിത്തന്നത്. ആചാരങ്ങൾ മതാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടും ആഘോഷങ്ങൾ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുമാണ് പ്രധാനമായും നടത്താറുള്ളത്. അതിൽ ക്ഷേത്രങ്ങളിലെ ഉൽസവങ്ങൾ, ചതയദിനം, നബിദിനം, റംസാൻ, ബക്രീഡ്, ക്രിസ്തുമസ്, ദീപാവലി, കാർത്തിക, ഓണാഘോഷം എന്നിവ പ്രത്യേകം സ്മരണീയമാണ്.

## കലാ-സാംസ്കാരികരംഗം

ഗ്രന്ഥശാലകളുടെയും ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഓണാഘോഷം, വാർഷികാഘോഷം എന്നിവയോടനുബന്ധിച്ച് സാംസ്കാരിക സമ്മേളനങ്ങളും കലാപരിപാടികളും അരങ്ങേറുന്നു. മുൻപ് നാട്ടിലെ യുവാക്കളുടെ കൂട്ടായ്മയിൽനിന്നും അമച്വർ നാടകങ്ങളും മറ്റു കലാരൂപങ്ങളും കാഴ്ചവച്ചിട്ടുണ്ട്. കടയ്ക്കൽ പഞ്ചായത്തിലെ വിവിധകലാസംഘടനകളുടെ കേന്ദ്രീകൃതമെന്ന നിലയിൽ സെൻട്രൽ തിയേറ്റേഴ്സ് എന്ന

സംഘടന 1979 വരെ സജീവമായിരുന്നു. നിരവധി വർഷം അഖിലകേരള നാടകമൽസരങ്ങൾ സെൻട്രൽ തിയേറ്റേഴ്സ് വിജയകരമായി നടത്തിയിരുന്നു. പാണ്ടലുകാട് F. M. A. S.C അമച്വർ നാടകരംഗത്ത് പ്രവർത്തിച്ച മറ്റൊരു സംഘടനയായിരുന്നു. പല അഖിലകകേരളനാടകമൽസരങ്ങളിലും F.M.A.S.C യുടെ നാടകം സമ്മാനം നേടിയിട്ടുണ്ട്. ദർപ്പക്കാട്, ആറ്റുപുറം, കാര്യം, കാഞ്ഞിരത്തുംമൂട്, വെള്ളാറവട്ടം എന്നിവിടങ്ങളിലും കലാസമിതികൾ സജീവമായിരുന്നു. അടുത്തകാലംവരെ പ്രവർത്തിച്ചിരുന്ന ത്രിവേണി, ഭരതകലാക്ഷേത്രം എന്നീ സമിതികൾ പ്രൊഫഷണൽ രംഗത്തു പ്രവർത്തിച്ചിരുന്ന കലാസംഘങ്ങളായിരുന്നു. ശ്രീരുദ്ര മാത്രമാണ് പ്രൊഫഷണൽ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ഏകസ്ഥാപനം. ഇന്ന് അവയുടെ സ്ഥാനത്ത് ഗ്രന്ഥശാലകളും കലാസാംസ്കാരിക സമിതികളും സംഘടിപ്പിക്കുന്ന ആഘോഷവേളകളിൽ പ്രൊഫഷണൽ നാടകസമിതികൾ അവതരിപ്പിക്കുന്ന നാടകങ്ങളാണ് ഭൂരിഭാഗവും.

കലാസാംസ്കാരിക പ്രവർത്തനങ്ങളിലൂടെ പുറംലോകത്ത് അറിയപ്പെടുന്ന പല പ്രതിഭകളെയും നമ്മുടെ പഞ്ചായത്തിന് സംഭാവന ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. 1960 മുതൽ ചിത്രകലാരംഗത്ത് തനതായ വ്യക്തിത്വം പുലർത്തുകയും സിനിമാപരസ്യകലയിലും കലാസംവിധാനത്തിലും പ്രവർത്തിച്ച ആർട്ടിസ്റ്റ് പുഷ്പൻ ഇന്നും ചിത്രകലാരംഗത്ത് സജീവമാണ്. പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യകാലവിദ്യാർത്ഥിയും അവിടെനിന്നും സ്വർണ്ണമെഡലോടെ എഡിറ്റിംഗ്, തിരക്കഥ, സംവിധാനം എന്നിവയിൽ പരിശീലനം നേടിയ വ്യക്തിയാണ് എഡിറ്റർ രവി. എഡിറ്റിംഗ് നിർവഹിച്ച അദ്ദേഹത്തിന്റെ മിക്ക ചിത്രങ്ങളും അവാർഡു നേടിയിട്ടുണ്ട്.

കായികരംഗത്ത് കേരളത്തിന്റെ തന്നെ യശസ്സുയർത്തിയ രാധ–രാധാകൃഷ്ണൻ കേരളത്തിലെ ആദ്യത്തെ ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയനായ ആളാണ്. ഇപ്പോൾ ഇലക്ട്രിസിറ്റിവകുപ്പിലെ ഉദ്യോഗസ്ഥനാണ് ഇദ്ദേഹം.

കഴിഞ്ഞ നാലുവർഷമായി തുടർച്ചയായും സാധുക്കൾക്കുവേണ്ടി സമൂഹവിവാഹം സംഘടിപ്പിക്കുന്ന മൽസ്യത്തൊഴിലാളി സാധുസംരക്ഷണസമിതിയുടെ പ്രവർത്തനംസാംസ്കാരികരംഗത്ത് എടുത്തുപറയേണ്ടതാണ്. കേരളശാസ്ത്രസാഹിത്യപരിഷത്ത് നടത്തിവരുന്ന സാംസ്കാരിക പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിൽ സജീവമാണ്.

## ഗ്രന്ഥശാലകൾ

കടയ്ക്കൽ പഞ്ചായത്തിൽ 14 ഗ്രന്ഥശാലകൾ ഉണ്ടെങ്കിലും സജീവമായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ വളരെ കുറവാണ്. 11 എണ്ണത്തിനു മാത്രമേ ഇപ്പോൾ ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷൻ ഉള്ളൂ. 1935–ൽ കടയ്ക്കൽടൗണിൽ സ്ഥാപിതമായ യുവജനസമാജം വായനശാലയാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യഗ്രന്ഥശാല. ഇപ്പോൾ ഇത് നിലവിലില്ല. AD 1940–ൽ സ്ഥാപിച്ച ഇളമ്പഴനൂർ യുവജനസമാജമാണ് പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിൽ ഏറ്റവും പഴക്കമേറിയത്. 1952–ൽ ഇതിന് ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷൻ ലഭിച്ചു. ഏറ്റവും കൂടുതൽ ഗ്രന്ഥശേഖരം ഉള്ളത് പഞ്ചായത്ത് ലൈബ്രറിയായ നെഹ്രുമെമ്മോറിയലിലാണ്. 25 വർഷത്തോളം പഴക്കമുള്ള ഈ ഗ്രന്ഥശാലയിൽ 3,000,00 രൂപാ വിലപിടിപ്പുള്ള 8000ത്തോളം പുസ്തകങ്ങളും 1,000,00 രൂപയ്ക്കുള്ള ഫർണിച്ചറുകളുമുണ്ട്. അമൂല്യമായ വലിയൊരു റഫറൻസ് ഗ്രന്ഥശേഖരവും ഇവിടുണ്ട്. സ്വന്തമായികെട്ടിടവും ഉണ്ട്.

കേരളഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷനുള്ള ഗ്രന്ഥശാലകൾക്കാകെ സംഘത്തിൽ നിന്നും ഗ്രാന്റിനത്തിൽ പ്രതിവർഷം 75,000 രൂപാ ലഭിക്കുന്നു. കൂടാതെ പഞ്ചായത്തിൽനിന്നും പത്രങ്ങൾക്ക് വരിസംഖ്യയിനത്തിൽ പ്രതിവർഷം 8000 രൂപായും ഗ്രാന്റിനത്തിൽ ഗ്രന്ഥശാലകൾക്ക് 2000 രൂപാ വീതവും ലഭിക്കുന്നു. ഗ്രന്ഥശാലകൾക്ക് സൗജന്യമായ കേരളഗസറ്റ് ലഭ്യമാക്കുവാൻവേണ്ടി കടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് 3000 രൂപാ സംഭാവനയായി നൽകുന്നു. ഇത്രയും വിപുലമായ സൗകര്യങ്ങളും സഹായങ്ങളും ഉണ്ടായിട്ടും 2000–ൽ താഴെ വരുന്നവരാണ് ഈ ഗ്രന്ഥശാലാസേവനം പ്രയോജനപ്പെടുത്തുന്നത് എന്നതാണ് ദുഃഖകരമായ സത്യം.

നെഹ്രു മെമ്മോറിയൽ ഗ്രന്ഥശാല കടയ്ക്കൽ, കലാലയാ ഗ്രന്ഥശാല കാര്യം, സുബാഷ് മെമ്മോറിയൽ ഗ്രന്ഥശാല ആനപ്പാറ, സഹൃദയാ ഗ്രന്ഥശാല കാഞ്ഞിരത്തുംമൂട്, യുവജനസമാജം ഇളമ്പഴനൂർ തുടങ്ങിയവ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നവയാണ്.

## കലാകായികരംഗം

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമായി 24–ൽപരം കലാസാംസ്കാരിക സമിതികളുണ്ട്. അവയിലേതാണ്ട് 15 എണ്ണം സജീവമായിപ്രവർത്തിക്കുന്നു. പ്രധാനമായി വാർഷികാഘോഷങ്ങളും

## ഗ്രന്ഥശാലകൾ

| വാർഡ് | പേര് | ഗ്രേഡ് | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | പ്രതിദിന വിതരണം | ഗ്രന്ഥശാലാ സംഘം അഫിലിയേഷൻ |
|---|---|---|---|---|---|---|
| 1. | യുവജനസമാജം ഇളമ്പഴനൂർ | C | 1000 | 5000 | | ഉണ്ട് |
| 2. | ശ്രീനാരായണ ഇടത്തറ | | | | | ഇല്ല |
| 3. | എ.കെ.ജി. ഗ്രന്ഥശാല കുറ്റിക്കാട് | | | | | ഉണ്ട് |
| 4. | ഗ്രാമപ്രകാശ് വലിയവേൽങ്കോട് | | | | | ഉണ്ട് |
| 5. | സഹൃദയാ കാഞ്ഞിരത്തുംമൂട് | | | | | ഉണ്ട് |
| 6. | വീനസ് മുകുന്നേരി | | | | | ഇല്ല |
| 7. | നെഹ്രു മെമ്മോറിയൽ പഞ്ചായത്ത് ഗ്രന്ഥശാല | | | 8000 | | ഉണ്ട് |
| 8. | കലാലയ കാര്യം | D | 586 | 3100 | 20 | ഉണ്ട് |
| 8. | യുവധാര ഇണ്ടവിള | | | | | ഉണ്ട് |
| 9. | സുഭാഷ് ആനപ്പാറ | | | | | ഉണ്ട് |
| 9. | നേതാജി ചിങ്ങേലി | | 250 | 600 | 5 | ഇല്ല |
| 10. | ഗുരുകുലം ഈയ്യക്കോട് | | | | | ഉണ്ട് |
| 12. | മങ്കാട്ഗ്രന്ഥശാല | | | | | ഉണ്ട് |
| 13. | നവോദയ പുതുക്കോട് | | | | | ഇല്ല |
| 14. | സമന്വയ കുമ്മിൾ | | 450 | 925 | | ഉണ്ട് |

ഓണാഘോഷങ്ങളുമാണ് അവർ ഏറ്റെടുത്ത് നടത്താറുള്ളത്. ബാഹ്യമായ പ്രകടനങ്ങൾക്കുപരി സജീവമായ ശ്രദ്ധയോ ചിട്ടയായ പരിശീലനമോ കലാകായികരംഗത്ത് ഉണ്ടാകാറില്ല. പഞ്ചായത്തിൽ സ്ഥിരമായി നടത്താറുള്ള ചില ടൂർണ്ണമെന്റുകൾ ചിങ്ങേലി നേതാജിയുടെ കബടി, ക്രിക്കറ്റ്, ഷട്ടിൽ, വാട്ടർപോളോ എന്നിവയും കാരയ്ക്കാട് യുവധാരയുടെ ക്രിക്കറ്റ്ടൂർണ്ണമെന്റുമാണ്. കലാകായികരംഗത്തെ മറ്റൊരു പ്രവർത്തനം പഞ്ചായത്ത് കേരളോത്സവമാണ്. എന്നാൽ ഇതിൽ കാര്യക്ഷമമായ പങ്കാളിത്തം ഉണ്ടാകാറില്ല. കലാകായികരംഗത്തെ പ്രവർത്തനത്തിനു പുറമെ ആനപ്പാറ സുഭാഷ് മെമ്മോറിയൽ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അനർട്ടിന്റെ പുകയില്ലാത്ത അടുപ്പിന്റെ പ്രചരണപ്രവർത്തനം പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഇവയൊഴിച്ചാൽ ക്രിയാത്മകമായ പ്രവർത്തനങ്ങളോ സജീവമായ ശ്രദ്ധയോ ഈ രംഗത്ത് നമ്മുടെ പുതിയ തലമുറ ചെലുത്തുന്നില്ല. എന്നാൽ കലാലയാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, സുബാഷ് മെമ്മോറിയൽ, സ്റ്റാർ പുല്ലുപണ എന്നിവ നടത്തുന്ന നഴ്സറി സ്കൂളുകളുടെ പ്രവർത്തനം പ്രശംസനീയമാണ്. ചിങ്ങേലി നേതാജി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനം ഇതര ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. കടയ്ക്കൽ ടൗൺ കേന്ദ്രീകരിച്ച് ഒരു കരാട്ടെ സ്കൂളും, കളരി പരിശീലനകേന്ദ്രവും പ്രവർത്തിക്കുന്നു. കടയ്ക്കൽ ഗവൺമെന്റ് ഹൈസ്കൂളിന് സ്റ്റേഡിയം നിർമ്മിച്ചു നൽകുന്നതിനും ഒരു ജില്ലയിൽ ഒരു കേന്ദ്രത്തിൽ മാത്രമുള്ള "ഓപ്പറേഷൻ ഒളിംപ്യ" പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തിനു കഴിഞ്ഞു. ഇതിലൂടെ ഒമ്പതു കുട്ടികൾക്ക് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെയും ജി വി രാജാ സ്പോർട്സ് സ്കൂളിന്റെയും സെലക്ഷൻ ലഭിച്ചു എന്നത് അഭിമാനകരമാണ്.

ടെലിവിഷന്റെ അതിപ്രസരം വർദ്ധിച്ചതോടെ വായിച്ചു വളരുക എന്ന രീതിയിൽ നിന്നും കണ്ടു വളരുക എന്ന കേവലതയിലേയ്ക്ക് നമ്മുടെ തലമുറ അധഃപതിച്ചിരിക്കുന്നു. യുവജനങ്ങളുടെ സർഗ്ഗവാസനകളെ പരിപോഷിക്കുന്ന വിധത്തിൽ കൈയ്യെഴുത്തു പ്രതികൾ തുടർച്ചയായി തയ്യാറാക്കുന്ന ഒരു

സംഘംപോലും നമ്മുടെ പ്രദേശത്തില്ല. വല്ലപ്പോഴും ഈ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളത് ആനപ്പാറ സുബാഷ്, കുമ്മിൾ സമന്വയ, കാഞ്ഞിരത്തും മൂട് സഹൃദയ, ചിങ്ങേലി നേതാജി എന്നിവയാണ്. പ്രിന്റ് ചെയ്ത വാർഷിക പതിപ്പ് എന്ന നിലയിൽ ചിങ്ങേലി നേതാജി പത്രസപ്ലിമെന്റുകളും, പൂക്കളം വാർഷിക പതിപ്പും പ്രസിദ്ധീകരിച്ചു. കാഞ്ഞിരത്തുമൂട് സഹൃദയും വാർഷിക പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### കലാകായികകേന്ദ്രങ്ങൾ

| നമ്പർ | വാർഡ് | പേര് | റ്റിവി ഉണ്ടോ | കെട്ടിടം ഉണ്ടോ |
|---|---|---|---|---|
| 1 | 1 | YMA കാറ്റാടിമൂട് | ഉണ്ട് | ഉണ്ട് |
| 2 | 2 | ശ്രീനാരായണ ഇടത്തറ | ഉണ്ട് | ഉണ്ട് |
| 3 | 2 | തൂലികാ കാര്യം | ഇല്ല | ഇല്ല |
| 4 | 3 | AKG കുറ്റിക്കാട് | ഉണ്ട് | ഉണ്ട് |
| 5 | 3 | ശങ്കർമുക്ക് ക്ലബ്ബ് | ഇല്ല | ഇല്ല |
| 6 | 4. | യുവചേതനാ കാരക്കാട് | ഇല്ല | ഇല്ല |
| 7 | 4 | യുവധാരാ കൊടിഞ്ഞം | ഉണ്ട് | ഇല്ല |
| 8 | 4 | പൂലരി വാലുപച്ച | ഇല്ല | ഇല്ല |
| 9 | 4 | ആതിരാ പന്തളംമുക്ക് | ഇല്ല | ഇല്ല |
| 10 | 5 | യുവഭാവന കിണറ്റുമുക്ക് | ഇല്ല | ഉണ്ട് |
| 11 | 5 | ജികെ ആർഎം മുളങ്കാട്ടുകുഴി | ഇല്ല | ഉണ്ട് |
| 12 | 6 | കെൻസാ കടയ്ക്കൽ | ഇല്ല | ഇല്ല |
| 13 | 7 | സാംസ്കാരികകേന്ദ്രം | ഉണ്ട് | ഉണ്ട് |
| 14. | 7 | യങ്ങ് ബ്രദേഴ്സ് ആൽത്തറമൂട് | ഉണ്ട് | ഉണ്ട് |
| 15 | 8 | യുവധാരാ ഇണ്ടവിള | ഇല്ല | ഉണ്ട് |
| 16 | 8 | കലാലയ കാര്യം | ഇല്ല | ഇല്ല |
| 17 | 8 | സ്റ്റാർ, പുല്ലുപണ | ഇല്ല | ഇല്ല |
| 18 | 9 | നേതാളി, ചിങ്ങേലി | ഉണ്ട് | ഉണ്ട് |
| 19 | 9 | സുബാഷ്, ആനപ്പാറ | ഉണ്ട് | ഉണ്ട് |
| 20 | 9 | കൈരളി, ഗോവിന്ദമംഗലം | ഉണ്ട് | ഉണ്ട് |
| 21 | 9 | തിജോഴ്സ്, ആനപ്പാറ | ഇല്ല | ഇല്ല |
| 22 | 10 | സംഭ്രമം ക്ലബ്ബ് | ഇല്ല | ഇല്ല |
| 23 | 11 | തരംഗം, ദർപ്പക്കാട് | ഇല്ല | ഇല്ല |
| 24 | 11 | FMASC പാങ്ങലുകാട് | ഇല്ല | ഇല്ല |
| 25 | 12 | മങ്കാട് ക്ലബ്ബ് | ഇല്ല | ഇല്ല |
| 26 | 12 | പൂള്ളിപ്പച്ച ക്ലബ്ബ് | ഇല്ല | ഇല്ല |
| 27 | 13 | നവോദയാ പൂതുക്കോട് | ഇല്ല | ഇല്ല |
| 28 | 14 | സമന്വയ, കുമ്മിൾ | ഇല്ല | ഇല്ല |
| 29 | 15 | പ്രതിഭ, തമ്പോണം | ഇല്ല | ഉണ്ട് |
| 30 | 15 | ഈറ്റിമൂട് യുവരശ്മി | ഇല്ല | ഇല്ല |

നമ്മുടെ പഞ്ചായത്തിൽ മലയാള ദിനപ്പത്രങ്ങൾ 3000 കോപ്പികളുണ്ട്. മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി,* ദേശാഭിമാനി, മംഗളം, രാഷ്ട്രദീപിക, മാധ്യമം, മലയാളമണ്ണ് എന്നിവയാണ് പ്രചാരത്തിലുള്ള പ്രധാനപത്രങ്ങൾ. എന്നാൽ മനോരമ, മംഗളം, കന്യക തുടങ്ങിയവയുടെ വിൽപന 6000 ത്തോളമാണ്. പഞ്ചായത്തിൽ ടിവി മാധ്യമത്തിന്റെ സ്വാധീനം വളരെയുണ്ട്. പഞ്ചായത്തിൽ 15% വീടുകളിൽ ടിവി സ്വന്തമായുണ്ട്. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, പഞ്ചായത്ത് ടിവികിയോസ്കുകൾ എന്നിവവഴിയും ജനങ്ങൾ പരിപാടികൾ വീക്ഷിക്കുന്നുണ്ട്. 75% ആളുകളും പ്രതിദിനം ടിവി പ്രേക്ഷകരാണ്. കടയ്ക്കൽ പട്ടണത്തിൽ തന്നെ കേബിൾടിവിയുടെ ഏജൻസിയും വീഡിയോ ലൈബ്രറികളും പ്രവർത്തിച്ചുവരുന്നു. ജനങ്ങളുടെയിടയിൽ വലിയൊരു സ്വാധീനം ഇതു ചെലുത്തുന്നുണ്ട്. പഞ്ചായത്തിൽ 3 റിലീസ്കേന്ദ്രങ്ങൾ ഉൾപ്പെടെ 5 സിനിമാതിയേറ്ററുകൾ പ്രവർത്തിക്കുന്നു. ശ്രീശൈലം ആറ്റുപുറം, സെൻട്രൽ–കടയ്ക്കൽ, അമൃതാ–ചിണ്ടേലി, ശ്രീധന്യ–കാഞ്ഞിരത്തുംമൂട്, രാധാസ്–കുമ്മിൾ എന്നിവയാണ്നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തിയേറ്ററുകൾ.

### സാധ്യതകൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം ഏകീകരിക്കുവാൻ സാംസ്കാരികനിലയം കേന്ദ്രമാക്കി ഒരു മെമ്പറുടെ അധ്യക്ഷതയിൽ ഗ്രന്ഥശാല, ക്ലബ്ബ് എന്നിവയുടെ ഭാരവാഹികളെ കൂട്ടിച്ചേർത്ത് ഒരു ജനകീയകമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ പരസ്പരം ചർച്ച ചെയ്യുകയും വേണം.

2. ക്ലബ്ബുകൾക്കും ഗ്രന്ഥശാലകൾക്കും ഗ്രാന്റ്വിഹിതം വർദ്ധിപ്പിക്കുന്നതിനോടൊപ്പം പഞ്ചായത്ത് അവയുടെ വാർഷികപ്രവർത്തനറിപ്പോർട്ട് ആവശ്യപ്പെടേണ്ടതാണ്.

3. പഞ്ചായത്ത് കലാകായികമേളയിൽ പങ്കെടുക്കാത്ത സമിതിക്ക് ഗ്രാന്റ് നൽകേണ്ടതില്ല.

4. വായനശീലം വർദ്ധിപ്പിക്കുന്നതിനായി എല്ലാ ഗ്രന്ഥശാലകളും 'പുസ്തകം പരിചയപ്പെടുത്തൽ' , പുസ്തകവുമായി ബന്ധപ്പെട്ട 'പ്രശ്നോത്തരി' എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

5. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ ഗ്രാമീണ പുസ്തകവിതരണപദ്ധതിയിലൂടെ ഗ്രന്ഥശാലകൾ വീടുകളിൽ പുസ്തകം എത്തിക്കേണ്ടതാണ്.

6. നിലവിലുള്ള ക്ലബ്ബുകളെ ഗ്രന്ഥശാലകളാക്കി മാറ്റുകയും സമസ്തജനങ്ങളെയും അംഗങ്ങളാക്കി ത്തീർക്കേണ്ടതുമാണ്. ആളുകളുടെ അഭിരുചി മനസ്സിലാക്കുന്നതിനായി ഒരു സർവ്വേ നടത്തി അതിന

നുസരിച്ചുള്ള പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ വാങ്ങേണ്ടുന്നതുമാണ്. 25% ബാലസാഹിത്യവും 25% റഫറൻസ് ഗ്രന്ഥങ്ങളും വാങ്ങുമെന്ന് ഉറപ്പുവരുത്തുക.

7. ഗ്രന്ഥശാല സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ കലാസാഹിത്യ അഭിരുചിയും പുസ്തകപാരായണശീലവും പ്രോത്സാഹിപ്പിക്കുന്ന തരത്തതിലുള്ളവ ഉൾപ്പെടുത്തണം.

8. പ്രദേശത്തുള്ള നാടൻപാട്ടുകളെയും ഐതിഹ്യങ്ങളേയും സർഗ്ഗവാസനകളെയും പ്രോത്സാഹിപ്പിക്കുവാൻ കൈയെഴുത്തുമാസികകൾ ഗ്രന്ഥശാലകൾ തയ്യാറാക്കേണ്ടതാണ്.

9. കെട്ടിടം ഇല്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്ത് സഹായം ലഭ്യമാക്കണം. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയാൻ സർക്കാർ പരമാവധി ഗ്രാന്റ് നൽകണം. ഈ സാധ്യത പ്രയോജനപ്പെടുത്തുവാൻ ഗ്രന്ഥശാലകൾ ശ്രദ്ധിക്കേണ്ടതാണ്. രാജാറാം മോഹൻറോയ് ഫൗണ്ടേഷന്റെ കെട്ടിടഗ്രാന്റും നേടിയെടുക്കാവുന്നതാണ്.

10. ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, സാംസ്കാരികവകുപ്പ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപ്പീഡിയാ എന്നിവയുടെ പുസ്തകങ്ങൾ ഗ്രന്ഥശാലകളിൽ ശേഖരിക്കേണ്ടതാണ്.

11. ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്ത് ഗ്രാന്റ് അനുവദിക്കുമ്പോൾ കാര്യം കലാലയാ ഗ്രന്ഥശാല, മങ്കാട് ഗ്രന്ഥശാല എന്നിവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.

12. പഞ്ചായത്തിലെ സ്ക്കൂൾ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ഇതിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് ചുമതലയുള്ള അദ്ധ്യാപകനെ സഹായിക്കുന്നതിനായി കുട്ടികളുടെ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

13. സ്പോർട്ട്സ് ശരീരത്തെ ശക്തമാക്കുന്നതോടൊപ്പം ധൈര്യവും ദൃഢചിത്തതയും സംഘപ്രവർത്തന മനസ്ഥിതിയും വ്യക്തികളിൽ സൃഷ്ടിക്കുന്നു. ചാമ്പ്യന്മാരെ സൃഷ്ടിക്കലും മെഡൽ വാങ്ങലും എന്ന ആശയത്തിനു പകരം സാർവ്വത്രികമായ കായിക പരിശീലനത്തിലൂടെ ആത്മവിശ്വാസമുള്ള ആരോഗ്യദൃഢഗാത്രരായ ഒരു ജനതയെ സൃഷ്ടിക്കലാകണം നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി രണ്ടുമാസത്തിലൊരിക്കൽ ചർച്ചാക്ലാസ്സുകളും, വീഡിയോ പ്രദർശനങ്ങളും സാംസ്കാരിക സംഘടനകൾ വഴി സംഘടിപ്പിക്കാവുന്നതാണ്.

14. സ്കൂളുകളിൽ കായികപരിശീലനത്തിന് നീക്കിവച്ചിട്ടുള്ള പീരിയേഡുകളിൽ ഫലപ്രദമായി വിനിയോഗിക്കുന്നു എന്നും എല്ലാ കുട്ടികളും പങ്കാളികളാകുന്നോയെന്നും ഉറപ്പുവരുത്തുക. കളിസ്ഥലങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ അടിയന്തിരമായി പൊതുജനസഹായത്തോടെ (P.T.A) കളിസ്ഥലം നിർമ്മിക്കുക. സേവനദിനം പോലുള്ള ദിനങ്ങൾ പരിപൂർണ്ണ അർത്ഥവ്യാപ്തിയോടെ ആചരിക്കുക. സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകരും കായിക പ്രവർത്തനങ്ങളിൽ ബന്ധപ്പെടേണ്ടതാണ്. സ്കൂൾ ടൈംടേബിളിൽ ഇതിനായി പ്രത്യേക സമയം നീക്കിവയ്ക്കാവുന്നതാണ്. 'ഓപ്പറേഷൻ ഒളിമ്പിയ' പുനരാരംഭിക്കണം.

15. കേരളോത്സവം പോലുള്ള ഗ്രാമീണമേളകളുടെ നടത്തിപ്പിൽ ഗവൺമെന്റു നിശ്ചയിക്കുന്ന ഇനങ്ങൾക്കു പുറമെ തൊഴിൽ രംഗവുമായി ബന്ധപ്പെട്ട മത്സരങ്ങൾ പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. മരമടിമത്സരം, തെങ്ങുകയറ്റമത്സരം, വട്ടി–കുട്ട–നെയ്ത്ത് മത്സരം, തയ്യൽ എന്നിവ ഉദാഹരണമായി എടുക്കാവുന്നതാണ്.

16. വിവിധ കളികൾക്ക് പരിശീലനം നൽകുവാൻ പഞ്ചായത്ത്തലത്തിൽ പഞ്ചായത്ത് മുൻകൈയ്യെടുത്ത് പരിശീലകരെ കണ്ടെത്തണം. ഓരോ കളിക്കും പ്രത്യേകം രജിസ്ട്രേഷൻ ഏർപ്പെടുത്തി അതിനെത്തന്നെ ജൂനിയർ, സബ്ജൂനിയർ, സീനിയർ എന്ന നിലകളിൽ തിരിച്ച് പരിശീലനം നൽകേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും ചെറിയ രജിസ്ട്രേഷൻഫീസ് ഈടാക്കാവുന്നതാണ്.

17. സ്വന്തമായി കെട്ടിടമില്ലാത്ത ക്ലബ്ബുകൾക്ക് കെട്ടിടം നിർമ്മിക്കേണ്ടതാണ്. പഞ്ചായത്ത് സഹായിക്കുന്നതോടൊപ്പം സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് അഞ്ചുവർഷമായി പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകൾക്ക് കേന്ദ്രസാംസ്കാരിക വകുപ്പു നൽകുന്ന കെട്ടിടഗ്രാന്റ് സംഘടിപ്പിക്കുവാൻ പരിശ്രമിക്കണം.

18. സാംസ്കാരിക സംഘടനകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പഞ്ചായത്ത് കൂടി മുൻകൈയ്യെടുത്ത് സംഘടനകൾ രൂപീകരിക്കണം. പ്രവർത്തനമാന്ദ്യം അനുഭവപ്പെടുന്ന സംഘടനകളെ വാർഡ് മെമ്പറന്മാർ വിളിച്ചുചേർത്ത് പ്രവർത്തന സജ്ജമാക്കുക. ദർപ്പക്കാട് അംബദ്കർഗ്രാമം, പുള്ളിപ്പച്ച ലക്ഷംവീട് കോളനി (സ്ഥലമുണ്ട്, കെട്ടിടം നിർമ്മിക്കണം) എന്നിവിടങ്ങളിൽ ആദ്യശ്രദ്ധ പതിയേണ്ടതുണ്ട്.

19. ഓരോ വാർഡ് കേന്ദ്രീകരിച്ച് ഓരോ പൊതു കളിസ്ഥലം ജനപങ്കാളിത്തത്തോടെ നിർമ്മിക്കണം. പഞ്ചായത്ത് സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കി പൊതുപരിശീലനത്തിനു ഉപയോഗിക്കുകയും ചിങ്ങേലി V.H.S.S സ്റ്റേഡിയം സ്കൂൾ സമയം കഴിച്ച് കായികസംഘടനകൾക്ക് പരിശീലനത്തിന് അനുവദിക്കുകയുംവേണം. സ്കൂളുകളും സ്റ്റേഡിയവും തമ്മിൽ വേർതിരിക്കുന്നതിനായി മതിൽ കെട്ടി ഗേറ്റിട്ടാൽ സ്കൂളിന് സ്റ്റേഡിയം ഉപയോഗിക്കുകയും ഒപ്പം സ്കൂൾ സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യാം.

20. ടെലിവിഷൻ ഇല്ലാത്ത സാംസ്കാരിക സംഘടനകൾകക്ക് പഞ്ചായത്തിന്റെ സഹായത്താൽ പൊതുജനപങ്കാളിത്തത്തോടെ ടിവി വാങ്ങി നല്കേണ്ടതാണ്. പഞ്ചായത്ത് സാംസ്കാരികനിലയം കേന്ദ്രീകരിച്ച് വീഡിയോപ്ലേയർ വാങ്ങുകയും C.DIT തുടങ്ങിയ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന വീഡിയോ ചിത്രങ്ങൾ പൊതു ടിവി വഴി പ്രദർശിപ്പിക്കുകയും വേണം.

21. പഞ്ചായത്തിൽ നീന്തൽ പരിശീലനത്തിന് ഒരു നീന്തൽക്കുളം സജ്ജമാക്കേണ്ടതാണ്. ചിങ്ങേലിക്കുളം ഇത്തരത്തിൽ ഉപയോഗിക്കാവുന്നതാണ്.

22. ടിവി പ്രദർശനം കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കാതിരിക്കാൻ പ്രദർശനസമയം ക്രമീകരിക്കുന്നതിനുള്ള ബോധവൽക്കരണം രക്ഷിതാക്കൾക്കിടയിൽ ഉണ്ടാക്കുന്നതിന് സാംസ്കാരികസ്ഥാപനങ്ങൾ വഴി ചർച്ചകൾ സംഘടിപ്പിക്കണം.

23. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കഴിവും ശേഷിയുമുള്ള പല കലാകാരന്മാരും ഉണ്ട്. അവരെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഒരു പൊതുപരിശീലനകേന്ദ്രം സ്ഥാപിക്കുക. ആശയപ്രചരണത്തിന് ഒരു സ്ഥിരം തെരുവുനാടകസമിതി, കുത്തിയോട്ടം തുടങ്ങിയ നാടൻകലകളുടെ പരിശീലനം എന്നിവ ഇതിലൂടെ സാധിക്കാവുന്നതാണ്. സംഗീതനാടകഅക്കാഡമിയുടെയും മറ്റ് ഏജൻസികളുടെയോ സഹായം തേടാവുന്നതാണ്.

24. ഗ്രാമീണജനങ്ങളുടെ വ്യക്തിത്വവികസനത്തിന് കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുക, ഗ്രാമപുനരുദ്ധാരണ പ്രക്രിയയിൽ യുവാക്കളെ പങ്കാളികളാക്കുക, ദേശീയ മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക, സ്വാശ്രയവും ശാസ്ത്രീയാഭിരുചിയും ഉണ്ടാക്കുക, സ്വഭാവ രൂപീകരണവും കലാഭിരുചിയും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പഞ്ചായത്ത് സാംസ്കാരികകേന്ദ്രങ്ങൾ പ്രവർത്തിക്കുകയും തൊഴിൽ പരിശീലനക്യാമ്പുകൾ, കലാകായികരംഗത്തെ പരിശീലനവും മത്സരവും, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രകൃതി പരിചയക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക. ഈ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കുവാൻ കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നെഹ്രുയുവകേന്ദ്രത്തിൽ പഞ്ചായത്തിലെ എല്ലാ ക്ലബ്ബുകളെയും അഫിലിയേറ്റു ചെയ്യേണ്ടതുമാണ്.

25. നാടൻകലാരൂപങ്ങളായ കോൽക്കളി, കുത്തിയോട്ടം, പടയണി, തിരുവാതിര, പറയൻതുള്ളൽ, വാദ്യമേളം എന്നിവയ്ക്ക് ഗ്രാന്റ് ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കുക.

26. കരകൗശലവിദഗ്ധരെ പ്രോത്സാഹിപ്പിക്കുവാൻ ധനസഹായം ചെയ്യുക.

27. അവശകലാകാരന്മാർക്ക് ഗ്രാന്റും പെൻഷനും ഏർപ്പെടുത്തുക.

# സഹകരണം

"All for each, Each for all" എല്ലാവരും ഓരോരുത്തർക്കുംവേണ്ടി, ഓരോരുത്തരും എല്ലാവർക്കും വേണ്ടി എന്നതാണ് സഹകരണത്തിന്റെ ആപ്തവാക്യം. (അതായത് ഒരാൾ എല്ലാവരേയും സഹായിക്കുന്നു. എല്ലാപേരും ചേർന്ന് ഒരാളെ സഹായിക്കുന്നു എന്നു സാരം). ഇന്ന് കേരളത്തിൽ സഹകരണ പ്രസ്ഥാനം ഉയർന്ന നിലയിലാണ്. എല്ലാവിഭാഗം ആളുകളുടെയും താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതരത്തിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടിരിക്കുന്നു. കർഷകരുടെ, തൊഴിലാളികളുടെ, കൈത്തൊഴിൽകാരുടെ, വനിതകളുടെ, ഗവൺമെന്റ് ജീവനക്കാരുടെ എന്നു വേണ്ട, ജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും സഹകരണ പ്രസ്ഥാനം കടന്ന്ചെന്നിരിക്കുന്നു. എല്ലാ തുറകളിലുംപ്പെട്ട ജനിവിഭാഗങ്ങൾക്ക് സഹകരണ പ്രസ്ഥാനം സംഭാവനചെയ്യുന്ന താല്പര്യസംരക്ഷണങ്ങളിൽ നിന്നും ഒട്ടും അകന്നുനിൽക്കാനാവാത്ത ഒരു സ്ഥിതി വിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്.

പണക്കച്ചവടക്കാരുടെ പിടിയിൽനിന്നും ഇൻഡ്യൻ കർഷകന് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതിന് വേണ്ടിയായിരുന്നു ഇൻഡ്യയിലെ കൃഷിക്കാരുടെ സഹകരണസംഘങ്ങൾ ആദ്യകാലങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്നത്. കാരണം ഭാരതകർഷകൻ കടത്തിൽ ജനിക്കുകയും, കടത്തിൽ വളരുകയും, കടത്തിൽ മരിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്.

ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ നഗരത്തിലെ ഒരു തൊഴിലുടമയായിരുന്ന 'റോബർട്ട് ഓവാനായിരുന്നു തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ട് "സഹകരണം" എന്ന ആശയം ലോകത്തിന് സംഭാവനചെയ്തത് എന്നാണ് പറയപ്പെടുന്നത്. 1830-ൽ "സോഷ്യലിസം" എന്ന വാക്ക് ആദ്യമായി ഉച്ചരിച്ചത് "ഓവാനയായിരുന്നു" എന്നാണ് അറിയപ്പെടുന്നത്. സഹകരണം, സോഷ്യലിസവും തമ്മിലുള്ള ബന്ധം ഇന്ന് സുദൃഢവുമാണല്ലോ!

ഇൻഡ്യയിൽ ആദ്യമായി സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത് 1904-ൽ ആണ്. ജർമ്മനിയിലെ "ഷൂൾസ് ഡെലിസ്റ്റ്" സഹകരണസംഘങ്ങളുടെ മാതൃക സ്വീകരിച്ചുകൊണ്ടായിരുന്നു അത് ആരംഭിച്ചത്. 1904-ൽ ഇൻഡ്യയിൽ ആദ്യമായി ഒരു സഹകരണ നിയമം നിലവിൽവന്നു.

1959 ഒക്ടോബർ 2-ാം തീയതി രാജസ്ഥാനിലെ നാഗർ എന്ന സ്ഥലത്ത് പഞ്ചായത്ത്‌രാജ് ഉദ്ഘാടനം ചെയ്തുകൊണ്ട് അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽ നെഹറു പറഞ്ഞു "In every village there should be a Village Panchayat with more powers as also a co-operative society which will help its economic effort" അതായത് നമ്മുടെ ഓരോ ഗ്രാമത്തിലും വിപുലമായ അധികാരങ്ങളോടുകൂടിയ ഓരോ പഞ്ചായത്തും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഓരോ സഹകരണസംഘവും സ്ഥാപിക്കപ്പെടണം. ജവഹർലാൽ നെഹറു അന്നു ചൂണ്ടിക്കാണിച്ച പരിമിത ലക്ഷ്യങ്ങളും വിശാല ചക്രവാളങ്ങൾ സൃഷ്ടിക്കാൻ പണിപ്പുര നിർമ്മിക്കുവാനുള്ള തീവ്രശ്രമമാണ് ഇന്നത്തെ ജനകീയാസൂത്രണ പദ്ധതി വിഭാവനം ചെയ്യുന്നത്.

ആ പദ്ധതികളുടെ വിജയത്തിന് അതുല്യമായ സ്ഥാനമാണ് സഹകരണരംഗത്തിനുള്ളത്. ജനജീവിതവുമായി ഇത്രയും ആഴ്ന്നിറങ്ങുന്ന മറ്റൊരു പ്രസ്ഥാനവും ഇന്നില്ല. ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ സഹകരണസംഘങ്ങളുമായി ബന്ധപ്പെടാത്ത ഒരു കുടുംബംപോലും കേരളഗ്രാമത്തിൽ ഉണ്ടാവാനിടയില്ല. നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി സഹകരണസംഘം, ക്ഷീരോല്പാദക സഹകരണസംഘങ്ങൾ, കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലംജില്ല സഹകരണബാങ്കിന്റെ ബ്രാഞ്ച്, ഭൂപണയബാങ്കിന്റെ ബ്രാഞ്ച് എന്നിവ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ സഹകരണ സ്ഥാപനം എന്നു കേൾക്കുമ്പോൾ പഞ്ചായത്തുവാസികൾക്ക് ആദ്യം ഓർമ്മയിൽ വരുന്നത് കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ചാണ്. കടയ്ക്കൽ പഞ്ചായത്തിലെ 15 വാർഡുകളും ഇതിന്റെ പ്രവർത്തനമേഖലയാണ്. 7-10-1954-ൽ ചെന്നിലത്ത് (പാലയ്ക്കൽ വാർഡ്) ശ്രീമാൻ പാവല്ല ഗോപാലപിള്ള ഒന്നാമത്തെ അംഗമായും ഒന്നാമത്തെ പ്രസിഡന്റായും ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. ശ്രീമാൻമാർ കറുത്ത കേശവനും വെളുത്ത കേശവനും കൂടി സംഭാവന ചെയ്ത അഞ്ച് സെന്റ് സ്ഥലത്താണ് ഇതു സ്ഥാപിച്ചത്. ഈ സ്ഥലം ഇന്നും ബാങ്കിന്റെ വകയാണ്. അവിടെനിന്നും ഇതിന്റെ ആസ്ഥാനം ചിങ്ങേലിയിലേക്ക് മാറ്റി. പ്രവർത്തനങ്ങൾ ഒന്നും നടക്കാത്തതുകൊണ്ട് 1962-ൽ സംഘത്തിന്റെ ഓഫീസ് കടയ്ക്കൽ സ്ഥാപിക്കുകയും അനവധി

രാഷ്ട്രീയ പ്രവർത്തകർ അക്ഷീണം പരിശ്രമിച്ചതിന്റെ ഫലമായി സ്ഥാപനത്തെ ഇന്നുകാണുന്ന വിധം മാറ്റിയെടുക്കുവാൻ കഴിഞ്ഞു. ഇതിനെ വളർത്തിയെടുക്കുവാൻവേണ്ടി പ്രവർത്തിച്ച ഇന്നു നമ്മെ വിട്ടുപിരിഞ്ഞവരെയും അതോടൊപ്പം കഴിഞ്ഞകാലങ്ങളിൽ ഇതിന്റെ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ഇന്നും സ്ഥാപനത്തിന്റെ അഭ്യുദയകാംക്ഷികളായി നിൽക്കുന്നവരെയും നന്ദിയോടുകൂടി സ്മരിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥാപനത്തിൽ 20481 അംഗങ്ങളുണ്ട്.

1961-ൽ പട്ടികജാതി സഹകരണസംഘം രജിസ്റ്റർ ചെയ്തു. ടി. സംഘം ഇപ്പോൾ കാര്യമായി പ്രവർത്തനം നടത്തുന്നില്ല.

1972-ൽ നമ്മുടെ പഞ്ചായത്ത് പ്രവർത്തനമേഖലയാക്കികൊണ്ട് മങ്കാട് വാർഡ് ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. കാലാകാലങ്ങളിൽ നിയമങ്ങൾ മാറിവന്നപ്പോൾ ടി സംഘത്തിന്റെ പ്രവർത്തനമേഖല ആറു വാർഡുകളിലായി ചുരുങ്ങുകയും വേറെ നാല് APCOS സംഘങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. (ചിങ്ങേലി, ഇളമ്പഴന്നൂർ, കുറ്റിക്കാട്, മുല്ലക്കര) എല്ലാ സംഘങ്ങളിലും കൂടി 600-ൽ പരം ക്ഷീരകർഷകർ പാൽ നൽകുന്നുണ്ട്. മാസത്തിൽ ശരാശരി 36250 ലിറ്റർ പാൽ ശേഖരിക്കുകയും 31150 ലിറ്റർ പാൽ നമ്മുടെ പഞ്ചായത്തിൽ ചിലവാക്കുകയും 5100 ലിറ്റർ പാൽ പുറത്തേയ്ക്ക് അയക്കുകയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൽ 104 അംഗങ്ങൾക്കായി 25 ലക്ഷം രൂപ ഭൂപണയബാങ്ക് വായ്പ നൽകിയിട്ടുണ്ട്. കൊല്ലം ജില്ലാസഹകരണബാങ്ക് നമ്മുടെ പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഒരു കോടി പതിനഞ്ചു ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി തൊള്ളായിരം (11592900) രൂപ വായ്പയായി നൽകിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 7 സ്കൂൾ സഹകരണസംഘങ്ങൾ നിലവിലുണ്ട്. കുട്ടികൾക്ക് ന്യായമായ വിലയ്ക്ക് പുസ്തകങ്ങളും നോട്ടുബുക്കുകളും വാങ്ങി വിതരണം നടത്തുക എന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തിവരുന്നത്. ഇതിന്റെ പ്രവർത്തനം ഒന്നുകൂടി വിപുലീകരിച്ച് കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമുള്ള നിത്യോപയോഗസാധനങ്ങൾ ഉൾപ്പെടെ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾകൂടി സംഘടിപ്പിക്കണം.

നമ്മുടെ പഞ്ചായത്തിൽ 1.6.96-ൽ കൊല്ലം ജില്ലാ കുരുമുളക് സഹകരണ വിപണനസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### പ്രശ്നങ്ങൾ:-

സ്വകാര്യബാങ്കുകൾക്ക് ഇഷ്ടംപോലെ പലിശനിരക്ക് വർദ്ധിപ്പിക്കുവാൻ നിയമം അനുശാസിക്കുമ്പോൾ സഹകരണസംഘങ്ങൾക്ക് ഈ നിയമം ബാധകമാക്കാതിരിക്കുന്നത് സഹകരണരംഗത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. നിക്ഷേപങ്ങൾ സഹകരണരംഗത്ത് കറഞ്ഞ്‌വരുവാൻ ഇത് കാരണമായിത്തീരുന്നുണ്ട്. സഹകരണസംഘങ്ങളിൽ നിന്നെടുക്കുന്ന വായ്പകൾ കൃത്യസമയത്ത് തിരിച്ചടയ്ക്കാതിരിക്കുന്നത് ഇതിന്റെ മുന്നോട്ടുള്ള പോക്കിനെ സാരമായി ബാധിക്കുന്നു.

### ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ:

1. സഹകരണമേഖലയിൽ പാറപൊട്ടിച്ച് മെറ്റൽ ആക്കുന്നതിന് ഒരു ക്രഷർയൂണിറ്റ് സ്ഥാപിക്കുക.

2. എല്ലാ വാർഡുകളിലും പാൽ ശേഖരിച്ച് വിതരണം നടത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

3. വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് സ്വയം തൊഴിലിന് സൗകര്യമുണ്ടാക്കുക.

4. ഒരു സഹകരണ കാലിത്തീറ്റഫാക്ടറി സ്ഥാപിക്കുക.

5. റബ്ബർകൃഷിക്കാരെ എല്ലാവിധത്തിലും സഹായിക്കുവാൻ ഒരു റബ്ബർസഹകരണസംഘം ആരംഭിക്കുക.

6. സഹകരണമേഖലയിൽ കൊപ്ര സംഭരിച്ച് എണ്ണയാക്കി കൊടുക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

7. കർഷകരിൽനിന്നും ന്യായമായ വിലയ്ക്ക് നെല്ല് ശേഖരിച്ച് അരിയാക്കി കൊടുക്കുന്ന ഒരു യൂണിറ്റ് സഹകരണമേഖലയിൽ ആരംഭിക്കുക.

8. ഒരു ലേബർകോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുക.

9 ഒരു വിദ്യാഭ്യാസ സഹകരണസംഘം രൂപീകരിക്കുക.

10. ഒരു സഹകരണഹോട്ടൽ സ്ഥാപിക്കുക.

11. പച്ചത്തൊണ്ട് സംസ്കരിച്ച് ചകിരിനാര് നിർമ്മിക്കുന്ന ഒരു സഹകരണസംഘം രൂപീകരിക്കുക.

## കടയ്ക്കൂൽ സർവ്വീസ് സഹകരണബാങ്ക് വായ്പാവിവരങ്ങൾ

| | | |
|---|---|---|
| 1. | ഓഹരിമൂലധനം | 3090757 രൂപ |
| 2. | സ്ഥിരനിക്ഷേപം | 72040098 „ |
| 3. | ഹ്രസ്വകാലകാർഷികേതരവായ്പ | 21718831 „ |
| 4. | കാർഷികവായ്പ | 1448594 „ |
| 5. | തലതഡ | 7400 „ |
| 6. | സ്വർണ്ണപ്പണയം | 1524698 „ |
| 7. | വാഹനവായ്പ | 10866581 „ |
| 8. | മറ്റു വായ്പകൾ (മദ്ധ്യകാലം, ദീർഘകാലം, സ്വയംതൊഴിൽ) | 12000869 „ |

## കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാത്തവ

| | | |
|---|---|---|
| a) | ഹ്രസ്വകാലവായ്പ | 1037600 „ |
| b) | DRDA | 65000 „ |
| c) | ഹ്രസ്വകാലകാർഷികേതരം | 11962350 „ |
| d) | മറ്റുവക | 7833570 „ |

*അവലംബം: സംഘംരജിസ്റ്റർ*

# വനിതാക്ഷേമം

വനിതാവിമോചനപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങികൂടുകയാണ്.

സാമൂഹ്യപ്രവർത്തനനമേഖലകകളിൽ പഴയ കാലത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. അക്കാലത്ത് പെൺകുട്ടികൾക്ക് സ്ത്രീവിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. പെൺകുട്ടികൾക്ക് എഴുതുവാനും വായിക്കുവാനുമുള്ള അറിവ് കുടിപള്ളിക്കൂടങ്ങൾ വഴിയാണ് ലഭിച്ചിരുന്നത്. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഇവിടെ പ്രവേശനമില്ലായിരുന്നു. ആഘോഷങ്ങളിലും പൊതുപരിപാടികളിലും സ്ത്രീപങ്കാളിത്തം കുറവായിരുന്നു. പഴയകാലങ്ങളിൽ കെട്ടുകല്യാണം എന്ന ഏർപ്പാട് നിലവിലുണ്ടായിരുന്നു. ഇക്കാരണത്താൽ അഞ്ചാംവയസ്സിൽതന്നെ പെൺകുട്ടികൾ വീട്ടുതടങ്കലിലാകുകയായിരുന്നു പതിവ്. പ്രാഥമികവിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നുവെങ്കിലും പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസസൗകര്യം ലഭിച്ചിരുന്നില്ല. അടുക്കളയിൽ ഒതുങ്ങികൂടുന്നതിനായിരുന്നു ,പെൺകുട്ടികളേറെ ഇഷ്ടപ്പെട്ടിരുന്നത്. പുരോഗമനപ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിച്ചുവെങ്കിലും ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി അന്യസ്ഥലങ്ങളിലേക്ക് പോകുന്നതിലുമുള്ള വിലക്ക് നിലനിന്നിരുന്നു. തൊഴിൽമേഖല പരിശോധിക്കുമ്പോൾ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. 1991-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ അനുപാതത്തിൽ പുരുഷനേക്കാൾ എണ്ണത്തിൽ കൂടുതൽ സ്ത്രീകളാണെന്നുള്ള സത്യം സമൂഹത്തിൽ വനിതകൾക്ക് ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

സ്ത്രീയെ എല്ലാനിലയിലും ശക്തിപ്പെടുത്താതെ അവൾക്കെതിരായി നിലനിൽക്കുന്ന സാമൂഹിക പ്രതിസന്ധികളെ തടയാനാവില്ല. പൊതുപ്രവർത്തനമേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. സാമൂഹികരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ പുരുഷൻമാരെപ്പോലെ തന്നെ പരിഗണിക്കേണ്ട മനംമാറ്റം ജനങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. കടയ്ക്കൽ പഞ്ചായത്തിൽ മഹിളാ അസോസ്സിയേഷന്റെ രണ്ട് വില്ലേജ് കമ്മിറ്റികളും കേരള മഹിളാസംഘവും പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ആറ് മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു. ഏറെക്കുറെയുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളുടേതായ പ്രാതിനിധ്യവും അംഗീകാരവും ഉറപ്പാക്കുന്നതിൽ ഈ സംഘടനകൾ ശ്രദ്ധിക്കുന്നുണ്ട്.

സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ പൊതുവേ നമ്മുടെ പഞ്ചായത്തിൽ കുറവാണെങ്കിലും സ്ത്രീപീഡന കേസ്സുകൾ റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. 1987 മുതൽ നടപ്പിലാക്കിയ സാക്ഷരതാ പ്രവർത്തനത്തിലൂടെ സ്ത്രീകൾക്കിടയിലെ നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീക്കൾക്കിടയിലെ പ്രധാന പ്രശ്നമായിത്തന്നെ നിലനിൽക്കുന്നു. ഉള്ള തൊഴിൽ മേഖലയിൽ കൂലി നിരക്കിലുള്ള വിവേചനവും നിലനിൽക്കുന്നു.

## തൊഴിൽ മേഖല

വനിതകൾ കൂടുതലായി പണിയെടുക്കുന്ന മൂന്ന് കശുവണ്ടി ഫാക്ടറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏകദേശം 1816 സ്ത്രീ തൊഴിലാളികൾ ഈ തൊഴിൽശാലകളിൽ പണിയെടുക്കുന്നു. കശുവണ്ടിയുടെ ലഭ്യതയെ ആശ്രയിച്ചാണ് ഈ ഫാക്ടറികൾ നിലനിൽക്കുന്നത്.രണ്ട് DWCRA യൂണിറ്റുകളും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ, സ്വയം തൊഴിൽ സംരഭങ്ങൾ എന്നിവയിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്ന തീവ്രയത്ന പരിപാടികൾ ആവിഷ്ക്കരിക്കരിച്ച് തൊഴിൽ മേഖലകളെ ശക്തിപ്പെടുത്തണം. ആറ്റുപുറം വാർഡിൽ ഒരു തീപ്പെട്ടി വ്യവസായം, ആൽത്തറമൂട്, വെള്ളാറവട്ടം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബീഡി കമ്പനികൾ, ഇടത്തറ, ദർപ്പക്കാട് വാർഡുകളിലെ വയർ കട്ട് ബ്രിക്സ് ഫാക്ടറികൾ എന്നിവ തൊഴിൽമേഖലകളാണ്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് ഉന്നത വിദ്യാഭ്യാസ സൗകര്യം ഇപ്പോൾ സൗകര്യമാണ്. വിദ്യാഭ്യാസമികവിന്റെ തോതിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികൾ മുന്നിൽനിൽക്കുന്നു. എന്നാൽ ഭൂരിപക്ഷം വനിതകൾക്കും അവരവർക്ക് ലഭ്യമായിട്ടുള്ള വിദ്യാഭ്യാസ മികവ് പ്രകടമാക്കുന്നതിനുള്ള അവസരം ലഭിക്കുന്നില്ല. കുറേയധികം വനിതകൾ അദ്ധ്യാപന രംഗത്തും ക്ലറിക്കൽ രംഗത്തും കടന്നുവരുന്നുവെങ്കിലും ബഹുഭൂരിപക്ഷംപേരും വിവാഹിതരാകുന്നതോടുകൂടി വീടുകളിൽ ഒതുങ്ങിക്കൂടുന്നു. ഇത്തരം സ്ത്രീകളുടെ കർമ്മശേഷി വിനിയോഗിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. അവരുടെ അറിവും ശേഷിയും സാമൂഹിക വികസനത്തിന് പ്ര

യോജനപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാഭ്യാസ മികവ് ഇല്ലാത്തതുകൊണ്ടും ജീവിതചുറ്റുപാടുകളുടെ അസൗകര്യവും ഒരു വിഭാഗം വനിതകളെ സമൂഹത്തിൽ മാറ്റിനിർത്തുന്നു. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിച്ചിട്ടില്ലാത്ത ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി വനിതാസഹകരണ സംഘങ്ങൾ രൂപീകരിച്ച് ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുനിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം, തീപ്പെട്ടി വ്യവസായം, മെഴുകുതിരി നിർമ്മാണം, റബ്ബർ ഉൽപ്പന്ന വ്യവസായം, സോപ്പ് വ്യവസായം, കൈത്തറി യൂണിറ്റുകൾ, അടുക്കളത്തോട്ടം, പൂന്തോട്ടകൃഷി എന്നീ തൊഴിൽ രംഗങ്ങളിൽ കൂട്ടായോ ഒറ്റയ്ക്കോ ഉള്ള സംരംഭങ്ങൾ ആരംഭിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ പൊതുകമ്പോളം സൃഷ്ടിക്കപ്പെടേണ്ടതുമാണ്. ഇതിനുവേണ്ടുന്ന ധനസഹായം, പരിശീലനം, പ്രോത്സാഹനം, എന്നിവ തക്കസമയത്ത് ലഭിക്കുവാൻ ആസൂത്രണത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

പട്ടികജാതി വനിതകളുടെ കാര്യത്തിൽ തികച്ചും കാര്യഗൗരവത്തോടുകൂടി ശ്രദ്ധിക്കേണ്ടതാണ്. നെൽപ്പാടങ്ങൾ മണ്ണിട്ടുനികത്തുന്നതുമൂലം കർഷക തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈറ്റകൊണ്ടുള്ള തൊഴിലുകൾ, മറ്റു കൂലിപണികൾ എന്നിവയാണ് പ്രധാനതൊഴിലുകൾ. ഇവരുടെയാകെ ക്ഷേമത്തിനായി "ബാംബു" കോപ്പറേഷന്റെ സഹായം ലഭ്യമാക്കണം. ചൂരൽവ്യവസായം പോലുള്ള യൂണിറ്റുകൾ ആരംഭിക്കണം. പട്ടികജാതി വനിതാ വിസകനത്തിനാവശ്യമായിട്ടുള്ള പൊതുസംരഭങ്ങൾക്ക് ഊന്നൽ നൽകണം.

പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യയിൽ 10% പേർ ആടുമാടുവളർത്തലും 60% വനിതകൾ പുരയിടകൃഷിയുമായി, ബന്ധപ്പെട്ട തൊഴിലുകൾ, ഫലമൂലാദികളുടെ കൃഷി, വിറകു സംഭരണം എന്നിങ്ങനെ 60% വനിതകളും കാണാപണികളും ചെയ്യുന്നു.

## സാമൂഹിക രംഗം

ബോധപൂർവ്വമായ ഇടപെടലുകളിലൂടെ സ്ത്രീകളെ മുന്നോട്ടുകൊണ്ടുവന്നാൽ മാത്രമെ പൊതുജീവിതത്തിലും തൊഴിൽമേഖലയിലും സ്ത്രീകൾക്ക് കാര്യമായ പങ്കു വഹിക്കുവാൻ കഴിയുകയുള്ളൂ. ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നിറവേറ്റുന്നതിൽ പൊതുവായി സ്ത്രീകൾ താല്പര്യകുറവു കാണിക്കുന്നു. ആത്മവിശ്വാസമില്ലായ്മയാണ് പ്രധാന കാരണം. പുരുഷന്മാർക്കൊപ്പമുള്ള അധികാരാവകാശങ്ങൾ സ്ത്രീക്കും ലഭ്യമാണെന്നുള്ള വസ്തുത ഇവർ മനസ്സിലാക്കേണ്ടതുണ്ട്. ഇവർ ആർജ്ജിച്ചിട്ടുള്ള ബുദ്ധിയും കഴിവും പ്രകടമാക്കുവാൻ തയ്യാറാകുന്നില്ല. അവകാശങ്ങൾ തിരിച്ചറിഞ്ഞ് അത് നേടിയെടുക്കാനുള്ള കർമ്മപരിപാടി സംഘടിപ്പിച്ച് സാമൂഹികവും തൊഴിൽപരവുമായ രംഗത്ത് തങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ സ്ത്രീകൾ മുന്നോട്ടു വരണം. പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിച്ച് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പൊതുപ്രവർത്തനത്തിൽ മുൻപരിചയമുള്ള വനിതകളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവച്ച് ഇവരിൽ ആത്മവിശ്വാസം വളർത്തേണ്ടതുണ്ട്. വനിതാസംഘടനകൾക്ക് സ്വയം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സഹായം എത്തിയ്ക്കേണ്ടതുണ്ട്. സ്ക്കൂൾ-മാതൃസംഗമങ്ങളിൽ വനിതാപങ്കാളിത്തം വർദ്ധിപ്പിച്ചും സെമിനാറുകൾ സംഘടിപ്പിച്ചും സ്ത്രീകളിൽ വികസനസംസ്കാരാവബോധം വളർത്തണം. നിലവിലുള്ള D.W.C.R.A യൂണിറ്റുകൾ പരിമിതമായതിനാൽ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഇവയുടെ പൂർണ്ണനിയന്ത്രണം വനിതകൾക്ക് തന്നെ ആയിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. ബാങ്കുകളിൽനിന്ന് തടസ്സങ്ങളില്ലാതെ വായ്പകിട്ടുന്നതിന് പദ്ധതിയിൽ ശ്രദ്ധ ചെലുത്തണം.

## വനിതകളുടെപങ്കാളിത്തം

ബഹുജന സംഘടനകളിൽ വനിതാപങ്കാളിത്തം കൂടുതലാണ്. എന്നാൽ പുരോഗമനപ്രസ്ഥാനങ്ങളിൽ മാത്രമാണ് വനിതകൾ കേന്ദ്രീകരിച്ചു കാണുന്നത്. ഗൾഫ് ജീവിതത്തിന്റെ സ്വാധീനം ഒരു വിഭാഗം വനിതകളെയും, ജീവിതക്ലേശങ്ങൾ ചെലുത്തുന്ന സ്വാധീനം മറ്റൊരു വിഭാഗം വനിതകളെയും പൊതുരംഗത്ത് കടന്നുവരുന്നതിന് തടസ്സപ്പെടുത്തുന്നു. സാമ്പത്തിക-സമത്വം ലഭ്യമാകക്കുകയാണ് പ്രധാന ഉപാധി. വനിതാപ്രവർത്തകരുടെ ബോധപൂർവ്വമായ ഇടപെടലില്ലായ്മ, ദൂരദർശൻ, മാധ്യമങ്ങൾ, സിനിമ എന്നിവ സ്ത്രീകളെ വില്പനച്ചരക്കാക്കുന്ന പ്രവണതയും വനിതകൾക്ക് പൊതുരംഗത്തേക്ക് കടന്നുവരുന്നതിൽ വിഘാതമാകുന്നു. നിലവിലുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്ത്രീധനത്തിന്റെ പേരിൽ പീഡനമനുഭവിക്കുന്ന സ്ത്രീകൾ ഏറെ ഉണ്ടെങ്കിലും കുടുംബഭദ്രത കണക്കിലെടുത്ത് മിക്ക സ്ത്രീകളും അക്കാര്യങ്ങൾ പുറ

ത്ത് പറയാറില്ല. എന്നാൽ ചില ആത്മഹത്യകൾ, സംശയകരമായ മരണങ്ങൾ എന്നിവ സ്ത്രീധനപീഡനമായിട്ടാണുണ്ടാകുന്നതെന്ന് സംസാരവിഷയമാകാറുണ്ട്. ഇക്കാര്യത്തിലുള്ള നിസ്സംഗത പരിശോധിക്കേണ്ടതാണ്. സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമപ്രവർത്തനങ്ങൾ ചിലതൊക്കെ റിപ്പോർട്ട് ചെയ്യാറുണ്ടെങ്കിലും പലതും തേഞ്ഞുമാഞ്ഞു പോവുകയാണ് പതിവ്. സ്ത്രീപീഡനകേസുകൾ കൈകാര്യം ചെയ്യുന്നതിനായി വനിതാപോലീസ് സ്റ്റേഷന്റെ അപര്യാപ്തതയുണ്ട്. ഇതോടൊപ്പംതന്നെ വർദ്ധിച്ചു വരുന്ന അശ്ലീല സിനിമാപരസ്യം സ്ത്രീയോടുള്ള കാടത്തം തന്നെയാണ്.പഞ്ചായത്തിലെ ചില തിയേറ്ററുകളിൽ ഇത്തരം സിനിമകൾ പ്രദർശിപ്പിക്കുന്നത് പഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല.

## സാമ്പത്തികസ്ഥിതി

സ്ത്രീകൾ കുടുംബനാഥകളായുള്ള 10% കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ വിധവകളായിട്ടുള്ള കുറച്ചുപേർക്കാണ് വിധവാപെൻഷൻ ലഭിക്കുന്നത്. പഞ്ചായത്തിൽ ആറ്ബാലവാടികളും നാല് മാതൃശിശുസംരക്ഷണകേന്ദ്രങ്ങളും നിലവിലുണ്ട്. ഇതിലൂടെ അറുപത്തൊൻപത് ഗർഭിണികൾക്കും, അറുപത്തെട്ട് മുലയൂട്ടുന്ന അമ്മമാർക്കും അറുനൂറ്റിഎട്ട് കുട്ടികൾക്കുമാണ് പ്രയോജനം ലഭിക്കുന്നത്. സാമ്പത്തികസഹായം ലഭ്യമല്ലാത്തതിനാൽ D. W. C. R. A യൂണിറ്റുകളുടെ പ്രവർത്തനം മന്ദഗതിയിലാണ്. വനിതാവ്യവസായസംരംഭകർ കുറവാണ്. പഞ്ചായത്തിലെ വനിതകളുടെ സാമ്പത്തിക ഉയർച്ചയ്ക്കുതകുന്ന പദ്ധതികളൊന്നും നടപ്പിലാക്കി കാണുന്നില്ല.

## ആരോഗ്യം

രോഗാദുരതയുടെ കാര്യത്തിൽ പുരുഷന്മാരേക്കാൾ സാധ്യത സ്ത്രീകളിൽ കുറവാണ്. പി എച്ച് സി സബ്സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിൽ സ്ത്രീകൾ ശ്രദ്ധിക്കുന്നില്ല. മരുന്നുകളുടെ ഭീമമായ വിലക്കയറ്റം ഇതു വാങ്ങി ഉപയോഗിക്കുന്നതിൽ ഭൂരിപക്ഷം സാധാരണ സ്ത്രീകൾക്കും കഴിയുന്നില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭ്യമായിരുന്ന ആന്റി ബയോട്ടിക്ക് ഇൻജക്ഷൻ ഔട്ട് പേഷ്യന്റുകളായി എത്തുന്ന സ്ത്രീകൾക്ക് കിട്ടുന്നില്ല. പകരം വിലകൂടിയ മരുന്നു നിർദ്ദേശിക്കുന്നതുമൂലം ബഹുഭൂരിപക്ഷവും ഇത്തരം മരുന്നുകൾ വാങ്ങി ഡോസ് അനുസരിച്ച് കഴിക്കുന്നില്ല. ആരോഗ്യ പ്രവർത്തകർ സ്ഥിതിവിവര കണക്ക് എടുക്കുന്ന പ്രവർത്തനത്തിൽ മാത്രം ഒതുങ്ങുന്നു. പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ സ്ത്രീകളെയും ആരോഗ്യപ്രവർത്തകരെയും സംയോജിപ്പിച്ചുകൊണ്ട് നടത്താറില്ല. അവശത അനുഭവിക്കുന്ന വനിതകൾക്ക് ധനസഹായം യഥാസമയം വേണ്ടത്ര കിട്ടുന്നില്ല.

## പ്രശ്നങ്ങൾ

1 വനിതകളുടെ തൊഴിലില്ലായ്മ

2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള കൂലിനിരക്കിലുള്ള വിവേചനം

3. DWCRA പോലുള്ള യൂണിറ്റുകളുടെ മേൽ നിയന്ത്രണമില്ലായ്മ.

4. തൊഴിൽരംഗത്തെ സാങ്കേതിക പരിജ്ഞാനമില്ലായ്മ.

5. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ നിലനിൽക്കുന്ന അവഗണന.

6. സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

7. വ്യവസായസംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധന ഞെരുക്കം.

8. തൊഴിൽ നിയമപരിഞ്ജാന കുറവും വിദ്യാഭ്യാസമില്ലായ്മയും.

9. സർക്കാർതലത്തിലുള്ള സഹായപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

10. അംഗനവാടികളുടെ ശോചനീയാവസ്ഥ.

11. ബാലവാടികളിലെയും ശിശുമന്ദിരങ്ങളിലെയും സൗകര്യകുറവും ടീച്ചർമാർക്കും ആയമാർക്കുമുള്ള വേതന ന്യൂനതകളും.

12. വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങളിലുള്ള പങ്കാളിത്തക്കുറവ്.

## പ്രശ്നപരിഹാരങ്ങൾ

1. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ കാർഷികമേഖലയിൽ ഊന്നൽ കൊടുത്ത് ആവിഷ്ക്കരിക്കണം. ഉദാ: പച്ചക്കറി തോട്ടങ്ങൾ, തേനീച്ചവളർത്തൽ, ഔഷധചെടിക്കൃഷി, കോഴിവളർത്തൽ, ആടുമാടുകളെ വളർത്തൽ, മുയൽവളർത്തൽ, കുറ്റിമുല്ലക്കൃഷി എന്നിവയ്ക്ക് ധനസഹായം ചെയ്യണം.

2. എല്ലാ വാർഡുകളിലും പൊതുകൃഷിയിടങ്ങൾ കണ്ടെത്തി കർഷകത്തൊഴിലാളി വനിതകൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തി, പൊതുകൃ

ഷിയിടങ്ങളിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഹോൾട്ടീ കൾച്ചറിന്റെ സ്റ്റാൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥാപിക്കണം.

3. കാഷ്യൂ ഫാക്ടറികളിൽ ഏറ്റവും കുറഞ്ഞത് 200 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കണം. ഇതിനാവശ്യമായ കശുവണ്ടി കുത്തകയായി സംഭരിക്കണം.

4. ആൽത്തറമുട്ടിയും വെള്ളാറവട്ടത്തും പ്രവർത്തിക്കുന്ന ബീഡികമ്പനികൾ വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം ഏർപ്പെടുത്തണം. ഇതിനുവേണ്ടി വനിതാ സൊസൈറ്റി രൂപീകരിക്കപ്പെടണം.

5. ബാംബൂ കോർപ്പറേഷൻ പ്രാദേശിക ആഫീസ് പഞ്ചായത്ത് മേഖലയിൽ സ്ഥാപിച്ച് പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കപ്പെടണം.

6. DWCRA യൂണിറ്റുകളിലൂടെ തൊഴിൽപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം നൽകണം.

7. പഞ്ചായത്തിൽ തിരുവനന്തപുരം "സേവ" പത്തനംതിട്ട "സുബല" മാതൃകകൾ തയ്യാറാക്കി തൊഴിൽരംഗത്തിലൂടെ സമ്പാദ്യ ശീലം വളർത്തണം.

8. പഞ്ചായത്തു കേന്ദ്രീകരിച്ച് വനിതാട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ച് സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കണം. ഇതനുസരിച്ചുള്ള പദ്ധതികൾക്ക് ധനസഹായവും ഏർപ്പെടുത്തണം.

9. എൽ. കെ. ജി, യു. കെ. ജി. നിലവാരത്തിലുള്ള ആംഗലേയ വിദ്യാഭ്യാസ സൗകര്യം എല്ലാ ബാലവാടികളിലും അങ്കണവാടികളിലും നടപ്പിലാക്കണം.

10. ബാലവാടികളിലെ കുട്ടികളിൽ കായികശീലം വളർത്തുന്നതിനായി ബാലവാടികളിൽ അടിസ്ഥാന കളിക്കോപ്പുകൾ ഉണ്ടെന്നു ഉറപ്പുവരുത്തുക.

11. തൊഴിൽസംബന്ധമായ വായ്പകൾക്കും വനിതകളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും ബംഗ്ലാദേശിൽ ആരംഭിച്ച് ലോകപ്രശസ്തമായ ഗ്രാമീണ ബാങ്ക് ആരംഭിക്കണം.

12. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മഹിളാസമാജങ്ങളും ബാലവാടികളും നിർമ്മിയ്ക്കണം.

13. സ്ത്രീപീഡന കേസ് കൈകാര്യം ചെയ്യുന്നതിനായി മേഖല കേന്ദ്രീകരിച്ച് വനിതാ പോലീസ് സ്റ്റേഷൻ രൂപീകരിക്കണം.

14. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം.

15. ആരോഗ്യരംഗത്ത് ചികിത്സാ സഹായം ഏർപ്പെടുത്തണം. ചികിത്സാ സഹായത്തിന്റെ തോതും വർദ്ധിപ്പിക്കണം.

16. പ്രധാന കേന്ദ്രങ്ങളിൽ ഫീഡിംഗ് സെന്ററുകൾ പുനരാരംഭിക്കണം.

17. പ്രാഥമികാരോഗ്യ കേന്ദ്രം വഴിയുള്ള ആന്റീബയോട്ടിക്ക് ഇൻജക്ഷനുകളോ പകരം മരുന്നുകളോ നൽകപ്പെടണം.

18. പഞ്ചായത്തടിസ്ഥാനത്തിൽ കലാകാരികളുടെ ട്രൂപ്പ് സംഘടിപ്പിക്കണം. പരിശീലനവും ഗ്രാന്റും നൽകണം.

19. അശ്ലീല സിനാമാ പോസ്റ്ററുകൾ പതിപ്പിക്കുന്ന സിനിമാശാലാ ഉടമകൾക്കെതിരെയും അശ്ലീല പോസ്റ്ററുകളുടെ പ്രസിദ്ധീകരണക്കമ്പനികൾക്കെതിരെയും നിയമനടപടി ഉണ്ടാകണം.

20. പഞ്ചായത്തു സീൽ ചെയ്ത സിനിമാ പോസ്റ്ററുകൾ മാത്രമേ പതിക്കാവൂയെന്ന കർക്കശ തീരുമാനം ഉണ്ടാകണം.

21. സമൂഹത്തിൽ നിന്നും മദ്യവിപത്ത് ഒഴിവാക്കി സ്ത്രീ സമൂഹത്തെ സംരക്ഷിക്കണം.

22. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവ കൊടുക്കുന്നതിൽ ഇപ്പോഴുള്ള തടസ്സങ്ങൾ നീക്കി തുക വർദ്ധിപ്പിക്കണം.

# പട്ടികജാതി / പട്ടികവർഗ്ഗം

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ സമഗ്രവികസനത്തിന് ജനകീയാസൂത്രണം വഴി തെളിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാന വിഭാഗങ്ങളെ വിസ്മരിച്ചും അവഗണിച്ചും നടത്തിയ വികസന പദ്ധതികൾ പലതും വിജയകരമായിരുന്നില്ല. പട്ടികജാതിക്കാരുടെ പൂർവചരിത്രം പരിശോധിക്കുമ്പോൾ തീണ്ടൽ, തൊട്ടുകൂടായ്മ തുടങ്ങിയ അടിച്ച മർത്തലുകൾ, കർഷകാദി രംഗങ്ങളിൽ നിലനിന്നിരുന്ന ചൂഷണങ്ങൾ വിദ്യാഭ്യാസപരമായ വിവേചനം, സാമ്പത്തികാസമത്വം തുടങ്ങിയ പ്രക്രിയകൾക്ക് ഈ ജനവിഭാഗം വിധേയമായിരുന്നതായി കാണാം. സ്വതന്ത്ര ഇന്ത്യക്ക് മുമ്പ് ഈ ജനവിഭാഗങ്ങളുടെ നന്മക്കായ് ഒളിഞ്ഞും തെളിഞ്ഞും ഈ വിഭാഗം നടത്തിയിട്ടുള്ള അവകാശ സമരങ്ങൾ അലംഘനീയമാണ്. സ്വാതന്ത്ര്യലബ്ധിയോടു കൂടി ഭാരതത്തിൽ നിലവിൽവന്ന ഭരണഘടനാ വ്യവസ്ഥകളും തൊഴിലാളിവർഗ്ഗസമരങ്ങളുടെ സ്വാധീനവും സാമൂഹ്യവ്യവസ്ഥയിൽ വളരെയേറെ മാറ്റങ്ങൾ ഉളവാക്കി.

1957–ലെ ഭൂപരിഷ്ക്കരണ നിയമവും മിഷനറി വിദ്യാഭ്യാസ പ്രവർത്തനങ്ങളും പുരോഗമന പ്രസ്ഥാനങ്ങളുടെ കടന്നുകയറ്റവും പട്ടികജാതി ജനതയുടെ വിദ്യാഭ്യാസവും കാർഷികവുമായ വികാസത്തിന് സഹായകരമായി തീർന്നു. ജന്മിയുടെ കൃഷിയിടങ്ങളിൽ മാത്രം പണിചെയ്യുവാൻ കല്പിക്കപ്പെട്ട ജനവിഭാഗം കൃഷിഭൂമികളുടെ ഉടമകളായി മാറിയത്. ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയനേട്ടമായിരുന്നു. എന്നാൽ മുൻ പഞ്ചവത്സരപദ്ധതി പരിപാടികളിൽ പലതും പട്ടികജാതി വിഭാഗങ്ങൾക്ക് ഗുണകരമായി തീർന്നിരുന്നില്ല. ഇത്തരത്തിലുള്ള ആനുകൂല്യങ്ങളിൽ മിക്കവയും വിവിധ മാർഗത്തിലൂടെ മറ്റുള്ള വിഭാഗങ്ങൾ കൈക്കലാക്കിയിരുന്നു. എപ്പോഴും ചൂഷണ വിധേയമായിത്തന്നെ പട്ടികജാതി ജനവിഭാഗം സമൂഹത്തിൽ ജീവിച്ചുപോരുന്നു. ഈ സാഹചര്യത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി ഉയരുന്നത്. ചൂഷണരഹിതമായി വ്യവസ്ഥിതി സംജാത മാക്കുന്നതിനായ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം കാർഷികം, സാമ്പത്തികം, തൊഴിൽ, സാമൂഹികം എന്നീ രംഗങ്ങളിലെ ഉന്നതിക്കും പൊതുവായി കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ താമസിക്കുന്ന 1958 പട്ടികജാതി കുടുംബങ്ങൾക്കും, പ്രത്യേകിച്ച് 15 ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളും പരക്കെ സ്വീകാര്യമായ നിർദ്ദേശങ്ങളും പരിഗണി ച്ചുകൊണ്ടുമാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

### കോളനികൾ

കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി ഒരു ഹെക്ടറിനു താഴെ ഒരു സെന്റ് വരെ ഭൂമി യുള്ള കുടുംബങ്ങളും, റോഡു പുറമ്പോക്കിലും തരിശ് ഭൂമിയിലും താമസിക്കുന്ന കുടുംബങ്ങളും ഉൾപ്പെടെ ഏകദേശം 1958 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നു. പട്ടികജാതി ജനസംഖ്യയിൽ 4456 പേർ പുരുഷന്മാരും 4376 പേർ സ്ത്രീകളുമാണ്. 40% കുടുംബങ്ങളിൽ മാത്രമാണ് ശരാശരി ജീവിത നിലവാരമുള്ളത്. കൂലിവേല, ഈറ്റത്തൊഴിൽ, കാർഷിക വൃത്തി, കെട്ടിടനിർമ്മാണം എന്നിവയാണ് പ്രധാന തൊഴിലുകൾ. 7 കോളനികളും 34 സെറ്റിൽമെന്റ് കോളിനികളുമാണ് നിലവിലുള്ളത്.

| വാർഡിന്റെ പേര് | കോളനിയുടെ പേര് | സെറ്റിമെന്റ് കോളനി |
|---|---|---|
| ഇളമ്പഴന്നൂർ | കോട്ടപ്പുറംലക്ഷംവീട് | തേക്കുവിള, പേരയം, പച്ചയിൽ |
| ഇടത്തറ | ഇടത്തറലക്ഷംവീട് | ആലത്തറമല വട്ടക്കൈത |
| കുറ്റിക്കാട് | | നരിക്കുഴി, എല്ലുകാട് വടക്കേവയൽ മൈലമൂട് |
| കാരയ്ക്കാട് | കാരയ്ക്കാട് ലക്ഷംവീട് | വലിയവേങ്കാട് കൊടിഞ്ഞം കാരയ്ക്കാട് |
| പാലയ്ക്കൽ | | പുനയം വേടർ കോളനി, തേക്കിൽ ഇരുട്ടുകാട് |
| കടയ്ക്കൽ ടൗൺ | | അടിപ്പാറ, കലമ്പാട് എറ്റിൽകടവ്, |
| ആൽത്തറമൂട് | | ഉലവൻകോട് |
| ആറ്റുപുറം | ഐ.എച്ച്.ഡി.പി. പാലോണം | പുല്ലുപണ |
| ആനപ്പാറ | ഐ.എച്ച്.ഡി.പി. വെള്ളൂരേല | സീഡ്ഫാം ചാന്നാംകോണം |
| ഈയ്യമക്കാട് | | കോക്കാട്ടുക്കുന്ന് കുമ്പളം, പുല്ലുപണ ഊളൻകുന്ന്, |
| ദർപ്പക്കാട് | അംബേദ്ക്കർഗ്രാമം പുള്ളിപച്ചലക്ഷംവീട് | പാങ്ങലുകാട് വേടർകോളനി, തൃക്കണ്ണാപുരം |
| മങ്കാട് | | ഊന്നൻകല്ല്, ചെറുകര |
| പുതുക്കോട് | | സംഭ്രമം, നെല്ലിക്കുന്ന് |
| കുമ്മിൾ | | പ്ലാവറപൊയ്ക |
| തച്ചോണം | തച്ചോണംലക്ഷംവീട് | മുല്ലക്കര, തച്ചോണം വേടർകോളനി |

## കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ 801-ഉം സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 521-ഉം ആണ്.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ഐ.ആർ.ഡി.പി. സർവ്വേയിലുള്ള പട്ടികജാതികുടുംബങ്ങളുടെ എണ്ണം | 1978 മുതൽ 1995 വരെ ഐ.ആർ.ഡി.പി. സഹായം ലഭിച്ച പട്ടികജാതി കുടുംബങ്ങൾ |
|---|---|---|---|
| 1 | ഇളമ്പഴന്നൂർ | 35 | 30 |
| 2 | ഇടത്തറ | 96 | 71 |
| 3 | കുറ്റിക്കാട് | 36 | 23 |
| 4 | കാരയ്ക്കാട് | 23 | 20 |
| 5 | പാലയ്ക്കർ | 58 | 56 |
| 6 | കടയ്ക്കൽ ടൗൺ | 73 | 27 |
| 7 | ആൽത്തറമൂട് | 33 | 24 |
| 8 | ആറ്റുപുറം | 79 | 27 |
| 9 | ആനപ്പാറ | 75 | 40 |
| 10 | ഈയ്യക്കോട് | 57 | 57 |
| 11 | ദർപ്പക്കാട് | | 63 |
| 12 | മങ്കാട് | 73 | 24 |
| 13 | പുതുക്കോട് | 19 | 15 |
| 14 | കുമ്മിൾ | 23 | 19 |
| 15 | തച്ചോണം | 51 | 25 |
| | ആകെ | 731 | 521 |

ഐ.ആർ.ഡി.പി. ലിസ്റ്റിൽ പേരുവരാത്ത പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ഇത്തരം കുടുംബങ്ങൾക്കെല്ലാം ഐ.ആർ.ഡി.പി. സഹായം ലഭിക്കത്തക്കവിധം പേര് ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനം സമയബന്ധിതമായി നടത്തേണ്ടതാണ്. കോളനികളിൽനിന്നും വിട്ടുമാറി താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളെയും ഇത്തരത്തിൽ പരിഗണിക്കണം.

### കുടിവെള്ളം

വേനൽക്കാലാരംഭത്തിൽതന്നെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികൾക്കകത്ത് പൊതുകിണറുകൾ കുഴിച്ചും കൂടുതൽ വെള്ളം ലഭിക്കുന്ന കിണറുകളിൽ പമ്പ്സെറ്റുകൾ സ്ഥാപിച്ച് കോളനിയുടെ എല്ലാ ഭാഗത്തും ശുദ്ധജലം എത്തിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടണം. കിണറുകൾ കുഴിക്കുവാൻ കഴിയാത്തയിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കണം. കോളനികളിൽ നിലവിലുള്ള കിണറുകളുടെ കഴുത്തുകെട്ടി സംരക്ഷിച്ചും വർഷംതോറും കിണറുകൾ ഇറച്ച് ശുചീകരണം നടത്തിയും കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

### കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളിൽ വേണ്ടുന്ന പദ്ധതികൾ

| വാർഡ് നമ്പർ | വാർഡ് | കോളനി | പൊതുകിണർ വേണം | കുളംവേണം |
|---|---|---|---|---|
| 1 | ഇളമ്പഴന്നൂർ | പച്ചയിൽ തേക്കുവിള | തേക്കുവിള പൊതുകിണർ | |
| 2 | ഇടത്തറ | ആലത്തറമല | പൊതുകിണർ | |
| 3 | കുറ്റിക്കാട് | എല്ലുകാട് | പൊതുകിണർ | ഇല്ല |
| 5 | പാലയ്ക്കർ | പുനയം, തേക്കിൻ | പൊതുകിണർ | കുളം |
| 6 | കടയ്ക്കൽ ടൗൺ | എറ്റിൻകടവ്, കലമ്പാട് | പൊതുകിണർ | കുളം |
| 8 | ആറ്റുപുറം | പുല്ലുപണ, പാലോണം | പൊതുകിണർ | കുളം |
| 9 | ആനപ്പാറ | തൃക്കണ്ണാപുരം വെള്ളൂരേല | പൊതുകിണർ | കുളം |
| 10 | ഈയ്യക്കോട് | കോക്കാട്ടു കുന്ന്, കുമ്പളം ഊളൻ കുന്ന് | ഊളൻകുന്ന് പൊതുകിണർ | കുളം |
| 11 | ദർപ്പക്കാട് | പാങ്ങലുകാട് അംബേദ്ക്കർ ഗ്രാമം | പൊതുകിണർ | കുളം |
| 12 | മങ്കാട് | ഊന്നൻകല്ല്, ചെറുകര | പൊതുകിണർ | കുളം |
| 14 | കുമ്മിൾ | പ്ളാവറ പൊയ്ക | പൊതുകിണർ | കുളം |
| 15 | തച്ചോണം | മുല്ലക്കര, തച്ചോണം വേടർകോളനി | പൊതുകിണർ | കുളം |

### വൈദ്യുതി

പഞ്ചായത്തിലെ ചില കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയ കോളനികളിൽതന്നെ എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. വൈദ്യുതി എത്തിയിട്ടുള്ള കോളനിയിലെ എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ കിട്ടത്തക്ക നടപടി എടുക്കണം. വോൾട്ടേജ് ക്ഷാമമുള്ള കോളനികളിൽ ഊർജ്ജശേഷിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് അവ കത്തുമെന്ന് ഉറപ്പുവരുത്തിയും കോളനികളിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കണം.


KADAKKAL PANCHAYAT
Status of Colonies - Wardwise
Ward 15
Ward 14
Ward 13
Ward 12
Ward 11
Ward 10
Ward 9
Ward 8
Ward 7
Ward 6
Ward 5
Ward 4
Ward 3
Ward 2
Ward 1
80
250
45
75
160
87
108
190
60
90
200
150
118
160
60
0
50
100
150
200
250
Number of Families


No of Colonies in Each Ward
Kadakkal Panchayat
No. of Colonies
0
1
2
3
4
5
Ward 1
Ward 2
Ward 3
Ward 4
Ward 5
Ward 6
Ward 7
Ward 8
Ward 9
Ward 10
Ward 11
Ward 12
Ward 13
Ward 14
Ward 15

Page 1

### വൈദ്യുതി എത്തിക്കേണ്ടുന്ന കോളനി പ്രദേശങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | കോളനി പ്രദേശങ്ങൾ |
|---|---|---|
| 1 | ഇളമ്പഴന്നൂർ | പച്ചയിൽ, തേക്കുവിള |
| 5 | പാലയ്ക്കർ | പുനയം, ഇരുട്ടുകാട് |
| 10 | ഈയ്യക്കോട് | ഊളൻകുന്ന്, കുമ്പളം കോക്കാട്ടുകുന്ന് ഭാഗികം |
| 12 | മങ്കാട് | ചെറുകര |
| 13 | പുതുക്കോട് | സംബ്രമം |
| 14 | കുമ്മിൾ | പ്ലാവറപൊയ്ക |
| 8 | ആറ്റുപുറം | പുല്ലുപണ, I.H.D.P.പാലോണം |

### പാർപ്പിടം

വാസയോഗ്യമല്ലാത്ത 667 വീടുകൾ പട്ടികജാതിക്കാരുടേതായി നമ്മുടെപഞ്ചായത്തിലുണ്ട്. ചില വീടുകൾ കട്ടയും മണ്ണുംകൊണ്ട് സ്വപ്രയത്നത്തിൽ നിർമ്മിച്ചിട്ടുള്ളതുണ്ടെങ്കിലും വാസയോഗ്യമല്ല. കുടികിടപ്പ്, പുതുവൽ തരിശ്, ലക്ഷംവീട്, മിച്ചഭൂമി എന്നീ മേഖലകളിൽ കഴിയുന്ന കുടുംബങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കൾക്ക് നിയമപരമായ കൈവശരേഖ ലഭ്യമാകുന്ന നിയമനടപടികളുണ്ടാകണം. ഇത്തരം കുടുംബങ്ങൾക്ക് ഇക്കാരണത്താൽ മിക്ക ആനുകൂല്യങ്ങളും ലഭ്യമല്ല. പാർപ്പിടം ലഭ്യമാകുന്നതിനായി പട്ടികജാതി കുടുംബങ്ങളുടെ കൈവശത്തിലുള്ള ഭൂമിക്ക് ഉടനടി പട്ടയം കിട്ടത്തക്ക സഹായം കൊണ്ടുവരേണ്ടതാണ്.

### കക്കൂസ്

ദർപ്പക്കാട് അംബേദ്ക്കർ ഗ്രാമത്തിനകത്ത് എല്ലാവർക്കും കക്കൂസ് ലഭ്യമായിട്ടുണ്ട്. എന്നാൽ ഗ്രാമത്തിന് വെളിയിൽ താമസിക്കുന്ന പല കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമായിട്ടില്ല. മറ്റ് വാർഡുകളിൽ ഇനിയും ക്കൂസ് പട്ടികജാതി കുടുംബങ്ങളുണ്ട്. താമസിക്കുന്ന വസ്തു സ്വന്തം പേരിലല്ലാത്തതായതിനാൽ പല കുടുംബങ്ങൾക്കും കക്കൂസ് ലഭിക്കാനുണ്ട്. കോളനികളുടെ ആരോഗ്യപരിപാലനത്തിന് കക്കൂസ് സൗകര്യം അനിവാര്യമാക്കണം. ഇതിനായി വസ്തു സ്വന്തം പേരിലല്ലാ എന്ന കാരണത്താൽ കക്കൂസ് സൗകര്യം നിഷേധിക്കപ്പെടരുത്. അടിസ്ഥാന സൗകര്യങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ പട്ടികജാതി വിഭാഗത്തിലുള്ള ചില വിഭാഗം താല്പര്യക്കുറവ് കാണിക്കുന്നുണ്ട്. ഇത്തരക്കാരെ നിരന്തരമായ ബോധവൽക്കരണത്തിലൂടെ അടിസ്ഥാന സൗകര്യം ചിട്ടപ്പെടുത്തുന്നതിൽ സഹായിക്കണം. നിർമ്മിച്ചുകൊടുത്തിട്ടുള്ള കക്കൂസുകളിൽ പലതും ഉപയോഗ ശൂന്യമായി നിലനിൽക്കുന്നു. പണിപൂർത്തീകരിക്കാൻ കഴിയാതെ കക്കൂസ് നിർമ്മാണം ഉപേക്ഷിച്ച കുടുംബങ്ങളും നിലവിലുണ്ട്.

പട്ടികജാതി കുടുംബങ്ങൾക്കനുവദിക്കുന്ന കക്കൂസ് നിർമ്മാണത്തിന്റെ ധനസഹായം 3000 രൂപയായി ഉയർത്തണം. സന്നദ്ധ സംഘടനകൾ വഴിയോ അല്ലാതെയോ കക്കൂസ് നിർമ്മാണം ഉറപ്പ് വരുത്തണം. കക്കൂസ് ശുചീകരണത്തിനാവശ്യമായ ലോഷനുകൾ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ വിതരണം ചെയ്യണം.

### പൊതുസ്ഥിതി

നാനാവിധമായ ഉച്ചനീചത്വങ്ങൾക്കും വിധേയമായിരുന്നു പട്ടികജാതി ജനവിഭാഗം. മിഷണറിമാർ, സാമൂഹ്യപരിഷ്കർത്താക്കൾ, പുരോഗമന പ്രസ്ഥാന പ്രവർത്തകർ എന്നിവരുടെ സേവനങ്ങൾ ഈ ജനവിഭാഗത്തിന്റെ ഒട്ടേറെയുള്ള വളർച്ചയ്ക്കും വികാസത്തിനും സഹായകരമായിട്ടുണ്ട്. അപൂർവ്വം പട്ടികജാതി കുടുംബങ്ങൾ വളരെയേറെ പുരോഗതി കൈവരിച്ചിട്ടുണ്ടുവെങ്കിലും ഭൂരിപക്ഷം കുടുംബങ്ങളും ദാരിദ്ര്യത്തിലാണ് കഴിയുന്നത്. തൊഴിൽ, വിദ്യാഭ്യാസം, സാമ്പത്തികം എന്നീ രംഗങ്ങളിൽ ചൂഷണവിധേയമായി തന്നെ ഈ ജനവിഭാഗം മുന്നോട്ടു പോകുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകകൊള്ളിക്കുന്ന ഫണ്ടുകൾ വഴിവിട്ടു ചിലവഴിക്കുകയോ നിർദ്ദിഷ്ട പദ്ധതികൾ ലാപ്സാക്കുകയോ ചെയ്യുന്നതാണ് പതിവ്. വായ്പാപദ്ധതികളിൽ പലതും പുരോഗതി കൈവരിച്ചിട്ടുള്ള കുടുംബങ്ങൾക്കാണ് ലഭിക്കാറുള്ളത്. ക്ഷേമ പദ്ധതികളും അർഹമായിട്ടുള്ള രീതിയിൽ വിതരണം ചെയ്യുന്നതിൽ വീഴ്ചകൾ വരുന്നു. സ്വാധീനവും സാമൂഹികബന്ധവുമുള്ള പട്ടികജാതി കുടുംബങ്ങൾ പുരോഗതി നേടുമ്പോൾ ദരിദ്രകുടുംബങ്ങൾ സാമൂഹികവും സാമ്പത്തികവുമായി ക്ഷയിച്ചുവരുന്നതായിട്ടാണ് കാണുന്നത്.

കൈവരിച്ചിട്ടുള്ള പുരോഗതിയും സാമ്പത്തിക ഭദ്രതയും ധനാഗമമാർഗ്ഗങ്ങളും വിശദമായി വിലയിരുത്തി അർഹതയുള്ള കുടുംബങ്ങൾക്ക് പദ്ധതിയാനുകൂല്യങ്ങളെത്തിക്കണം. ആനുകൂല്യങ്ങൾ വഴിതെറ്റി വിനിയോഗിക്കപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തണം. ഇതുവരെ നടന്നിട്ടുള്ള പദ്ധതികളുടെ നിജസ്ഥിതി പരിശോധിക്കപ്പെടണം. പട്ടികജാതി വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും സാമ്പത്തിക പിന്നോക്കം നില്ക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കായി ഉറപ്പുവരുത്തണം. ഗ്രാമങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ മുൻഗണനക്ക് കൊണ്ടുവരണം.

ഈ വിഭാഗം ജനവിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന വരെ കഠിനമായി ശിക്ഷിക്കത്തക്ക തരത്തിലുള്ള നിയമ വ്യവസ്ഥകൾ നടപ്പിലാക്കണം. സമൂഹത്തിൽ നിലനില്ക്കുന്ന ജാതിവിവേചനം പൂർണമായും ഇല്ലാതാക്കാനുള്ള സാമൂഹികാവബോധം പൊതുവായി വളർത്തിയെടുക്കുന്നതിനുള്ള സംയോജിത പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

### വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത്, പട്ടികജാതി കുടുംബങ്ങളിലെ ദാരിദ്ര്യാവസ്ഥയും, സാമ്പത്തിക ദുസ്ഥിതിയും കുട്ടികളിൽ വിദ്യാഭ്യാസം പൂർത്തിയാക്കാതെയുള്ള കൊഴിഞ്ഞുപോക്കലിന് കാരണമാക്കുന്നു. ഹൈസ്ക്കൂൾ തലത്തിൽ 80% വിദ്യാർത്ഥികളും എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെടുന്നു. പി.ഡി.സി., വി.എച്ച്.എസ്. എസ്.എൽ.സി., ജെ.റ്റി. എസ്.എസ്.എൽ.സി., തുടങ്ങിയ പരീക്ഷകളിൽ 5% ത്തോളം പേർ മാത്രമാണ് വിജയിക്കാറുള്ളത്. മത്സരപരീക്ഷാ രംഗത്തും ഇവർ പിന്നിൽ തന്നെയാണ്. ഇതിന്റെ പ്രധാന കാരണങ്ങൾ ബാല്യത്തിൽ ബുദ്ധിവികാസത്തിനാവശ്യമായ പോഷകാഹാരങ്ങളുടെ ദൗലഭ്യവും അടിസ്ഥാന വിദ്യാഭ്യാസത്തിനുതകുന്ന കുടുംബാന്തരീക്ഷമില്ലായ്മയുമാണ്. പട്ടികജാതി രക്ഷാകർത്താക്കളിൽ ഭൂരിഭാഗവും എഴുത്തും വായനയും പൂർണ്ണമായി പരിശീലിക്കാത്തവരാണ്. അടിസ്ഥാന വിദ്യാഭ്യാസത്തി ന്റെ സൗകര്യമില്ലായ്മയും ഇവരുടെയിടയിൽ നിലനിൽക്കുന്നു. ഇക്കാരണങ്ങളാൽ തന്നെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചിട്ടപ്പെടുത്തുന്നതിലും കുട്ടികളെ സഹായിക്കുന്നതിലും ഇവർ ശ്രദ്ധിക്കുന്നില്ല. കുടുംബം പുലർത്തുന്നതിനായി തൊഴിലന്വേഷിച്ചിറങ്ങിത്തിരിക്കുന്ന രക്ഷാകർത്താക്കൾ കുട്ടികളുടെ വിശപ്പ് മാറ്റുന്നതിന് മാത്രം ശ്രദ്ധിക്കുന്നു. ഈ ഭക്ഷണക്രമത്തിലുള്ള പോഷകാഹാരക്കുറവ് നിത്യേനയുള്ളതുമാണ്. ഇത്തരം ന്യൂനതകൾ പട്ടികജാതി വർഗ്ഗ വിഭാഗം കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസ തലത്തിൽ തന്നെയുള്ള കൊഴിഞ്ഞുപോക്കൽ, എസ്.എസ്.എൽ.സി. പരീക്ഷയിലെ കൂട്ടപരാജയം, മത്സരപരീക്ഷകളിൽ മറ്റുള്ളവരോടൊപ്പം പൊതുവായി എത്തിച്ചേരാതിരിക്കൽ എന്നിവക്ക് നിദാനമാകുന്നു.

പട്ടികജാതിയിലുള്ള 'വേടർ' കുടുംബങ്ങളിലെ കുട്ടികൾ കൂടുതലും പ്രൈമറി തലത്തിൽ വിദ്യാഭ്യാസം നിർത്തുന്നതായിട്ടാണ് കണ്ടുവരുന്നത്. പാങ്ങലുകാട്, പുനയം, വലിയവേങ്കാട്, തച്ചോണം എന്നിവിടങ്ങളിലാണ് ഈ വിഭാഗം ജനങ്ങൾ താമസിക്കുന്നത്. ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഗൗരവതരമായ മുൻതൂക്കം നല്കപ്പെടണം. സാമൂഹ്യമായി ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന വിഭാഗമാണ് ഇക്കൂട്ടർ. ഇവർ തിങ്ങിപ്പാർക്കുന്നിടങ്ങളിൽ നിർബന്ധമായും ബാലവാടികളോ നഴ്സറിസ്കൂളുകളോ നിർമ്മിച്ച് അടിസ്ഥാന വിദ്യാഭ്യാസം ചിട്ടപ്പെടുത്തി കൈപിടിച്ചുയർത്തേണ്ടതാണ്. എൽ.കെ.ജി., യു.കെ.ജി. പോലുള്ള അടിസ്ഥാന വിദ്യാഭ്യാസ സൗകര്യമേർപ്പെടുത്തണം. ഇതിന് വേണ്ടുന്ന അദ്ധ്യാപകരെയും പ്രവർത്തകരേയും കോളനികളിൽ നിന്നും കണ്ടെത്തി പരിശീലനം നല്കേണ്ടതാണ്. തൊഴിലധിഷ്ഠിധ വിദ്യാഭ്യാസം സ്കൂൾതലം മുതൽ തന്നെ നടത്തണം. ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കണം. ഹൈസ്കൂൾ തലം മുതൽ സ്റ്റൈപന്റ് ഏർപ്പെടുത്തണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ കൊണ്ടുവരണം. ഈ മേഖലയിലുള്ള പട്ടികജാതിക്കാരുടെ എണ്ണത്തിൽക്കുറവ് നികത്തുന്നതിനായി കർമ്മപരിപാടികൾ പദ്ധതിയിലുണ്ടാവണം. പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി ഹോസ്റ്റൽ സൗകര്യത്തെക്കുറിച്ചും ആലോചിക്കണം. സ്കൂൾ പി.റ്റി.എ. കളിൽ പട്ടികജാതി രക്ഷകർത്താക്കളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം. മാസം തോറും വിദ്യാർത്ഥികളുടെ പഠന നിലവാരം ചർച്ചചെയ്യപ്പെടണം. ഇതിനായി സബ് കമ്മറ്റികൾ രൂപീകരിക്കുകയും വേണം.

### ഗതാഗതം

കോളനികളിലേക്കുള്ള റോഡുകൾ മിക്കതും ദുർഘടം നിറഞ്ഞതാണ്. ആശുപത്രി, സ്കൂൾ, എന്നിവിടങ്ങളിലേക്ക് പെട്ടെന്ന് എത്തിച്ചേരുന്നതിന് കോളനി നിവാസികൾക്ക് കഴിയുന്നില്ല. ഇതുകൊണ്ടുതന്നെ സാമൂഹ്യബന്ധം കോളിനികൾക്ക് കുറയുന്നു. ചില കോളനികളിൽനിന്നും മെയിൻ റോഡിൽ എത്തിച്ചേരുന്നതിനുള്ള റോഡുകൾ നിർമ്മിക്കപ്പെടേണ്ടതുണ്ട്. എന്നാൽ പുതുതായി നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകൾ പഞ്ചായത്ത് ലിസ്റ്റിൽ വരുത്തുകയും വേണം. കോളനി പ്രദേശത്തുള്ള വഴികളുമായി ബന്ധിപ്പിക്കുന്നതിന് തോടുകൾക്ക് കുറുകെ പാലങ്ങളും ഫുട്സ്ലാബുകളും നിർമ്മിക്കണം. കോളനികളിലേക്കുള്ള പ്രധാന റോഡുകൾ വീതികൂട്ടി ടാർ ചെയ്ത് സംരക്ഷിക്കപ്പെടണം.

### തൊഴിൽ

ഈറ്റത്തൊഴിൽ, കാർഷികവൃത്തി, കൂലിപ്പണി, കെട്ടിടനിർമ്മാണം എന്നിവയാണ് പ്രധാന തൊഴിൽ മേഖല. എന്നാൽ ചില കുടുംബങ്ങളിൽ ആടുമാടു വളർത്തൽ തൊഴിലായി അവലംബിച്ചിട്ടുണ്ട്. മെറ്റൽ ക്രഷർ യൂണിറ്റുകളിലും പാറക്വാറികളിലും തൊഴിൽ രംഗം വ്യാപിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, സഹകരണം ഫാക്ടറി മേഖലകളിൽ തൊഴിലുള്ളവർ വിരളമാണ്. പട്ടികജാതിക്കാരുടേതായ വ്യവസായ സംരംഭങ്ങൾ എടുത്തു പറയത്തക്കതായി നിലവിലില്ല. എന്നാൽ സ്വയം തൊഴിൽ

പദ്ധതി പ്രകാരമുള്ള ഒന്ന് രണ്ട് യൂണിറ്റുകൾ പഞ്ചായത്തിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള മാർക്കറ്റിംഗ് സൗകര്യമില്ലായ്മ, മൂലധനകമ്മി എന്നീ ഘടകങ്ങൾ യൂണിറ്റുകളെ രോഗഗ്രസ്ഥമാക്കി. കടയ്ക്കൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സോപ്പ് നിർമ്മാണ യൂണിറ്റും, മെറ്റൽ നിർമ്മാണ യൂണിറ്റുമാണ് ഇത്തര ത്തിലുള്ളത്.

പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ബാംബു കോർപ്പറേഷന്റെ പ്രാദേശിക ഓഫീസ് കൊണ്ടുവരേണ്ടതാണ്. പ്രധാനപ്പെട്ട കോളനികളിൽ ആഗ്രോ–സർവ്വീസ് സെന്ററുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്. കാർഷികപരമായ വികസനം ലക്ഷ്യമാക്കി പൊതു കൃഷിയിടങ്ങൾ കണ്ടെത്തി കർഷക തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കണം. കരകൗശല വിദഗ്ദ്ധന്മാരായ പട്ടികജാതിക്കാർക്ക് ധനസഹായവും സ്വയംതൊഴിൽ ചെയ്യുവാനുള്ള പരിശീലനവും ചെയ്തുകൊടുക്കണം, ഒറ്റയ്ക്കോ, കൂട്ടായിട്ടോ വ്യവസായ സംരംഭങ്ങൾ നടത്തുവാൻ തയാറായി വരുന്ന തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ഉണ്ടാകണം. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും സാമ്പത്തികവും ചെയ്തുകൊടുക്കണം. കൃഷിഭവൻ മുഖേനയുള്ള കാർഷിക പദ്ധതികളിൽ പട്ടികജാതി ജനതയുടെ പങ്കാളിത്തം പൂർണ്ണമായി ഉറപ്പ് വരുത്തണം.

കൃഷിഭൂമി ഇല്ലാത്ത കർഷകർക്ക് ഉദാരവ്യവസ്ഥകളിൽ ഭൂമി വാങ്ങുന്നതിന് വർഷത്തിൽ 10 കുടുംബങ്ങളെയെങ്കിലും സാമ്പത്തികമായി സഹായിക്കുവാൻ കഴിയണം. കൃഷിഭൂമിയുടെ മാനദണ്ഡം പരിഗണിക്കാതെ പമ്പ്സെറ്റ്, വളം, കീടനാശിനി, ജലസംചന കിണറുകൾ എന്നിവയുടെ സഹായങ്ങളും കുടുംബങ്ങൾക്ക് ലഭ്യമാക്കണം. കർഷക തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യ പെൻഷൻ വികലാംഗ പെൻഷൻ എന്നീ പെൻഷനുകൾക്ക് അർഹരായ മുഴുവൻ പട്ടികജാതിക്കാരേയും ഉൾപ്പെടുത്തണം. കോളനികളിൽ സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ട് സംയുക്തമായിട്ടുള്ള തൊഴിലവസരം സൃഷ്ടിക്കപ്പെടുന്ന വ്യവസായ യൂണിറ്റുകൾ ആവിഷ്ക്കരിക്കണം. ഇലക്ട്രോണിക്സ് വ്യവസായരംഗത്ത് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സ്പെയൽ പാർട്സുകൾ നിർമ്മിക്കുന്ന യൂണിറ്റ് സംഘടിപ്പിക്കാവുന്നതാണ്. തീപ്പെട്ടി, മെഴുകുതിരി, അഗർബത്തി എന്നീ വ്യവസായ പദ്ധതികളും കോളനികൾ കേന്ദ്രീകരിച്ച് തയാറാക്കണം. ബുക്ക്ബയന്റിംഗ്, കവർനിർമ്മാണം, പേപ്പർബാഗ് നിർമ്മാണം എന്നിവയും സാധാരണയായി നിലവിലുള്ള മറ്റ് തൊഴിൽ സംരംഭങ്ങളും ഉദാഃ റഡിമെയ്ഡ്, അലക്ക്സോപ്പ്, തേനീച്ച വളർത്തൽ, പൗൾട്രിഫാം, കാലിവളർത്തൽ യൂണിറ്റ്, കളിമൺ വ്യവസായം എന്നിവയിൽ പ്രാധാന്യമൂന്നി തൊഴിൽ സംരംഭങ്ങൾ അനുവദിക്കപ്പെടണം. ഇത്തരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് മേഖലയും ഗവ. തലത്തിൽ ആസൂത്രണം ചെയ്യണം. വിദ്യാസമ്പന്നരായ പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്ക് സാമ്പത്തിക മാനദണ്ഡം പരിഗണിച്ചുകൊണ്ട് സർക്കാർ – അർദ്ധ സർക്കാർ തലത്തിൽ സംവരണ ആനുകൂല്യത്തിൽ തൊഴിൽ ലഭ്യമാക്കണം, ഡ്രൈവിംഗ് പഠിച്ചിട്ടുള്ള പട്ടികജാതി യുവാക്കൾക്ക് വാഹനം സ്വന്തമായി എടുക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനും നിലവിലുള്ള വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കപ്പെടണം. "സുബല" സ്കീം പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി നടപ്പിലാക്കണം. ഗ്രാമീണ ബാങ്ക് മാതൃകയിലുള്ള എ.ഡി.എസ്. പദ്ധതിയും പഞ്ചായത്ത് കേന്ദ്രീകരിച്ച് നടപ്പിലാക്കണം.

## പട്ടികജാതി സർവ്വീസ് സഹകരണ സംഘം

1961–ൽ ഇടത്തറ റൂറൽ അഗ്രിക്കൾച്ചറൽ ക്രഡിറ്റ് സംഘം എന്ന പേരിൽ തുടങ്ങിയ സ്ഥാപനം ഇപ്പോൾ കടയ്ക്കൽ ഹരിജൻ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം എച്ച്.ഡബ്ല്യൂ.6 എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. 10 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായിട്ടുള്ള സംഘത്തിൽ 1202 അംഗങ്ങളും ഓഹരി മൂലധനമായി 36413 രൂപയും സർക്കാർ വിഹിതം 25000 രൂപയും വായ്പയ്ക്ക് വേണ്ടി 9422.30 രൂപയും ഉൾപ്പെടെ 60835.20 രൂപയുടെ ആസ്തിയും സംഘത്തിനുണ്ട്. അഞ്ചംഗ ഭരണസമിതിയാണ് നിലവിലുള്ളത്. സെക്രട്ടറി മാത്രമാണ് ജീവനക്കാരിയായിട്ടുള്ളത്. 20 വർഷങ്ങളായി ബൈലാം ഭേദഗതി ചെയ്തിട്ടില്ല. സംഘത്തിന്റെ മേൽ അധികാരം അസിസ്റ്റന്റ് രരജിസ്ട്രാർക്കാണ്. മറ്റു പ്രാഥമിക സഹകരണ സംഘങ്ങളെപോലെ സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള അധികാരം സംഘത്തിനില്ല. ജില്ലാ ബാങ്കിൽ അഫിലിയേറ്റു ചെയ്തും ബൈലാ ഭേദഗതിയിലൂടെയും, അംഗസംഖ്യ വർദ്ധിപ്പിച്ചും സംഘത്തെ മുന്നോട്ടു കൊണ്ടു പോകേണ്ടതുണ്ട്. സംഘത്തിന്റെ മൂലധനം 5 ലക്ഷമായി ഉയർത്തി സർക്കാർ വിഹിതം കൂട്ടുകയും ചെയ്താൽ തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നതിനും ചെറുകിട വ്യവസായ സംരംഭം ആരംഭിക്കുന്നതിനും, തൊഴിൽ വായ്പകൾ നല്കുന്നതിനും പട്ടികജാതി ജനവിഭാഗങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനും ഈ സംഘത്തിന് കഴിയും.

## ആരോഗ്യം

പട്ടികജാതിക്കാരുടെ ആരോഗ്യപരിപാലനം തൃപ്തികരമല്ല. വ്യക്തിശുചിത്വമില്ലായ്മയും പരിസര

ശുചിത്വമില്ലായ്മയും ചില ലക്ഷംവീട് കോളനികളിൽ കണ്ടുവരുന്നു. സെറ്റിൽമെന്റ് കോളനികളുടെ സ്ഥിതി വളരെ മോശമാണ്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നതാണ് പോഷകാഹാരക്കുറവും ശുദ്ധജല ദൗർലഭ്യവും മലമൂത്ര വിസർജ്ജനത്തിനുള്ള അസൗകര്യവും ദരിദ്രരോഗങ്ങളെന്നറിയപ്പെടുന്ന പകർച്ചവ്യാധികൾ ഈ ജനവിഭാഗങ്ങൾക്കിടയിൽ കണ്ടുവരുന്നു. ഇത് നിർബന്ധമായും പഠനവിഷയമാക്കണം. കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തണം. കക്കൂസ് സൗകര്യങ്ങളിലെ കുറവുകൾ പരിഹരിക്കപ്പെടണം. പരിസര ശുചീകരണത്തിനാവശ്യമായ ലോഷനുകൾ, ബ്ലീച്ചിംഗ് പൗഡർ എന്നിവ കോളനി നിവാസികൾക്ക് വിതരണം ചെയ്ത് ബോധവൽക്കരണം നടത്തണം. കോളനി കേന്ദ്രങ്ങളിൽ പണ്ട് നിലവിലുണ്ടായിരുന്ന ഫീഡിംഗ് സെന്ററുകൾ പുനരാരംഭിക്കണം. ആരോഗ്യപ്രവർത്തകർ 3 മാസത്തിലൊരിക്കൽ ബോധവൽക്കണ ക്ളാസ്സുകൾ കോളനി നിവാസികൾക്കിടയിൽ സംഘടിപ്പിക്കണം. ആധുനിക ചികിത്സാരംഗത്തെ സാമ്പത്തിക ചെലവ് പട്ടികജാതിക്കാർക്ക് ബുദ്ധിമുട്ടനുഭവപ്പെടുത്തുന്നു. ഇതിനുള്ള മുൻകരുതലുകൾ ഗവഃ തലത്തിലുണ്ടാവണം. സർക്കാർ ആശുപത്രികളിലെ ആന്റിബയോട്ടിക് ഇൻജംഗ്ഷനുകൾ പുനരാരംഭിച്ച് രോഗികളെ സഹായിക്കണം. മാറാരോഗങ്ങളുള്ള പട്ടികജാതിക്കാർക്ക് ധനസഹായം ലഭ്യമാക്കണം.

### കലാ-കായിക-സാംസ്ക്കാരികരംഗം

പ്രാചീന കലകളിൽ പലതും അന്യം നിന്നിരിക്കുന്നു. ഈ കലകളെ പുനരുജ്ജീവിപ്പിക്കുവാൻ വിഗ്ദ്ധരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ സഹായിക്കണം. അവശകലാകാരന്മാർക്ക് പെൻഷൻ, ധനസഹായം എന്നിവ ഏർപ്പെടുത്തണം. എല്ലാ കോളനികളിലും കളിസ്ഥലങ്ങളും സാസ്ക്കാരിക കേന്ദ്രങ്ങളും നിർമ്മിക്കണം. ഈ കേന്ദ്രങ്ങളിൽ റ്റി.വി., പത്രപ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കണം. അന്ധവിശ്വാസം നിലനിൽക്കുന്ന കോളനികളിൽ ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പിക്കുന്നതിന് കഴിയണം. തിരുവാതിര, കോൽക്കളി, പറയൻ തുള്ളൽ, കതിരുകാള തുടങ്ങിയ പ്രാചീനകലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ ഗ്രാന്റ് ഏർപ്പെടുത്തണം.

### സാമൂഹ്യപദവിയിൽ വന്നിട്ടുള്ള മാറ്റം

ഇൻഡ്യൻ ഭരണഘടനയും വിദ്യാഭ്യാസരംഗത്തെ വളർച്ചയും പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും പട്ടികജാതിക്കാരുടെ പദവിയിൽ മാറ്റങ്ങളേറെ സൃഷ്ടിച്ചിട്ടുണ്ട്. വിവാഹം, മറ്റു ചടങ്ങുകൾ എന്നിവയിൽ മറ്റു ജനവിഭാഗങ്ങളുടെ പങ്കാളിത്തം കുറവാണ്. പട്ടികജാതിക്കാരുടെ വീടുകളിൽനിന്നും ഭക്ഷണം കഴിക്കുന്നതിൽ മറ്റു വിഭാഗം വൈമനസ്യം പ്രകടമാക്കുന്നു. പൊതു പ്രവർത്തനത്തിൽ നേതൃത്വപരമായി കുറച്ചുപേർ മാത്രമേ കടന്നുവന്നിട്ടുള്ളു. ജാതിപരമായ വിവേചനം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. ഭരണരംഗങ്ങളിലും മറ്റും സംവരണം ചെയ്തിട്ടുള്ള അവസരങ്ങൾ മാത്രമേ പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാകുന്നുള്ളു. വിദ്യാഭ്യാസവും സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിൽ കരുത്ത് ആർജ്ജിച്ചാൽ മാത്രമേ നിലവിലുള്ള വ്യവസ്ഥിതിയിൽ മാറ്റം വരുത്തുവാൻ കഴിയുകയുള്ളു. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ ഈ ജനവിഭാഗത്തെ ബോധപൂർവ്വം കൊണ്ടുവരേണ്ട ആവശ്യകത ഉയർന്നുവന്നിരിക്കയാണ്. ഇത്തരത്തിൽ മാത്രമെ ഈ ജനവിഭാഗങ്ങളുടെ പുരോഗതി കൈവരിക്കാനാവൂ.

### പ്രശ്നങ്ങൾ

1. കോളനികളിലെ കുടിവെള്ളക്ഷാമം
2. കോളനികളിലേക്കുള്ള പ്രധാന റോഡുകൾ ഓടയില്ലാത്തതിനാലും ടാറില്ലാത്തതിനാലും നാശമാകുന്നു.
3. ചില കോളനികളിലേക്ക് റോഡുകളേ ഇല്ല.
4. കോളനികളിലെ വൈദ്യുതി പ്രശ്നം.
5. കൃഷിചെയ്യുവാൻ താല്പര്യമുള്ളവർക്ക് കൃഷിഭൂമിയില്ലാത്തസ്ഥിതി.
6. കിണറുകളിലെ മലിനജലം.
7. വാസയോഗ്യമല്ലാത്ത വീടുകൾ.
8. കോളനികളിലെ ആരോഗ്യ പ്രശ്നവും സാംസ്കാരിക പ്രശ്നങ്ങളും.
9. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരതകർച്ച.
10. സ്കൂളുകളിൽനിന്നുമുള്ള കൊഴിഞ്ഞുപോക്കൽ, സാങ്കേതിക വിദ്യാഭ്യാസമുള്ളവരുടെ അഭാവം.
11. അങ്കണവാടികളും ബാലവാടികളും കോളനി നിവാസികൾക്ക് പ്രയോജനകരമാവുന്നില്ല.
12. തൊഴിൽരംഗത്തെ ചൂഷണം, തൊഴിൽ ചെയ്യുന്നതിനാവശ്യമായിട്ടുള്ള മൂലധനകമ്മിയും തടസ്സങ്ങളും.
13. പട്ടികജാതിക്കാരുടെ പദ്ധതികളുടെ ഫണ്ട് വഴിവിട്ട് ചെലവഴിക്കലും ഡിപ്പാർട്ടുമെന്റലിസമായിട്ടുള്ള അധഃപതിക്കലും.
14. ഹരിജൻ സർവ്വീസ് സഹകരണബാങ്കിന്റെ ശോചനീയസ്ഥിതി.
15. കുട്ടികളിലുണ്ടാകുന്ന പോഷകാഹാരക്കുറവും വിദ്യാഭ്യാസ തകർച്ചയും.
16. പട്ടികജാതിക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ.

### നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. കുടിവെള്ളപ്രശ്നം മുകളിൽ പ്രതിപാദിച്ചിട്ടുള്ള ക്രമത്തിൽ നടപ്പിലാക്കപ്പെടണം. വിവിധ ഏജൻസികൾവഴി പദ്ധതി നടത്തിപ്പ് ഊർജ്ജിതപ്പെടുത്തണം.

2. കോളനികളിലേക്കുള്ള പ്രധാന റോഡുകൾ വീതി കൂട്ടി അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കണം. റോഡുകൾ ഇല്ലാത്ത കോളനികളിൽ അവ നിർമ്മിക്കുന്നതിനുള്ള ഫണ്ട് വകയിരുത്തണം. തോടുകൾക്കു കുറുകെ പാലങ്ങൾ കെട്ടിയും ഫുട്സ്ലാബ് നിർമ്മിച്ചും ഗതാഗതം സൗകര്യപ്പെടുത്തണം.

3. വൈദ്യുതി എത്തിയിട്ടുള്ള കോളനികളിൽ മുഴുവൻ വീടുകളിലും കണക്ഷൻ കൊടുക്കണം. വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളിൽ അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

4. കൃഷിചെയ്യുവാൻ തല്പരരായ കൃഷിക്കാർക്ക്, 10 സെന്റ് ഭൂമി വീതം വർഷത്തിൽ 10 പേർക്ക്, കൃഷിഭൂമി വാങ്ങുവാൻ ഉദാര വ്യവസ്ഥകളിൽ ധനസഹായം ചെയ്യണം. പൊതുകൃഷിയിടങ്ങൾ കണ്ടെത്തി കർഷകതൊഴിലാളികളുടെ തൊഴിലവസരം ഉറപ്പ് വരുത്തണം.

5. കോളനികളിലെ കിണറുകളും കുളങ്ങളും ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കണം.

6. വാസയോഗ്യമല്ലാത്ത വീടുകൾ നിർമ്മിച്ചു കൊടുക്കണം.

7. ആരോഗ്യരംഗത്ത് പ്രധാന കോളനി കേന്ദ്രങ്ങളിൽ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരക്കുറവ് നികത്തുന്നതിലേക്ക് ഫീഡിംഗ് സെന്ററുകൾ സ്ഥാപിക്കണം. ഇവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകണം. രോഗങ്ങൾ അന്യവൽക്കരിക്കുന്നതിനായി കുടിവെള്ളത്തിൽ സ്വയം പര്യാപ്തതയും മലമൂത്ര വിസർജനത്തിനുള്ള സൗകര്യങ്ങളും ഉണ്ടാകണം. കോളനി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പി.എച്ച്.സി. ഡോക്ടറന്മാർ, ഹെൽത്ത് സൂപ്പർ വൈസറന്മാർ എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യ വിദ്യാഭ്യാസം നടത്തണം. ആരോഗ്യ പ്രവർത്തകർ മാസംതോറും കോളനികൾ സന്ദർശിക്കണം.

8. കോളനി കേന്ദ്രമാക്കി എൽ.കെ.ജി., യു.കെ.ജി. നിലവാരത്തിലുള്ള നഴ്സറി വിദ്യാഭ്യാസം ഉറപ്പാക്കണം. ബാലവാടികൾ സ്ഥാപിച്ച് പോഷകാഹാരം വിതരണം നടത്തണം. നഴ്സറി സ്കൂളിലേക്കുള്ള പ്രവർത്തകരെ കോളനികളിൽനിന്നും കണ്ടെത്തി പരിശീലനം കൊടുക്കണം. അടിസ്ഥാന വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളെ ബോധവാന്മാരാക്കണം.

9. സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കൽ തടയാൻ പി.റ്റി.എ. കമ്മിറ്റികളിൽ പട്ടികജാതി രക്ഷകർത്താക്കളുടെ പ്രാതിനിധ്യം ഉറപ്പാക്കണം. മാസംതോറും ഇവരുടെ കൊഴിഞ്ഞുപോക്കൽ വിലയിരുത്തുന്നതിനായി സബ്കമ്മിറ്റി രൂപീകരിക്കണം.

10. പ്രധാന കോളനികളിൽ അങ്കണവാടികൾ, മഹിളാ സമാജങ്ങൾ എന്നിവ നിർമ്മിക്കണം. പട്ടികജാതി വനിതകൾക്കായി "സുബല", എ.ഡി.എസ്. സ്കീം എന്നിവ നടപ്പിലാക്കണം.

11. സ്വയം തൊഴിൽ സംരംഭകരായി വരുന്ന പട്ടികജാതിക്കാർക്ക് ലഭ്യമാകുന്ന ധനസഹായങ്ങളുടെ വ്യവസ്ഥകൾ ലഘൂകരിക്കണം. തുക വഴിവിട്ടു ചിലവഴിക്കാതെ ശ്രദ്ധിക്കുവാൻ സബ്കമ്മിറ്റികൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കാവുന്നതാണ്. പട്ടികജാതി സൊസൈറ്റികൾ കോളനികൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച് കൂട്ടായിട്ടുള്ള സംരംഭങ്ങൾക്ക് ഊന്നൽ നല്കണം.

12. തൊഴിൽ രംഗത്ത് സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുക്കാവുന്നതാണ്.

13. പട്ടികജാതി വികസനത്തിനായിട്ടനുവദിക്കുന്ന ഫണ്ടുകൾ വഴിവിട്ടു ചിലവഴിക്കാതിരിക്കുവാൻ പട്ടികജാതി മെമ്പറന്മാരും പൊതുപ്രവർത്തകരുമുൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ച് ഇത്തരം മേഖലകളിൽ അന്വേഷണം നടത്തി നടപടിയെടുക്കണം. ഇത്തരത്തിലുള്ള ഫണ്ടുകൾ, സ്കീമുകൾ ലാപ്സാകാതിരിക്കുന്നതിനും ശ്രദ്ധിക്കണം. ഡിപ്പാർട്ടുമെന്റലിസം പൂർണ്ണമായും ഒഴിവാക്കണം.

14. കോൽക്കളി പറയൻതുള്ളൽ, വാദ്യമേളം, കുത്തിയോട്ടം, കതിരുകാള എന്നിവയ്ക്ക് ഗ്രാന്റ് ഏർപ്പെടുത്തി പ്രോത്സാഹനം നല്കണം. അവശകലാകാരന്മാർക്ക് പെൻഷൻ ഏർപ്പെടുത്തി സഹായിക്കണം.

15. ഹരിജൻ സർവ്വീസ് സംഘത്തിന്റെ മൂലധനക്കുറവ് പരിഹരിക്കപ്പെടണം. മൂലധനം 5 ലക്ഷമായിട്ടുയർത്തി പ്രവർത്തനം കാര്യക്ഷമമാക്കണം. സംഘത്തിന്റെ നിയന്ത്രണം ഡയറക്ടർ ബോർഡിനാവണം. ജില്ലാബാങ്കിൽ അഫിലിയേഷൻ നടത്തിക്കണം.

16. ഹൈസ്കൂൾ തലം മുതൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റ് ഏർപ്പെടുത്തണം. താമസിച്ചു പഠിക്കുന്നതിനായി ഹോസ്റ്റൽ നിർമ്മിക്കണം.

17. ബാംബൂ കോർപ്പറേഷൻ പ്രാദേശികാഫീസ് കൊണ്ടു വരണം.

18. പട്ടികജാതി വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കണം.

19. പട്ടികജാതി കുടുംബങ്ങളിലെ വിദ്യാഭ്യാസമുള്ള ഒരാൾക്കെങ്കിലും സർക്കാർ, അർദ്ധസർക്കാർ, സഹകരണം, ഫാക്ടറി, പൊതുമേഖല എന്നിവിടങ്ങളിൽ തൊഴിൽനല്കി സാമ്പത്തികനിലമെച്ചപ്പെടുത്തണം.

# വിഭവസമാഹരണം

ഇന്നലെകളിൽ കാർഷികരംഗത്തുനിന്നുള്ള വരുമാനം മാത്രമായിരുന്നു കടയ്ക്കലിന്റെ വളർച്ചയ്ക്ക് നിദാനമായിരുന്നതെങ്കിൽ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലായി 2500ൽപ്പരം ആളുകൾ ഗൾഫ് രാജ്യങ്ങളിലും മറ്റും തൊഴിൽ സമ്പാദിക്കുകവഴി നാട്ടിലേയ്ക്ക് ഒഴുക്കിയ പണം വികസനോന്മുഖമായ പാതയിലേയ്ക്ക് തിരിച്ചുവിടാൻ കഴിയാതെവന്നതുമൂലം നാം ആശിച്ചതരത്തലുള്ള പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ സാമ്പത്തിക സ്ഥാപനങ്ങൾ ഈ കാലയളവിൽ അനേകകോടി രൂപയുടെ നിക്ഷേപം സ്വരൂപിച്ചുവെങ്കിലും വാണിജ്യ ബാങ്കുകളിലെ നിക്ഷേപവർദ്ധനവുകൊണ്ടും ഈ നാടിന് പ്രത്യേക നേട്ടമൊന്നും ഉണ്ടായിട്ടില്ല. എന്നാൽ സഹകരണമേഖല ഈ രംഗത്ത് സാമാന്യം മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചുവെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. 40കോടിയിലേറെ രൂപ മൂലധന നിക്ഷേപമുള്ള നമ്മുടെ സാമ്പത്തിക സ്ഥാപനങ്ങൾ മനസ്സുവച്ചാൽ ഈ പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ വലിയ ഒരളവുവരെ സാധിച്ചുകൊടുക്കുവാൻ കഴിയും.

**1. കെട്ടിട നികുതി.**

42ലക്ഷത്തോളംവരുന്ന വാർഷികവരുമാനത്തിന്റെ 9.15% (Rs.3,81,179) കെട്ടിട നികുതിയാണ് (പട്ടിക - 1 നോക്കുക). ഈ രംഗത്ത് 5,23,941 രൂപ പിരിച്ചെടുക്കേണ്ടിയിരുന്നിടത്ത് 3,81,179 രൂപ മാത്രമാണ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ബാക്കി 1,42,762 രൂപ പിരിച്ചെടുക്കേണ്ടതായിട്ടുണ്ട്. കെട്ടിടനികുതി ശാസ്ത്രീയമായി പുനഃർനിശ്ചയിച്ചാൽ പ്രതിവർഷം 10,00,000 രൂപ ഈയിനത്തിൽ ലഭിക്കും.

**2. തൊഴിൽനികുതി**

മൊത്തം വരുമാനത്തിന്റെ 3.99% തൊഴിൽനികുതിയിൽനിന്നാണ് 2,05,035 രൂപ പിരിച്ചെടുക്കേണ്ടിയിരുന്നത്. പിരിഞ്ഞുകിട്ടിയതാകട്ടെ 1,66,540 രൂപയും. ഈയിനത്തിൽ കുടിശ്ശിക 38,495 രൂപയുണ്ട്. തൊഴിൽനികുതി കർശനമായി പിരിക്കുന്നതിനോടൊപ്പം കൂടുതൽ വിപുലമായ ഒരു മേഖലയിലേയ്ക്ക് നാം നടന്നുനീങ്ങേണ്ടതുണ്ട്. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ മുഴുവൻ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കുകയും ആറ് മാസത്തിലൊരിക്കൽ ലിസ്റ്റ് പുനഃപരിശോധന നടത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരംതിരിച്ച് അർഹമായ നികുതി ചുമത്തി പഞ്ചായത്തിന് പ്രതിവർഷം മൂന്ന്ലക്ഷം രൂപയുടെ അധികവരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്. സ്ഥിരവരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

**3. വിനോദനികുതി-അധികവിനോദനികുതി**

മൊത്തവരുമാനത്തിന്റെ 6.2% ഈയിനത്തിൽ ലഭിക്കുന്നു. അതായത് Rs. 2,61,464 (പട്ടിക 1 നോക്കുക). കടയ്ക്കൽ പഞ്ചായത്തിൽ 5 സിനിമാ തീയേറ്ററുകളാണ് നിലവിലുള്ളത്. വിനോദനികുതിയിൽ വൻ ചോർച്ചയുണ്ട്. ചോർച്ച ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടായാൽ പ്രതിവർഷം 5ലക്ഷം രൂപ അധികമായി ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കും. തീയേറ്ററുകളിൽ കർശനമായ ചെക്കിംഗ് സമ്പ്രദായം ശക്തിപ്പെടുത്തി പഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ സൂപ്പർ ചെക്കിംഗ് നടത്തി വിനോദനികുതി ചോർച്ച ഒഴിവാക്കണം. കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്നും അവരുടെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഒരു നിശ്ചിത തുക സെസ് ചുമത്തി അധികവരുമാനമുണ്ടാക്കാം.

**ലൈസൻസ് ഫീസ്**

നിലവിലുള്ള വരുമാനത്തിന്റെ 0.50% ആയ 21,000 രൂപയാണ് ഈയിനത്തിൽ ലഭിക്കുന്നത്. മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് ചുമത്തിയാൽ വരുമാനം അരലക്ഷമാക്കാൻ കഴിയും.

## വാടക

മൊത്തവരുമാനത്തിന്റെ 30% ആയ 12,50,495 രൂപ ഈയിനത്തിൽ ലഭിക്കുന്നതാണ്. "പാട്ട" അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് കാലാവധി കഴിയുന്ന മുറയ്ക്ക് 5-10% വരെ വാടക വർദ്ധിപ്പിക്കാവുന്നതാണ്. വാടക യഥാസമയം തിരിച്ചെടുക്കേണ്ടതാണ്.

## മാർക്കറ്റ്

വാർഷികവരുമാനത്തിന്റെ 3.65% ആയ Rs. 1,52,000 ഈയിനത്തിൽ ലഭിക്കുന്നതാണ്. കടയ്ക്കൽ, കുമ്മിൾ, ഇളമ്പഴന്നൂർ എന്നീ മൂന്ന് ചന്തകളാണ് പഞ്ചായത്തിലുള്ളത്. ചന്തകളിൽ സ്റ്റാളുകൾ പണിത് ലേലം ചെയ്തുകൊടുത്താൽ പഞ്ചായത്തിന് വരുമാനവർദ്ധനവ് ഉണ്ടാക്കാം. കടയ്ക്കൽ മാർക്കറ്റിനോട് ചേർന്നു കിടക്കുന്ന പഞ്ചായത്ത് വക "കാളച്ചന്ത" പ്രവർത്തിപ്പിച്ചാൽ പഞ്ചായത്തിന് വരുമാന വർദ്ധനവുണ്ടാകും.

## ഠൗൺ ഹാൾ

ഉദ്ദേശം 15ലക്ഷം രൂപാ മുടക്കി ഉണ്ടാക്കിയ ഠൗൺഹാൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും RDB അംഗീകരിച്ചിട്ടുള്ള ഡൈനിംഗ് ഹാളിന്റെയും കിച്ചന്റേയും പണി അടിയന്തിരമായി നടത്തിക്കേണ്ടതാണ്.

വാട്ടർ സെസ്, തോട്ടനികുതി എന്നിവ ഏർപ്പെടുത്തിയും ബസ് സ്റ്റാന്റ് ടാക്സിസ്റ്റാന്റ് എന്നിവയിലെ ഫീസ് പുതുക്കി നിശ്ചയിച്ചും വരുമാനവർദ്ധനവ് ഉണ്ടാക്കാൻ കഴിയും. കല്യാണമണ്ഡപങ്ങൾക്ക് ടാക്സ്/സെസ് ചുമത്തിയും പുറമ്പോക്ക് സ്ഥലങ്ങൾ ഏറ്റെടുത്ത് കൈകാര്യംചെയ്തും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഓരോ വാർഡിലും നിർവ്വഹണസമിതികൾ രൂപീകരിച്ച് മുഴുവൻ പ്രവർത്തനങ്ങൾ ടി സമിതികൾ വഴി നടത്തിയാൽ സന്നദ്ധ പ്രവർത്തനത്തിലൂടെയും സംഭാവനയിലൂടെയും കുറഞ്ഞത് 25% വിഭവം അധികമായി സമാഹരിക്കാൻ കഴിയും.

## ദേശീയസമ്പാദ്യപദ്ധതി

റെക്കറിംഗ് ഡിപ്പോസിറ്റ്, ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ് പത്ര തുടങ്ങിയ ദേശീയ സമ്പാദ്യപദ്ധതി നിക്ഷേപങ്ങളിൽ ഏതെങ്കിലുമൊന്നിൽ ഒരു കുടുംബത്തെ അംഗമാക്കിക്കൊണ്ട് എല്ലാ കുടുംബങ്ങളേയും ദേശീയസമ്പാദ്യപദ്ധിതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിനെ ഒരു "ബജത്ത്" പഞ്ചായത്താക്കണം. ദേശീയസമ്പാദ്യപദ്ധതിയിലെ നിക്ഷേപത്തിന്റെ 20% ഗ്രാമപഞ്ചായത്തിന് ഗ്രാന്റായി ലഭിക്കും. ഹൈസ്ക്കൂൾ കുട്ടികൾക്കായുള്ള സഞ്ചയിക സമ്പാദ്യപദ്ധതി പ്രോത്സാഹിപ്പിച്ചും ഈയിനത്തിലെ ഗ്രാന്റ് വർദ്ധിപ്പിക്കാം.

## ബാങ്കുകളും ഇതരസ്ഥാപനങ്ങളും

### എ. വാണിജ്യ ബാങ്കുകൾ

പ്രധാനമായി 4 ബാങ്കുകളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. ഈ ബാങ്കുകളുടെ നിക്ഷേപം 21.88കോടി രൂപയാണ്. 8-ാം പദ്ധതിക്കാലത്ത് 102.82% വളർച്ചയുണ്ടായിട്ടുണ്ട്. എന്നാൽ, ഈ കാലയളവിൽ വായ്പാ വിതരണം 2.96% മാത്രമാണ്. വായ്പ നിക്ഷേപത്തിന്റെ 50% ആക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ 11കോടി രൂപ പ്രതിവർഷം അധികം വിനിയോഗിക്കാൻ കഴിയും.

### ബി. സഹകരണബാങ്കുകൾ

കടയ്ക്കൽ സർവ്വീസ് സഹകരണബാങ്കും അതിന്റെ കുമ്മിൾ ബ്രാഞ്ചും ജില്ലാ സഹകരണബാങ്ക്, കാർഷിക വികസന ബാങ്ക് എന്നിവയുടെ ബ്രാഞ്ചുകളുമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. 14.82കോടി രൂപ നിക്ഷേപമായുണ്ട്. ഇവ 12.26 കോടി രൂപയും വിവിധ വികസനാവശ്യങ്ങൾക്കായി വായ്പ അനുവദിച്ചുകൊണ്ട് വമ്പിച്ച പ്രകടനം (82.72%) കാഴ്ച വച്ചിരിക്കുകയാണ്.

### സി. മറ്റ് സാമ്പത്തിക-ചിട്ടി സ്ഥാപനങ്ങൾ

പ്രധാനമായും രണ്ട് സ്ഥാപനങ്ങളാണ് ഈ രംഗത്തുള്ളത് ഇവിടുത്തെ നിക്ഷേപം 96.66 ലക്ഷം രൂപയാണ്. വായാപാ വിതരണം 31.57ലക്ഷം രൂപയുമാണ്. 31.5% മാണ് നിക്ഷേപ-വായ്പാ വിതരണ അനുപാതം. K.S.F.E ക്ക് കുറച്ചുകൂടി മെച്ചപ്പെട്ട പ്രകടനം

കാഴ്ചവയ്ക്കാൻ കഴിയേണ്ടതാണ്.

**ഡി. ഇതര സാമ്പത്തിക സ്ഥാപനങ്ങൾ**

കണക്കുകൾ ലഭിക്കാൻ സാധ്യതയില്ലാത്ത നിരവധി രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായ സാമ്പത്തിക സ്ഥാപനങ്ങളും ഒട്ടേറെ വ്യക്തികളും ബ്ലേഡ് സംരംഭകരും വായ്പാ വിതരണത്തിലൂടെ ഒരു സമാന്തര സമ്പത്ത് വ്യവസ്ഥ ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. പ്രതിമാസം 20– 25ലക്ഷം രൂപയുടെ തിരിമറി ഈരംഗത്ത് നടക്കുന്നതായിട്ടാണ് സങ്കൽപ്പിക്കപ്പെടുന്നത്. ചില വ്യക്തികളിൽനിന്നും 3 രൂപ പലിശയ്ക്കും വൻതുകകൾ സ്വീകരിച്ചിട്ട് അത് 5 രൂപ പലിശയ്ക്ക് വിതരണം ചെയ്തുകൊണ്ട് നടത്തുന്ന കുടിവായ്പാ വിതരണ ശൃംഖല വ്യക്തികളും സ്ഥാപനങ്ങളുമായി നടത്തുന്നു. ഗൾഫ് രാജ്യങ്ങളിൽനിന്നും ഒഴുകിയെത്തുന്ന പണത്തിന്റെ ഒരുഭാഗവും ഈ വഴിയിലൂടെ നീങ്ങുന്നുണ്ട്. വാണിജ്യ ബാങ്കുകളിൽനിന്നും സ്വർണ്ണപ്പണയത്തിൽ തിരിമറിയിലൂടെ വൻതോതിൽ പണം കടമെടുത്ത് അതുവഴി ദിവസപ്പലിശയ്ക്ക് പണം കൊടുത്ത് കൊഴുത്തു തടിക്കുന്ന വ്യക്തികളും ഇവിടെ ധാരാളമുണ്ട്.

**എൻ.ആർ.ഐ. ഫണ്ട്**

വിദേശത്ത് ജോലിചെയ്യുന്നവരിൽനിന്ന് പ്രതിമാസം 25ലക്ഷം രൂപ ഈ പഞ്ചായത്തിൽ എത്തുന്നുണ്ട്. ഇതിന്റെ സിംഹഭാഗവും കെട്ടിടപ്പണികൾക്കും ആഡംബരജീവിതത്തിനുമായിട്ടാണ് ചെലവഴിക്കപ്പെടുന്നത്. ഇതിന്റെ ഫലമായി ഉയർന്നുവന്ന കമ്പോളസംസ്ക്കാരത്തിന്റെ വേലിയേറ്റം നമ്മുടെ നാട്ടിലെ ചെറുതല്ലാത്തൊരു വിഭാഗം ജനങ്ങളെ കഷ്ടപ്പാടിലേയ്ക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ വിദേശത്തുനിന്ന് എത്തുന്ന പണം ശാസ്ത്രീയമായി വിനിയോഗിക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

പഞ്ചായത്ത് സ്വന്തം വിഭവശേഷി പരമാവധി ചൂഷണംചെയ്യാനും ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കാൻ ശ്രമിക്കുകയും പുതിയ മേഖലകളിൽനിന്നും അധികവരുമാനം സ്വരൂപിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. അങ്ങനെ 35–40 ലക്ഷത്തോളം രൂപ അധികമായി കണ്ടെത്താവുന്നതാണ്. ഗ്രാമീണ കർമ്മസേനയുടെ സേവനവും നാട്ടുകാരുടെ ശ്രമദാനവും സംഘടിപ്പിക്കുന്നതിലൂടെ ബഡ്ജറ്റ് തുകയുടെ ഇരട്ടി വരുന്ന വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും. ഒമ്പതാം പദ്ധതിയുടെ 40% തുക പഞ്ചായത്തുകൾക്ക് നേരിട്ട് നൽകുന്നതിലൂടെ ഒരുകോടിയോളം രൂപ പ്രതിവർഷം നമ്മുടെ പഞ്ചായത്തിന് ലഭിക്കും. പദ്ധതി വിഹിതം നിശ്ചയിക്കുമ്പോൾ പഞ്ചായത്തിന്റെ വിസ്തീർണ്ണം, ജനസംഖ്യ ജനസാന്ദ്രത, പ്രധാന വികസന പ്രശ്നങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കണം ധനവിഭജനം നടത്തേണ്ടത് അങ്ങനെ നോക്കുമ്പോൾ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കേണ്ട തുകയിൽ 25% വും ജില്ലാ പഞ്ചായത്തിൽനിന്നും ഭേദപ്പെട്ട തുകയും നമ്മുടെ പഞ്ചായത്തിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.

പട്ടിക – 1

## കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക വരവ് വിവരങ്ങൾ 1995–'96

| ക്രമനം. | വരവ് ഇനം | തുക | % | റിമാർക്ക് |
|---|---|---|---|---|
| 1. | കെട്ടിട നികുതി | 3,81,179 | 9.15 | |
| 2. | തൊഴിൽ നികുതി | 1,66,540 | 3.99 | |
| 3. | പ്രദർശന നികുതി | 7,000 | 0.16 | |
| 4. | വിനോദ നികുതി | 2,61,464 | 6.20 | |
| 5. | ലൈസൻസ് | 21,000 | 0.50 | |
| 6. | വാടക | 12,50,495 | 30.00 | |
| 7. | മാർക്കറ്റ് | 1,52,000 | 3.65 | |
| 8. | ഗ്രാന്റ് | 10,52,437 | 25.27 | |
| 9. | ഡിപ്പോസിറ്റ് | 4,27,724 | 10.27 | |
| 10. | പലവക | 4,43,680 | 10.65 | |
| | ആകെ | 41,63,519 | | |

പട്ടിക – 2

## കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ചെലവുകൾ 1995–'96

| ക്രമനം. | ചെലവ് ഇനങ്ങൾ | തുക | % | റിമാർക്ക് |
|---|---|---|---|---|
| 1. | ശമ്പളം/അലവൻസുകൾ<br>എ. പ്രസിഡന്റ് & മെമ്പർമാർ<br>ബി. സെക്രട്ടറി & സ്റ്റാഫ് | <br>68,688<br>7,28,436 | <br>1.56<br>16.64 | |
| 2. | ആഫീസ് ചെലവ് | 51,573 | 1.17 | |
| 3. | പൊതുമരാമത്ത് | 4,50,380 | 10.28 | |
| 4. | പത്രമാസിക | 35,000 | 0.79 | |
| 5. | തെരുവു വിളക്കുകൾ | 1,76,522 | 4.03 | |
| 6. | ഗ്രാമവികസന ബോർഡ് | 12,60,365 | 28.79 | |
| 7. | സാമൂഹ്യക്ഷേമം | 1,67,164 | 3.81 | |
| 8. | ഉപാധി രഹിത ഫണ്ട് | 2,60,022 | 5.93 | |
| 9. | കടം തിരികെ | 2,21,455 | 5.05 | |
| 10. | പലവക | 7,43,714 | 16.98 | |
| 11. | ജെ.ആർ.വൈ | 2,13,630 | 4.88 | |
| | ആകെ | 43,77,549 | | |